IRUNDA DIVASANGAL ILAUSEN

032,3xM9 H7

032:3xM9
H7

MURUGAN BINDING
WORKS,
164, MINT STREET,
G.T., MADRAS.

032:3xM9 H7
ILAU SEN.
Irunda divasangal.

MUL
135825

Madras University Library.

Call Number 032:3xM9 H7

Accession Number 135825

Available for loan from

This book should be returned on or before the date last marked below.

10 MAY 1950

1 JUN 1950

2 JUL 1950

4 MAR 1951

7 MAY 1951

5 SEP 1951

28 SEP 1951

10 NOV 1952

28 APR 1960

24 JUN 1962

21 JAN 1968

12 JAN 1968

. 61.

.nanda Press, Madras—10,000—19-1-48.

# ഇരുണ്ട ദിവസങ്ങൾ

ഗ്രന്ഥകർത്രി:

ഇളാസെൻ

പരിഭാഷകൻ:

കെ. പി. ജി. നമ്പൂതിരി

PUBLISHERS:

THE MANGALODAYAM LTD.

TRICHUR

1122/1946] [വില. 1—8—0

UNIVERSITY LIBRARY

13 DEC 1947

ഒന്നാംപതിപ്പ്                കോപ്പി: 750

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചുള്ള്.

135825
032:3xM9
H7

# മുഖവുര

ഇക്കഴിഞ്ഞ യുദ്ധത്തിനിടയ്ക്കു പടക്കളങ്ങളിൽ മരിച്ച ഇന്ത്യൻ പടയാളികളുടെ എണ്ണത്തേക്കാൾ എത്രയോ വമ്പിച്ച ഒരു ജനസംഖ്യ ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങളിലും നാട്ടുരാജ്യങ്ങളിലും ക്ഷാമത്തിനിരയായി ചത്തൊടുങ്ങുകയുണ്ടായി. നമ്മുടെ കേരളത്തിൽത്തന്നെ 40000ത്തോളംപേർ കോളറ ബാധിച്ചു മരിച്ചു. അതിലുമധികംപേർ പട്ടിണികൊണ്ടും മരണമടഞ്ഞു. എന്നാൽ ബംഗാളിനെ ബാധിച്ച ക്ഷാമത്തിൻെറ ഭയങ്കരതയോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു തുലോം നിസ്സാരമായിത്തോന്നും. 'ഇന്നു ബംഗാൾ, നാളെ ഇന്ത്യ' എന്ന ചൊല്ലു യഥാർത്ഥമായിത്തീരാനാണ് പോകുന്നതെന്ന് അനുഭവം വിളിച്ചു പറയുന്നു. സാർവ്വത്രികമായ ക്ഷാമം തലപൊക്കിത്തുടങ്ങിയിരിക്കുന്നു.

ബംഗാൾ ക്ഷാമം സൃഷ്ടിച്ച മനുഷ്യമഹാദുരിതത്തിൻെറ ഏററവും ഹൃദയസ്പൃക്കായ ഒരു യഥാർത്ഥചിത്രം നൽകുന്നു എന്നതുകൊണ്ടാണ് ഇളാസെൻെറ 'Darkening days' എന്ന പ്രകൃതകൃതി ഞാൻ തർജ്ജമചെയ്യാൻ പുറപ്പെട്ടതു്. ദുരിതനിവാരണശ്രമങ്ങളിൽ സ്തുത്യർഹമായ പങ്കുവഹിച്ച ഒരു മാന്യയാണ് ഗ്രന്ഥകർത്രി. അവരുടെ അനുഗ്രഹീതതൂലികയുടെ സന്താനങ്ങളായി വേറെയും പല കൃതികളുമുണ്ടെങ്കിലും അതിൻെറ മേന്മയ്ക്കു് ഈ ചെറുകഥകളേക്കാൾ കവിഞ്ഞ ഒരു ലക്ഷ്യം ആവശ്യമില്ലെന്നാണെനിക്കു തോന്നുന്നതു്. ക്ഷാമംമൂലം ബംഗാൾജനതയ്ക്കു നേരിട്ട അധഃപതനത്തിൻെറ ആഴം ശരിയായി മനസ്സിലാക്കുവാൻ ഇവ നമ്മെ തികച്ചും സഹായിക്കുന്നു. ഗ്രന്ഥകർത്രിയുടെ സ്വന്തം ഭാഷയിൽ പറഞ്ഞാൽ,

"ഈ ചെറുകഥകൾ..........യഥാർത്ഥജീവിതത്തിൽനിന്നു രൂപപ്പെടുത്തിയവയാണ്. കഥാപാത്രങ്ങളുടെ പേരുകൾ മാത്ര

UNIVERSITY LIBRARY
13 DEC1947

മേ മാററിയിട്ടുള്ളു. സംഭവങ്ങളെല്ലാം യഥാൎത്ഥമാണ്. ഈ കഥാപാത്രങ്ങൾ കേവലം സങ്കല്പസൃഷ്ടികളല്ലാ, ദുരിതനിവാരണശ്രമങ്ങൾക്കിടയിൽ എന്റെ മനസ്സിലുദിച്ച ഭൂതത്താന്മാരുമല്ല. സാഹിത്യരംഗത്തിലേക്കു തെളിഞ്ഞു കയറിയിരുന്ന മിഥ്യാരൂപങ്ങളല്ലാ അവ. അവ ജീവനുള്ള ആളുകളാണ്, യഥാൎത്ഥജനങ്ങളാണ്. വായനക്കാരേ, നിങ്ങൾ യാഥാൎത്ഥ്യത്തിന്റെ കണ്ണുകൊണ്ടവയെ വീക്ഷിക്കുക. സംശയമുണ്ടെങ്കിൽ നിങ്ങളുടെ നഗരകവാടങ്ങൾക്കപ്പുറത്തേക്കൊന്നിറങ്ങി നോക്കുക. അപ്പോൾ അവരെല്ലാം യഥാൎത്ഥമനുഷ്യരാണെന്നു ബോധ്യപ്പെടും."

തൎജ്ജമയിൽ ഞാൻ ചില അത്യാവശ്യസ്വാതന്ത്ര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പദാനുപദവിവൎത്തനത്തിനല്ലാ, ആശയാവിഷ്കരണത്തിനാണ് നിഷ്കൎഷിച്ചിട്ടുള്ളതു്. മൂലഗ്രന്ഥത്തിൽ ചേൎത്തിട്ടുള്ള ദീൎഘമായ മുഖവുരയും 'കണക്കുകളും കാൎയ്യങ്ങളും' എന്ന അവസാനലേഖനവും ഈ പരിഭാഷയിൽ വിട്ടുകളഞ്ഞിരിക്കുന്നു.

ഇന്ത്യക്കാരായ നാമെല്ലാംതന്നെ ഇന്നു ഘോരതരമായ മറെറാരു ക്ഷാമത്തിന്റെ നിഴലിലാണ് ജീവിക്കുന്നതു്. ഈ അവസരത്തിൽ കഴിഞ്ഞ ബംഗാൾ ക്ഷാമത്തിന്റെ ഹൃദയഭേദകമായ ഒരു യഥാൎത്ഥചിത്രമടങ്ങിയിട്ടുള്ള ഈ കൃതി, അത്തരത്തിലുള്ളതോ, അതിലും വമ്പിച്ചതോ ആയ ഒരു വിപത്തിനെ നേരിടാനിരിക്കുന്ന കേരളീയരായ വായനക്കാൎക്കു്, ഏതെങ്കിലും തരത്തിൽ ഉപകാരപ്പെടുമെങ്കിൽ, ഇതിന്റെ പരിഭാഷകനു് അതിൽ കവിഞ്ഞ ഒരു ചാരിതാൎത്ഥ്യത്തിന്നവകാശമില്ല.

15—6—46. കെ. പി. ജി.

# വിഷയവിവരം


| | ഭാഗം |
|---|---|
| സപത്നി | 1 |
| അജ്ഞാതബാലൻ | 26 |
| ഭക്ഷണക്യൂ | 43 |
| അവൾ ഒററയ്ക്കല്ലായിരുന്നു | 54 |
| അവർ മടങ്ങിവന്നു. | 66 |
| രണ്ടു സഹോദരിമാർ | 87 |
| മിടിപ്പ് | 108 |
| റോഡ് | 128 |

UNIVERSITY LIBRARY
13 DEC 1947
MADRAS.

# സപത്നി

ലക്ഷ്മി വീട്ടിൽ വന്നിട്ട് എട്ടു ദിവസമായി. അവളെ തിരിച്ചു ഭർത്തൃഗൃഹത്തിലേക്കുകൂട്ടിക്കൊണ്ടുപോവാൻ ആളുവരുന്നതും കാത്തിരിക്കുന്നതിനിടയിൽ, അഞ്ചുകൊല്ലംമുമ്പു തൻെറ ഗൃഹത്തിൻെറ ഹൃദയത്തിൽനിന്നു തന്നെ പറിച്ചെടുത്ത്, ഏതോ ഒരന്യഗൃഹത്തിലേക്കു നവോഢയായി ആനയിക്കപ്പെട്ട ആ ചിരിയും കണ്ണുനീരുമിടകലന്ന ദിവസത്തെ അവൾ നിരാശതയോടുകൂടി ഓർത്തു. ലക്ഷ്മിയുടെ അച്ഛൻ അവൾക്കു വിവാഹം തീച്ചയാക്കിയപ്പോൾ ലക്ഷ്മിക്കു കേവലം പന്ത്രണ്ടു വയസ്സേ ആയിരുന്നുള്ളു. അങ്ങനെ ഒരൊററ ദിവസംകൊണ്ടവൾ പ്രായപൂത്തി വരിച്ചു. അതിനുമുമ്പ്, തോഴിമാരോടുകൂടി പഴങ്ങൾ പറിച്ചും ഏതെങ്കിലുമൊരു ധീരൻ അവളുടെ ഇഷ്ടത്തിനുവേണ്ടി മാവിൽ കയറി കുലുക്കുമ്പോൾ വീഴുന്ന മാമ്പഴങ്ങൾ പെറുക്കിയും വയലുകളിൽ ഓടിച്ചാടിക്കളിച്ചും നടന്നിരുന്ന ഒരു കുട്ടിയായിരുന്നു അവൾ. താരുണ്യം വികസിച്ചിട്ടില്ലാത്ത വക്ഷസ്സിൽക്കൂടിയൊഴുകുന്ന ആ സാരി അരയിൽ ചുററിക്കെട്ടി അവൾ എല്ലാദിക്കിലും അലഞ്ഞു നടന്നു. എന്നാൽ ഒരാളുടെ—അവളുടെ അച്ഛൻെറ—തീരുമാനം ആ സ്വാതന്ത്ര്യങ്ങൾക്കെല്ലാം വിരാമമിട്ടു. അവൾക്ക് ഒരു പ്രാധാന്യം വന്നുചേന്നു. അതിൽ സന്തോഷിക്കാതിരിക്കാൻ അവൾക്കു നിവൃത്തിയുണ്ടായിരുന്നില്ല. പെട്ടെന്നു തനിക്കു പ്രായപൂത്തി വന്നതായി അവൾ കണ്ടു. പ്രായപൂത്തിയെന്നതു സ്പർശിക്കാൻ പോലും തുടങ്ങിയിട്ടില്ലാത്ത അവളിൽ അതു വേദനാജനകമായ ഒരു വളച്ചയായിരുന്നു. മുറുകെക്കൂമ്പിനില്ക്കുന്ന ഒരു മൊട്ടിനെ നിബ്ബന്ധിച്ചു വികസിപ്പിക്കുക—പക്ഷേ കുട്ടിക്കാല

ത്തോടു യാത്രപറയുന്നതിലുള്ള പുതുമ അവൾക്കു് ആഹ്ലാദപ്രദമായിരുന്നു. വിവാഹം അനിവാര്യമാണെന്നു് അവൾക്കറിയാമായിരുന്നു. പെൺകുട്ടികൾ അതിനുവേണ്ടിയല്ലേ ജനിച്ചിട്ടുള്ളതു്? പക്ഷേ അതു യഥാർത്ഥത്തിൽ അടുത്തു വന്നപ്പോൾ അവൾക്കു വിഷ്പുമുട്ടി, അവൾ ഭയപ്പെട്ടു, പക്ഷേ അതോടൊപ്പം ഒരു രഹസ്യമായ മോദവും. സ്വർണ്ണവർണ്ണമായ വെയിലിൽ ഇലകളാകുന്ന പച്ചക്കൊടികൾ വീശി നില്ക്കുന്ന വാഴത്തോപ്പിലേയ്ക്കു നോക്കി ലക്ഷ്മി അത്ഭുതപ്പെട്ടു—അയൽവക്കത്തുള്ള സ്ത്രീകൾവന്നു ചുററുംകൂടി തൻെറ കറുത്തുനനുത്ത തലമുടി ചികിക്കെട്ടി, സ്വർണ്ണത്തകിടുകളാലും വെള്ളിത്തകിടുകളാലുമലങ്കരിക്കുകയും, കാലിൽ മൈലാഞ്ചിയിടുകയും, തലമുടി വകുത്തു നടുവിൽക്കൂടി ഒരു ചുവന്ന പട്ടുനാട കെട്ടുകയും മററും ചെയ്തു. അതുപോലെ മററു വധുക്കൾക്കും പതിവുണ്ടോ? അവർ അവളുടെ മൃദുലശരീരത്തിൽ ഒരു ചുവന്ന സാരി ഉടുപ്പിച്ചു. എന്താണു് നടക്കാൻ പോകുന്നതെന്നു് അവൾക്കറിഞ്ഞുകൂടാ. അവളിൽ വികാരങ്ങൾ തിരതല്ലി. ഇപ്പോൾ, പൂർണ്ണവളർച്ചയെത്തിയ ഒരു സ്ത്രീയുടേതായിക്കഴിഞ്ഞ തൻെറ ശരീരത്തെ നോക്കി അവൾ പ്രത്യാശയോടുകൂടി മന്ദഹസിച്ചു. എല്ലാ സാധാരണത്വത്തിൻേറയും ആകർഷകത്വത്തിൻേറയും നടുവിൽ താനിങ്ങനെ ഒരു അസാധാരണജീവിയാക്കപ്പെട്ടതെന്തിനെന്നവൾ അത്ഭുതപ്പെട്ടു. ഒരജ്ഞാതനായ പുരുഷൻെറ സാമീപ്യത്തെ ഓർത്തു് അവൾ എത്ര ഭയപ്പെടുന്നു! അല്പദിവസംമുമ്പു കണ്ട ആ ചെറുവധുവിന്നു് ഇതേ അനുഭവംതന്നെയുണ്ടായിക്കാണുമോ? അവൾ ചിന്തിച്ചു. ദയയുടേയും സഹാനുഭൂതിയുടേയും ഒരു നേരിയ കലപ്പു്, അതിൻെറ മൃദുലമായ അംഗുലികളാൽ അവളുടെ ഹൃദയത്തിൻെറ വേദനകളെ തൊട്ടു തടവി.

"ലക്ഷ്മി", അമ്മ വിളിച്ചു, "നിന്നെ ഭർത്തൃഗൃഹത്തിലേയ്ക്കു കൊണ്ടുപോകാനിതാ ജ്യേഷ്ഠൻ വന്നിരിക്കുന്നു."

"ദാ വരുന്നു, അമ്മേ," അവൾ സ്വപ്രത്യയം വിടാതെ മറുപടി പറഞ്ഞു. ആ കുടുംബം അവളെ യാത്രയയയ്ക്കുവാൻ വേണ്ടി ഒരുമിച്ചുകൂടി. എന്തുവേണ്ടു എന്നറിയാതെ, നിശ്ശബ്ദയായി അവൾ ആചാരമനുസരിച്ചു മാതാപിതാക്കളുടെ കാൽ വണങ്ങി. അമ്മ അവളെ മാറോടുചേർത്തുപിടിച്ചു. അപ്പോൾ അവളുടെ ഹൃദയത്തിൽനിന്നു് ഒരു വിലാപം പൊട്ടിപ്പുറപ്പെട്ടു. അവരുടെകൂടെ തനിക്കുഭയം നല്ലകണമെന്നു കൊഞ്ചിയാചിക്കുവാൻ അവൾക്കൊരടങ്ങാത്ത ആഗ്രഹം തോന്നി. പക്ഷേ, വിവാഹിതയായ ഒരു പുത്രിക്കു പിതൃഗൃഹത്തിൽ പിന്നെ സ്ഥാനമില്ലെന്നു മുറുമുറുകെപ്പിടിക്കുന്ന നിഷ്ഠുരമായ ആ പാഠശാലയിലാണവൾ വളൎന്നിട്ടുള്ളതു്—അവളുടെ കുടുംബത്തിന്നു പിന്നെ അവളോടു യാതൊരുത്തരവാദിത്വമോ കടമകളോ ഇല്ല. അവളുടെ അച്ഛൻ ഉള്ളു പതറി ഒന്നു ചുമച്ചു. അവളുടെ ആ ഒതുക്കംതന്നെ തൻെറ മേലുള്ള ഒരധിക്ഷേപമാണെന്നു് എങ്ങനെയോ അദ്ദേഹത്തിനൊരു തോന്നൽ. പക്ഷേ അദ്ദേഹം നിസ്സഹായനും അപ്രഗത്ഭനുമാണു്. അവളെ രക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിവില്ല. അയൽവക്കത്തുള്ളവർ തമ്മിൽ കുശുകുശുത്തുകൊണ്ടു മുററത്തിൻെറ പശ്ചാത്തലത്തിൽ വന്നുകൂടി നില്ക്കുന്നു. "എത്ര നല്ല ഒരു പെൺകുട്ടി—അവളുടെ വിധി ഇങ്ങനെയാവണോ!" "വിധി! അതെങ്ങനെയായിരിക്കുമെന്നാക്കു പറയാം!"

"ഇതു വലിയ കഷ്ടംതന്നെ," ചെറുപ്പക്കാരികളായ കുടുംബിനിമാർ ഭയത്തോടെ മന്ത്രിച്ചു. ഇത്തരത്തിലൊന്നും തങ്ങൾക്കു പിണയാതിരിക്കണമെന്നു് അവർ ഉള്ളിൽ പ്രാൎത്ഥിച്ചു.

പക്ഷേ, ലക്ഷ്മി നിശ്ശബ്ദയായി, ഗൃഹത്തിലേയ്ക്കു യാത്ര പുറപ്പെട്ടു. അവളുടെ കണ്ണിൽ അശ്രുവുണ്ടായിരുന്നില്ല. സമയം ഉച്ചതിരിഞ്ഞതേയുള്ളു. അടുത്തുള്ള കുളങ്ങൾ വെയിലേററു തിളങ്ങി. വാഴയിലത്തുമ്പിൽ സ്വപ്നങ്ങളുകൾ ചേർത്തിരുന്നു. ചാരനിറംപൂണ്ട പുരകൾ കൂട്ടമായി ചുടേററു തളന്നുറങ്ങുന്നപോലെ പ്രത്യക്ഷപ്പെട്ടു. പിതാമഹനു തുല്യമായ ആ ആൽ, ഒരു സ്ത്രീയുടെ മാടിവിളിക്കുന്ന കൈപ്പടംപോലുള്ളതും മിനുന്നതുമായ തണുത്ത ഇലകളെ മന്ദമന്ദം ചലിപ്പിച്ചുകൊണ്ടു തെന്നലിലിളകുന്നു. സമീപത്തുള്ള പരുത്തിവൃക്ഷത്തിൽനിന്ന് ഒരു രക്തവൎണ്ണമായ കുസുമം കൊഴിഞ്ഞ് അവളുടെ കാല്ക്കൽ വന്നു വീണു—അത് ഏപ്രിൽ മാസമായിരുന്നു; വിവാഹങ്ങളുടെ മാസം.

ആദ്യത്തെ ആ ചടങ്ങുയാത്ര അവൾ നല്ലപോലെ ഓർമ്മിക്കുന്നു. അവൾ മഞ്ചലിലേയ്ക്കു കയറിയപ്പോൾ തനിക്കു വന്നുചേൎന്നിട്ടുള്ള പുതിയ അന്തസ്സിൽ തികച്ചും അഭിമാനംകൊണ്ടു. അവളുടെ ഹൃദയം മിന്നൽപ്പിണരുകളാലും പ്രതീക്ഷയാലും നിറയപ്പെട്ടു. മഞ്ചൽ അങ്ങോട്ടുമിങ്ങോട്ടുമാടുന്നു, അമാലന്മാരുടെ ചുണ്ടിൽനിന്ന് ഒരു ഗാനം നിൎഗ്ഗളിക്കുന്നു, ഇങ്ങനെ പല സുന്ദരങ്ങളായ അനുഭവങ്ങൾ ഒന്നിച്ചുകൂടി. അമാലന്മാർ വിശ്രമിക്കുവാൻ മഞ്ചൽ താഴെവെച്ചപ്പോൾ അവൾ പതുക്കെ അതിൻെറ വാതിൽ തുറന്നു നോക്കി. മേലിൽ തൻെറ ഭാഗധേയങ്ങളുടെ അധിനായകനായ ആ മനുഷ്യൻ അതാ, തടാകതീരത്തു ലാത്തുന്നു. ഈ കാഴ്ച ഓർമ്മിക്കുമ്പോൾ ഇപ്പോഴും അവളുടെ ഹൃദയം തുടിക്കും. ആ സന്ദൎഭത്തിൻെറ പുതുമയും ഗൌരവവുംകണ്ടമ്പരന്ന് അവൾ പെട്ടെന്നു വാതിലടച്ചു. ആ ഗൃഹപ്രവേശയാത്രയുടെ നടുക്കു പതിച്ച രത്നം അവളായിരുന്നു. വരൻ അവളുടെ പരഭാഗശോഭയും. നിറഞ്ഞ കണ്ണു

കളോടും ഭയപ്പാടോടുംകൂടിയുള്ള ആ വരവിൻെറ കോലാഹലങ്ങൾ ഇപ്പോഴും അവളുടെ കണ്ണുകളിൽ മുഴങ്ങുന്നുണ്ട്. അവൾ ആ വീട്ടിലെ സ്നുഷയായി സ്വീകരിക്കപ്പെട്ടു. അവളുടെ കൈകളിൽ വൈവാഹികകങ്കണമിട്ടുവിച്ചു. അതിനുശേഷം പല ചടങ്ങുകൾ; വലിയ ബഹളം—എപ്പോഴും ആളുകൾ വധുവിനെക്കാണാൻ എത്തിച്ചേരുന്നു. ഓരോ പുതിയ വധുവിനും ഇതൊക്കെ അനുഭവിക്കേണ്ടിവന്നിരുന്നുവോ? സ്വന്തം വീട്ടുകാർ എപ്പോഴെങ്കിലും അവളെപ്പററി വിചാരിക്കാറുണ്ടോ, അവൾ ആശങ്കിച്ചു. അവളുടെ ഭർത്താവ് അവളെ സ്നേഹിക്കുന്നുണ്ടെന്നവൾക്കറിയാം. ആ വിചാരത്തോടുകൂടി അവൾക്കുള്ളിൽ ഒരു അണപൊട്ടലുണ്ടായി. കണ്ണീർ വെള്ളച്ചാട്ടംപോലെ അവളുടെ കപോലങ്ങളിൽക്കൂടി ഒഴുകി.

“കൊച്ചനുജത്തി, ശ്” അവളുടെ ജ്യേഷ്ഠൻ പറഞ്ഞു: “നിനക്കു കുറച്ചു ധൈര്യം വേണം. ഇതു നിൻെറ കുററമല്ല—ഈശ്വരൻ വിധിച്ചതാണ്. നീ കരയരുതെന്നു ഞാനപേക്ഷിക്കുന്നു.”

അവൾ സാരിയുടെ കോന്തലകൊണ്ടു കണ്ണീർ തുടച്ചു. അങ്ങനെ ഭർത്തൃഗൃഹത്തിലേക്കുള്ള വഴി താൻ കണ്ണീർകൊണ്ടു നനച്ചുപോന്നതു് അവളോർത്തു—ആദ്യം ഒരു കൊച്ചുവധുവിൻെറ ഭീതികലുഷമായ അശ്രുക്കളാൽ, പിന്നീട് പരിത്യക്തയായ ഒരു ഭാര്യയുടെ അശ്രുക്കളാൽ—അതിനുശേഷമോ? അവളുടെ വൈവാഹികജീവിതത്തിൽക്കൂടി വീക്ഷിക്കുമ്പോൾ അവൾ വിതച്ചിട്ടുള്ളതെല്ലാം കണ്ണീരാണ്—കൊയ്യുന്നതോ? അവൾ അത്ഭുതപ്പെട്ടു. പക്ഷേ അതിൽ ചില മന്ദഹാസങ്ങളും പൊട്ടിച്ചിരികളുംകൂടിയുണ്ടായിരുന്നു. വൈവാഹികസൌഖ്യത്തിൻെറ ആ പ്രഥമദിവസങ്ങൾ—മററൊരാൾക്കവകാശപ്പെ

ട്ടവളായിരിക്കുകയെന്നതിൻെറ അർത്ഥം അവൾക്കന്നു മനസ്സിലായി—അവർ രണ്ടുപേരും അന്നൊക്കെ ധാരാളമായി ചിരിച്ചു. എന്നാണൊരു നിഴൽ പരക്കുന്നതായി തനിക്കാദ്യമനുഭവപ്പെട്ടതെന്ന് അവൾ ആലോചിച്ചു. ആദ്യം അതു നന്നേ നിസ്സാരമായിരുന്നു. രണ്ടു കൊല്ലംമുമ്പ് അവളുടെ വലിയമ്മാമി കളിയായിങ്ങനെ പറഞ്ഞപ്പോഴാണതു്: "എനിക്കു മനസ്സിലാകുന്നില്ല, പുത്തൻമട്ടുകാരായ നിങ്ങളുടെ ഒക്കെ പ്രകൃതം. എൻെറ ചെറുപ്പകാലത്താണെങ്കിൽ നിന്നെപ്പോലുള്ള ഒരു നല്ല പെൺകുട്ടി ഇപ്പോൾ രണ്ടു കുട്ടികളുടെ അമ്മയായിരിക്കും. കുട്ടീ, നിനക്കെന്തു പററി? നീ സൂക്ഷിച്ചോ. അല്ലെങ്കിൽ നിൻെറ ഭർത്താവിൻെറ അമ്മ സുബോധനു മറെറാരു ഭാര്യയെ കൊണ്ടുവരും!" ആ കിഴവി പല്ലില്ലാത്ത ഒരു ചിരി ചിരിച്ചു. ലജ്ജകൊണ്ടു മരവിച്ച് ഇതികർത്തവ്യതാമൂഢയായ ലക്ഷ്മി അവളുടെ സാരി തലയിൽക്കൂടിയിട്ടു മുഖം മൂടി. പിന്നെയൊരിക്കൽ ഭർത്താവിൻെറ അമ്മ അവളോടു പറഞ്ഞു: "കുഞ്ഞേ, വാസ്തവം പറഞ്ഞാൽ കുടുംബത്തിൻെറ പേർ നിലനിർത്താൻ നീയൊരു മകനെ പ്രസവിക്കേണ്ട കാലം എത്രയോ വൈകിയല്ലോ."

അതങ്ങനെ കഴിഞ്ഞു. മറെറാരു വിവാഹത്തെപ്പററി പിന്നെ യാതൊരു പ്രസ്താവവുമുണ്ടായില്ല. വലിയമ്മാമിയുടെ വാക്കു ലക്ഷ്മി വളരെ കാര്യമാക്കിയില്ല. എന്നാൽ ആറുമാസംമുമ്പാണ്—അതോ നൂററാണ്ടുകൾക്കപ്പുറമോ?—മിഡ്വൈഫ് അവളെ പരിശോധിച്ച്, സന്താനോല്പാദനത്തിനുള്ള ശരീരശക്തി അവൾക്കില്ലെന്നു വിധിയെഴുതിയതു്. അതോടുകൂടി ഭർത്താവിന് അവളോടുള്ള ധാർമ്മികകടമകളെല്ലാം അവസാനിച്ചതായി ഗ്രാമാചാര്യന്മാർ പ്രഖ്യാപിച്ചു. ആദ്യം അവൾ സ്തംഭിച്ചുപോയി. പക്ഷേ, അവഹേളനത്തിൻെറ ചമ്മട്ടിപ്രഹരം സ

ഹിക്കാതായപ്പോൾ അവൾ ഭർത്താവിനെത്തന്നെ ശരണംപ്രാപിച്ചു. അദ്ദേഹത്തിൻെറ കാല്ക്കൽ കിടന്നു് അവയെ ചുംബിക്കുകയും കണ്ണീരുകൊണ്ടു കഴുകുകയും ചെയ്തു. അവൾ യാചിച്ചു—അദ്ദേഹം ശകാരമായോ സാന്ത്വനമായോ ഒരു വാക്കും ഉരിയാടിയില്ല; അദ്ദേഹം അവളെ നിലത്തുനിന്നു പിടിച്ചെഴുന്നേല്പിച്ചു തൻെറ മാറോടു ചേക്കുകമാത്രം ചെയ്തു. ആ മാറത്തണഞ്ഞു് അവൾ ഇളവില്ലാതെ കരഞ്ഞു.

സുബോലനു് ഒരു രണ്ടാംഭാര്യ വരാൻ പോകുന്നുവെന്ന വർത്തമാനം ആദ്യം ക്രമേണയുള്ള കുശുകുശുക്കലായും പിന്നീടു വേഗത്തിലും പരന്നു. അവളിൽനിന്നതു മറച്ചുവെയ്ക്കാൻ നിവൃത്തിയില്ലാതായി. എന്നാൽ ഇപ്പോൾ ലക്ഷ്മി ഒരൊററ വാക്കും പറഞ്ഞില്ല. ഒരു ഭയങ്കരമായ വ്യസനഭാവം അവളെ പിടികൂടി. അവളുടെ പ്രതിദ്വന്ദ്വി വന്നു സ്ഥാനമുറപ്പിക്കുന്നതുവരെയെങ്കിലും സ്വന്തം ഭവനത്തിൽ പോയി പാർക്കണമെന്നവൾ തീരുമാനിച്ചു. അവൾക്കു മടങ്ങിവന്നു് അവശ്യംഭാവിയായ എല്ലാ ഭയങ്കരതകളേയും ഹൃദയഭേദനങ്ങളേയും നേരിടേണ്ടിവരുമെന്നതു തീർച്ചയാണു്. പക്ഷേ കുറച്ചുകാലത്തേയ്ക്കു പോകുവാൻ അവളെ അനുവദിക്കണം. അതുകൊണ്ടു് ഒരു രാത്രി കിടക്കയിൽവെച്ചു് അവൾ രഹസ്യമായി ഭർത്താവിനോടു പറഞ്ഞു: "കുറച്ചു ദിവസം വീട്ടിൽ പോയി താമസിക്കാൻ എന്നെ അനുവദിക്കണം." അദ്ദേഹം ക്ഷമാപണസ്വരത്തിൽ പരസ്പരബന്ധമില്ലാതെ പറഞ്ഞു: "ലക്ഷ്മി, എനിക്കു നിവൃത്തിയില്ലാതായി. അമ്മ കരയുന്നു, അച്ഛൻ ശകാരിക്കുന്നു, കുടുംബത്തിൻെറ രക്ഷയ്ക്കുവേണ്ടി ഞാനതു ചെയ്യണമെന്നു പുരോഹിതന്മാർ പറയുന്നു. ദയവുചെയ്തു് എന്നെ കുററപ്പെടുത്തരുതു്. ഞാനപേക്ഷിക്കുന്നു." അവളുടെ കരങ്ങൾ അദ്ദേഹം തൻെറ കൈകളിൽ ഗ്രഹിച്ചിരുന്നു. അവളുടെ ചുണ്ടത്തുനിന്നു് ഒ

രൊററ വാക്കും പുറപ്പെട്ടില്ല; അവൾ ഒരു തുള്ളി കണ്ണീർപോലും പൊഴിച്ചില്ല. അവൾ സവ്യസനം തന്നോടായിത്തന്നെ പറഞ്ഞു: "അതെല്ലാം ഒരൊഴികഴിവാണ്. എല്ലാം കുടുംബത്തിന്നുവേണ്ടി. കുടുംബാഭിമാനത്തിൻെറ ബലിവേദിയിൽ ഒരു മനുഷ്യജീവിയെ അപ്പാടേ ഹോമിക്കുക. കുടുംബത്തിൻെറ ലാഭത്തിന്നുവേണ്ടി എൻെറ സൌഖ്യത്തെ ഒരൊററയടിക്കു തട്ടിക്കളയുക. ഇതിനു മാപ്പുകൊടുക്കലില്ല. പിന്നീട് അവൾ തൻെറ മനോവികാരങ്ങളെ അമ്മയോടു പറഞ്ഞപ്പോൾ, കുടുംബത്തിന്നും സമുദായത്തിന്നുംവേണ്ടി ഒരുവൻെറ അഭിമാനം, സൌഖ്യം, മനോവികാരങ്ങളും ഇഷ്ടാനിഷ്ടങ്ങളുമെല്ലാംതന്നെ ബലികഴിക്കേണ്ടിവരുമെന്ന് അവർ വ്യസനത്തോടുകൂടിയും സഗൌരവസ്വരത്തിലും അവളെ ഉൽബോധിപ്പിച്ചു. വേറെയാതൊരു വഴിയുമില്ല; ഈ അച്ചുതണ്ടിന്മേലാണ് ഗ്രാമീണസമുദായം തിരിയുന്നതു്.

പക്ഷേ, അദ്ദേഹത്തോടവൾ "ഞാൻ വീട്ടിൽ പോവാനാഗ്രഹി"ക്കുന്നുവെന്നാവത്തിക്കുക മാത്രമേ ചെയ്തുള്ളു.

"എത്രകാലത്തേയ്ക്കു്" അദ്ദേഹം വിപ്പുമുട്ടിച്ചോദിച്ചു, "എന്നെന്നേയ്ക്കുമോ?"

"നിർഭാഗ്യവശാൽ അല്ല. കുറച്ചുദിവസത്തേയ്ക്കു്, ഒരാഴ്ചയോ അല്ലെങ്കിൽ പത്തു ദിവസമോ? എൻെറയിടം ഇവിടെയാണ്. എനിക്കവിടെ സ്ഥലമില്ല."

അങ്ങനെ അവൾ പോന്നു. അവൾ തൻെറ ലജ്ജാവഹമായ കഥയുംകൊണ്ടു മാതാപിതാക്കളുടെ അരികത്തു തിരിച്ചുവന്നു. അവർ അവളോടു ദയാപൂർവ്വം പെരുമാറിയെങ്കിലും, അവൾ അവളുടെ ഭർത്തൃഗൃഹത്തിൽത്തന്നെ ജീവിച്ചുകൊള്ളണമെന്ന് അവർ ചാഞ്ചല്യലേശമില്ലാതെ ചൂണ്ടിക്കാട്ടി. അവളുടെ ഒഴിവുകാലം അവസാനിച്ചു. ഇതാ അവൾ വീണ്ടും തൻെറ

യഥാൎത്ഥഗൃഹത്തിന്റെ കവാടത്തിലെത്തിയിരിക്കുന്നു. ഒരു വധുവിന്റെ നിലയിലുള്ള അവളുടെ ആദ്യത്തെ വരവും, ഇപ്പോൾ അവൾ മടങ്ങിവന്നപ്പോൾ കണ്ട അത്യന്തമായ ആ ഉദാസീനതയും തമ്മിൽ ഒന്നു താരതമ്യപ്പെടുത്താതിരിക്കാൻ അവൾക്കു കഴിഞ്ഞില്ല.

എന്തായാലും ഇതാ, അവൾ അവിടെത്തന്നെ എത്തി. പുറത്തെ വരാന്തയിൽ ഭൎത്താവിന്റെ അച്ഛനെക്കണ്ടു് അല്പനേരം അദ്ദേഹത്തെ ഉപചരിച്ചു നിന്നശേഷം അവൾ അന്തഃപുരത്തിലേയ്ക്കു കടന്നു. താൻ ഒരു പ്രേതമാണെന്നുള്ള അസാധാരണമായ ഒരു തോന്നൽ ലക്ഷ്മിക്കുണ്ടായി— പ്രേമവും വ്യഥയും നിറഞ്ഞ തന്റെ പഴയ സങ്കേതങ്ങളിലേയ്ക്കു ചെല്ലുന്ന ഒരു ഭൂതം. അവൾക്കൊഴികെ, മററു യാതൊന്നിനും യാതൊരു മാററവുമില്ല. ഇനിമുതൽ എവിടെയാണു് താനുറങ്ങേണ്ടതെന്നു് അവൾ സ്വാത്മം വെടിഞ്ഞാലോചിച്ചുനോക്കി. അതാ, ആ കിഴവിയായ വലിയമ്മാമി പോക്കുവെയിലേററുകൊണ്ടവിടെ ഇരിക്കുന്നു; ലക്ഷ്മി അവരെ കാണാത്ത ഭാവത്തിൽ കടന്നുപോയി. എല്ലാവരും കുളിക്കാൻ പോയിരുന്ന സമയമാണതെന്നു് അവൾ പെട്ടെന്നോൎമ്മിച്ചു. ഗ്രാമത്തിലെ സ്ത്രീകൾ മുഴുവനും കുളക്കരയിലുണ്ടാവും. അവരുടെ മുമ്പിൽ ചെല്ലുവാൻ ലക്ഷ്മി ധൈൎയ്യപ്പെട്ടില്ല. നാളെയാവാം—എന്തിനാണിത്ര തിടുക്കപ്പെടുന്നതു്? അടുക്കളയിൽ വിധവയായ ഭൎത്തൃസഹോദരി തിണ്ണുരികിലിരിക്കുകയാണു്. കാലൊച്ച കേട്ടപ്പോൾ അവൾ തിരിഞ്ഞുനോക്കിചോദിച്ചു: “ലക്ഷ്മി, നീ തിരിച്ചെത്തിയോ?” അവൾ കണ്ണീരോടുകൂടി ലക്ഷ്മിയെ പിടിച്ചുപുൽകി. ഭയങ്കരയാഥാൎത്ഥ്യത്തോടു് അത്ര അടുത്തു വന്നിട്ടും തനിക്കു യാതൊരു ചാഞ്ചല്യവുമില്ലാത്തതിൽ ലക്ഷ്മി അത്ഭുതപ്പെട്ടു. അവൾ ജീവിച്ചിരിക്കുമ്പോഴും അവളുടെ മൃതശരീരത്തെക്കുറിച്ചുവരെല്ലാം വലിയ

പിക്കുന്നതെത്രയും പരിഹാസ്യമായിരുന്നു. നിറഞ്ഞ കുടങ്ങൾ ഒക്കത്തേന്തിക്കൊണ്ടു തിരിച്ചുവരുന്ന സ്ത്രീകളുടെ ശബ്ദം അവൾക്കു കേൾക്കാം—നാളെ അവൾക്കും അവരുടെകൂടെ കുടവുമെടുത്തു പോകേണ്ടിവരും. പിന്നാംപുറത്തുള്ള ആ പഴയ വാതിലിന്റെ കരച്ചിൽ തന്റെ ശ്വശ്രുവിന്റെ വരവിനെപ്പററി അവൾക്കു മുന്നറിയിപ്പു കൊടുത്തു. അവസാനത്തെ അഗ്നിപരീക്ഷയ്ക്കുവേണ്ടി അവൾ അരയും തലയും മുറുക്കി. "ശാന്തമായിരിക്കു" വല്ലാതെ തുടിക്കാൻ തുടങ്ങിയ ഹൃദയത്തോടവൾ സരോഷം പറഞ്ഞു. അവൾക്കസാധാരണമായ ഒരു ക്ഷീണം തോന്നി—വികാരവിക്ഷോഭത്തെ ചെറുത്തുനില്ക്കാനുള്ള അവളുടെ സകല കഴിവുകളും അസ്തമിച്ചതായിത്തോന്നി. ലക്ഷ്മി തന്റെ ശ്വശ്രുവിന്റെ കാല്ക്കൽ നമസ്കരിച്ചു. അവളെ പിടിച്ചെഴുന്നേല്പിച്ച് അവർ പറഞ്ഞു: "നിന്റെ ഭാഗ്യാത്വം ജഗദീശ്വരൻ ചിരകാലം നിലനിർത്തട്ടെ!"

ഭാഗ്യാത്വം! ആരാണതവളിൽനിന്നു കവന്നെടുത്തതു്? ലക്ഷ്മി ചോദിക്കുവാനാഗ്രഹിച്ചു.

"സൌദാമിനീ" ആ വൃദ്ധമാതാവു വിളിച്ചു. "ഇതാ നിന്റെ ജ്യേഷ്ഠത്തി, 'ദിദി'യെ നിയ്യ് അനുസരിക്കുകയും സ്നേഹിക്കുകയും വേണം."

ആ ചെറിയ വർത്തുളമുഖത്തേയ്ക്കു ലക്ഷ്മി നോക്കി. ആ കുട്ടിയെ സംബന്ധിച്ചുള്ളതെല്ലാം ഉരുണ്ടിട്ടാണെന്നു പറയാം. കാട്ടിൽ ചാടിനടക്കുന്ന ഭയവിഹ്വലമായ ഒരു മുയലിനെപ്പോലായിരുന്നു അവൾ. താൻ സ്ഥാനഭ്രംശം ചെയ്ത ഈ ഗൌരവക്കാരിയായ സ്ത്രീയുടെ മുഖത്തേയ്ക്കു് അവൾ ഭയപ്പെട്ടു നോക്കി. ഇതികർത്തവ്യതാമൂഢവും ക്ഷമായാചനാപൂർവ്വകവുമായ ഒരു നോട്ടം. പെട്ടെന്നു ലക്ഷ്മിക്കു വളരെ പ്രായം ചെന്നതായി അനുഭവപ്പെട്ടു. മുമ്പിൽ നില്ക്കുന്ന ഒന്നുമറിഞ്ഞുകൂടാത്ത ഈ ചെറു

പെൺകുട്ടിയെ അപേക്ഷിച്ചുനോക്കുമ്പോൾ തന്നിൽ യുഗങ്ങളുടെ വിവേകമെല്ലാം സംഭൃതമായിരിക്കുന്നതായി അവൾക്കു തോന്നി. വളരെ വിഷമിച്ചാണ് അവൾ ഒന്നു കുടഞ്ഞുണന്ന് ഇത്രയും പറഞ്ഞത്: "സഹോദരി, ഞാൻ നിന്നെ സ്വാഗതം ചെയ്യുന്നു."

സുപരിചിതമായ ഭർത്തൃഗൃഹത്തിൽ മടങ്ങിവന്നശേഷം ആദ്യത്തെ രാത്രിതന്നെ അസഹ്യമായിരുന്നു. അവൾക്കു ഭർത്താവിനോട് എന്തെന്നില്ലാത്ത അതൃപ്തി തോന്നി. നവവധു ലക്ഷ്മിയുടെ സ്ഥാനമെടുത്തു. ലക്ഷ്മി വളരെ അകലത്തല്ലാതെ ഒരു വെറും പായയിൽ ഉറങ്ങാൻ കിടന്നു. കണ്ണുമിഴിച്ചു കിടന്നു. അവൾ സൌദാമിനിയുടെ ബാലികാസഹജമായ ചന്തവും അവളുടെ ഉരുണ്ട ശരീരവും ഭർത്താവിനോട് അവൾക്കുള്ള അടുപ്പവുമെല്ലാമാലോചിച്ചു സ്വയം ശപിച്ചു. അവളുടെ ഹൃദയത്തിൽ ഭയങ്കരമായ വെറുപ്പുളവായി. പക്ഷേ, അവളുടെ അവകാശവാദം വിഫലമാണെന്നറിഞ്ഞ് അവൾ ഭയപ്പെട്ടു തന്നിലേയ്ക്കുതന്നെ ചുരുണ്ടുകൂടി. ആരും അവളുടെ അവകാശത്തെ ചോദ്യംചെയ്യുന്നില്ല. പക്ഷേ, ആരും അതു വിലവെയ്ക്കുന്നുമില്ല. ഒരു മന്ദമായ പ്രതിഷേധസ്വരം, അതിനെത്തുടന്ന് അടക്കിപ്പിടിച്ച ഒരു ചിരിയും. ലക്ഷ്മിയുടെ ഹൃദയം കോപം കൊണ്ടു പുകഞ്ഞു. രാത്രിയുടെ കൂരിരുട്ടിൽ ആ വീട്ടിനകത്തെ കൂക്കംവലികൾ നിദ്രയെ വിളംബരംചെയ്തപ്പോൾ, സുബോൽ പതുക്കെ എണീററുവന്ന് അവളുടെ അരികത്തിരുന്നു. അവൾ മിണ്ടിയില്ല. അനേകം ആഴ്ചകളിലെ സന്താപഭാരം അവളുടെ ഹൃദയത്തിൽ കെട്ടിനില്പുണ്ടായിരുന്നു. അവൾ തൊണ്ടയിടറിക്കരഞ്ഞു. "ലക്ഷ്മി, എനിക്കു മാപ്പു തരു. എനിക്കു നിവൃത്തിയുണ്ടായിരുന്നില്ല. ഞാൻ നിന്നെ ഉപേക്ഷിച്ചിട്ടില്ല. നീ എപ്പോഴും എൻെറകൂടെ വേണം" അദ്ദേഹം മന്ത്രിക്കുക

യാണ്, "ഇതു നിന്ദ്യമാണെന്നെനിക്കറിയാം. പക്ഷേ, എനിക്കതു ചെയ്യേണ്ടിവന്നു. എനിക്കു മാപ്പു തരൂ."

ഇതിന്നു മറുപടി പറയാനുള്ള ശാരീരികമായ കഴിവ് അവൾക്കുണ്ടായിരുന്നില്ല. അവൾ അദ്ദേഹത്തിൻെറ കൈകളെ അവലംബിക്കുകമാത്രമേ ചെയ്തുള്ളു. ഇത്രയെങ്കിലും ചെയ്തതിന്ന് അവൾക്കു നന്ദിയുണ്ട്—അദ്ദേഹം അവളോട് ഉദാസീനത കാണിച്ചില്ലല്ലോ, അദ്ദേഹം അവളുടെ സങ്കടമറിയുന്നുണ്ടല്ലോ, എല്ലാററിലുമുപരി, അദ്ദേഹം അവളുടെ ഭർത്താവല്ലേ? അദ്ദേഹത്തിന്നു യാതൊന്നും നിഷേധിക്കാൻ അവൾക്കു കഴിവില്ല, മാപ്പുകൊടുക്കാതിരിക്കാൻ ഒട്ടും തന്നെ കഴിവില്ല. അദ്ദേഹം അതു ചോദിക്കാനായി തൻെറ ഉന്നതപീഠത്തിൽനിന്നിറങ്ങിവന്നിരിക്കുന്നു. അവൾ അദ്ദേഹത്തിൻെറ വിനീതദാസി മാത്രമാണ്—ഈ ജീവിതവും അവളുടെ ശാശ്വതമായ നിലനില്പും, അവൾ അദ്ദേഹത്തെ എങ്ങനെ സേവിക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. ഇതാണവളെ പഠിപ്പിച്ചിട്ടുള്ളതു്.

അങ്ങനെ ഏതാനും നാൾ കഴിഞ്ഞപ്പോൾ, വികാരപരമായ ഈ വേദന, എല്ലാവരേയും പൊതുവെ വിഴുങ്ങുവാൻ വന്ന മറെറാരാപത്തിൽ മുഴുകിപ്പോയി. ആ കൊടിയ വിപത്ത് അവരുടെ എല്ലാവരുടേയും മുകളിൽ പത്തി വിരുത്തി. അതിൻെറ വിഷപ്പല്ലുകൾ അവരുടെ നേർക്കു നീട്ടിക്കാട്ടി. സ്ത്രീകൾ അമ്പരന്നു. അതെങ്ങനെ വന്നു കൂടിയെന്ന് അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല—എന്നാൽ ക്ഷാമംകൊണ്ടു് അരി കിട്ടില്ലെന്ന വാർത്ത വാസ്തവമായിരുന്നു. കുറച്ചു ദിവസമായി, പുരുഷന്മാർ ഭീതിപൂർവ്വം അങ്ങിങ്ങു മന്ത്രിക്കാൻ തുടങ്ങിയിട്ട്, തങ്ങളുടെ നേർക്കു പാഞ്ഞു വരുന്ന ഈ ആപത്തിനെ തടയാനവർ അപ്രാപ്തരായിരുന്നു, എന്താണ് സ്ഥിതിയെന്ന് അവർക്കു

തിരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അത്ഥഗഭ്മായ ഒരു സംഗതി ഇതായിരുന്നു: കൃഷി ചെയ്തിരുന്നവക്ക തങ്ങളുടെ വിളവിററു് അരി വാങ്ങേണ്ടിവന്നു. ഇതെങ്ങനെ വന്നുകൂടിയെന്നു മനസ്സിലാക്കാൻ അവക്കു കഴിഞ്ഞില്ല. യാഥാത്ഥ്യം മുമ്പിലുണ്ട്, തങ്ങളുടെ കൈവശമുള്ളതെന്തും കരുതിവെയ്ക്കണമെന്ന ഒരു നില വന്നു ചേന്നു. സ്ത്രീകൾ ദിവസത്തിലൊരിക്കൽ മാത്രം ഭക്ഷണം കഴിക്കാൻ തീരുമാനിച്ചു. പുരുഷന്മാരും കുട്ടികളും പതിവുള്ളതുമാത്രം ഭക്ഷിക്കട്ടെ. അധികം താമസിയാതെ, ഇതും അസാദ്ധ്യമായിത്തീന്നു. എല്ലാവക്കും ദിവസത്തിലൊരിക്കൽ എന്നായി. കുട്ടികൾ കരഞ്ഞു, വാശിപിടിച്ചു. അവരെ തൃപ്തിപ്പെടുത്താൻവേണ്ടി അമ്മമാർ തങ്ങൾക്കുള്ളതുംകൂടി ഉപേക്ഷിച്ചു. അവർ അങ്ങനെ അതിവേഗം ശോഷിക്കാൻ തുടങ്ങി.

ഈ ആപത്തു നാട്ടിൽ പരക്കുമ്പോഴും ജീവിതത്തിൻെറ സാധാരണ കായ്യങ്ങൾ ഒരു മിഥ്യയായ സ്ഥിരതാബോധം സൃഷ്ടിച്ചിരുന്നു. സൌദാമിനിക്കു ഗഭ്മാണ്. വേണ്ടത്ര ഭക്ഷണമില്ലാതെ ക്ഷീണിച്ചു കഴിഞ്ഞ ഒരമ്മ, പോററി വളത്തേണ്ടതായ മറെറാരു വയറിനെക്കൂടി ലോകത്തിലേയ്ക്കു പ്രവേശിപ്പിക്കുന്ന ആ ഭയങ്കരസ്ഥിതിയെപ്പററി ആരും അത്ര ആലോചിച്ചില്ല. ശ്വശ്രുവിൻെറ വിശന്ന കണ്ണുകളിൽ ഒരാശാനാളമുയന്നു—അവസാനം, ദൈവാധീനത്താൽ, കുടുംബത്തിൻെറ പേർ നില നില്ക്കുമല്ലോ. എന്തിനുവേണ്ടിയാണതെന്നാരെങ്കിലും ചോദിച്ചാൽ അവക്കു മറുപടിയില്ല. പക്ഷേ അങ്ങനെയൊരു ചോദ്യം ആരും ചോദിച്ചില്ല. കെട്ടാറുന്ന ഒരഗ്നികുണ്ഡത്തിൻെറ അവസാനത്തിളക്കംപോലെ അവരുടെ കുടുംബജീവിതത്തിൽ അതൊരാശയെ ഉദ്ദീപിപ്പിച്ചു. ഗഭിണിയായ സൌദാമിനി അസാധാരണമാംവണ്ണം ശോഷിച്ചു വിളറിയിരുന്നു. എങ്കിലും അവളുടെ ഗഭാശയത്തിലുള്ള ശിശുവിനെക്കുറിച്ചുള്ള ചിന്ത

അവളിൽ അതിയായ ഒരഭിമാനബോധമുളവാക്കി. എന്തൊക്കെയായാലും, അവൾ മാതൃത്വത്തെ, അതിൻെറ എല്ലാ ആനന്ദങ്ങളോടും വേദനകളോടുംകൂടി അനുഭവിക്കാൻപോകയാണ്. അവൾക്കു ഭയങ്കരമായ വിശപ്പുതോന്നി. കിട്ടാനില്ലാത്ത ഭക്ഷണത്തിനുവേണ്ടി അവൾ ആർത്തിപ്പെട്ടു. അവൾക്കായി അവർ തപ്പിക്കൂട്ടി നല്കുന്ന ഭക്ഷണം എത്ര മോശമായിരുന്നിട്ടും, അവളുടെ ഗർഭാശയത്തിലുള്ള കുഞ്ഞു വലുപ്പംവെച്ചുകൊണ്ടിരുന്നു.

വിശപ്പ് ഒരു പ്രാകൃതമായ വികാരമാണ്; അതുപോലെ തന്നെയാണസൂയയും. ഇതു രണ്ടുംകൂടി ലക്ഷ്മിയുടെ ഉള്ളു പിളന്ന് അവളെ പിച്ചിച്ചീന്തി. അവളുടെ ശരീരദാർഢ്യമെല്ലാം പോയി, അവളുടെ മാറിടം ചുക്കിച്ചുളിഞ്ഞു. അവളുടെ അധരങ്ങളിൽ ഒരു പേനക്കത്തിയുടെ അലകുപോലെ മൂർച്ചയുള്ള വിശപ്പു പ്രത്യക്ഷപ്പെട്ടു. എന്നാൽ ശാരീരികമായ എല്ലാ ദുരിതങ്ങളേയും കവച്ചു കടന്ന മററൊരു വേദന അവൾക്കുണ്ടായിരുന്നു—അവളുടെ വെറുപ്പും ക്ഷതമായ അഭിമാനവും. കാച്ചുനില്ക്കുന്ന ഒരു വൃക്ഷത്തെപ്പോലെ സൌന്ദര്യവതിയായ സൌദാമിനിയെക്കാണുമ്പോഴെല്ലാം, കുത്തിക്കീറുന്ന വിശപ്പിനെ അധഃകരിക്കുന്ന ഒരു മനോവേദന അവളെ വിഴുങ്ങും. ഒരു കക്ഷണംപോലുള്ള ആ പെണ്ണിനെ അവളൊരിക്കലും വെറുത്തിരുന്നില്ല; ഒരു പക്ഷേ അവളോടു ദേഷ്യം തോന്നിയിരിക്കാം. എന്നാൽ ഇപ്പോൾ അവൾ ഒരു പ്രതിദ്വന്ദ്വിയെപ്പോലെ അവളെ വെറുക്കുന്നു. പല പ്രാരബ്ധങ്ങളുമുള്ള ആ വീടു മുഴുവനും ഇപ്പോൾ സൌദാമിനിക്കു ചുററുമാണ് തിരിയുന്നതു്. ലക്ഷ്മിയും അവളുടെ സർവ്വവിഷാദങ്ങളും വിസ്മൃതകോടിയിലാണ്. തൻെറ ഭർത്താവുൾപ്പെടെയുള്ള എല്ലാവരിൽനിന്നുമൊഴിഞ്ഞുമാറി, ഒരു പരുക്കേററ മൃഗത്തെപ്പോലെ തൻെറ മുക്കിൽ ഒളിഞ്ഞു പാററി, പ്രതീക്ഷ നിറഞ്ഞ മാതൃത്വത്തെ എ

വരും ആരാധിക്കുന്നതു് ഈൎഷ്യയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്നതെത്ര അസാധാരണമാണെന്നവൾ വിചാരിക്കും. അവളുടെ സ്വന്തം ഉദരത്തിന്റെ മൃദുലതയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. അതു ചുങ്ങിച്ചുരുണ്ടിരിക്കുന്നു. ചിലപ്പോൾ കഠിനമായ മനോവേദനയോടുകൂടി അവൾ അതിൽ തടവിക്കൊണ്ടു് ഒരു ലഹളക്കാരിയെപ്പോലെ ചോദിക്കും, "എന്തുകൊണ്ടു്, എന്തുകൊണ്ടു്, എന്തുകൊണ്ടു്?" എന്നാൽ വിധിക്കും ആചാരത്തിനുമെതിരായ ഈ കലാപം ആരുടേയും കണ്ണിൽ പെട്ടില്ല. അതെല്ലാം സാധാരണപോലെ കഴിഞ്ഞുകൂടി.

ഒരു പ്രഭാതത്തിൽ ഭൎത്താവിന്റെ അച്ഛൻ ആമ്മയെത്തിരഞ്ഞു പരിഭ്രമിച്ചു് അകത്തേയ്ക്കു വന്നു. പതിവില്ലാത്ത മട്ടിലുള്ള ആ വരവു കണ്ടു് എല്ലാവരും പകച്ചുനോക്കി. പുത്രിമാർ സാരി തലയിൽക്കൂടിയിട്ടു തങ്ങളുടെ നാനാജോലികളിൽ വ്യാപൃതകളായി. വൃദ്ധൻ അവരെക്കണ്ടഭാവം നടിക്കാതെ കടന്നുപോയി. യൌവനം പൊയ്പ്പോയ അദ്ദേഹത്തിനു മുമ്പോട്ടൊരു കൂനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പത്നി അടുക്കളയിൽ, ആ വീട്ടിലുണ്ടായിരുന്ന അല്പം ഭക്ഷണം പാകം ചെയ്തുകൊണ്ടിരിക്കയാണ്. "നോക്കു, എനിക്കു പ്രധാനപ്പെട്ട ഒരു കാൎയ്യം പറയാനുണ്ടു്. ഇവിടെ ഒന്നു വരു." അദ്ദേഹം പറഞ്ഞു. അമ്മ ദേഷ്യപ്പെട്ടു മുഖമുയൎത്തി: "എന്താണിപ്പോൾ അത്ര വലിയ ഒരു കാൎയ്യം?"

"അതു വളരെ പ്രധാനമാണ്, അടിയന്തിരമാണ്." അദ്ദേഹം ആവൎത്തിച്ചു പറഞ്ഞു. കയ്യില് വിധവയായ പുത്രിയുടെ കയ്യിൽ കൊടുത്തിട്ടു് അവർ കൈ തുടച്ചുകൊണ്ടു് അദ്ദേഹത്തിന്റെ അടുത്തു ചെന്നു.

"പ്രിയേ, ഇവിടെ വലിയ ബുദ്ധിമുട്ടായി. ഇന്നു പിടിക്കയിൽ അരി കിട്ടാനില്ല."

"എന്തു്! അങ്ങനെ വരാൻ കണക്കില്ല"—അവർ സംഭ്രാന്തയായി.

"അങ്ങനെ വന്നിരിക്കുന്നു," വൃദ്ധൻ പറഞ്ഞു, "അതുകൊണ്ടു നാം ഭക്ഷണത്തിനു് എന്തെങ്കിലും മാർഗ്ഗം കാണണം. നഗരത്തിൽ ഭക്ഷണം കിട്ടുമെന്നു പറയുന്നു. അരിയും കിട്ടുമത്രേ. അതുകൊണ്ടു് ഇന്നു്, ഇപ്പോൾത്തന്നെ ഞാനങ്ങോട്ടു പോകയാണു്. വേറെയും ചിലരുണ്ടു്. ഞാൻ കുറച്ചരി വാങ്ങി ശേഖരിക്കാൻ പററുമോ എന്നു നോക്കാം." ആ സ്ത്രീ തൻെറ വരണ്ട ചുണ്ടുകൾ നാവുകൊണ്ടു തടവി. അവൾക്കു പെട്ടെന്നൊരു ദാഹം തോന്നി. "നിങ്ങൾ പോകുകയോ? വേണ്ട, വേണ്ട, എങ്ങനെയാണു് നിങ്ങൾ പോവുക? മക്കൾ പോകട്ടെ," അവർ പറഞ്ഞു.

"വിഡ്ഢിത്തം പറയാതിരിക്കൂ. അവൎക്കു ചെറുപ്പമാണു് അവരെക്കൊണ്ടിവിടെ എന്തെങ്കിലുമുപകാരമുണ്ടാവും. വീട്ടിൽ അത്യാവശ്യമില്ലാത്ത ഒരാൾ ഞാൻ മാത്രമാണു്. എനിക്കെന്തു വരാനാണു്? നഗരത്തിൽ സിംഹങ്ങളും പുലികളുമുണ്ടെന്നാണോ നീ വിചാരിക്കുന്നതു്? ബുദ്ധിപൂൎവ്വം സംസാരിക്കൂ."

അങ്ങനെ വൃദ്ധൻ പോയി. ഭൎത്താവിൻെറ അമ്മയ്ക്കു ഉടനെ ജീവിതത്തിൽ എല്ലാംതന്നെ ശൂന്യമായിത്തോന്നി. അവരുടെ വിവാഹം കഴിഞ്ഞിട്ടു നാല്പതുകൊല്ലമായി. അതിനുശേഷം ഒരിക്കലെങ്കിലും ഇങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ല. അവൎക്കു് ഒരു നിസ്സഹായതയും അനാഥത്വവും അനുഭവപ്പെട്ടു. അവർ തൻേറടമില്ലാത്ത ഒരു കൊച്ചുപെൺകുട്ടിയെപ്പോലെയായി. പിന്നെ കുറെദിവസം കഴിഞ്ഞപ്പോഴേയ്ക്കും ദൌൎഭാഗ്യങ്ങളുടെ കരിനിഴൽ അവരുടെ ഗൃഹാന്തരീക്ഷത്തിൽ അധികമധികം ഇരുണ്ടുകൂടി. അവർ അദൃഷ്ടങ്ങളുടെ കടലിൽ ചുക്കാനില്ലാതെ ഒഴുകാൻതുടങ്ങി. ഭൎത്താവിൻെറ അമ്മയുടെ നാവിനു

ണ്ടായിരുന്ന മൂച്ഛയെല്ലാം പോയി. അവരുടെ പ്രത്യുത്തരങ്ങളിൽ അരിശമില്ലാതായി. ദിവസങ്ങൾ അങ്ങനെ പോയി. വൃദ്ധന്റെ യാതൊരു വിവരവുമില്ല—എങ്ങോട്ടാണദ്ദേഹം പോയതു്? എന്താണു് ചെയ്തതു്? ആക്കും അറിഞ്ഞുകൂടാ. ഭയാനകമായ എന്തെങ്കിലും സംഭവിച്ചിരിക്കണമെന്നവക്കു തോന്നി. വിവരമറിയാത്തതുകൊണ്ടുള്ള ആധി താങ്ങാൻ കഴിയാതായപ്പോൾ അമ്മ സുബോലനോടപേക്ഷിച്ചു: "മകനേ, നീ പോയി അച്ഛന്റെ വിവരമറിഞ്ഞുവാ. അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരു. അദ്ദേഹത്തിന്റെ രക്ഷയെപ്പററി എനിക്കു നന്നെ ഭയമുണ്ടു്."

"നിങ്ങളേയും പെണ്ണുങ്ങളേയും ആരാണമ്മേ, നോക്കുന്നതു്" സുബോൽ ചോദിച്ചു.

"ബോലായും കാണായും ഇവിടെയുണ്ടു്. അയൽവക്കത്തുള്ളവർ നല്ല ആളുകളാണു്. എല്ലാവരും കഷ്ടപ്പെടുന്നതുകൊണ്ടു സഹതാപത്തിന്നും ദയയ്ക്കും കുറവൊന്നുമില്ല. എനിക്കീ വിയോഗം ഇനി ഒട്ടുംതന്നെ താങ്ങാൻവയ്യ, മകനേ. വിവരം കിട്ടിയില്ലെങ്കിൽ ഞാൻ എങ്ങനെയെങ്കിലും ചാവും."

വിട്ടുവിട്ടു പോവാൻ വളരെ മടിയും ഹൃദയത്തിൽ വലിയ ഭാരവുമുണ്ടായിരുന്നെങ്കിലും സുബോലനു് അനുസരിക്കാതിരിക്കാൻ നിവൃത്തിയില്ല. അച്ഛനെന്തു പററി എന്നു് അദ്ദേഹത്തിനും ഭയമുണ്ടായിരുന്നു. ഈ അവസരത്തിൽ ലക്ഷ്മിയുടെ ഉറച്ച വിവേകം തനിക്കു സഹായകമാവുമെന്നദ്ദേഹം കരുതി. അങ്ങനെ അനേകദിവസങ്ങൾക്കുശേഷം അദ്ദേഹം വീണ്ടും ലക്ഷ്മിയെ ആരാഞ്ഞു:

"ലക്ഷ്മി, ഞാൻ നഗരത്തിൽ പോവുന്നു."

"എന്തിനു്?" ഒരു ഞെട്ടലോടുകൂടി അവൾ ചോദിച്ചു.

"അച്ഛനെ തിരയാൻ."

"എന്നെക്കൂടി കൂട്ടിക്കൊള്ളൂ." അവൾ അപേക്ഷിച്ചു. "എനിക്കിവിടെ ഏതായാലും സ്ഥാനമില്ല. ഞാൻ പോകുന്നതുകൊണ്ട് ആൎക്കും ഒന്നുമില്ല."

അദ്ദേഹത്തിന്റെ മുഖം പ്രസന്നമായി. അജ്ഞാതസ്ഥലത്തേയ്ക്കു തനിച്ചുപോകാൻ അദ്ദേഹത്തിനു ഭയമുണ്ടായിരുന്നു. "ലക്ഷ്മി, നീ തീൎച്ചയായും വരുമോ? നിനക്കതു വലിയ ദുരിതമാവും, വളരെ ബുദ്ധിമുട്ടാവും."

ചില്ലറസ്സാമാനങ്ങളെല്ലാം ഒരു ചെറിയ ഭാണ്ഡംകെട്ടി യാത്രയ്ക്കൊരുങ്ങുമ്പോൾ ലക്ഷ്മിക്കു തന്റെ ജീവിതസൌഖ്യം ഏതാണ്ടു വീണ്ടുകിട്ടിയപോലെ തോന്നി. അസുഖകരമായ ഓരോ ചിന്തകളിലാണ്ടിരുന്ന ഭൎത്താവിന്റെ അമ്മ യാതൊന്നും പറഞ്ഞില്ല. ആസന്നപ്രസവയായിരുന്ന സൌദാമിനി, ഗൎഭക്ലേശത്താൽ വിയോഗദുഃഖത്തിന്നു തീരെ അപ്രാപ്യയായിരുന്നു. മററുള്ളവരെല്ലാം അവരവരുടെ സ്വന്തം ദുഃഖങ്ങളിൽ മുഴുകിയിരുന്നതുകൊണ്ട് ആ ദമ്പതികളെപ്പററി ചിന്തിച്ചതേയില്ല.

അവർ തെങ്ങുകളുടെ ചിന്നിച്ചിതറിയ ശിഷ്ടങ്ങൾക്കപ്പുറത്തേയ്ക്കു നോക്കിയപ്പോൾ, പരിചിതങ്ങളായ ജലാശയങ്ങൾ കരകവിഞ്ഞൊഴുകി പോയപ്പോൾ ഗ്രാമത്തിലെങ്ങും വ്യാപിച്ചിരുന്ന വിജനത കണ്ടു വിസ്മിതരായി. പുരകളുടെ വാതുക്കൽ ചൊക്കിപ്പട്ടികൾ മോങ്ങിനടക്കുന്നു. ആഹാരം നോക്കാനില്ലാതെ അസ്ഥിപഞ്ജരങ്ങളായിത്തീൎന്ന പശുക്കൾ കണ്ട പുല്ലു കടിച്ചുതിന്നുന്നു. കുടംപോലുള്ള വയറും കുഴിഞ്ഞ കണ്ണുകളും തുരിശിപോലത്തെ കാലുകളുമുള്ള കുഞ്ഞുങ്ങൾ കുടിലുകൾക്കു ചുററും പരതിനടക്കുന്നു. ഒരു ദിക്കിലും ജീവിതമില്ല, ചിരിയില്ല, നാളെ എന്താവുമെന്ന ചിന്താവ്യഥമാത്രം. റെയിൽപാതയിലേയ്ക്കുള്ള വിസ്തൃതമായ റോഡിൽ ചെന്നെത്തുന്നതുവരെയുള്ള കൃശമായ ആ വഴി, അവരുടെ സൌഹാൎദ്ദപൂൎണ്ണമായ പാദങ്ങൾക്കടിയിൽ,

ജ്ഞാതവും പരിചിതവുമായിരുന്നതിന്റെയെല്ലാം പരിധി കുറിച്ചു. അതിനപ്പുറമുള്ളത് അജ്ഞാതലോകമാണ്.

റെയിൽപ്പാതകളിലൂടെ വഴി തപ്പിക്കൊണ്ടു രാവും പകലുമിളവില്ലാതെയുള്ള അവരുടെ ആ യാത്ര ലക്ഷ്മിക്കൊരിക്കലും മറക്കാൻ കഴിഞ്ഞില്ല. ചിലപ്പോൾ കുറച്ചിട തീവണ്ടിയിൽ യാത്ര ചെയ്യും. ഉടൻ ടിക്കററു പരിശോധകന്മാർ പിടിച്ചിറക്കും. അങ്ങനെ അവസാനം അവർ നഗരപ്രാന്തത്തിലെത്തി. അവർ വല്ലാതെ തളന്ന് ഒരു മരച്ചുവട്ടിലിരുന്നു തങ്ങൾ കൊണ്ടുവന്നിട്ടുള്ള 'മുരി' ഭക്ഷിക്കാൻ തുടങ്ങി. സമീപത്തുള്ള കുളത്തിൽനിന്നു കുറച്ചു കുളിർജലവും കുടിച്ചു. അനന്തരം, ഒരു പുഴ തടംതകത്ത് ചുററുമുള്ള ഭൂഭാഗങ്ങളെയെല്ലാം മുക്കിക്കളയുന്നതുപോലെ, നഗരത്തിലേയ്ക്ക് അലച്ചാത്തുകൊണ്ടിരുന്ന ഒരു മനുഷ്യത്തിരമാലയിൽപ്പെട്ട് അവർ ഒഴുകാൻ തുടങ്ങി. ഈ തിരത്തള്ളൽ അവരെ, ഇരുവശത്തും ഉയക്കൻ കെട്ടിടങ്ങളുള്ള ചെറിയതും വലിയതുമായ വഴികളിൽക്കൂടി, ട്രാമുകളുടേയും ബസ്സുകളുടേയും തിരക്കിൽക്കൂടി, പാതവക്കത്തുള്ള വിശ്രമസ്ഥലങ്ങളിൽക്കൂടി വലിച്ചിഴച്ചശേഷം സൌജന്യഭക്ഷണശാലയിലെത്തിച്ചു. അവക്കു സ്വന്തമായ ഒരിച്ഛാശക്തിയുമില്ലാതായി; അവർ എല്ലായ്പ്പോഴും ഭക്ഷണംതേടി പോകുന്ന ജനങ്ങളൊന്നിച്ച് ഒഴുകുകയാണ്. അങ്ങനെ തിരയുന്നതു ഭയാനകവും നിഷ്പ്രയോജനവുമാണെന്നു സുബോലനു ബോധപ്പെട്ടു. അങ്ങനെ അയാളും ലക്ഷ്മിയും വീടോ സ്വത്തോ ഇല്ലാത്ത ഈ വിശന്ന തെണ്ടികളുടെ വമ്പിച്ച സംഘത്തിന്റെ ഭാഗമായിത്തീന്നു. വിശന്നു കുപ്പക്കുഴികൾ തിരയുകയും എച്ചിൽ മാന്തിതിന്നുകയും ചെയ്യുന്ന പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും അവർ നോക്കിനിന്നു. അങ്ങനെ എല്ലാവരും പൊതുവേ അധഃപതിക്കുന്നു. ഇതു പൈശാചികമാണ്; പക്ഷേ, ആ പിശാചസമൂഹത്തിന്റെ ഭാഗമായിരിക്കുന്നു അവർ. മ

റെറന്താണ് ചെയ്യുക? എന്തുകൊണ്ടോ, ഇരക്കുകയും കുപ്പക്കുണ്ടിൽ ഭക്ഷണം തിരയുകയും ചെയ്യുന്നതിൽനിന്ന് അവരുടെ ഹൃദയം ഞെട്ടിപ്പിന്മാറി. ലക്ഷ്മി സുബ്ബോലനോട്ട പറഞ്ഞു: "നഗരത്തിലുള്ളവർ ധനികരാണ്. അവർ നമ്മളെ വേലക്കാരായെടുക്കില്ലേ?"

"പക്ഷേ, നമുക്കെന്തു കഴിയും? എനിക്ക വയലിൽപ്പണി മാത്രമേ അറിയൂ."

"എനിക്ക ഭക്ഷണം പാകം ചെയ്യാനറിയും" അവൾ പറഞ്ഞു: "നിങ്ങൾക്ക മറെറന്തെങ്കിലും പണി കിട്ടും," പതുക്കെപ്പതുക്കെ തങ്ങളെ പിടിച്ചു കീഴ്പ്പോട്ടാഴ്ത്തിക്കൊണ്ടിരുന്ന ഈ ചളിക്കണ്ടിൽനിന്നു കരകയറണമെന്നവൾ ദൃഢപ്രതിജ്ഞ ചെയ്തു.

അവൾ ഭക്ഷണം കഴിക്കാൻ പോയ സൌജന്യഭക്ഷണശാല നടത്തുന്നത് ഒരു ദയാകുലയായ സ്ത്രീയാണെന്നു ലക്ഷ്മി കണ്ടു. അതുകൊണ്ടവൾ ധൈര്യമവലംബിച്ചു പറഞ്ഞു: "അമ്മേ, ഞങ്ങളെപ്പോലുള്ളവക്ക് എന്തെങ്കിലും ജോലി തരാമോ? ഞങ്ങൾ പണിയെടുത്തു ഭക്ഷിക്കാനാഗ്രഹിക്കുന്നു. ഇരക്കുന്നതു് എത്രയും നിന്ദ്യമാണ്." ആ സ്ത്രീ സാശ്ചര്യം നോക്കി. പക്ഷേ, ഭക്ഷണത്തിന്നു കാത്തുനില്ക്കുന്നവരുടെ അണി തുലോം വലുതായിരുന്നതുകൊണ്ട് അവർ ചുരുക്കത്തിൽ പറഞ്ഞു: "നാളെ വരു. ഞാൻ അന്വേഷിച്ചു പറയാം."

സുബ്ബോലും ലക്ഷ്മിയും ഒരു യുവദമ്പതിമാരുടെ വീട്ടുജോലിക്ക നിയുക്തരായി. ഈ ദമ്പതിമാർ രണ്ടുപേക്കും പ്രവൃത്തിയുണ്ടായിരുന്നു. അതുകൊണ്ടവരുടെ വിട്ടുകാര്യങ്ങൾ മററാരെങ്കിലും നോക്കേണ്ടിയിരുന്നു. വീട്ടുജോലികൾ നോക്കിപ്പരിചയമില്ലെങ്കിലും അങ്ങേഅററം വിശ്വസ്തരായിരുന്നതുകൊണ്ട് അവർ എളുപ്പത്തിൽ തങ്ങളുടെതന്നേയും തങ്ങളുടെ യജമാന

ന്മാരുടേയും വിശ്വാസമാർജ്ജിച്ചു. ആരംഭത്തിൽ ജോലി തൃപ്തികരമായി നടത്തുവാൻവേണ്ടി അവക്കു നന്നെ പണിപ്പെടേണ്ടിവന്നു. പല പിശകുകളും വന്നെങ്കിലും ദിവസത്തിൽ രണ്ടു നേരവും മാനമായി പ്രവൃത്തി ചെയ്തു നേടിയ വൃത്തിയായ ഭക്ഷണത്തെപ്പററിയുള്ള ചിന്ത അവരെ അതിൽത്തന്നെ പിടിച്ചുനിത്തി. അവസാനം നഗരഗൃഹജോലികളുടെ തിരുമറികളെല്ലാം അവക്കു നല്ലവണ്ണം പഠിക്കാൻ കഴിഞ്ഞു. വെള്ളം കോരുവാനോ കുളിക്കാനോ കുളങ്ങളില്ലെന്നും കുഴലിൽക്കൂടിയാണ് വെള്ളം വരുന്നതെന്നും കക്കൂസുകൾ ഉപയോഗിക്കാനുള്ളവയാണെന്നും മനസ്സിലാക്കാൻ ലക്ഷ്മിക്കു കുറെ ദിവസങ്ങൾ വേണ്ടിവന്നു. എങ്കിലും ക്രമേണ അവർ ഈ പുതിയ പരിതഃസ്ഥിതികളുമായി പരിചയിച്ചു.

പുതിയ രക്ഷാസ്ഥാനം കിട്ടിയെങ്കിലും, അമ്മയുടെ ആഗ്രഹം നിറവേററിയില്ലല്ലോ എന്ന ചിന്തകൊണ്ടു സുബോലനു മനഃസ്വാസ്ഥ്യമില്ലായിരുന്നു. സൌദാമിനിയേയും അവൾ ഇപ്പോൾ പ്രസവിച്ചിരിക്കാവുന്ന തൻെറ കുഞ്ഞിനേയും ഓക്കാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. എന്നാൽ ഈ അലച്ചാക്കുന്ന മനുഷ്യസമുദ്രത്തിൽ ഒരാളെ കണ്ടുപിടിക്കുകയെന്നതു കേവലം അസാദ്ധ്യമാണെന്നു,പുതിയ പരിതഃസ്ഥിതികളുമായി പരിചയിച്ചപ്പോൾ അയാൾക്കു കൂടുതൽ ബോധപ്പെട്ടു. ആ വൃദ്ധൻ ഈ ദുരിതങ്ങളെല്ലാം സഹിച്ചു ജീവിച്ചിരിക്കുന്നുണ്ടോ എന്നയാൾ സംശയിച്ചു. താനും ലക്ഷ്മിയും കൊടിയ ജീവിതയാഥാത്ഥ്യങ്ങളിൽനിന്നു രക്ഷപ്പെട്ടു സുരക്ഷിതമായ ഒരു തുറമുഖത്തിൽ നങ്കൂരമുറപ്പിച്ചിരിക്കയാൽ അയാൾക്ക് ഒരു തെററു ചെയ്തു ബോധമുണ്ടായി. ലക്ഷ്മിക്ക് ഇതു മനസ്സിലാക്കാൻ വളരെ സമയം വേണ്ടിവന്നില്ല. അരക്ഷിതാവസ്ഥയുടേയും അഗതിത്വത്തിൻേറയും നടുവിൽ തൻെറ ഭത്താവിൻെറ മേൽ തനിയെ അവകാശം പുലത്തിപ്പോരുന്നതിൽ അവൾക്കുള്ള സ

ന്തോഷം നിസ്സീമമായിരുന്നെങ്കിലും അദ്ദേഹത്തിൻെറ വിചാരം ശരിയാണെന്നു് അവൾക്കു തോന്നി.

ഒരു രാത്രി, അവരുടെ ഗൃഹനാഥനും പത്നിയും ഉറങ്ങാൻ പോയിക്കഴിഞ്ഞപ്പോൾ, ലക്ഷ്മി അടുക്കളയുടെ വരാന്തയിൽ തൻെറ പായ വിരിക്കുന്നതിനിടയിൽ ഇങ്ങനെ പറഞ്ഞു:—

"മടങ്ങിപ്പോയി വീട്ടിലെ സ്ഥിതി അന്വേഷിച്ചുവരണമെന്നെനിക്കു തോന്നുന്നു. അവിടത്തെ സ്ഥിതി വളരെ മോശമാണെങ്കിൽ അവരെ ഇങ്ങോട്ടു കൊണ്ടുപോരാം. ഉള്ളതുകൊണ്ടിവിടെ കഴിഞ്ഞുകൂടാം."

സൂബോൽ സസന്തോഷം അനുകൂലിച്ചുപറഞ്ഞു: "നമുക്കു പോവുക. ഇപ്പോൾത്തന്നെ പുറപ്പെട്ടാലോ?"

"നാം രണ്ടുപേരുംകൂടി പോകേണ്ട. എന്നേക്കാൾ നിങ്ങളെക്കൊണ്ടാണിവിടെ ഉപയോഗം. ഈ വലിയ ബക്കററുകളിൽ രണ്ടാംനിലയിലേക്കു വെള്ളം തൂക്കിയെടുക്കുവാൻ എനിക്കൊരിക്കലും കഴിയില്ല. ഭക്ഷണം പാകംചെയ്യുന്ന പണി ഗൃഹനായിക കഴിച്ചുകൂട്ടും. നിങ്ങൾ സമ്മതിക്കുന്നപക്ഷം ഞാൻ പോയി അവരുടെ വിവരമറിഞ്ഞു വരാം."

അവളെ ഒററയ്ക്കയയ്ക്കാൻ മനസ്സുണ്ടായിരുന്നില്ലെങ്കിലും അതാണേററവും നല്ല വഴിയെന്നദ്ദേഹം സമ്മതിച്ചു. നഗരത്തിൽക്കൂടിയുള്ള അവളുടെ സർക്കീട്ടും പല അനുഭവങ്ങളും ഈ വലിയ പരീക്ഷണത്തിനു വേണ്ട കരുത്തു തന്നിൽ ഉളവാക്കിയിട്ടുണ്ടെന്നവൾ ചൂണ്ടിക്കാണിച്ചു.

മടങ്ങിപ്പോക്കു വരവിനേക്കാൾ വിഷമമാണു്, കാരണം, ഒഴുക്കിനെതിരായിട്ടാണു് നീന്തേണ്ടതു്. വമ്പിച്ച ജനസമൂഹങ്ങൾ, ഏതോ വൈശ്രവണനഗരിയെ തേടി, തങ്ങൾക്കു രക്ഷ നല്കുന്ന ഏതോ ദിവ്യജാലത്തെത്തേടി നഗരത്തിലേ

ഷ്ക്ക് അനഗ്ഗളം പ്രവഹിച്ചുകൊണ്ടിരിക്കയാണ്. അതോടൊന്നിച്ചു പോകാനുള്ള മോഹം വളരെ ശക്തിയാണ്. പക്ഷേ ലക്ഷ്മി ദൃഢചിത്തതയോടുകൂടി അതിനെ ചെറുത്തു—എന്തിനാണവൾ തിരിച്ചുപോന്നതു്? അവളിൽ ആറിക്കിടന്നിരുന്ന ദ്വേഷവും അസൂയയും പത്തുകെ വീണ്ടും തലപൊക്കി. പക്ഷേ, ഗ്രാമത്തിലുള്ള ഗൃഹത്തിൽ എന്തു നടക്കുന്നു എന്നറിയുവാനുള്ള ആസക്തി അവളെ ഒരു വിധത്തിൽ മുന്നോട്ടുതന്നെ തള്ളിക്കൊണ്ടിരുന്നു. തൻെറ ഭത്താവിൽ കണ്ട ചിന്താക്ലേശം തനിക്കും ഭത്താവിനുമിടയ്ക്കു് ഒരു മതിൽ കെട്ടിയാലോ എന്നവൾ ഭയപ്പെട്ടു. അതുകൊണ്ടാണവൾ ഈ യാത്രയ്ക്കൊരുങ്ങിയതു്. എന്നാൽ പരിചിതമായ ഭൂഭാഗങ്ങളുടെ സമീപത്തെത്തിയപ്പോൾ, ഏറെറടുത്ത കടമ നിവ്വഹിക്കുവാനുള്ള കരുത്തു് അവൾക്കില്ലെന്നു തോന്നിത്തുടങ്ങി. എന്താണവൾ കണ്ടെത്തുക? അവളുടെ കൈകളിൽ അദ്ദേഹത്തിൻെറ കുഞ്ഞു്—മനുഷ്യനും ദൈവവും തനിക്കെതിരായി സൃഷ്ടിച്ച അവസാനത്തെ അധിക്ഷേപത്തിൻെറ രൂപം. അതിനുവേണ്ടിയാണവൾ ഈ വഴിയെല്ലാം നടന്നുവന്നതു്. മടങ്ങിപ്പോവുകയല്ലേ ഭേദം? പക്ഷേ, സൂബോലൻെറ ഉൽക്കണ്ഠാപൂണ്ണമായ ചോദ്യങ്ങൾക്കു് അവൾ എന്തു മറുപടി പറയും? അയാളുടെ കണ്ണുകളിലെ തീജ്വാലയെ എങ്ങനെ ശാന്തമാക്കും?

അതാ—ശിവൻെറ ആ വിജനമായ ക്ഷേത്രം, അവൾ ഒരിക്കൽ സപ്പങ്ങളേയും തേളുകളേയും ഭയപ്പെട്ടുകൊണ്ടു് അതിനുള്ളിൽ രഹസ്യമായി പ്രവേശിച്ചു് അവമാനഭാരത്തിൽ നിന്നു തന്നെ രക്ഷിക്കണമെന്നു പ്രാത്ഥിക്കുകയുണ്ടായിട്ടുണ്ടു്. പക്ഷേ ദേവൻ മിണ്ടിയില്ല. അടുത്തുള്ള കുളം, മനോരാജ്യത്തിലാണ്ടപോലെ, നിദ്രാനിലീനമെന്നപോലെ, ആരും തിരിഞ്ഞുനോക്കാതെ, കളകൾ നിറഞ്ഞുകിടന്നിരുന്നു. പൊതുവേയുള്ള ഒരു മാന്ദ്യം അവളെ അനുഗമിച്ചു. ഇടയ്ക്കിടെ കേൾക്കുന്ന

നാട്ടുകളുടെ ദീർഘമായ മോങ്ങൽ അതിനാഴം കൂട്ടി. കുട്ടികളുടെ ശബ്ദകോലാഹലവും, ജീവിതത്തിന്റെ ചലനങ്ങളും, ജനാവലിയുടെ ആരവവും ഒന്നുംതന്നെ കാണുന്നില്ല. ചാരവർണ്ണമായ പുരകൾ വിലക്കുന്നമട്ടിൽ കൂട്ടമായി കിടക്കുന്നു. ജിജ്ഞാസയോടുകൂടി നോക്കുമ്പോൾ അവ പരിഭവിക്കുന്നു. അവയെല്ലാം തങ്ങളുടെ ഈഷ്യയെ ഒളിപ്പിച്ചുവെക്കുന്നപോലെ തോന്നി. ലക്ഷ്മിക്കു ഒരു ഭയം തോന്നി, സർവ്വവും നാശത്തിലാണെന്നുള്ള ഒരു ബോധം അവളിലുദിച്ചു. അതിനെ തച്ചുടക്കാൻ അവൾ ശ്രമിച്ചു. എങ്കിലും ഓരോ അടി മുന്നോട്ടു വെക്കുമ്പോഴും ഈ ബോധം അവളുടെ ഹൃദയത്തിൽ ഉയൎന്നുവന്നു. അതവളെ ശ്വാസംമുട്ടിക്കുമെന്നുപോലും അവൾ ഭയപ്പെട്ടു.

അവസാനം, അവൾ സ്വഗൃഹത്തിന്റെ വാതുക്കലെത്തി—വീട്ടിന്റെ പുറമെല്ലാം എത്ര പരിചിതമായിരിക്കുന്നു! ആ വാഴത്തോപ്പ് അങ്ങനെതന്നെയുണ്ട്, അതിന്റെ ഇലകൾ വെയിലിൽ ആടുന്നതു കണ്ടപ്പോൾ അവളിൽ ഒരു രക്ഷാബോധം തിരിച്ചുവന്നു. അവൾ അകത്തേക്കു കടന്നപ്പോൾ, അവളുടെ കാലൊച്ച കേട്ടു ഭയപ്പെട്ട് ഒരു തെണ്ടിപ്പട്ടി പുറത്തേക്കു ചാടി—ലക്ഷ്മി അല്പം നിന്നു. ഇതസാധാരണംതന്നെ! അവിടെ ആരുമില്ലേ? അവൾ ഉറക്കെ വിളിച്ചുനോക്കി: "അല്ല, കൂട്ടരേ! ഇവിടെ ആരുമില്ലേ?" നാലുപുറവും നിശ്ശബ്ദത—നിശ്ശബ്ദത അവളെ വന്നു മൂടുന്നു. അവൾ അടുക്കളയിലേക്കോടി—അടുപ്പിൽ തീയിന്റെ യാതൊരു ലക്ഷ്യവുമില്ല. അനന്തരം ഭയന്നു, കരഞ്ഞുകൊണ്ട് അവൾ ഓരോ മുറികളിലേക്കും പാഞ്ഞു. അവിടവിടെ കീറത്തുണിത്തുണ്ടങ്ങൾ തൂങ്ങുന്നുണ്ട്; ഒരു വിരി താറുമാറായിക്കിടക്കുന്നു. ചപ്പുചവറും വൃത്തികേടും എല്ലാം ദിക്കിലും ചിതറിയിരിക്കുന്നു. മുററത്തിന്റെ മറുവശത്തു വേറൊരു ചെറിയ മുറിയുണ്ട്. ഒരുപക്ഷേ, അവിടെ ആരെങ്കിലുമുണ്ടാവും. അവൾ അതിലേക്കു പാഞ്ഞുചെന്നു.

ലക്ഷ്മി സ്തംഭിച്ചുനിന്നുപോയി. അതു വാസ്തവമായിരിക്കാൻ വയ്യ; അതൊരു പേടിസ്വപ്നമാണെന്നവൾക്കു തോന്നി. അതിനെ തന്നിൽനിന്നു തള്ളിമാററി ഓടിപ്പോകണമെന്നവൾക്കു തോന്നി. എന്തെങ്കിലും ചെയ്യാതെ വയ്യ. അവൾ ഭയത്താൽ വിടന്ന കണ്ണുകളോടെ നിശ്ചലയായി നിന്നു. സൌദാമിനി—അതോ അവളുടെ അസ്ഥിപഞ്ജരമോ—അവിടെ വെറുങ്ങലിച്ചു വിളറിക്കിടക്കുന്നു; അവളുടെ മുല കുടിച്ചുകൊണ്ടു നുഴയുന്ന പുഴുവിനെപ്പോലുള്ള ഒരു ശിശുവും. അതിന്റെ ഇളംചുണ്ടുകൾ ഭക്ഷണത്തിന്നായി പിളരുന്നു. ആ മൃതശരീരത്തിന്റെ വക്ഷസ്സിൽ മാന്തുന്നു. ലക്ഷ്മി പതുക്കെ കുനിഞ്ഞു. അയ്യോ! എന്തൊരു തണുപ്പാണ് സൌദാമിനിയുടെ ശരീരത്തിനു്! അനന്തരം അവൾ കുഞ്ഞിനെ സ്പർശിച്ചു. ജീവിതത്തിന്റെ തുടിപ്പുകളോടുകൂടിയ ഒരു ചോരക്കുഞ്ഞ്. അവൾ കുഞ്ഞിനെ കയ്യിലെടുത്തു. അതു് അവളിലമന്നു വായകൊണ്ടു തപ്പിത്തുടങ്ങി. പിന്നിലുള്ള മരണത്തെ വിസ്മരിച്ചു് ഈ ജീവിതസ്ഫുലിംഗത്തെ കയ്യിലെടുത്തു ശുശ്രൂഷിച്ചുകൊണ്ടുനില്ക്കുന്ന ലക്ഷ്മിയുടെ മുമ്പിൽ ഒരു പുതിയ ലോകം അതിന്റെ വാതിൽ തുറന്നു.

# അജ്ഞാതബാലൻ

ചൌധുരിയുടെ വിശാലമായ തറവാട്ടിൽ ദുർഗ്ഗാപൂജ ആഘോഷിക്കുകയാണു്. ഇരുണ്ടും തടിച്ചും കാണപ്പെട്ട ആ ഭവനത്തിൽ കുട്ടികളുടെ ചിരികളാലും ആഭരണങ്ങളുടെ കിലുക്കത്താലും ഉത്സവത്തിന്റെ അന്തരിക്ഷമുളവായി; പല വർണ്ണത്തിലുള്ള സാരികൾ ആ രംഗത്തിന്നു നിറംപിടിപ്പിച്ചു. എല്ലാററിലും ഉത്സവച്ഛായ. മക്കളും മക്കളുടെ മക്കളുമെല്ലാം വീണ്ടും തന്നോടു മേളിച്ചതിൽ തറവാട്ടമ്മ സന്തുഷ്ടയായി. ഇക്കാലത്തു് എന്തൊക്കെയാണുണ്ടാവുകയെന്നു് ആർക്കും നിർണ്ണയിച്ചുകൂടാ. അതുകൊണ്ടു സന്താനങ്ങളെല്ലാം തന്റെ അരികത്തു്, ദുർഗ്ഗയുടെ പാദത്തിൽ ഒരുമിച്ചിരിക്കണമെന്നായിരുന്നു അവരുടെ ചുരുങ്ങിയ ആഗ്രഹം.

വീട്ടിനകത്തു് ഇലത്താളത്തോടൊപ്പം സ്ത്രീകളുടെ മൃദുലമായ ചിരിയും ഇടകലർന്നു കേൾക്കാം. ആരാധകന്മാർ വന്നും പോയുംകൊണ്ടിരിക്കുന്നു. അതിനിടയിൽ പുരോഹിതന്റെ മന്ത്രോച്ചാരണം ഓരേ രാഗത്തിലങ്ങനെ കേൾക്കുന്നു. പുറത്തു പട്ടിണിപ്പാവങ്ങളുടെ ഒരു നീളൻഅണി (ക്യൂ) നില്ക്കുന്നുണ്ടു്. ആ ഉത്സവം നടക്കുന്ന ഗൃഹത്തിൽനിന്നു പുറത്തേക്കു വീഴുന്ന ഉച്ഛിഷ്ടത്തിന്റെ പൊട്ടും പൊടിക്കുംവേണ്ടി അവർ കാത്തുനില്ക്കുകയാണു്. ഇടയ്ക്കിടയ്ക്കു് അവരുടെ ക്ഷമകെട്ടുള്ള വിളികൾ വീട്ടിനുള്ളിലേക്കു കേൾക്കാം: "അമ്മാ, അയ്യോ, അമ്മാ, ഒരു പിടി ചോറു തരണമ്മാ," അതല്ലെങ്കിൽ, "കുഞ്ഞുങ്ങൾക്കു കൊടുക്കാൻ കുറച്ചു കഞ്ഞിവെള്ളമെങ്കിലും തരണമ്മാ!" ചിരിയും ബഹളവും കലർന്ന ആ ശബ്ദകോലാഹലത്തിനിടയിൽ സ്ത്രീകൾ അല്പനേരം നോക്കിനിന്നു തിരിച്ചുപോവും—ഈ വഞ്ചിച്ച യാചകസംഘത്തെ എങ്ങനെയാണു് തൃപ്തിപ്പെടുത്തുക?

എങ്കിലും അവരുടെ ആ വിളിച്ചുനിലവിളി ഗ്രഹത്തിനുള്ളിൽ വീർത്തുവന്ന ആഹ്ലാദത്തിന്റെ കമിളയെ കുത്തിപ്പൊട്ടിച്ചു. അപ്രമേയയായ ദേവി ധനികരുടെ ആരാധനയും നിവേദ്യങ്ങളും സ്വീകരിച്ചു—അപ്പുറത്തു കേൾക്കുന്ന ആ നിലവിളികൾ ദേവിയുടെ ചെവിയിലെത്തുന്നില്ലെന്നുണ്ടോ?—അതോ അവരെല്ലാം ദേവിയുടെ ചിററമ്മമക്കളാണെന്നുണ്ടോ?

സുഭദ്ര ഗൌരന്റെ കുഞ്ഞിക്കൈയും പിടിച്ചുകൊണ്ടു ഭക്ഷണം കിട്ടുമെന്ന പ്രതീക്ഷയിൽ വഴിയിലിരുന്നു. അവളുടെ വൃദ്ധപിതാവു് ആ നിരത്തിന്മേൽ തളന്നുവീണിരിക്കുന്നു—അവൾ എന്തു ചെയ്യും? കൊച്ചൻ വാശി പിടിച്ചു കരയാൻ തുടങ്ങി. "അമ്മേ അവരെപ്പോഴാണു് ചോറു തരിക? എനിക്കു വിശക്കുന്നു."

"മിണ്ടാതിരിക്കു ഓമനേ, ഇനി വളരെ താമസമില്ല. ഇതാ കണ്ടോ? സൂര്യൻ തലയ്ക്കു മുകളിലായി. നേരം ഉച്ചയായി. അവരുടെയെല്ലാം ഊണു കഴിഞ്ഞാൽ നമുക്കെന്തെങ്കിലും കിട്ടും."

ആ ചെറിയ നഗ്നശരീരം തളന്നാടിക്കൊണ്ടിരുന്നു. അതിന്റെ ഓരോ വാരിയെല്ലും നിങ്ങൾക്കെണ്ണിനോക്കാം. ആൾക്കൂട്ടത്തിന്റെ ഒരുവശത്തു് ഒരു ബലൂൺവില്പനക്കാരൻ പ്രത്യക്ഷപ്പെട്ടു. പല നിറത്തിലുള്ള അത്ഭുതാവഹമായ ആ ചെറുഗോളങ്ങൾ പകലിന്റെ പ്രകാശത്തിൽ പല വർണ്ണബിന്ദുക്കൾ ചേർത്തു. ഗൌരന്റെ കണ്ണുകൾ തിളങ്ങി—ആകാശത്തിൽ പൊന്തിക്കിടക്കുന്ന പക്ഷികളെപ്പോലുള്ള ആ പിടിക്കാനാവാത്ത വസ്തുക്കളുടെ നേക്കു് അവൻ കണ്ണിമയ്ക്കാതെ നോക്കി. അവൻ വശീകരിക്കപ്പെട്ടു. അവന്റെ വയററിലെ തീപോലും ഇന്ദ്രിയങ്ങളുടെ ഈ ആനന്ദത്താൽ മരവിച്ചുപോയി. മനോഹരം, എന്നുമാത്രമേ അവന്റെ ശരീരത്തിന്നും മന

സ്സിന്നും പറയാൻ കഴിഞ്ഞുള്ളൂ. അപ്പോൾ ആ തടിച്ച ഇരുമ്പു ഗേററുകൾ തുറന്നു. അവനേക്കാൾ അല്പം പ്രായം കൂടിയ ഒരാൺകുട്ടി, ചുവന്ന ഒരു പഞ്ചാബി അംഗവസ്ത്രവും വൃത്തിയായ വെള്ളദോത്തിയും ധരിച്ച പുറത്തേയ്ക്കു വന്നു. ഈ കുട്ടിയുടെ ആംഗ്യമനുസരിച്ച ബലൂൺവില്പനക്കാരൻ അങ്ങോട്ടു പോകുന്നതു ഗൌരൻ കണ്ടു. അയാൾ ആ ബലൂണുകളിലൊന്നു കുട്ടിയുടെ കയ്യിൽ കൊടുക്കുന്നതും അവൻ ആ കളിക്കോപ്പോടുകൂടി ആഹ്ലാദിച്ച തിരിച്ചുപോവുന്നതും ആ യാചകബാലൻ കണ്മിഴിച്ച നോക്കിക്കൊണ്ടുനിന്നു. കുട്ടിയുടെ പിന്നിൽ ആ ഇരിമ്പുഗേററു വീണ്ടുമടഞ്ഞു. ആ കുട്ടിയുടെ തലയ്ക്കു മീതെക്കൂടി ബലൂൺ ദൃഷ്ടിയിൽനിന്നു മറയുന്നതുവരെ അവൻ അങ്ങനെ നോക്കിനിന്നു. മറഞ്ഞുകഴിഞ്ഞപ്പോൾ അവനെന്തോ നഷ്ടപ്പെട്ടതുപോലെ തോന്നി. അവൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തു ചെന്നു പറഞ്ഞു: "അമ്മേ, എനിക്കതിലൊരെണ്ണം വേണം. അമ്മേ, ഒന്നു വാങ്ങിത്തരു."

സുഭദ്ര ആലസ്യംപൂണ്ടു കിടക്കുന്ന പിതാവിന്റെ മുഖത്ത് ഒരു കഷണം തുണി നനച്ചുപിടിക്കുകയായിരുന്നു. അവൾ അവിടെ നടന്നതൊന്നും കണ്ടില്ല. അവൾ യാന്ത്രികമായി ഇങ്ങനെ പറഞ്ഞു: "കുറച്ച ക്ഷമിക്കു്, അവരുടെ ഊണെല്ലാം കഴിയാറായി. ഉടൻ നമുക്കവരെന്തെങ്കിലും തരും."

"അതല്ല, അതല്ല, എനിക്കാമിന്നുന്ന പന്തുകളിലൊന്നു വേണം. അയാൾ ഒന്നു് ഒരു കുട്ടിക്കു കൊടുക്കുന്നതു കണ്ടു. അമ്മേ, ഒരെണ്ണം എനിക്കു വാങ്ങിത്തരു." ഗൌരൻ ശാഠ്യം തുടങ്ങി.

പക്ഷേ, അപ്പോഴേയ്ക്കും ഗേററ് തുറന്നു് ഒരു വലിയ പാത്രത്തിൽ കഞ്ഞി കൊണ്ടുവരുന്നതു സുഭദ്ര കണ്ടു. പാഞ്ഞുചെന്നില്ലെങ്കിൽ കിട്ടിയില്ലെന്നു വരും. അവരെല്ലാം ഉന്തിയും ത

ളിയും ക്ഷീണിച്ചുകിടന്നിരുന്നവരെ ചവിട്ടിമെതിച്ചും മുന്നോട്ടു പാഞ്ഞു. അതിനിടയിൽ സുഭദ്ര പുത്രൻെറ ആവശ്യം ചെവിക്കൊണ്ടില്ല. അവനു ഭക്ഷണമാണ് വേണ്ടതെന്നും അതിതാമസിലെത്തിയെന്നുംമാത്രമേ അവൾ ധരിച്ചുള്ളു. "ഇവിടെ മുത്തച്ഛൻെറ അടുത്തിരിക്ക്, ഞാൻ വരുന്നതുവരെ" എന്നു പറഞ്ഞു പരിഭ്രമിച്ചു പോയി. അവൾ തിരക്കിൽ ചേന്നു; തനിക്കു കിട്ടിയില്ലെങ്കിലോ എന്ന ഭയത്താൽ കയ്യിലുള്ള കവിടികിണ്ണം മുന്നോട്ടു നീട്ടിക്കൊണ്ടു നീങ്ങിത്തുടങ്ങി. മുഷിഞ്ഞു നാറിക്കീറിയ തുണികളോടുകൂടിയ ഈ കലമ്പുന്ന ജനസമൂഹത്തോടു വെറുപ്പു തോന്നി ബലൂൺവില്പനക്കാരൻ അവിടെനിന്നു തിരിച്ചു. മനോഹരമായ കളിക്കോപ്പുകളോടുകൂടിയ ആ മനുഷ്യൻ പോവുകയാണെന്നു കണ്ടു ഗൌരൻ ഒന്നു ഞെട്ടിപ്പിടഞ്ഞു. ഒരു നഷ്ടബോധവും അമ്മ തൻെറ ആവശ്യം തീരെ കണക്കാക്കാഞ്ഞതിലുള്ള വെറുപ്പും അവനിലങ്കുരിച്ചു. ചുള്ളിക്കമ്പുകൾപോലെ ആടുന്ന കാലുകളിൽ എഴുന്നേററുനിന്ന് അവൻ ബലൂൺവില്പനക്കാരൻെറ പിന്നാലെ ഓടാൻ തുടങ്ങി. ചിത്രശലഭങ്ങളെപ്പോലെ നൃത്തംചെയ്യുന്ന ആ ബലൂണുകൾ അവനെ മാടിവിളിക്കുന്നപോലെ തോന്നി. വിശപ്പിനാൽ തളന്നു മയങ്ങിക്കിടന്നിരുന്ന മുത്തച്ഛനു് അവനെ തിരികെ വിളിക്കാനുള്ള ശക്തിയോ മനസ്സോ ഉണ്ടായിരുന്നില്ല.

തൻെറ പിന്നാലെ പ്രാഞ്ചി വരുന്ന ആ ചെറുവിഗ്രഹത്തെപ്പററി യാതൊന്നുമറിയാതെ ബലൂൺവില്പനക്കാരൻ മുന്നോട്ടുതന്നെ പോയി. ബലൂണുകൾ അപ്പോഴും നൃത്തംവെച്ചും മിന്നിത്തിളങ്ങിയും ഗൌരൻെറ നേരെ കണ്ണുകാട്ടി വിളിച്ചു. കുട്ടിക്കും ബലൂൺവില്പനക്കാരനുമിടയ്ക്കുള്ള ദൂരം വദ്ധിച്ചുവന്നു. അവസാനം അതു കുട്ടിയെ മുന്നോട്ടാകഷിച്ചുകൊണ്ടിരുന്ന ഒരു മൃഗതൃഷ്ണ മാത്രമായിക്കലാശിച്ചു. അവൻ കരയുന്നുണ്ടു്; അവൻ

ഇങ്ങനെ വിളിച്ചു നിലവിളിച്ചു: "നില്ക്കൂ, ദയവായി നില്ക്കൂ, ഞാനൊപ്പമെത്തട്ടെ." പെട്ടെന്നു് അവൻ കാൽതെററിത്താഴെ വീണു. അവൻ എണീററു നോക്കുമ്പോഴേക്കും ആ മൃഗതൃഷ്ണ മറഞ്ഞു കഴിഞ്ഞിരുന്നു. നിരാശയോടുകൂടി അവൻ നിലത്തു കിടന്നു ഭയപ്പെട്ടു ചുററും നോക്കി. അവനെവിടെയാണു്? "അമ്മേ!" അവൻ നിലവിളിച്ചു: "അമ്മേ, അമ്മ എവിടെയാണു്?" വഴിയാത്രക്കാരൻ അവനെ നോക്കി, പാതവക്കത്തുപേക്ഷിക്കപ്പെട്ട മറെറാരനാഥബാലനാണവനുമെന്നു കരുതി. പക്ഷേ, അമ്മ അവളെ തിരയുന്നുണ്ടായിരിക്കുമെന്നവനറിയാം. അതുകൊണ്ടവൻ എണീററു ലക്ഷ്യമില്ലാതെ കഴിയുന്നതും വേഗത്തിൽ ഓട്ടം തുടങ്ങി. വീപ്പുമുട്ടി വീണു പരിക്കേററും, കരഞ്ഞും അവൻ ഒരു മുക്കിലേക്കു തിരിഞ്ഞപ്പോൾ അവിടെ ഒരു ക്യൂ കണ്ടു. ആശ്വാസത്തോടും അമ്മ അടിക്കുമെന്നു ഭയന്നും അവൻ ആ ആൾക്കൂട്ടത്തിൻെറ പിന്നിൽ ഒളിഞ്ഞു പാററി അതാ, അമ്മ. താൻ ഒളിച്ചിരുന്നതാണെന്നു നടിച്ചുകളയാം എന്നു ഗൌരൻ വിചാരിച്ചു. അവൻ പിന്നിൽക്കൂടി ചെന്നു് അവളുടെ കൈ പിടിച്ചു: "അമ്മേ!" ആ സ്ത്രീ തിരിഞ്ഞു നോക്കി—അതവൻെറ അമ്മയല്ല. പരിഭ്രമംപൂണ്ടു് അവൻ ഓടി ഓരോരുത്തരേയും മാറി മാറി പരിശോധിച്ചു: "അമ്മേ അമ്മേ—" പക്ഷേ അവൻ കണ്ടവരെല്ലാം അന്യരാണു്. അവൻെറ അമ്മ അപരിചിതരുടെ ഒരു ഘോഷയാത്രയായി മാറിയിരിക്കുന്നപോലെ തോന്നി. 'അമ്മേ, അമ്മേ'—എന്നുള്ള അവൻെറ ദയനീയവിലാപം തെരുവിലാകെ അലച്ചു. അവസാനം അവൻ വാടിത്തളന്നു കാനയുടെ വക്കത്തു വീണുറങ്ങി.

രാധ സൌജന്യഭക്ഷണശാലയിൽനിന്നു മടങ്ങിവരുമ്പോൾ നേരം ഇരുട്ടിയിരുന്നു. അവൾ തൻെറ ശിശുവിനേയുംവെച്ചു കിടന്നുറങ്ങുവാനായി ഒരു പുരയുടെ അരികിൽ ക

ണ്ടുപിടിച്ചിട്ടുള്ള ഷെഡ്ഡിലേയ്ക്കു മടങ്ങുകയാണ്. അവൾ കാററും മഴയും കുളന്മാരുടെ ശല്യവുമേല്ക്കാതെ കിടന്നുറങ്ങാൻ കണ്ടുവെച്ചിട്ടുള്ള ഒരു രക്ഷാസ്ഥാനമാണതു്. അവളുടെ കാലിൽ എന്തോ ഒന്നു തടഞ്ഞു—മൃദുവും ചൂടുള്ളതുമായ ഒന്നു്. ഒരു പട്ടിക്കുട്ടിയായിരിക്കാമെന്നവൾ വിചാരിച്ചു. എന്നാൽ അതു് ഒരു മനുഷ്യശിശുവിനെപ്പോലെ വിതുമ്പിക്കരയാൻ തുടങ്ങി: "അമ്മേ, അമ്മേ." രാധയുടെ ഹൃദയത്തിൽ എന്തോ ഒന്നു തറച്ചു. അവൾ കുനിഞ്ഞു നോക്കിയപ്പോൾ കാനയുടെ വക്കത്തെ പൊടിയിൽ ഒരു ചെറിയ കുട്ടി കിടക്കുന്നതു കണ്ടു. അവൻെറ കൺപോളകൾ വിടന്നു. പക്ഷേ, ഇരുട്ടിയിരുന്നതുകൊണ്ടു് അവനൊന്നും വേർതിരിച്ചു കാണാൻ സാധിച്ചില്ല ഗൌരൻ ചോദിച്ചു: "അമ്മേ, അമ്മയാണോ അതു്?"

"കുട്ടി, നീ അമ്മയെ വിട്ടുപോയോ?" രാധ ചോദിച്ചു. അതു മററൊരു പരിചയമില്ലാത്ത ആളാണെന്നറിഞ്ഞപ്പോൾ അവൻ ഭയന്നു വീണ്ടും നിലവിളിക്കാൻ തുടങ്ങി: "എൻെറ അമ്മയെക്കാണുന്നില്ല. എവിടെയാണമ്മ"?

അവന്നു കൂടുതലൊന്നും പറയാൻ കഴിഞ്ഞില്ല. അവൻ പറയുന്നതിലൊന്നും പരസ്പരബന്ധവുമുണ്ടായിരുന്നില്ല. ആ കുട്ടിയുടെ നിസ്സഹായത അവളുടെ ഹൃദയം പിളന്നു. അവൾ പറഞ്ഞു: "എൻെറക്കൂടെപ്പോരു. നാളെ അമ്മയെക്കണ്ടുപിടിക്കാം."

അവൻ ഉത്സാഹത്തോടുകൂടി എഴുനേററു. "അമ്മ എവിടെയാണെന്നറിയാമോ?" എന്നു ചോദിച്ചുകൊണ്ടു് അവൻ ആശയോടുകൂടി അവളുടെ കയ്യും പിടിച്ചു നടന്നു. രാധയുടെ ചുണ്ടുകൾ ഒരു ചിരിയാൽ വക്രിച്ചു, തന്നെയും തൻെറ കൊച്ചു പെൺകുഞ്ഞിനേയും പോററുകയെന്ന ഭാരത്തിനു പുറമേ ഇപ്പോൾ മററൊരു ജീവനെക്കൂടി പോറേറണ്ട ഉത്തരവാദി

ത്തം അവൾ ഏറെറടുത്തിരിക്കുന്നു. അവൾ അത്ഭുതത്തോടു കൂടി ആ ഉന്നതമേടകളെ നോക്കി. അവയ്ക്കുള്ളിൽ പല പല ശബ്ദങ്ങളും സ്ത്രീകളുടെ അർത്ഥമില്ലാത്ത ചിരികളുമൊക്കെ കേൾക്കാം. പക്ഷേ, ഒരൊററ വാതിലോ ജാലകമോ ഈ കുട്ടിയുടെ ഹൃദയത്തിൻെറ കരച്ചിൽകേട്ടു തുറന്നില്ല. വീടോ ബന്ധുക്കളോ ഇല്ലാതെ ബഹിഷ്കൃതരായി തെരുവിലലയുന്ന ഇക്കുട്ടരുടെ എണ്ണം ഒന്നുകൂടിയാലും കുറഞ്ഞാലും അതിലെന്തിരിക്കുന്നു?

പ്രഭാതത്തിൽ, രാധ ഗൌരൻെറ വിവരങ്ങൾ ചോദിച്ചു. പക്ഷേ, അവൻെറ പേരും അവനൊരു അമ്മയും മുത്തച്ഛനുമുണ്ടായിരുന്നുവെന്ന കഥയും മാത്രമേ അവനു പറയാൻ കഴിഞ്ഞുള്ളു. അവരെവിടെയാണെന്നോ എത്ര ദൂരെയാണെന്നോ അവനറിയില്ല. അലക്ഷ്യമായി കയ്യാട്ടി "അവിടെ" എന്നു മാത്രം അവൻ ആവർത്തിക്കും. അവനെ തൻെറകൂടെ പാർപ്പിക്കുകയല്ലാതെ രാധയ്ക്കു ഗത്യന്തരമില്ലെന്നായി. തീർച്ചയായും അവൾക്കവനെ ഉപേക്ഷിക്കാം, പക്ഷേ അതിനവളുടെ മാതൃഹൃദയം സമ്മതിച്ചില്ല. അങ്ങനെ അവളുടെ സാരിയിൽ പിടിച്ചു തൂങ്ങിക്കൊണ്ടു് അവൻ സധൈര്യം ഓരോ സൌജന്യഭക്ഷണശാലകളിലായി മാറിമാറി നടന്നു. ഗൌരൻ യാതൊന്നും പറയില്ല. പക്ഷേ, അവനെപ്പോഴും അമ്മയെ തിരഞ്ഞുകൊണ്ടിരിക്കും. അവനിപ്പോൾ ഒരിക്കലും കരയാറില്ല. അവൻെറ വളർത്തമ്മയുടെ വാത്സല്യത്തിന്നും ശുശ്രൂഷയ്ക്കും അവനു നന്ദിയുണ്ടു്. എങ്കിലും ഇടയ്ക്കൊക്കെ തൻെറ ഗ്രാമത്തേയും, കൂട്ടുകാരായ കുട്ടികളേയും, ഇപ്പോൾ നിഴൽപ്രായമായിത്തീന്നിരുന്ന അവൻെറ അച്ഛനേയും വൃദ്ധനായ മുത്തച്ഛനേയും എല്ലാററിലുമധികം അവൻെറ അമ്മയേയും അവൻ സ്വപ്നം കാണും. അമ്മ ചിരിച്ചുകൊണ്ടു് അവൻെറ മേൽ കുമ്പിടും. ബ്

ദ്ധിമുട്ടും വിഷാദവുമേറിവന്ന ഇയ്യിടത്തെപ്പോലെയല്ലാ—കരുത്തും ക്ഷേമവും പൂണ്ട ആ പഴയ മട്ടിൽ—പക്ഷേ, അവൻ അമ്മയുടെ മാറിലേക്കു കൈരണ്ടും നീട്ടുമ്പോഴേക്കും പോക്കളയും, അവൻ ഉണരുമ്പോൾ അതൊരു സ്വപ്നം മാത്രമാണെന്നോർത്തു കരയും. ഗൌരൻ തോന്നിവാസിയായിരുന്നില്ല. അവൻ രാധ പറയുന്നതെല്ലാം അനുസരിച്ചു, ഭക്ഷണങ്ങൾക്കിടയിൽ വഴിയരികിൽ വിശ്രമിക്കുമ്പോൾ രാധയുടെ കുഞ്ഞിനെ കളിപ്പിച്ചു. രാധയുടെ മേൽ അവനു യാതൊരവകാശങ്ങളുമില്ലെന്നും അതുകൊണ്ടവരെ സഹായിക്കുകയല്ലാതെ അധികം ബുദ്ധിമുട്ടിക്കരുതെന്നും അവൻ തികച്ചും മനസ്സിലാക്കിയതുപോലെ തോന്നി.

മുത്തുകൾപോലെ മിന്നിത്തിളങ്ങുന്ന നേത്രങ്ങളോടുകൂടിയ സന്ധ്യ, അഗതികളുടെ ദുരിതങ്ങളെയെല്ലാം തന്റെ ഉദാരമായ ആശ്ലേഷത്താലാവരണംചെയ്തുകൊണ്ടു മനുഷ്യത്വത്തിൽനിന്നു കീഴ്പോട്ടടിഞ്ഞിട്ടുള്ള ആ ബഹിഷ്കൃതലോകത്തിന്നും, തെരുവിലെ ചണ്ടിപണ്ടാരങ്ങൾക്കുമുപരി തന്റെ നിഴൽ വീശിക്കൊണ്ടു ചന്തത്തോടുകൂടി ആ നഗരത്തിന്നു മുകളിൽ വന്നിറങ്ങി. വിളക്കണെയ്ക്കലിന്റെ (ബ്ളാക്ക് ഔട്ട്) കാലമായിരുന്നതുകൊണ്ടു ദീപങ്ങൾ പ്രകാശിക്കുന്നില്ല. അസ്വസ്ഥമായ നഗരത്തിലെ ശബ്ദങ്ങളോടും തേങ്ങലുകളോടും വിലാപങ്ങളോടുമിടകലൎന്നു് ഒരന്ധകാരം വ്യാപിച്ചു. വിശ്രമമില്ലാത്ത ജീവിതം രാത്രിയുടെ നിഴലിൽ ഒളിഞ്ഞുപാററി. ആ നഗരത്തിന്നു് അതിന്റെ സ്വസ്ഥത എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടതുപോലെ തോന്നി. അസാധാരണങ്ങളായ ദുർവൃത്തികൾ ഇരുട്ടിൽ പതിയിരിക്കുന്നു, പ്രഭാതത്തിന്റെ പ്രഥമരശ്മികളണയുമ്പോൾ അവ എവിടെയെങ്കിലും ഇഴഞ്ഞുചെന്നൊളിക്കും. തെരുവിലടിഞ്ഞ ഈ ജനസമൂഹത്തിന്നു്, കാലമെന്നതു സൌജന്യഭക്ഷണശാലകൾ

തുറക്കുകയും പൂട്ടുകയും ചെയ്യുന്നതിനിടയിലുള്ള സമയമാണ്. തങ്ങളുടെ വയർ പൂൎണ്ണമായി ഒഴിയുന്നതിനും കുറേശ്ശ നിറയുന്നതിനുമിടയിലുള്ള ഘട്ടമാണ്—അതിലപ്പുറമൊന്നുമില്ല. അവരുടെ ഭാവിയും ഭൂതവുമെല്ലാം വൎത്തമാനത്തിൻെറ കൊട്ടതായ തിട്ടക്കത്തിലേയ്ക്കുള്ള ദൂരദൎശിനിക്കുഴലുകൾ മാത്രമാണ്. അവർ രാത്രിയെ വെറുത്തു. കാരണം, അതവരുടെ കഷ്ടസ്ഥിതിയെ ലോകത്തിൻെറ ദൃഷ്ടികളിൽനിന്നു മറയ്ക്കുന്നു.

അന്നു രാധ രണ്ടു കുട്ടികളോടുംകൂടി തൻെറ ഷെഡ്ഡിലേയ്ക്കു മടങ്ങുമ്പോൾ പതിവിലധികം വൈകിയിരുന്നു. അവളുടെ കുഞ്ഞു് ഉറങ്ങിക്കഴിഞ്ഞു. പക്ഷേ, ഗൌരൻ അവളുടെ ഒരുവശത്തുകൂടി ക്ഷീണമുണ്ടെങ്കിലും ധൈൎയ്യത്തോടെ നടക്കുകയാണ്. അന്നു് അവൾ നഗരത്തിലേയ്ക്കു പതിവിൽ കുറച്ചധികം ദൂരം സഞ്ചരിച്ചു. രാത്രിയിലെ വിശ്രമസ്ഥലത്തു തിരിച്ചെത്തുവാനുള്ള ഉൽക്കണ്ഠയോടെ അങ്ങനെ പോകുമ്പോൾ അവളുടെ പിന്നിൽ ഒരു കാലൊച്ച കേട്ടു. കണക്കില്ലാതെ ഭയപ്പെട്ടു് അവൾ ഗൌരനെ വലിച്ചിഴച്ചുകൊണ്ടു വേഗം നടന്നു. അവളുടെ ചോടുകൾ അധികമധികം വേഗത്തിലായി. തടിച്ചുകൂടുന്ന ഇരുട്ടിൽനിന്നു് ഒരു ശബ്ദം: "എന്താണിത്ര തിടുക്കം? ഇന്നു രാത്രി വല്ല തിരക്കുമുണ്ടോ?" രാധ മറുപടി പറഞ്ഞില്ല. അവളുടെ ഹൃദയം ഭയങ്കരമായി തുടിച്ചു. ആ ശബ്ദം വീണ്ടും: "രണ്ടു കുട്ടികൾ—ഭക്ഷണവുമില്ല. എന്തിനാണവരെ ഇങ്ങനെ ബലി കഴിക്കുന്നതു്? സൂക്ഷിച്ചില്ലെങ്കിൽ അധികം താമസിയാതെ അവരും നിങ്ങൾക്കു നഷ്ടപ്പെടും. എൻെറ കൂട്ടത്തിൽ പോരു. വിശ്രമം, ഭക്ഷണം, പണം എല്ലാം തരാം."

രാധ ചീറി: "കടന്നുപോ. എനിക്കു നിങ്ങളുമായി യാതൊരിടപാടുമില്ല."

"ബുദ്ധിയില്ലാത്ത പെണ്ണേ!" ആ ശബ്ദം ഒരു ചിരിയോടെ ഒഴിക്കാതെ തുടന്നു: "നീ ഞാൻ പറയുന്നിടത്തു വരുമെന്നെനിക്കറിയാം. പറഞ്ഞു വഴിപ്പെട്ടേത്തേണ്ട ഭാരമേയുള്ളു. നിൻെറ കുട്ടികൾക്കു വേണ്ട രക്ഷയുണ്ടായിരിക്കും. നിനക്ക് ആഭരണങ്ങളും വസ്ത്രങ്ങളും ഭക്ഷണവും വിശ്രമവും എല്ലാം കിട്ടും. വരികയാണ് നല്ലതു്. എന്തിനു മടിക്കുന്നു? ഞാനീ പറഞ്ഞതൊക്കെയും നിരത്തും കൂടിയാൽ ഏതാണ് നല്ലതു്? നീയും നിൻെറ കുട്ടികളും എത്രകാലമിങ്ങനെ കഴിയാമെന്നാണ് വിചാരിക്കുന്നതു്?"

അവൻ പറയുന്നതിനിടയിൽ രാധ സത്വരം രക്ഷാമാർഗ്ഗത്തെപ്പററി ആലോചിക്കുകയായിരുന്നു. അവൾ പകച്ചു ചുററും നോക്കി. ഇപ്പോൾ എത്തിയിരിക്കുന്നതു മാന്യരായ ഇടത്തരക്കാർ താമസിക്കുന്ന ഒരു പ്രദേശത്താണ്. തെരുവു തികച്ചും ശാന്തമാണ്; ഇടയ്ക്കിടെ ഒരു റിക്ഷയോ ഏതാനും യാത്രക്കാരോ കടന്നുപോവുന്നു. ആ മനുഷ്യൻ പറയുന്നതു വാസ്തവമാണെന്നതാണേറെ ഭയങ്കരം—ഈ തെണ്ടിനടന്നുള്ള ജീവിതം എന്നെന്നും നിലനില്ക്കില്ല. എന്നാൽ ജീവിതകാലം മുഴുവൻ അനുസരിച്ചുവന്നിട്ടുള്ള തത്വങ്ങളെ, അവയ്ക്കുവേണ്ടിപ്പോരാടാൻ തന്നിൽ ശക്തി അവശേഷിക്കുന്നിടത്തോളം കാലം, ഉപേക്ഷിക്കാൻ അവൾക്കു നിവൃത്തിയില്ല. യാതൊരു ചിന്തയുംകൂടാതെ അവൾ മുന്നോട്ടു പാഞ്ഞു് ആ വീടുകളിലൊന്നിൻെറ വാതിലിൽ മുട്ടിവിളിച്ചു.

"അവർ തുറക്കില്ല." ആ ശബ്ദം വീണ്ടും അവളുടെ അരികിൽനിന്നു തോന്നി, അവൻെറ ആകൃതി ഇരുട്ടുമൂലം അവ്യക്തമായിരുന്നു—ഇരുട്ടിലെ ഒരു സത്വം. "അവർ വാതിൽ തുറക്കുകയാണെങ്കിൽത്തന്നെ നിന്നെ ആട്ടിപ്പായിക്കും, കാണാം." അവൻെറ സംസാരത്തിനിടയിൽത്തന്നെ വാതിൽ

തുറന്നു. അവൻ ഒരു മരത്തിന്നു പിന്നിൽ ഒളിച്ചു. അകത്തു നിന്നു് ഒരാൾ പുറത്തു തടിച്ചുകൂടുന്ന ഇരുട്ടിലേയ്ക്കു നോക്കി: "ആരാണതു്? എന്തു വേണം?"

"രക്ഷിക്കണം" രാധ പറഞ്ഞു: "എനിക്കും ഈ രണ്ടു കുട്ടികൾക്കും ഇന്നു രാത്രി അഭയം തരണം." എങ്ങോട്ടാണു് പോകുന്നതെന്നോ എന്താണു് ചെയ്യുന്നതെന്നോ രൂപമില്ലാതിരുന്ന അവർക്കു് ആ ദ്രോഹിയുടെ കണ്ണിൽനിന്നു മറയണമെന്ന ഒരൊററ ആഗ്രഹമേയുണ്ടായിരുന്നുള്ളു. ആ മനുഷ്യൻ സംശയഗ്രസ്തനായി കാണപ്പെട്ടു. തൻെറ പിന്നിലെവിടെയോ നിന്നു് ഒരടക്കിയ ചിരിയുടെ ശബ്ദം അവൾ കേട്ടു. അപ്പോൾ വിളക്കും പിടിച്ചു് ഒരു യുവതി വാതില്ക്കൽ വന്നു.

"എന്താണതു്, അച്ഛാ? എന്തു പററി?" രാധ അവളുടെ കൈകൾ കടന്നുപിടിച്ചു: "ദിദി, ഇന്നു രാത്രിക്കു് എനിക്കഭയം തരൂ. ഞാൻ വലിയ ആപത്തിലാണു്. ദയവു വിചാരിക്കു—" ഭാരതി അച്ഛൻെറ മുഖത്തേയ്ക്കു നോക്കി ആവേശത്തോടെ പറഞ്ഞു: "അവർ അകത്തേയ്ക്കു വരട്ടെ. അവർ വലിയ വിഷമത്തിലകപ്പെട്ടിരിക്കയാണെന്നു തോന്നുന്നു." വൃദ്ധൻ ആശങ്കയോടെ പറഞ്ഞു: "കുട്ടി, അവർ വിഷമത്തിലാണു്. പക്ഷേ, ശരി, അവർ വരട്ടെ. ഉറക്കത്തിൽ നമ്മുടെ കഥ കഴിക്കുകയോ, സാമാനങ്ങളുംകൊണ്ടു കടന്നുകളയുകയോ ചെയ്തില്ലെങ്കിൽ ഭാഗ്യം."

ഭാരതി വാദിക്കാൻ നിന്നില്ല. അദ്ദേഹം പറഞ്ഞതു ശരിയാണെന്നു് അവൾക്കറിയാം, പക്ഷേ, ആ സ്ത്രീ ഏതോ ഭയങ്കരമായ അത്യാപത്തിൽ പെട്ടിരിക്കയാണെന്നു് അവൾക്കു തോന്നി. അതുകൊണ്ടവൾ അവളെ അകത്താക്കി വാതിലടച്ചു. പുറത്തു നിന്നിരുന്ന ആ സത്വം, മനുഷ്യഭക്ഷകമായ ഒരു മൃഗത്തിൻെറ വിഷമയമായ ചീററലുകളോടു സദൃശമായി പുലഭ്യം പ

റഞ്ഞുകൊണ്ടു മററിരകളെത്തേടിപ്പോയി. അഭയം കിട്ടിയപ്പോൾ രാധ ക്ഷീണംകൊണ്ടു തളൎന്നുവീണു. അവൾക്കിത്രമാത്രമേ പറയാൻ കഴിഞ്ഞുള്ളു: "വളരെ വളരെ നന്ദി. ഞങ്ങൾ നാളെ രാവിലെ പോയ്ക്കൊള്ളാം." പക്ഷേ, ഭാരതി ചിരിച്ചുകൊണ്ട് അടുത്തുള്ള ആലയിൽ അവൎക്കൊരു മുറി കൊടുത്തു. അനേകം രാത്രികളായിട്ട് അന്നാണ് രാധ സമാധാനത്തോടുകൂടി ഒന്നുറങ്ങിയത്.

അങ്ങനെ രാധയും അവളുടെ കുഞ്ഞും ഗൌരനും അനേകദിവസം അവിടെപ്പാൎത്തു. ഭാരതിയുടെ അമ്മ രാധയെ ഒരു നല്ല വേലക്കാരിയായി സ്വീകരിച്ചു. ഭാരതി ഗൌരനെ തൻെറ പുത്രനായി ദത്തെടുത്തു. അവൻെറ ഗൌരവം അവളെ പലപ്പോഴും പൊട്ടിച്ചിരിപ്പിക്കും. അവൾ അവനെ 'അച്ചിൻ' (അറിയപ്പെടാത്തവൻ) എന്നു വിളിച്ചു. ആരംഭംമുതല്ക്കേ രാധ അവൻെറ ഭാഗം പറഞ്ഞു: "എനിക്കു തരുന്നതിൻെറയെല്ലാം ഒരോഹരി ഞാനവനു കൊടുക്കും. അവനും ഇവിടെ പാൎക്കട്ടെ. അവനുവേണ്ടി കൂടുതലൊന്നും ചിലവു വേണ്ടിവരില്ല." താൻ അവൻെറ വളൎത്തമ്മയാണെന്നും, ഒരു രാത്രി യദൃച്ഛയാ താൻ അവനെ കണ്ടുമുട്ടി സ്വീകരിച്ചതാണെന്നും അവൾ വിവരിച്ചു. അവൻ ആരാണെന്നോ എവിടെനിന്നു വന്നുവെന്നോ അവൾക്കറിഞ്ഞുകൂടാ. 'അച്ചിനു' ധരിക്കുവാൻ ഒരു പുതിയ ഷൎട്ടു കിട്ടി. രാവിലെ ഒരു കോപ്പ പാലും ഉച്ചക്കും രാത്രിയും ചൂടുള്ള ചോറും അവനു ലഭിക്കും. അവൻ ഭാരതിയുടെ പിന്നാലെ ഒരു നായ്ക്കുട്ടിയെപ്പോലെ നടക്കും. പക്ഷേ, രാത്രിയായാൽ അവൻ രാധയുടേയും കുഞ്ഞിൻേറയും അരികിൽ വന്നു ചുരുണ്ടുകൂടും. ആദ്യമൊക്കെ ഉറങ്ങുമ്പോൾ അവൻ രാധയുടെ സാരിത്തുമ്പു മുറുകെപ്പിടിക്കാറുണ്ട്. അവളും വിട്ടുപോയെങ്കിലോ എന്നവനു് അത്ര ഭയമായിരുന്നു. പക്ഷേ ക്രമേണ

അവനു രക്ഷാബോധമുളവായി. എങ്കിലും അവൻെറ ഹൃദയത്തിൽ വിഷാദമുണ്ടായിരുന്നു. അതു് അവൻെറ ഉള്ളിൽ ചുരുണ്ടുകിടക്കും. യാതൊന്നിനും അതിനെ നീക്കാൻ കഴിഞ്ഞില്ല. അവൻ രാധയെ വിശ്വസിച്ചു, അവളെ സ്നേഹിച്ചു. അവളുടെ കുഞ്ഞു് അവനെ ആകർഷിച്ചു. വളരെനേരം അവൻ ക്ഷമയോടെ കുഞ്ഞിനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കും. അവനു ഭാരതിയോടു ഭക്തിയുണ്ടായിരുന്നു. പക്ഷേ, എപ്പോഴും അവൻ അമ്മയെപ്പററിത്തന്നെ വിചാരിച്ചു വ്യസനിക്കും. അതു് അവൻ പുറത്തു പറഞ്ഞില്ല—പറഞ്ഞിട്ടെന്തു പ്രയോജനം? ആക്കും ഒന്നും ചെയ്യാൻ കഴിയില്ലെന്നവനു ബോദ്ധ്യമുണ്ടായിരുന്നു. പക്ഷേ, അവൻ ഒരു ചെറുപൈതലായിരുന്നു. അവൻെറ ലോകം അവൻെറ അമ്മമാത്രമായിരുന്നു. ഒരു പേമാരിക്കിടയിൽ ആരോ തൻെറ തലയ്ക്കു മുകളിൽനിന്നു് ഒരു കുട തട്ടിക്കളഞ്ഞതുപോലെ അവനു തോന്നി. ആ നിസ്സഹായതയാണവനിൽ നിറഞ്ഞിരുന്നതു്. അവൻ ആക്കെങ്കിലും അവകാശപ്പെട്ടവനാണെന്ന ബോധമല്ലാ. ആ മാതൃഹസ്തങ്ങളുടെ രക്ഷാവലയങ്ങൾക്കുവേണ്ടി കൊതിക്കാതിരിക്കാൻ അവനു കഴിഞ്ഞില്ല. പലപ്പോഴും അവൻ ആകാശത്തേയ്ക്കു നോക്കും. നക്ഷത്രങ്ങൾ കണ്ണു ചിമ്മിക്കൊണ്ടു് അടുത്തടുത്തുവരുന്നുവെന്നും, അവ സ്നേഹമസൃണങ്ങളും അവൻെറ ആഗ്രഹങ്ങളറിയുന്നവയുമായ അമ്മയുടെ കണ്ണുകളാണെന്നും അവനു തോന്നും. എന്നാൽ ഈ ബോധം അവനുദിക്കുന്നതോടെ, അവ വീണ്ടും ഉയന്നുയന്നു് ആ വിദൂരതയിൽ ചെന്നുനിന്നു് അവൻെറ നേരെ നിശ്ചലമായി നോക്കും.

ഒരു ദിവസം രാവിലെ പെട്ടെന്നൊരു ബഹളമുണ്ടായി. ഭാരതി അവനെ വിളിച്ചുപറഞ്ഞു: "ഇതാ നിൻെറ അമ്മ വന്നിരിക്കുന്നു." രാധ പാത്രങ്ങൾ കഴുകിക്കൊണ്ടിരിക്കയായിരു

നു. പെട്ടെന്നവളുടെ ഹൃദയം നിശ്ചലമായി. അവൻ തനിക്കു നഷ്ടപ്പെട്ടുമെന്ന ഒരു ഭീതി അവളുടെ മനസ്സിലുദിച്ചു. ചിരിയും കരച്ചിലും സമ്മേളിച്ചുകൊണ്ട് ഒററശ്വാസത്തിൽ അവൻ ഓടി കല്പടു കേറിച്ചെന്നു പെട്ടെന്നു നിന്നു. അതവൻെറ അമ്മയല്ലായിരുന്നു. അവനു ദ്വേഷ്യം തോന്നി. താനമ്മയെ ഒരിക്കലും കണ്ടെത്തുകയില്ലെന്നവൻെറ ഹൃദയത്തിൽ തോന്നിയിരുന്നു. ആ സ്ത്രീ അവനെ ഒരു കൈപ്പാടിട അകലെപ്പിടിച്ചു ചോദിച്ചു: "നീ എൻെറ കുട്ടിയാണ് അല്ലേ?" അവൾ തുടന്നു പുലമ്പി: "അല്ല, നീ എൻെറ മകനല്ല. നിൻെറ പേർ ഗണേഷ് എന്നാണോ? ഗൌരൻ നിഷേധാത്ഥത്തിൽ തലയാട്ടി തൻെറ സ്വന്തം പേർ പറഞ്ഞു.

"സാരമില്ല, എൻെറ ഓമ്മക്കേടായിരിക്കാം. അവനു നിൻെറ ഛായയുണ്ട്. നീ അവനെപ്പോലെതന്നെയിരിക്കുന്നു. ഭക്ഷണം വാങ്ങിക്കൊണ്ടുവരാൻ ഞാൻ അവനെ വിട്ടുപോയതാണ്. വന്നു നോക്കിയപ്പോൾ അവനെവിടെയോ പോയി." പെട്ടെന്നു ഗൌരനു പേടിയായി. ഈ പപ്പത്തലമുടിയോടുകൂടിയ ഭ്രാന്തിസ്ത്രീ അവൻെറ അമ്മയാണെന്നും പറഞ്ഞ് അവനെ പിടിച്ചുകൊണ്ടുപോയാലോ എന്നായിരുന്നു അവൻെറ ഭയം. അവൻ ഉറക്കെ കരഞ്ഞുകൊണ്ട് ഓടി രാധയുടെ സമീപംചെന്നഭയംപ്രാപിച്ചു: "അവർ എൻെറ അമ്മയല്ല, അവർ എൻെറ അമ്മയല്ല!" അവൻ നിലവിളിച്ചു. "ഞാൻ അവരുടെകൂടെ പോവില്ല. എനിക്കു നിങ്ങളുടെകൂടെ പാത്താൽ മതി."

"ഇശ്, ഇശ്" രാധ അവനെ സമാധാനിപ്പിച്ചു: "ആരും നിന്നെ പിടിച്ചുകൊണ്ടു പോവില്ല. നീ എൻെറകൂടെ പാത്തുകൊൾക."

ആ സ്ത്രീ അവൻെറ പിന്നാലെ വന്നു വിഷാദത്തോടെ അവനെ സൂക്ഷിച്ചുനോക്കുകയായിരുന്നു. "ഒരുപക്ഷേ, അവനെൻെറ മകനല്ലെന്നു വരാം. എനിക്കു വിവരമില്ല. ചില പ്പോൾ ഒന്നും തിരിച്ചറിയാൻ കഴിയാതാവുന്നു. അവൻ ഇപ്പോൾത്തന്നെ എൻെറ അടുത്തു നില്ക്കുന്നുണ്ടായിരുന്നു, എന്നിട്ട് ഓടിക്കളഞ്ഞു." അവൾ തന്നോടായിത്തന്നെ പറഞ്ഞു: "ഞാനൊരിക്കലും അവനെ കണ്ടെത്തുകയില്ല; ഒരിക്കലുമില്ല!" അവൾ അവിടെനിന്നു പോയി.

ഈ സംഭവം ഗൌരനെ വല്ലാതെ ഇളക്കി. തൻെറ അമ്മയെ ഒരിക്കലും കണ്ടെത്തുകയില്ലെന്ന വിചാരം അവനിൽ കൂടുതൽ ദൃഢമൂലമായി. മററു സ്ത്രീകൾ വന്ന് അവനെ അവകാശപ്പെടാതിരുന്നാൽ മതിയെന്നവനാശിച്ചു—ഏതായാലും രാധ അവനെ ഉപേക്ഷിക്കയില്ലെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ. ഈ വിചാരത്തോടുകൂടി അവൻ സാധാരണജീവിതത്തിൻെറ ശാന്തിയിലേക്കു മടങ്ങി. രാധയ്ക്കും അല്പമാശ്വാസം തോന്നിയില്ലെന്നാകു പറയാം?

അങ്ങനെ ഒരു പ്രഭാതത്തിൽ ഗൌരൻ, പാൽക്കാരൻ പശുവിനെക്കറക്കുന്നതും നോക്കിനില്ക്കുകയായിരുന്നു; ഭാരതി കുളി കഴിഞ്ഞു വന്നു കോളേജിൽ പോവാനൊരുങ്ങുകയാണ്. ഉടനെ അവൾ പടിവാതുക്കൽ ഒരു ബഹളം കേട്ടു. കല്ക്കത്തയിൽ ആളുകൾക്കു ക്ഷോഭത്തിന്നു സാധാരണ എന്തെങ്കിലുമൊന്നുണ്ടായാൽ മതിയെന്നുള്ള അഭിപ്രായപ്രകടനത്തോടുകൂടി അവൾ ബാൽക്കണിയിൽ ചെന്നു പുറത്തേക്കെത്തിനോക്കി. ആളുകൾ അവരുടെ വീടു ചൂണ്ടിക്കാട്ടുന്നതവൾ കണ്ടു. ആരാണധികം ശ്രദ്ധയെ ആകർഷിച്ചിരുന്നതെന്നു വ്യക്തമായിരുന്നില്ല. ഭാരതി ആലോചിച്ചുകൊണ്ടു ചുവട്ടിലേക്കിറങ്ങിവന്നു മുൻവശത്തുള്ള വാതില്ക്കലെത്തിയപ്പോൾ ഒരു മെലിഞ്ഞ

സ്ത്രീയും ഒരു വൃദ്ധനും സംസാരിക്കാൻ കാത്തുനില്ക്കുന്നതായി കണ്ടു.

"സഹോദരി," ആ സ്ത്രീ പറഞ്ഞു: "ഇവിടെ ഒരു കുട്ടിയെ പാർപ്പിക്കുന്നുണ്ടോ?"

"അച്ഛിനു മറെറാരവകാശി," ഭാരതി തന്നോടുതന്നെ പറഞ്ഞു. പിന്നെ അവൾ അവരോടായി ഇങ്ങനെ പറഞ്ഞു: "ഉണ്ട്. ഇവിടെ ഒരു കുട്ടിയുണ്ട്. നിങ്ങൾക്കവനെക്കാണണോ?"

പാൽക്കാരൻ പശുവിനെക്കറന്നുകഴിഞ്ഞു. വെളുത്തു പതഞ്ഞുകൊണ്ടിരുന്ന പാൽ അവൻെറ ദൃഷ്ടികളെ വശീകരിച്ചു. ഭാരതി ചുവട്ടിൽ വന്നാലുടൻ തൻെറ ചെറിയ ഗ്ലാസ്സു നിറച്ചു പാൽ കിട്ടുമെന്നവനറിയാം. അതാ, അവൾ വന്ന് അവനെ വിളിക്കുന്നു. അവൻ ഒരു മാത്ര നോക്കിനിന്നു; ഉത്തരക്ഷണത്തിൽ, "അമ്മേ, അമ്മേ! മുത്തച്ഛാ!" എന്നു വിളിച്ചു കരഞ്ഞുകൊണ്ട് അമ്മ നീട്ടിയിരുന്ന കൈകളിൽ ചെന്നു പററി. ആ വിളി കേട്ടു രാധയും അടുക്കളയിൽനിന്നവിടെ എത്തി. സുഭദ്ര കുട്ടിയെ ഒരവസാനാശ്ലേഷത്തിൽ പൊതിയുന്നതു രാധ കണ്ടു. വൃദ്ധൻ വിറച്ചുകൊണ്ടു പിറുപിറുക്കുകയാണ്. "എല്ലാം ദൈവകൃപയാണ്! അദ്ദേഹത്തിൻെറ ഇച്ഛയാണിതെല്ലാം!"

അമ്മയും മകനും അന്യോന്യം ആശ്ലേഷിച്ചുകൊണ്ടുനിന്നു. അവരുടെ നേത്രങ്ങളിൽനിന്നു കണ്ണീർ ധാരയായൊഴുകി മേളിച്ചു. ഭാരതിയും രാധയും വിസ്മൃതകോടിയിലായി. അവർ അന്യോന്യം കണ്ടെത്തിയെന്നതൊഴികെ മററു യാതൊന്നും അപ്പോൾ അവരിലേശിയില്ല. തൻെറ കുട്ടിയെ ആ നഗരത്തിൽ മുഴുവനന്വേഷിച്ചുകൊണ്ടു പല മാസങ്ങളായി സുഭദ്ര ക്ഷീണിച്ചലയുന്നു. അവസാനം കാളിഘട്ടത്തിലേക്കു പോവാൻ അവൾ വൃദ്ധനെ പറഞ്ഞു സമ്മതിപ്പിച്ചു. അവിടെച്ചെന്ന് അ

വൾ ദേവിയുടെ മുമ്പിൽ വീണു വണങ്ങി, തൻെറ കുട്ടിയെ കണ്ടെത്തിയാൽ എന്നെന്നും ദേവിയെ പൂജിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്തു. ക്ഷേത്രനടയ്ക്കൽ, അവളെപ്പോലെതന്നെ മകനെ തിരഞ്ഞുനടക്കുന്ന മറെറാരഗതിയെ അവൾ കണ്ടുമുട്ടി. അവൾക്കല്പം ഭ്രാന്തായിരുന്നു. അവൾ പറഞ്ഞു: "അവൻ എൻെറ മകനല്ലെന്നു പറഞ്ഞു." സുഭദ്ര അതു കേട്ടു വളരെയധികം ചോദ്യോത്തരങ്ങൾക്കുശേഷം ഈ വീട്ടിലേയ്ക്കുള്ള വഴി മനസ്സിലാക്കി. ഇപ്പോൾ അവനെ കണ്ടു കിട്ടി!

"എൻെറ മകനേ, ഓമനമകനേ," എന്നു മാത്രമേ അവൾക്കുച്ചരിക്കാൻ കഴിഞ്ഞുള്ളു. അവളുടെ കുഴിഞ്ഞ കവിളിൽക്കൂടി കണ്ണീർ കുടുകുടെ ഒഴുകി. ഗൌരൻ തൻെറ ചുളി പുരണ്ട വിരലുകളാൽ അവളെ തടവി.—അതു യഥാർത്ഥത്തിൽ അവൻെറ അമ്മയാണ്. ഈ മഹത്തായ യാഥാർത്ഥ്യം അവനിൽ വന്നലച്ചു. അവളുടെ കണ്ണീരുറവെടുക്കുന്ന നേത്രങ്ങൾ നക്ഷത്രങ്ങളെപ്പോലെ മിന്നിത്തിളങ്ങി. നക്ഷത്രങ്ങൾ! നക്ഷത്രങ്ങൾ! അവസാനം അവ വാസ്തവത്തിൽ അവൻെറ കൈപ്പിടിയിലേയ്ക്കു് ഇറങ്ങിവന്നിരിക്കുന്നു.

## ഭക്ഷണക്യൂ

നിരത്തിന്മേൽ വലിയൊരിളക്കം. പ്രഭാതപ്രകാശം പരക്കുന്നതേയുള്ളു. ആ ജനക്കൂട്ടം മററേതോ ലോകത്തിൽനിന്നു വന്ന ഒരു പ്രേതസമൂഹംപോലെ പ്രത്യക്ഷപ്പെട്ടു. ഒരാൾ മററാരേയോ ചവിട്ടി; ഒരു കുട്ടി ഉറക്കെക്കരഞ്ഞു. അതു് ഉറക്കമുണരുവാനുള്ള പൊതുകാഹളമായിരുന്നു. അതാ അവർ മരച്ചുവടുകളിൽ അന്യോന്യം പഴിക്കുകയും കലമ്പൽകൂട്ടുകയും ചെയ്തുകൊണ്ടു തങ്ങളുടെ കീറത്തുണികളെല്ലാം ഭാണ്ഡം കെട്ടുന്നു. അവർ രാപ്പകൽ കഴിച്ചുകൂട്ടുന്നതു പലതരം വൃത്തികേടുകളിലാണു്. അവയുടെ ദുർഗ്ഗന്ധംകൊണ്ടു് അന്തരിക്ഷം മലിനമായിരിക്കുന്നു; ആ പ്രഭാതത്തിൻെറ പുതുമ കളങ്കപ്പെട്ടിരിക്കുന്നു.

ശ്യാമ തൻെറ ശ്വശ്രുവിനെ വിളിച്ചുണർത്തി; രണ്ടുവയസ്സുചെന്ന ബാട്ടുവിൻെറ കരച്ചിൽ മാററാൻ ശ്രമിച്ചു. അവർ ഇന്നലെ വൈകിവന്നതുകൊണ്ടു ക്യൂവിൻെറ വളരെ പിറകിലായിപ്പോയി. പൊടി പൊങ്ങിയ റോഡിൽക്കൂടി വളരെ ദൂരം നടന്നെത്തിയപ്പോൾ അവക്കു വല്ലാത്ത നിരാശയാണുണ്ടായതു്. അതെന്തൊരു യാത്രയായിരുന്നു! നഗരത്തിൽ അരി കിട്ടുമെന്നു് ആളുകൾ പറഞ്ഞു. അതുകൊണ്ടു നഗരത്തിലേയ്ക്കവർ തിടുക്കം പൂണ്ടു പുറപ്പെട്ടു. അനേകദിവസത്തെ പട്ടിണിമൂലം വയസ്സായവക്കു വേഗം നടക്കാൻതന്നെ ആവുന്നില്ല. പോരെങ്കിൽ കുട്ടികളുള്ളതുകൊണ്ടു കുറേക്കൂടി പിന്നിലായി. നഗരം ഒരു അലിവുള്ള അമ്മയെപ്പോലെ അവരെ സ്വീകരിക്കുമെന്നു്, ആ മാതൃഹൃദയത്തിൻെറ അടിത്തട്ടിൽ ധാരാളം അനുഗ്രഹങ്ങളുണ്ടായിരിക്കുമെന്നു ശ്യാമ വിചാരിച്ചു. അതുകൊണ്ടു വൾ വൃദ്ധയായ ശ്വശ്രുവിൻെറ കയ്യും പിടിച്ചു ബാട്ടുവിനെ

എടുത്തുകൊണ്ടു വേഗം നടക്കാൻ തുടങ്ങി. പക്ഷേ, അവരെത്തിയപ്പോൾ വളരെ വൈകിപ്പോയി. അണിയുടെ പകുതി വന്നപ്പോഴേയ്ക്കും അരി തീൎന്നു. അവളുടെ ശ്വശ്രൂ തളൎന്നു നെററിയിലടിച്ചു കരഞ്ഞു, അവളുടെ ഭൎത്താവു വിഷാദത്താൽ മുഖംവീൎത്തു താഴെയിരുന്നു. സുവൎണ്ണനഗരിയെത്തേടിവന്നതു പിശാചരാജ്ഞിയുടെ കീഴിലേയ്ക്കാണോ എന്നുപോലും ശ്യാമ വിസ്മയിച്ചു. ചുററും കാണുന്നതെല്ലാം വൃത്തികേടാണ്—ആളുകൾ അന്യോന്യം പഴിക്കുന്നു, എച്ചിൽക്കഷണങ്ങൾക്കുവേണ്ടി നായ്ക്കളുമായി മല്ലിടുന്നു, സ്ത്രീകളുടെ കണ്ണിൽ മൃഗീയവും ധൃഷ്ടതനിറഞ്ഞതുമായ നോട്ടം, കുട്ടികൾ ധാരമുറിയാതെ കരയുന്നു.

തലേന്നു രാത്രി ആ ചെറുകുടുംബം, ചുററും കാണുന്ന മററനേകം കുടുംബങ്ങളെപ്പോലെതന്നെ അടുത്ത ദിവസത്തെ വിതരണവും പ്രതീക്ഷിച്ചു നിരത്തിലിരുന്നു കഴിച്ചുകൂട്ടി. ഒരു കാലത്തു സ്ഥിരവൃത്തിക്കാരായിരുന്ന ഈ ജനങ്ങളെല്ലാം ഇങ്ങനെ തെണ്ടികളുടെ ജീവിതവുമായി പരിചയിച്ചതെങ്ങനെയെന്നു ശ്യാമ അത്ഭുതപ്പെട്ടു. നിരത്തിലിരുന്നു പരസ്പരം തലയിലെ പേൻ നുള്ളിയെടുക്കുന്നതിലും കുട്ടികൾ കാനയിലിറങ്ങിനിന്നു കളിച്ചു പരിസരമെല്ലാം വൃത്തികേടാക്കുന്നതിലും അവൎക്കു യാതൊരു ലജ്ജയുമില്ല. അവർ ക്യൂവിൽ അവരവർ ഇരുന്നിടത്തുനിന്നിളകിയില്ല. വല്ലതും കിട്ടിയവർ, അതു പാകം ചെയ്തു്, മററുള്ളവരുടെ വിശന്ന കണ്ണുകൾക്കു മുമ്പിൽവെച്ചു നില്ലജ്ജം ഭക്ഷിച്ചു. ഒരു സ്ത്രീ പുല്ലും ചെള്ളിമീനുംകൂടി വെച്ചു കുട്ടികളോടുകൂടിയിരുന്നു് അത്യാൎത്തിയോടെ ഭക്ഷിക്കുന്നു. തന്റെ സ്ഥിതിയും ഏറെത്താമസിയാതെ ആ നിലയിലായേയ്ക്കുമോ എന്നോൎത്തു ശ്യാമ നടുക്കംകൊണ്ടു. വയററിനുള്ളിൽ തീയെരിയുന്നതുകൊണ്ടുള്ള തളൎച്ചയോടുകൂടി അവൾ താഴെ കിടന്നു.

പ്രഭാതമായി. നാനാവൎണ്ണാഞ്ചിതമായ സൂൎയ്യപ്രകാശം ചുററുപാടുമുള്ള വൃത്തികേടുകളെ തുറന്നുകാട്ടി. വീണ്ടും ആ പരക്കംപാച്ചിൽ ആരംഭിച്ചു. ശ്യാമ ശ്വശ്രൂവിനെ വലിച്ചിഴച്ചുകൊണ്ടോട്ടംതുടങ്ങി. അവളുടെ ഭൎത്താവു പുരുഷന്മാരുടെ ക്യൂവിൽ എത്തിക്കഴിഞ്ഞിരുന്നു. അയാളെ ഒന്നു നോക്കുവാൻ വേണ്ടി അവൾ അല്പം നിന്നു—എത്ര മെലിഞ്ഞിരിക്കുന്നു, ക്ഷൌരം ചെയ്തിട്ടു വളരെ നാളായി, ദാരിദ്ര്യംകൊണ്ടു കൂൎത്ത നോട്ടങ്ങൾ—അതു തന്റെ ഭൎത്താവോ അയാളുടെ പ്രേതമോ എന്നവൾ സംശയിച്ചു. അതുപോലുള്ള മാററം അവൾക്കു സംഭവിച്ചിട്ടുണ്ടായിരിക്കുമോ? എല്ലാംതന്നെ മാറിക്കഴിഞ്ഞു, അവൾ വിഷാദപൂൎവ്വം വിചാരിച്ചു—അതിൽ അവരെപ്പോലുള്ള രണ്ടു നിസ്സാരഘടകങ്ങളെപ്പററി എന്തിനു വിഷാദിക്കുന്നു? അവൾ പുതുതായി വന്നവളാണെന്നു വിചാരിച്ച് ആളുകൾ അവളെ തള്ളിനീക്കാൻ ശ്രമിച്ചു. പക്ഷേ, ശ്യാമ കൈമുട്ടുകൾ ഉപയോഗിച്ച്, തനിക്കും ഭൎത്തൃമാതാവിന്നും അവിടെ ഒരു സ്ഥാനം നേടി. നില്ക്കുവാൻതന്നെ ശക്തിയില്ലാത്ത ആ വൃദ്ധ കൈ പുത്രിയുടെ ദൃഢമായ അരക്കെട്ടിൽ ചുററിപ്പിടിച്ചു.

ഒരു മനുഷ്യസമുദ്രത്തിന്റെ നടുവിലുള്ള ഏകാന്തമായ ചെറിയൊരു ദ്വീപുപോലെ കുസുമ നിരത്തിലിരിക്കുന്നു. അവളുടെ കയ്യിൽ തന്റെ കുട്ടിയുണ്ട്. അവൾ അതിനെ മുറുകെ പ്പുണൎന്നു. പക്ഷേ, അതനങ്ങുന്നില്ല. “അവൻ മരിച്ചിരിക്കുന്നു!” ആ വഴി കടന്നുപോയ ഒരാൾ അവളോടു പറഞ്ഞു. പക്ഷേ, അവൾക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല—എങ്ങനെ കഴിയും? ഇന്നലെ രാത്രികൂടിയും അവൻ ആ പനിപൂണ്ട പിഞ്ചുകൈകളാൽ അവളെ വലയം ചെയ്തിരുന്നു. അപ്പോൾ ആരോ അവളുടെ ചെവിയിൽ ഭയങ്കരമായി ഇങ്ങനെ മന്ത്രിക്കുന്നതു കേട്ടു: “അവൻ മരിക്കുന്നതു വേണ്ടത്ര ഭക്ഷണമില്ലാഞ്ഞി

ട്ടാണ്. എന്റെ കൂടെ വരു. വേണ്ടതെല്ലാം തരാം.'' ആദ്യം അവൾ വെറുത്തുനിന്നു. പക്ഷേ, കുട്ടിയുടെ കരച്ചിൽ കേട്ട് അവൾക്കു വിറളി പിടിച്ചു. അല്പദിവസംമുമ്പ്, അവൻ എത്ര നല്ല ഒരു കുഞ്ഞായിരുന്നു, എന്തൊരു ചിരിയും കളിയും കള്ളത്തരങ്ങളും! പക്ഷേ, ഇപ്പോൾ അവനതാ അനങ്ങാതെ കിടക്കുന്നു. മരിച്ചിട്ടില്ലെന്നു കാണിക്കാൻവേണ്ടി ഇടയ്ക്കൊരു കരച്ചിൽ മാത്രം. അവൻ തനിക്കു നഷ്ടപ്പെടുകയില്ലെന്നൊരു തോന്നൽ എങ്ങനെയോ അവൾക്കുണ്ടായി, ബാക്കിയുള്ളവരെല്ലാം വഴിയരികിൽ വീണു മരിച്ചു. അവൻ മാത്രമേ ശേഷിച്ചിട്ടുള്ളൂ. എന്തുചെയ്തും അവനെ രക്ഷിക്കണമെന്നവളുറച്ചു. അവൾക്കു സർവ്വവും വാഗ്ദാനംചെയ്ത ആ മനുഷ്യനെവിടെ—അയാൾ അവളുടെ അരികിൽത്തന്നെയുണ്ടായിരുന്നു. അവൾ അയാളെപ്പിന്തുടന്നു.

നിരുത്സാഹയായി, ഹൃദയവും തലച്ചോറും നീറുന്ന ഒരസാധാരണവേദനയോടുകൂടി, തന്റെ വൃത്തികെട്ടുണങ്ങിയ ശരീരത്തിൽ എങ്ങനെ ഒരുവനു് ആസക്തിതോന്നുമെന്നവൾ അത്ഭുതപ്പെട്ടു. 'വിശപ്പ്' അവളിലുണ്ടായിരുന്ന സ്ത്രീത്വം മുഴുവൻ ചോത്തു കളഞ്ഞു. അവളുടെ ശരീരത്തെ തങ്ങളുടെ ഭോഗതൃഷ്ണയ്ക്കിരയാക്കിയവർ അവരിൽ അനേകമുണ്ട്. പിശാചുക്കളെപ്പോലെ തങ്ങളുടെ തൃഷ്ണ ശമിപ്പിക്കുവാൻ അവർ ചുററും നോക്കിനില്ക്കുമ്പോൾ, അവർ കൊടുത്ത ഭക്ഷണം അവൾ അത്യാത്തിയോടുകൂടി ഭുജിക്കും. അവരുടെ വദനങ്ങൾ ആ ഉന്മാദത്തിൽ ലയിച്ചിരിക്കുന്ന ഭയങ്കരനിമിഷങ്ങളിൽ, എഴുന്നേററു് അവരുടെ കണ്ണുകളിൽ നഖങ്ങളിറുക്കിക്കൊല്ലാൻ അവൾ ആഗ്രഹിക്കും. പക്ഷേ തന്റെ കുട്ടിയെ രക്ഷിക്കണമെന്ന ചിന്ത അവളെ അതിൽനിന്നു വിരമിപ്പിച്ചു. അതുകൊണ്ടവൾ, ബഹിഷ്കൃതപദാത്ഥത്തെപ്പോലെ, തന്നെ ഉപയോഗിച്ചുകൊ

ളൂവാനനുവദിച്ചു. അവൾക്കൊരാത്മാവുണ്ടായിരുന്നെങ്കിൽ, അതു ലജ്ജയാലും അപമാനത്താലും കരഞ്ഞു. പക്ഷേ, അവളുടെ ശരീരം നിശ്ചലവും നിർജ്ജീവവുമായിരുന്നു. തന്റെ കുഞ്ഞിനുവേണ്ട ഭക്ഷണവും മരുന്നും വാങ്ങാനുള്ള പണത്തെപ്പററി മാത്രമായിരുന്നു അവളുടെ ചിന്ത. അവൻ വളന്നു പ്രായമാകുമ്പോൾ ഈ നികൃഷ്ടവൃത്തിക്ക് അവൾക്കു മാപ്പുകൊടുക്കുമോ? ഇതോടുകൂടി മററൊരു ചിന്ത—അവൻ വളന്നു പുരുഷത്വം പ്രാപിക്കുന്നതുവരെ ജീവിക്കുമോ? അവന്റെ മുഖത്തേയ്ക്കു നോക്കിയപ്പോൾ, അതൊരിക്കലുമുണ്ടാവില്ലെന്ന്, വ്യസനത്തോടും വെറുപ്പോടുംകൂടി അവൾക്കു സമ്മതിക്കേണ്ടിവന്നു.

അവർ തന്റെനേരെ വലിച്ചെറിഞ്ഞ ആ രണ്ടുരൂപ്പിക അവൾ ദുരയോടെ തുറിച്ചുനോക്കി—അതവളുടേതാണ്; അവൾ തന്റെ ആത്മാവിനെ വലിച്ചു ചീന്തി വിററു കിട്ടിയ ആ പണം അവളുടേതാണ്. നേരം പുലന്നാൽ, കുഞ്ഞിനു വേണ്ടതെല്ലാം അവൾക്കതുകൊണ്ടു വാങ്ങാം. അങ്ങനെ അവൾ ഇഴഞ്ഞു നിരത്തിലേയ്ക്കു തിരിച്ചുവരുമ്പോൾ ആ പണം വിറയ്ക്കുന്ന കൈകളിൽ പിടിച്ചിരുന്നു. അവൾക്കു തല ചുററി, വല്ലാത്ത ക്ഷീണവും വേദനയും തോന്നി, പക്ഷേ, അവൾ തപ്പിത്തടഞ്ഞു തന്റെ കീറമാറാപ്പുകൾ സൂക്ഷിച്ചിരുന്ന മരച്ചുവട്ടിലെത്തിയപ്പോൾ കുഞ്ഞിനു അപകടമൊന്നും പററിയിട്ടില്ലെന്നുകണ്ടു. അവൾ കിടന്നിടത്തുനിന്ന് ഒരു പ്രേതത്തേപ്പോലെ എഴുന്നേററുപോകുന്നതും അവിടെത്തന്നെ മടങ്ങിവന്നു ക്ഷീണിച്ചു വിഴുന്നതും ആരും കണ്ടിരുന്നില്ല. പക്ഷേ, നേരം പുലന്നപ്പോൾ ആ ഭയങ്കരമായ യാഥാത്ഥ്യം അവളുടെ മുമ്പിലുണ്ടു്—അവൾ തന്റെ മരിച്ച കുഞ്ഞിന്റെ അരികത്താണ് ശയിക്കുന്നതു്. അവൾക്കതു വിശ്വാസ്യമായിത്തോന്നിയില്ല.

അപ്പോഴും തന്റെ ശരീരത്തിന്റെ ഊഷ്മാവ് അവനിലേക്കു പകരുവാൻ അവൾ പാടുപെടുകയാണ്.

ആരോ അവളോടു വിളിച്ചുപറഞ്ഞു: "അല്ലാ, കുസുമേ, നീ ക്യൂവിൽ പോകുന്നില്ലേ?"

അവൾ നിഷേധാത്മത്തിൽ തലയാട്ടി. പോയിട്ടെന്തു പ്രയോജനം? അവരെല്ലാം ജീവിക്കാനാഗ്രഹിക്കുന്നു. പക്ഷേ, അവൾ തലേന്നു രാത്രിതന്നെ മരിച്ചുകഴിഞ്ഞു, അവളിൽനിന്നു സ്ത്രീത്വത്തിന്റെ അവസാനകണികയും ചോർത്തെടുത്ത ആ രാത്രിയിൽ അവൾ മരിച്ചുകഴിഞ്ഞു. ഇനി എന്നെന്നും അവൾ ഈ ലജ്ജാഭാരവും പേറി ജീവിച്ചിരിക്കണമെന്ന് ആരെങ്കിലും ആശിക്കുമോ? ഒരുകാലത്തു മാനമുള്ള ഒരു കൃഷിക്കാരന്റെ ഓമനയായിരുന്നു അവൾ—ഇന്നവളുടെ സ്ഥിതിയോ? എന്തെല്ലാം പ്രതീക്ഷകളോടുകൂടിയാണ് അവളുടെ അച്ഛനമ്മമാർ അവൾക്കു കുസുമ എന്നു പേരിട്ടത്; അവൾ കക്കൂസിൽ വീണു കിടക്കുന്ന വാടിക്കരിഞ്ഞ ഒരു പുഷ്പമായിക്കഴിഞ്ഞിരിക്കുന്നു. അവളിലുണ്ടായിരുന്ന സർവ്വവും ക്രമേണ ക്രമേണയായി കിഴിക്കപ്പെട്ടു. ഒടുവിൽ അവളതാ തന്റെ അഗതിത്വത്തിന്റെ നഗ്നതയിൽനിന്നു വിറക്കൊള്ളുന്നു. ശാരീരികമായും ധാർമ്മികമായും അവർ അവളെ കൊള്ളയടിച്ചു. വളരെ കഷ്ടതസഹിച്ചു നേടിയ ആ പണം, അവളുടെ കയ്യിൽനിന്ന് താഴെവീണു. അതു നോക്കിനിന്നിരുന്നവർക്കിടയിൽനിന്നു ഒരു കൈ ദുരയോടുകൂടി ഒരു നോട്ടിന്മേൽ പതിച്ചു. കുസുമ അതു കണ്ടു്, ആ അസ്ഥിശേഷമായ കയ്യിന്മേൽ കണക്കിലൊന്നു കൊടുത്തു. അയാൾ അവളെ എന്തോ തെറിപറഞ്ഞുകൊണ്ടു്, നിരാശതയോടെ പിൻവാങ്ങി.

തന്റെ കയ്യിലുള്ള ആ വെറുങ്ങലിച്ച ചെറുശരീരത്തെ എങ്ങനെയെങ്കിലും മറചെയ്യണമെന്നു കുസുമക്കുതോന്നി.

ഞെട്ടിത്തെറിപ്പിക്കുന്ന അനുഭവങ്ങൾകൊണ്ടുണ്ടായ മരവിപ്പും താൻ ചെയ്തതിന്റെയെല്ലാം നിഷ്പ്രയോജനതയും നിമിത്തം, അവൾക്കപ്പോഴും പൂൎണ്ണമായ സമചിത്തത വന്നുകഴിഞ്ഞിരുന്നില്ല. അതുകൊണ്ട്, കുഞ്ഞിനെയും കയ്യിലെടുത്ത്, അവൾ ഏഴുന്നേററു് എന്തെങ്കിലും ചെയ്യണമെന്നുള്ള ബോധത്തോടുകൂടി വേച്ചു വേച്ചു നടന്നു. അരിക്കുവേണ്ടിയുള്ള കശപിശയും മല്ലുപിടുത്തവും അങ്ങനെ നടക്കുന്നു. അതൊന്നും അവൾ അറിഞ്ഞതേയില്ല. അവൾ യാതൊരുദ്ദേശവുമില്ലാതെ മുന്നോട്ടുനോക്കി. എന്തിനാണീ ബഹളമെല്ലാം? എന്തിനാണവർ ജീവിക്കാനാഗ്രഹിക്കുന്നതു്? ജീവിതത്തിൽനിന്നവരെല്ലാം എന്താണ് പ്രതീക്ഷിക്കുന്നതു്? പക്ഷേ, അവരൊന്നും അവളെപ്പോലല്ലാ, അവളുടെ ജീവിതം ശൂന്യമായിക്കഴിഞ്ഞു; അവൾ കഴമ്പെല്ലാം ഞെക്കിയെടുത്തുതീന്ന ഒരു പൊള്ളത്തൊണ്ടായിക്കഴിഞ്ഞിരിക്കുന്നു. അവൾ വിരണ്ടു, നിലത്തുകിടന്നു ഞെരങ്ങുകയും പുളയുകയും ചെയ്തിരുന്ന ഒരു ശരീരത്തിന്മേൽ തട്ടി വിഴാൻ ഭാവിച്ചു. കുസുമ ചുററും നോക്കി; മാക്കററിൽനിന്നു കുറച്ചുകലെയായെന്നുകണ്ടു. ശബ്ദകോലാഹലം മങ്ങിക്കേൾക്കാം. തന്റെ വഴിയിൽ വിലങ്ങനെകിടക്കുന്ന ആ സത്വത്തെ, അവൾ ക്ഷണനേരം അലക്ഷ്യമായി നോക്കിനിന്നു. അനന്തരം അവൾ ബോധം വീണ്ടെടുത്തമട്ടിൽ മുന്നോട്ടുനടന്നു.

കയ്യിൽ കീറമാറാപ്പുമായി കുസുമ അങ്ങനെ കടന്നുപോകുന്നതു സുക്കി കണ്ടു. അവൾ ഹൃദയവേദനയോടെ ഉറക്കെ വിളിച്ചു കേണിട്ടും ആക്കും അങ്ങോട്ടു തിരിഞ്ഞുനോക്കാനുള്ള ജിജ്ഞാസപോലുമുണ്ടായില്ല. ആ സങ്കടത്തിന്റെ നടുക്കം കീറിനാറിയ തുണിത്തുണ്ടങ്ങളിൽ അവൾ തന്റെ നഗ്നത മറയ്ക്കാൻ ശ്രമിച്ചു. സമീപത്തുള്ള ഏതോ ഒരു ക്ലോക്കു പന്ത്രണ്ടടിച്ചു; അദ്ധരാത്രി കഴിഞ്ഞു. അപ്പോൾ ഒരു കരണ്ടുതിന്നുന്ന

വേദന അവളെ ബാധിച്ചു. അതൊരു അപസ്മാരംപോലെ നിണ്ടുനിന്നു. അവളുടെ ഭർത്താവു നിസ്സഹായനായി അരികിലിരുന്നിരുന്നു. അയാളെ അവൾ കുടിൽചെന്നു നില്ക്കാൻ നിർബ്ബന്ധിച്ചു പറഞ്ഞയച്ചു. അവളെ വിട്ടുപോകാൻ അയാൾക്കിഷ്ടമുണ്ടായിരുന്നില്ല. പക്ഷേ, അതുകൊണ്ടെന്താണ് പ്രയോജനം? അവർക്കെന്തെങ്കിലും ഭക്ഷിക്കണ്ടേ? ഈ സമയത്ത് അയാൾക്കൊരു ഭാരമായിത്തീരാൻ അവളൊട്ടാഗ്രഹിച്ചുമില്ല. അവർ ഗ്രാമത്തിലുള്ള ഗൃഹത്തിൽനിന്നു പോരുമ്പോൾ അവൾക്കു പ്രസവമടുത്തിരുന്നു, അവളുടെ ഭർത്തൃമാതാവു പറഞ്ഞു: "നീ വരണമെന്നു തോന്നുന്നില്ല. നിനക്കു പ്രസവമടുത്തിരിക്കുന്നു. വഴിക്കു വല്ലതും പററിയാലോ?"

ഒററയ്ക്കാവുന്നതിലുള്ള ഭയംകൊണ്ടു സുക്കി പറഞ്ഞു: "അമ്മേ, എനിക്കു നല്ല ശക്തിയുണ്ടു; ഞാൻ നിങ്ങൾക്കൊരുഭാരമാവില്ലെന്നു ശപഥംചെയ്യുന്നു. എന്നെ ഇവിടെ വിട്ടുപോയാൽ ഞാൻ പട്ടിണികിടക്കുകയേയുള്ളു." അവളുടെ കുട്ടികളും അവളോടു പററിപ്പിടിച്ചു പറഞ്ഞു: "അമ്മേ, അമ്മ വരണം." ഒടുവിൽ അവളുടെ ഭർത്താവിൻെറ തീരുമാനം എല്ലാ തർക്കങ്ങളേയും അവസാനിപ്പിച്ചു: "അവളെ ഇവിടെ പട്ടിണിയാക്കി വിട്ടുപോവാൻ നിവൃത്തിയില്ല. അവൾ എൻെറ ഭാര്യയാണ്. അവൾ എൻെറ കൂടെ പോരട്ടെ." പത്തും തികഞ്ഞിരിക്കുന്ന ഒരു പെണ്ണ് അങ്ങനെ പുറത്തിറങ്ങിപ്പോകുന്നതിലുള്ള ദ്വേഷ്യംകൊണ്ടു ഭർത്താവിൻെറ അമ്മ പിറുപിറുത്തു; പക്ഷേ, അവർ പിന്നീടതിൽ ഇടപെട്ടില്ല. ഇന്നലെ രാവിലെ അവർ രണ്ടു കുട്ടികളേയുംകൊണ്ടു നഗരത്തിൻെറ മറെറാരുഭാഗത്തേയ്ക്കുപോയി. അങ്ങനെ പ്രസവവേദന വന്നപ്പോൾ സുക്കിയും അവളുടെ ഭർത്താവും തനിച്ചായി. അദ്ദേഹത്തിൻെറ നിസ്സഹായത കണ്ടു് അവളുടെ കണ്ണു നിറഞ്ഞു. തനിക്കു വി

ശേഷാലൊന്നുമില്ലെന്നും, ആ വേദന അനിവാര്യമാണെന്നും അവൾ അദ്ദേഹത്തോടുറപ്പു പറഞ്ഞു. എങ്കിലും അദ്ദേഹത്തിന്റെ കണ്ണിൽ അശ്രു നിറയുന്നതും അദ്ദേഹത്തിന്റെ വദനം ഘനീഭവിക്കുന്നതും അവൾ കണ്ടതായി തോന്നി. അദ്ദേഹം അവളെ താങ്ങി, മാക്കററിന്റെ പിന്നാംപുറത്ത്, ആഭാസന്മാരുടെ ദൃഷ്ടികളിൽനിന്നൊഴിഞ്ഞ ഒരു സ്ഥലത്തു കൊണ്ടുവന്നു കിടത്തി. അനന്തരം അവൾ അദ്ദേഹത്തെ ക്യൂവിലേയ്ക്കു പറഞ്ഞയച്ചു. അദ്ദേഹത്തിന്റെ പ്രവൃത്തി അവിടെയാണ്; അവൾക്കു തനിയേ കിടന്ന് ഈ വേദനയനുഭവിക്കാതെ ഗത്യന്തരമില്ല. പക്ഷേ ആളുകൾ തിരതല്ലിവന്നപ്പോൾ, അവൾ നഖങ്ങൾ നിലത്താഴ്ത്തി. നെററിയിലടിച്ച്; അവൾ കിടന്നു നിലവിളിച്ചു. ആ യാതനയ്ക്കിടയിലും, ആരെങ്കിലും അതു കേൾക്കുന്നുണ്ടോ എന്ന് അവൾ ലജ്ജയോടെ ചുററും നോക്കി. കേട്ടാൽത്തന്നെ അവർക്കാർക്കും ഒരു നിമിഷം നില്ക്കാനോ അവളോടു സംസാരിക്കാനോ ഇടയില്ല. അതങ്ങനെ തുടന്നുപോയി; ആ മനുഷ്യത്തിരകൾ ഒന്നിനൊന്നു പിന്നാലെ അതിവേഗം അലച്ചുകയറി. അവൾ അതിൽ മുങ്ങിച്ചാവുകയാണെന്നു തോന്നി. നിരാലംബയായി അമ്പരന്നു, പരിസരങ്ങളെ വിസ്മരിച്ചുകൊണ്ടവൾ വേദനയോടു മല്ലടിച്ചു. ആ വേദനയുമായി മല്ലിടേണ്ടതാണെന്ന് അവളുടെ മനസ്സിൽ ഒരുറച്ച ബോധമുണ്ടായി. അതിനപ്പുറം അവൾ യാതൊന്നുമറിഞ്ഞില്ല. ക്രമേണ ആ മൂടൽ നീങ്ങി. അവളുടെ കാഴ്ച തിരിച്ചുവന്നു; അവൾ യാഥാത്ഥ്യത്തിലേയ്ക്കു മടങ്ങിയെത്തി. വല്ലാതെ തളന്നതുമൂലം അവൾക്കുറങ്ങണമെന്നു തോന്നി. പക്ഷേ, അവളുടെ ഹൃദയത്തിന്റെ പിറകിൽ എന്തോ ചിലതുകൂടി ചെയ്യാനുണ്ടെന്ന ഒരു വിചാരം ആവിർഭവിച്ചു. അവൾ എഴുന്നേററിരുന്നു; ഒരു ശൂന്യത അവൾക്കനുഭവപ്പെട്ടു. അതാ അവളുടെ കുട്ടി. അവൾ കീഴ്പോട്ടു നോക്കി. അതിന്റെ ശ്വാസം

പതുക്കെപ്പതുക്കെ നേരിയ വിപ്പുകളായി ഉയരുന്നു; തഴക്കമുള്ള കൈകളാൽ അവൾ അതിൻെറ പൃഷ്ഠത്തിൽ മന്ദമന്ദം തട്ടി. കുഞ്ഞ് ഉറക്കെ പൊട്ടിക്കരഞ്ഞു. സുക്കി അതിനെ കയ്യിലെടുക്കാൻ ശ്രമിച്ചു. അപ്പോൾ പൊക്കിൾക്കൊടി മുറിഞ്ഞിട്ടില്ലെന്നു കണ്ടു. എന്തു വേണ്ടൂ എന്നറിയാതെ അവൾ ചുററുപാടും നോക്കി. അനന്തരം ഒരു മൃഗത്തെപ്പോലെ അവൾ കുനിഞ്ഞു തൻെറ പല്ലുകളാൽ അതു കടിച്ചുമുറിച്ചു.

* * * * *

അസ്തമനവേളയിൽ വിശ്രമസ്ഥലങ്ങൾ തേടിപ്പോകുന്ന പറവകളെപ്പോലെ, അഗതികളെല്ലാം നിരത്തിന്മേൽ തങ്ങൾ തങ്ങൾ പിടിച്ചിട്ടുള്ള സ്ഥലങ്ങളിൽ ചെന്നുപററി. ശ്യാമയും അക്കൂട്ടത്തിലുണ്ട്. അവരുടെ അന്നത്തെ ഒരു ഭക്ഷണം കഴിഞ്ഞു. ഇനിയുള്ള സമയം എങ്ങനെ കഴിച്ചുകൂട്ടണമെന്നക്കൂട്ടം ബം ആലോചനയായി. പുരുഷന്മാർ മുഖംവിപ്പിച്ചു; അവർ അസംതൃപ്തരും നിസ്സഹായരുമായി കാണപ്പെട്ടു. എന്തുകൊണ്ടോ അവരിൽ സ്ത്രീകളുടെ ആ വിശ്വാസദാർഢ്യം കാണുന്നില്ല. യാചകന്മാരുടെ നിലയിലേയ്ക്കധഃപതിച്ചതുകൊണ്ട് അവർ സ്വയം വെറുത്തു. തങ്ങൾ സത്യസന്ധരല്ലെന്നവക്കു തോന്നി. അതുകൊണ്ടവക്കു ശുണ്ഠിവന്നിരുന്നു. വയറല്പം നിറഞ്ഞതുകൊണ്ടുള്ള ആനന്ദത്തോടെ കുട്ടികൾ കിടന്നുറക്കമായി. പ്രശാന്തമായ രാത്രി മൃദുപദംവെച്ചു മന്ദമന്ദം വന്നണഞ്ഞു. അതവരുടെ നിരാധാരസ്ഥിതിയെ ഒരു സൌഹാർദ്ദംകൊണ്ടു പുതപ്പിക്കുന്നപോലെ തോന്നി. അത് അവരുടെ നികൃഷ്ടാവസ്ഥയെ ലോകത്തിൻെറ ദൃഷ്ടികളിൽനിന്നു മറച്ചുവെങ്കിലും കോളിളക്കത്തിൻെറ ആ ഇരമ്പം അപ്പോഴും കേൾക്കുന്നുണ്ട്. പിറുപിറുക്കൽ ചുററും പരന്നുപിടിച്ചു. ശ്യാമ നിരത്തിന്മേൽ കിടന്നു. അവളുടെ ശരീരത്തിൽ ആശ്വാസത്തിൻെറ ഒരു കുളുർമ വ്യാപിച്ചു. ഒരു നേരിയ കാററ് അവളുടെ നെററിമേൽ തട

വി. ചിടകെട്ടിയ അവളുടെ ആ തലയുടെ കനം അതല്പം ലഘൂകരിച്ചു. അവൾ ഉറങ്ങി. തൻെറ കാലിൽ ആരോ തപ്പിയതോടുകൂടിയാണവൾ ഉണന്നതു്. ആ കയ്യ് അവൾ തട്ടിമാററി. ആ കൈ വീണ്ടും അവളുടെ കാലിൽക്കൂടി മേല്പോട്ടു പടന്നു മാത്തട്ടിലെത്തി. അവൾ ഭയപ്പെട്ടു നിലവിളിച്ചു. അവളുടെ ഭത്താവുണന്നു: "എന്താണതു്? എന്തു പററി?" അവൾ എഴുന്നേററിരുന്നു പറഞ്ഞു:

"എനിക്കറിയില്ല, ആരോ എന്നെ പൊത്തിപ്പിടിക്കയായിരുന്നു." അയാൾ ഭീകരനായി നാലുപാടും നോക്കി, ഇരുട്ടിൽ തപ്പിത്തടഞ്ഞുപോകുന്ന ഒരു സത്വത്തിൻെറ പിമ്പേ ഓടി. കശപിശയുടേയും തെറികളുടേയും ഒരു നേരിയ മാറെറാലി ശ്യാമയുടെ കാതിലെത്തി. ഭത്താവ് മടങ്ങിവരുന്നതുവരെ അവൾ ധൈയ്യംപൂണ്ടു് അവിടെ ഇരുന്നു. "പന്നി അവൻെറ മുകറ് ഞാൻ ചമ്മന്തിയാക്കിവിട്ടു."

അതോടൊപ്പം മററു അഗതികളിൽനിന്നു് ഒരു കൂക്കംവിളിയുമുയന്നു.

"ദൈവത്തെ ഓത്തു മിണ്ടാതിരിക്ക!"

"നിങ്ങളുടെ സ്വന്തം പെണ്ണുങ്ങളില്ലേ? മററുള്ളവരുടെ മെക്കേട്ടു കേറുന്നതെന്തിനാ?"

ആരോ വിലപിച്ചു: "രാത്രിയായാലും ഞങ്ങൾക്കല്പം സൈ്വരം തരില്ല."

"കള്ളു കുടിച്ചാ വയററിൽ കിടക്കണം, മററുള്ളവരോടെടുക്കുന്നതെന്തിനു്?"

"ആ സ്ത്രീയാണിതിനൊക്കെ കാരണം-കൂത്തച്ചിമോൾ!"

ഇങ്ങനെയുള്ള പല പഴികളും ഭീഷണികളും പറഞ്ഞു് അവരെല്ലാം ഒരു വശം ചെരിഞ്ഞു കിടന്നുറക്കമായി. ശ്യാമ തനിക്കുണ്ടായ അനുഭവത്തിൽ മരവിച്ചുപോയി. അവൾ ഭത്താവിൻെറ കൈ മുറുകെപ്പിടിച്ചുകൊണ്ടു കരുതലോടെ കിടന്നു.

# അവൾ ഒററയ്ക്കല്ലായിരുന്നു

ഗൌരി മുല്ലമാല നോക്കി, അതെത്ര കുളർമയുള്ളതും സുരഭിലവും മനോഹരവുമാണെന്നാലോചിച്ചുകൊണ്ടു തലമുടിയിൽ ചാത്തി. പുറത്തു ധാര മുറിയാതെ ആ പല്ലവിതന്നെ കേൾക്കുന്നു: "ഒരു പിടിച്ചോറ്—ദയവു വിചാരിച്ച്!" "കാടിക്കുഴിയിലൊഴിക്കുന്ന കഞ്ഞിവെള്ളമെങ്കിലും ഒരു കുമ്പിൾ തരണേ!" "അയ്യോ, എന്നെ വെറുംവയറോടെ അയയ്ക്കരുതേ." കക്ഷത്തിൽ പുസ്തകങ്ങളുമായി ഒരു കുട്ടി സ്കൂളിൽനിന്നു മടങ്ങിവരികയായിരുന്നു. അവൻെറ മൃദുസ്വരം ജനലിൽക്കൂടി അവൾ കേട്ടു. "രണ്ടു പൈസ തന്നാ മതിയോ?" ചെന്നായുടെ നോട്ടത്തോടുകൂടിയ ആ സ്ത്രീ ദൂരയോടെ തല കുലുക്കി. കുട്ടി അകത്തേയ്ക്കു പാഞ്ഞു. വീണ്ടും അവൻെറ സ്വരം അവൾ കേട്ടു: "അമ്മേ, ആരോ എൻെറ കീശയിലുണ്ടായിരുന്ന പണം മോഷ്ടിച്ചു........" തുടന്ന് ഒരു സ്ത്രീയുടെ ലജ്ജയോടുകൂടിയ മൃദുലസ്വരം: "ഞാനാണതെടുത്തത്, ഞാനതു ചിലവാക്കി. എന്താണ് ചെയ്യുക്?" കുട്ടി പുറത്തു വന്നു വിറയ്ക്കുന്ന ചുണ്ടോടുകൂടി പറഞ്ഞു: "തരാൻ നിവൃത്തിയില്ല, അതു ചിലവായിപ്പോയി." ആ സ്ത്രീ അവൻെറ നേരെ മുഖം ചുളിച്ച് ഈ വാക്കു തുപ്പി: "നുണയാ!" പ്രായമായവരുടെ അന്യായമോർത്ത് അവൻ പൊട്ടിക്കരഞ്ഞു. താനും ആ സ്ത്രീയെപ്പോലാവുമോ എന്നു ഗൌരി അത്ഭുതപ്പെട്ടു. പക്ഷേ അവളുടെ നില അതിലേറെ മെച്ചമാണോ—അതിലുമെത്രയോ മോശമല്ലേ? ക്ലോക്ക് അഞ്ചടിച്ചു. കത്തിയെരിയുന്ന വെയിൽ ആറിയിട്ടില്ല. സായാഹ്നത്തിന് ഇനിയും വളരെ സമയമുണ്ട്. പക്ഷേ, ഗൌരി തിടുക്കംകൂട്ടുന്നു. കാരണം, പതിവായി വൈകുന്നേരം രഞ്ജിത് ബാബു വരുമ്പോൾ അവളെ വൃത്തിയായിക്കാ

ഞാനാണയാൾക്കിഷ്ടം. അവളെ കാനയിൽനിന്നു പൊന്തിച്ചെടുത്തു് അവൾക്കു ഭക്ഷണവും സംരക്ഷണവും നല്കാൻ തുടങ്ങിയതു മുതൽ അയാൾ അവളെ ഒന്നാമതായി പഠിപ്പിച്ച ഒരു സംഗതിയായിരുന്നു ഇതു്: "നീ എപ്പോഴും ശുചിത്വം പാലിക്കണം, പുതിയ വസ്ത്രങ്ങൾ ധരിച്ചു കണ്ടാൽ നല്ലവളായിരിക്കണം. നിനക്കുവേണ്ടതെല്ലാം ഞാൻ തരാം." അയാൾ ആ വാഗ്ദാനം പാലിച്ചുപോന്നു. അവളോ? അവളും ഈ പുതിയ നില സ്വീകരിച്ചു. ആദ്യം അവൾക്കുണ്ടായ ആശ്വാസം വളരെ വമ്പിച്ചതായിരുന്നു. തന്നെ ആ നിസ്സീമമായ ദുരിതത്തിൽനിന്നെടുത്തു പൊന്തിച്ചതിന്നു് അവൾക്കദ്ദേഹത്തോടു നന്ദിതോന്നി. പക്ഷേ വിചാരങ്ങൾ—അവ പശ്ചാത്താപങ്ങളായിരിക്കുമോ?—തടഞ്ഞുനിത്താവുന്നവയല്ല. നിരത്തിനെപ്പററി അവൾക്കു ഭയമുണ്ടു്. അവളെ സംബന്ധിച്ചിടത്തോളം അതു ലോകത്തിൻെറ ക്രൂരതകളുടെ മൂത്തികരണമാണു്. പക്ഷേ, അവളുടെ ഭത്താവായ നാഗനു് എന്തു സംഭവിച്ചു?

അയാൾ ഭക്ഷണക്കൂവിലേക്കായി അവളെ പരിഞ്ഞുപോയപ്പോൾ ഗൌരി തൻെറ ഏതാനും മാസമെത്തിയ ശിശുവിനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അയാൾ അവളോടു പറഞ്ഞു: "ഇവിടെ ഇരിക്കു്, ഞാൻ നമുക്കു രണ്ടുപേക്കുമുള്ള ഭക്ഷണം കൊണ്ടുവരാം. നിനക്കു് ഈ തിക്കിലും തിരക്കിലുംകൂടി മല്ലിട്ടുപോകാനുള്ള ശക്തി വന്നിട്ടില്ല." സൌജന്യഭക്ഷണശാല കുറെ ദൂരെയായിരുന്നു. അവൾക്കു തനിയെ ഇരിക്കുവാൻ ഭയംതോന്നി. പക്ഷേ, "അയാൾ അവളെ അതിനു നിബ്ബന്ധിച്ചു. അതായിരുന്നു അവളുടെ ദുരിതങ്ങളുടെയെല്ലാം തുടക്കം. പട്ടിണിയാണെങ്കിലും അയാൾ അടുത്തുള്ളപ്പോൾ അവൾക്കു ഭയമുണ്ടായിരുന്നില്ല. പക്ഷേ, സന്ധ്യയായിട്ടും ഭത്താവു മടങ്ങിവരാഞ്ഞപ്പോൾ അവൾ പരിഭ്രമിച്ചു. റോഡിലുണ്ടാ

യിരുന്ന കൂട്ടുകാർ അവൾക്കു വലിയ സാന്ത്വനങ്ങളൊന്നും നല്കിയില്ല. ചിലർ പറഞ്ഞു: "അയാൾ തിരക്കിലടിഞ്ഞു പോയിട്ടുണ്ടാവും"—മററു ചിലർ "അയാൾ അവളെ ഉപേക്ഷിച്ചു ചാടിപ്പോയിരിക്കു"മെന്നഭിപ്രായപ്പെട്ടു. ഇനിയും ചിലർ, "അയാൾ വല്ലതും മോഷ്ടിച്ചതിനു പോലീസുകാർ പിടിച്ചിട്ടുണ്ടാവു"മെന്നു പറഞ്ഞു. ഇതൊന്നും സത്യമാണെന്നു ഗൌരിക്കു തോന്നിയില്ല. പക്ഷേ, ദിവസങ്ങൾ കുറെക്കഴിഞ്ഞപ്പോൾ ഇതിലേതെങ്കിലുമൊന്നു് അവൾക്കു വാസ്തവമായി സ്വീകരിക്കേണ്ടിവന്നു.

കരഞ്ഞു കരഞ്ഞു് അവളുടെ കണ്ണീരെല്ലാം വററി. കീറിനാറിയ തുണിത്തുണ്ടങ്ങളണിഞ്ഞു, വരണ്ട കണ്ണുകളോടുകൂടി, സ്ഥിരമായ ഗ്രഹണിയുള്ള ഒരു ശിശുവിനെ ഏന്തിക്കൊണ്ടു് അവളതാ നില്ക്കുന്നു. അവനുവേണ്ട ഭക്ഷണം കിട്ടുന്നില്ല. അവളുടെ സ്തനങ്ങളാണെങ്കിൽ കല്ലുപോലെ കല്ലച്ചിരിക്കുന്നു. തനിക്കു കിട്ടുന്ന കഞ്ഞിവെള്ളം അവൾ അല്പാല്പമായി അവന്റെ വായിലൊഴിച്ചുകൊത്തു്, അങ്ങനെ അവനെ മരണത്തിലേക്കു തുരിപ്പിച്ചുകൊണ്ടിരുന്നു. അവൾ ഭയാകമ്പത്തോടെ അപ്പോഴും മുഖംപൊത്തി. വരാൻപോകുന്ന ദിവസങ്ങളെപ്പററി ഓർത്തപ്പോൾ അവളാ്കെ വിയർത്തൊലിച്ചു. ഭക്ഷണത്തിനുവേണ്ടി നിമിഷംപ്രതിയെന്നോണം നടത്തുന്ന സമരങ്ങൾ, അതിപരുഷമായിത്തീർന്ന അവളുടെ സ്വരം, കീറിപ്പറഞ്ഞ വസ്ത്രം, മരണത്തിലേക്കു പിൻവലിഞ്ഞുകൊണ്ടിരുന്ന അവളുടെ കുഞ്ഞിന്റെ ജീവിതം—എല്ലാംകൂടിയപ്പോൾ അവൾ, ഭക്ഷണത്തിനുവേണ്ടി മററുള്ളവരുമായി കശപിശ കൂടുകയും, എച്ചിലിനുവേണ്ടിപ്പായുകയും ചെയ്യുന്ന ഒരു നിലയിലെത്തി. അപ്പോഴാണു് സൌജന്യഭക്ഷണശാലയ്ക്കരികിൽവെച്ചു് ആ സംഭവമുണ്ടായതു്.

വിശപ്പ് അവളെ കാർന്നുതിന്നുകൊണ്ടിരുന്നു, രണ്ടു രാത്രിയും ഒരു പകലും അവൾക്കു യാതൊന്നും, ഒരു കമ്പിൾ കഞ്ഞിപോലും, കിട്ടിയില്ല. ഏതോ ചെകുത്താൻ അവൾക്കുള്ളിൽ തിമത്തു നടക്കുന്നതുപോലെ തോന്നി. വിശപ്പിൻെറ കുത്തൊഴികെ മററുള്ളതെല്ലാം അവൾ മറന്നുകളഞ്ഞു. അവൾ കുഞ്ഞിനെ യാന്ത്രികമായി കയ്യിലേന്തിയിരുന്നു. ഉടനെ ആരോ വിളിച്ചു പറഞ്ഞു: "ഭക്ഷണം!" ഒരു തിരക്കിപ്പാച്ചിലുണ്ടായി. എങ്ങനെയെങ്കിലും അവിടെച്ചെന്നെത്തണം. ജീവിക്കാനുള്ള ആശ അവളുടെ പതറുന്ന കാലുകളെ ആ ഭക്ഷണത്തിനുവേണ്ടിയുള്ള മല്ലുപിടുത്തത്തിൽ ചേരാൻ മുന്നോട്ടു നീക്കി. ഈ ഒരേ ഒരാശയംകൊണ്ട് അനൽ മുന്നോട്ടു പാഞ്ഞു. തൻെറ കുട്ടിയെ പിന്നിൽ ആ നിലത്തു കിടത്തിയാണ് പോന്നതെന്നുപോലും അവളപ്പോൾ ഓത്തില്ല. അവസാനം പല ചതവുകളും മുറിവുകളുമേററ് അവൾ ഭക്ഷണം സമ്പാദിച്ചു. ഒരു നിമിഷത്തിനുള്ളിൽ അവളതകത്താക്കി. ഉള്ളിലെ ചെകുത്താൻ അടങ്ങിയപ്പോൾ അവൾക്കു ബോധം വന്നു: "കുഞ്ഞ്! ദൈവമേ, അവനെവിടെയാണ്?" തട്ടിത്തടഞ്ഞ് അവൾ പൂവ്വസ്ഥാനത്തേയ്ക്കു് ഓടിവന്നു—ഒരു പായപ്പട്ടിവന്നു കടിച്ചതുമൂലം മുഖത്തുനിന്നു ചോരയൊലിച്ചുകൊണ്ടു് അവനതാ അവിടെക്കിടക്കുന്നു. ഗൌരി ചീറിക്കൊണ്ടു നായയുടെ മീതെ ചാടി. അതു പേടിച്ചോടിപ്പോയി. അവൾ കുഞ്ഞിനെ എടുത്തു. അതിന്നു ജീവനുണ്ടായിരുന്നില്ല.

അതിന്നുശേഷം കുറെക്കാലത്തേയ്ക്കു് അവൾക്കു വളരെയൊന്നും ബോധമുണ്ടായിരുന്നില്ല. അവളുടെ അവസാനത്തെ ആലംബവും അപഹരിക്കപ്പെട്ടു. അവൾ അന്ധമായി അലഞ്ഞു നടന്നു. ആദ്യത്തെ ചുവടുവെച്ചതെങ്ങനെയെന്ന് അവൾക്കിപ്പോഴും നല്ല വിവരമില്ല. പക്ഷേ, ഭക്ഷണം നേടാ

നൊരെളുപ്പവഴിയുണ്ടെന്നവൾ കണ്ടു. അവൾ ഒരു ട്രാംഷെഡ്ഡിന്നരികിൽ ചെന്നുനില്ക്കും. അവളുടെ താരുണ്യം നിറഞ്ഞ തനു ആർത്തിയോടുകൂടി നോക്കാൻ എപ്പോഴും ധാരാളമാളുകളുണ്ടാവും. അവളുടെ ചിടകെട്ടിയ കേശവും നഗ്നത മറയ്ക്കുന്നതിനെക്കാളധികം തുറന്നുകാട്ടുന്ന കീറവസ്ത്രങ്ങളും തന്നോടു കാമാർത്ഥന ചെയ്യുന്നതിൽനിന്നവരെ തടയാത്തതിൽ അവൾ ആശ്ചര്യപ്പെട്ടു. ആദ്യം നാലണ, പിന്നെ എട്ടണ. പക്ഷേ, അതുകൊണ്ടവൾക്കു മല്ലിടാതെ ഭക്ഷണംവാങ്ങാൻ കഴിഞ്ഞിരുന്നു. പിന്നീട് അവൾ വൃത്തിയുള്ള ഒരു സാരി വാങ്ങി; ആരോ വലിച്ചെറിഞ്ഞ ഒരു ബ്ളൗസുമെടുത്തു ധരിച്ചു. അവൾ എണ്ണവാങ്ങി തലമുടി മിനുക്കി—അവളിപ്പോൾ ഒരു പിച്ചക്കാരിയല്ലാ, ഒര് ഞാടിച്ചരക്കാണ്’.

ഈ നിലയിലാണ് രഞ്ജിത്ബാബു അവളെ കണ്ടുമുട്ടിയതു്. നല്ല വില്പനയുണ്ടായ ഒരു ദിവസം, സായാഹ്നത്തിൽ അയാൾ തൻെറ ഗുദാമിൽനിന്നു മടങ്ങുകയായിരുന്നു. അപ്പോൾ ഈ ചമഞ്ഞ ജന്തു വഴിയരികിൽ നില്ക്കുന്നതയാൾ കണ്ടു. നല്ല ബിസിനസ്സു നടന്ന സമയം. വളരെക്കാലമായി താൻ പൂഴ്ത്തിവെച്ചിരുന്ന അരിയെല്ലാം അസാധാരണമായുയന്ന വിലയ്ക്കു് ഒരു കച്ചവടക്കാരൻ വാങ്ങി. ഇയ്യിടെയായി പണം ധാരാളം പോക്കററിലാകുന്നുണ്ട്. ഈ നശിച്ച ജപ്പാൻകാർ കുറച്ചു സമയം വെറുതെ നിന്നിരുന്നെങ്കിൽ, അയാൾക്കു മതിയാവെ സമ്പാദിച്ചു സ്വന്തം ടൌണിലേയ്ക്കു മടങ്ങിപ്പോകാമായിരുന്നു. ആഹ്ലാദം തുളുമ്പുന്ന ഹൃദയത്തോടുകൂടി അയാൾ ഈ പെണ്ണിൻെറ നേക്കൊന്നിളിച്ചുകാട്ടി. ഈ വ്യാപാരത്തിൽ തഴക്കവും പഴക്കവും ചെന്ന അവൾ സധൈര്യം ഒരു പുഞ്ചിരി മടക്കിക്കൊടുത്തു. ഇത്ര പൊടുന്നനേയുള്ള ഈ മറുപടികൊണ്ടു് അയാൾ ഒന്നു ഞെട്ടിപ്പിന്മാറി. ആരെങ്കിലും കണ്ടാൽ

താൻ പരിഹാസപാത്രമാവുമെന്നു കരുതി അയാൾ നടത്തുടങ്ങി. അയാൾ ദുരിതനിവാരണത്തിന്നു സംഭാവനയും മററും നല്കിയിട്ടുള്ള മാന്യനായ ഒരു കച്ചവടക്കാരനല്ലേ? ഒരു തെരുവുതെണ്ടിപ്പെണ്ണുമായി വേഴ്ച വയ്യ. പക്ഷേ, അവൾ ആകർഷകമായ ഒരു വസ്തുവാണ്—അങ്ങനെ അല്പദിവസങ്ങൾക്കുശേഷം, രാത്രി ഇരുട്ടായിത്തുടങ്ങിയപ്പോൾ അയാൾ അവളുടെ പിന്നിൽ വന്നു ചുമലിൽ പതുക്കെ തട്ടി. അത്തരം പെരുമാററവുമായി ഗൌരി പഴകിക്കഴിഞ്ഞിരുന്നു. അവൾ കൈ അരയിലൂന്നിക്കൊണ്ടു് അയാളുടെ നേരെ തിരിഞ്ഞു: "കൊള്ളാം, കൊള്ളാം, എന്താണു് വേണ്ടതു്?" "നിനക്കു തരാനായി ഞാനൊരു നല്ല ബ്ലൌസ് വെച്ചിട്ടുണ്ടു്." രഞ്ജിത്ബാബു പരിഭ്രമത്തോടെ പറഞ്ഞു.

"ഉണ്ടോ?" ഗൌരി പറഞ്ഞു: "എനിക്കിതിലും നല്ല ഒന്നു ചേരും."

"അതുപ്പോ ... ല്ല കുട്ടിയായിരിക്കാമെങ്കിൽ ഞാൻ ... ആഭരണങ്ങൾപോലും തരാം."

MUL
165263

ഗൌരി പ ... ചിരിച്ചു—നല്ലതോ? ആ വാക്കു് അവളുടെ നിഘണ്ടുവിൽനിന്നവൾ നീക്കം ചെയ്തുകഴിഞ്ഞിരുന്നു. പക്ഷേ, അയാളുടെ നേരെ തിരിഞ്ഞു് അവൾ പറഞ്ഞു: "എനിക്കിഷ്ടമുള്ളേടത്തോളം കാലം ഞാൻ നിങ്ങളോടു നന്നായി പെരുമാറും—പക്ഷേ, എനിക്കെന്തു പ്രതിഫലം തരും?"

"നീ നല്ല ചൊറുചൊറുക്കുള്ള ഒരു പെണ്ണാണ്." അയാൾ പറഞ്ഞു: "കൊള്ളാം. ഒരു വീടു്, വസ്ത്രങ്ങൾ—നീ എന്നെ ആനന്ദിപ്പിക്കുന്നിടത്തോളം കാലം വേണ്ടതെല്ലാം തരാം. അതു മതിയോ?"

135825
032:3x M9
H7
UNIVERSITY LIBRARY
13 DEC 1947

"തല്ക്കാലം മതി. ഞാനെപ്പോൾ വരണം—ഇപ്പോൾ?"

"വേണ്ട, വേണ്ട" അയാൾ സസംഭ്രമം പറഞ്ഞു. "ഇതാ എൻെറ മേൽവിലാസം. എൻെറ വീട്ട് ഇവിടെ നിന്നു വളരെ ദൂരെയല്ല. ഇന്നു രാത്രി അവിടെ വരിക." ഗൌരി വെറുപ്പോടെ ചിരിച്ചു. "ഒരു തെരുവുതെണ്ടിപ്പെണ്ണുമായി സംസാരിച്ചു നില്ക്കുന്നതാരെങ്കിലും കാണുമെന്ന ഭയം! പക്ഷേ, അവളൊരുമിച്ചു കിടന്നുറങ്ങാൻ ഒരു സങ്കോചവുമില്ല! എന്തായാലും എനിക്കു ഭക്ഷണവും വീടും അവസാനം പണവും കിട്ടുന്നിടത്തോളം കാലം അതെനിക്കു നല്ലതുതന്നെ."

അതാ, അയാൾ ആ മൂക്കിൽ തിരിഞ്ഞു തൻെറ പ്രേമനികുഞ്ജത്തിൻെറ നേക്കു നടന്നുവരുന്നു—പ്രേമം! ഗൌരി പരുഷമായി ചിരിച്ചു. വലിയ പ്രേമമൊന്നും ഒരിടത്തുമില്ല. പക്ഷേ അയാൾ അവൾക്കൊരു നല്ല യജമാനനാണ്. എതായാലും, അവൾ സ്വയം വൃത്തിയാക്കാനും വാതിൽ തുറക്കാനും തിടുക്കി. അയാൾ ആ കലമ്പുന്ന അഗതികളുടെ കൂട്ടത്തെ തള്ളിനീക്കിക്കടന്നുപോകുന്നതവൾ സൂക്ഷിച്ചു. അവർ അയാളെ തെറിപറഞ്ഞു, ശപിച്ചു. അവരുടെ നേരെ അയാൾ തുപ്പി. ഇവിടെ അയാളുടെ ദാനധമ്മത്തിനു സ്ഥാനമില്ല; ആരും അതു കാണാനുണ്ടാവില്ല—ധമ്മംകൊടുക്കുമ്പോഴെല്ലാം അതു കാണാനും കൊണ്ടാടുവാനും ആളുകൾ വേണം.

രഞ്ജിത് ബാബു കോട്ടൂരി, നെററിയിലെ വിയപ്പു തുടച്ച്, ഗൌരി കയ്യിലൊഴിച്ചുകൊടുത്ത തണുത്ത പച്ചവെള്ളം കൊണ്ടു മുഖം കഴുകി, അവളുടെ നേരെ തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു: "എൻെറ അരുമക്കിളി; നീ പകലെല്ലാം എന്തു ചെയ്തു? നിൻെറ കൂട്ടിൽ നിനക്കു തൃപ്തിയില്ലേ?"

ഉണ്ട്, അവൾ തൃപ്തയാണ്, ഇതിലപ്പുറമെന്താണവൾക്കു പ്രതീക്ഷിക്കാനുള്ളത്? ഒരിക്കൽ അവൾക്കൊരു ഹൃദയമു

ണ്ടായിരുന്നു; അതിൻെറ ആ കത്തിക്കരിഞ്ഞ അവശിഷ്ടങ്ങളെ പുനജ്ജീവിപ്പിക്കാൻ അയാളെക്കൊണ്ടാവില്ല; അയാൾക്കവളുടെ ശരീരം വേണം അതുകൊണ്ടയാൾ ഒരു ബലിമൃഗത്തെയെന്നപോലെ അതിനെ പോഷിപ്പിക്കുന്നു. ഒരു വ്യത്യാസമുള്ളതിത്രമാത്രമാണ്: ബലിമൃഗത്തിന്നു ദ്രോഹം ഒരുനിമിഷംകൊണ്ടവസാനിക്കും. അവൾക്കാണെങ്കിൽ അതു ജീവാവസാനംവരെ നിലനില്ക്കും. നഗരത്തിലെ നരകാനുഭവങ്ങളിൽനിന്നു രക്ഷപ്പെടാൻവേണ്ടി അവൾ അതിനു യാചിച്ചു; അതവൾക്കു ലഭിക്കയുംചെയ്തു. ആവലാതിപ്പെടുന്ന ഒരു സ്വഭാവമായിരുന്നില്ല അവളുടേതു്. അവൾ ഒരു കച്ചവടം നടത്തി. അവൾക്കതിൽ യാതൊരഭിലാഷവുമുണ്ടായിരുന്നില്ല—മാന്യതയ്ക്കുള്ള മോഹംപോലുമുണ്ടായിരുന്നില്ല; മാന്യത ഭൌതികാവശ്യങ്ങളിൽനിന്നു മുക്തിനല്കുന്നില്ല; പിന്നെ അവൾക്കു മാന്യത വേണമെന്നാശിക്കത്തക്കവിധം അവളെ സ്നേഹിക്കുവാനും ആരുമില്ല. നാഗൻ! അയാൾ കഴിഞ്ഞുപോയ ഒരു കഥയാണ്. കുടവയറനും സ്വയംതൃപ്തനുമായ രഞ്ജിത് ബാബുവാണിപ്പോഴത്തെ യാഥാത്ഥ്യം.

അയാൾ അവളുടെനേരെ നീട്ടിപ്പിടിച്ച കണ്ഠാഭരണം ഒരു യന്ത്രപ്പാവയെപ്പോലെ അവൾ വാങ്ങി— അതാകെക്കൂടി ഒരു നിസ്സാരവങ്കത്തമായിരുന്നു. സ്വൎണ്ണത്തിൽ വൈരക്കല്ലുകൾ പതിച്ച ആ മാല കാടയിൽനിന്നു പൊന്തിച്ചെടുത്ത അവൾക്കുചിതംതന്നെ. അയാൾ അതവളുടെ കഴുത്തിലണിഞ്ഞു. അയാളുടെ ആ ദുരപിടിച്ച വിരലുകൾ അവളുടെ കഴുത്തിൽ കുറെനേരം അങ്ങനെ പാറിപ്പിടിച്ചു. അവ തേളുകളെപ്പോലെ അവളെ കൊത്തുന്നതായി തോന്നി. പക്ഷേ, അവൾ കേവലം ചിരിച്ചുകൊണ്ടു്, അയാൾക്കു ചായയുണ്ടാക്കാനെന്ന വ്യാജേന അടുക്കളയിൽ കടന്നു രക്ഷപ്പെട്ടു. ആവി വമിക്കുന്ന ഒരു

നിറഞ്ഞ കോപ്പയോടുകൂടി അവൾ മടങ്ങിവന്നപ്പോൾ അയാൾ ചാരുകസേരയിൽ കിടന്നു വിശ്രമിക്കുകയാണ്. അയാൾ അവളോടുപറഞ്ഞു: "പ്രിയേ, ഞാനീ സമ്മാനം നിനക്കായി വാങ്ങിക്കൊണ്ടുവന്നതെന്തുകൊണ്ടെന്നറിയാമോ? കാരണം, നീ ഇവിടെ വന്നതുമുതല്ക്ക് എൻെറ വ്യാപാരം അഭിവൃദ്ധിപ്പെടുകയാണ്." അയാൾ എങ്ങനെയാണ് പണമുണ്ടാക്കിയിരുന്നതെന്നൊന്നും ഗൌരി ആരായാറില്ല; അയാൾക്കതു ധാരാളമുണ്ടെന്നതേ അവൾക്കുവേണ്ടു. ഉദാസീനമട്ടിൽ എന്താണ് ബിസിനസ്സെന്ന് ഇന്ന് അവളൊന്നു ചോദിച്ചുപോയി. അയാളുടെ ആനന്ദമൊന്നും പറയേണ്ട. സരസസല്ലാപസ്വരത്തിൽ അയാൾ വിവരിച്ചു: "അരിവില കുറഞ്ഞിരുന്നപ്പോൾ ഞാനെൻെറ ഏജണ്ടുമാർവഴി ധാരാളം വാങ്ങി ശേഖരിച്ചു. ഇപ്പോൾ ഞാൻ മൂന്നിരട്ടി വിലയ്ക്കാണ് വില്ക്കുന്നത്."

"ക്ഷാമമുണ്ടാവുമെന്നു നിങ്ങളെങ്ങനെ അറിഞ്ഞു?"

അയാൾ അവളുടെനേരെ കണ്ണുകാട്ടിക്കൊണ്ടു പറഞ്ഞു: "കൊച്ചുകിളി, വ്യാപാരത്തിൽ, ക്ഷാമമെല്ലാം സൃഷ്ടിക്കാൻ സാധിക്കും. അതിനെപ്പററിയൊന്നുമാലോചിച്ചു നിൻെറ ഈ ചെറിയ തല പുണ്ണാക്കേണ്ട. ഈശ്വരാനുഗ്രഹത്താൽ, നിനക്കും എനിക്കും എൻെറ വലിയ കുടുംബത്തിന്നും വേണ്ടത്ര പണം എൻെറ കൈവശമുണ്ടെന്നുമാത്രം ധരിച്ചാൽമതി."

പക്ഷേ ഗൌരി ഒരു കാലത്തു ബുദ്ധിയും പ്രവൃത്തിപരിചയവുമുള്ള ഒരു പെണ്ണായിരുന്നു. അതുകൊണ്ടവൾ പതുക്കെ മന്ത്രിച്ചു: "നിങ്ങളുടെ വാങ്ങലും വില്ക്കലുംകൊണ്ടു ഞങ്ങളെപ്പോലുള്ള ഈ ആളുകളെയെല്ലാം നിങ്ങൾ ചൂതുകളിക്കുള്ള കരുക്കളാക്കി. പണം സമ്പാദിക്കുകയും അതു കുന്നുകൂട്ടുകയുമൊഴിച്ചു മററൊരു വിചാരവുമില്ലാത്ത നിങ്ങളെപ്പോലുള്ളവർ ഞങ്ങളുടെ കുട്ടികളുടെ വായിൽനിന്നു ഭക്ഷണം വിലപേശി തട്ടിക്കൊണ്ടുപോയി."

രഞ്ജിത് ബാബുവിനു രസിച്ചില്ല. ഇത്തരം അസുഖകരമായ വാസ്തവങ്ങൾ കേൾക്കാനയാൾക്കിഷ്ടമില്ല. അതും അയാളുടെ വെപ്പാട്ടിയിൽനിന്നതു കേൾക്കാൻ ഒട്ടും രസമില്ല. അതുകൊണ്ടയാൾ സ്വരമുയർത്തി അവളോടിങ്ങനെ പറഞ്ഞു: "നീ എന്താണാക്ഷേപിക്കുന്നതു്? എനിക്കു പണമുണ്ടായിരുന്നില്ലെങ്കിൽ നീയിപ്പോൾ എവിടെയായിരിക്കും?"

വാസ്തവം, ഗൌരി വിചാരിച്ചു, അതുവളരെ വാസ്തവമാണ്. തൻെറ സ്വന്തം കുട്ടിയുടേയും ഭർത്താവിൻേറയും സഹോദരന്മാരുടേയും സഹോദരിമാരുടേയും രക്തംകുടിച്ചു ജീവിക്കുന്ന ഒരു ജന്തുവാണു് അവൾ—അങ്ങനെയുള്ള ഒരു പൈശാചികജീവിതമാണവളുടേതു്. രഞ്ജിത് ബാബുവിൻെറ കൈ അരിയിൽ പെരുമാറിയിരുന്നില്ലെങ്കിൽ, അവൾ ഇവിടെ എത്തുമായിരുന്നോ? അവൾ ഇപ്പോഴും, പണ്ടത്തെപ്പോലെ, ഒരു ഭാര്യയും അമ്മയുമായിരിക്കയില്ലേ? ആ വില്ലേജിലെ ഏററവും സൌഭാഗ്യമുള്ള സ്ത്രീയായിരിക്കയില്ലേ? അവൾ മുമ്പൊരിക്കലും ഇങ്ങനെ ചിന്തിച്ചിട്ടില്ല. അവൾ കാര്യങ്ങളുടെ യാഥാർത്ഥ്യമറിഞ്ഞിരുന്നില്ല—പക്ഷേ, ഇപ്പോൾ വളരെ വൈകിപ്പോയി. അവൾക്കൊരസ്വാസ്ഥ്യമുണ്ടായി.

രഞ്ജിത് ബാബു കട്ടിലിൽ കിടക്കുകയാണ്. പകൽ വല്ലാത്ത ചൂടും തളർച്ചയുമുണ്ടായിരുന്നു. രാത്രിയും ചുട്ടുപൊകച്ചൽതന്നെ. ഗൌരി പാകംചെയ്തുകൊടുത്ത ചോറും കറികളും നല്ല രുചിയുള്ളതായിരുന്നു. അയാൾ തൻെറ തിററയിൽത്തന്നെ മുഴുകിയിരുന്നതുകൊണ്ടു് അവൾ യാതൊന്നും കഴിച്ചിട്ടില്ലെന്നതു ശ്രദ്ധിച്ചതേയില്ല. എന്തോ അവൾക്കാ ഭക്ഷണം ഇറങ്ങുന്നില്ല. സ്മരണകളും ഒരു പക്ഷേ, പശ്ചാത്താപങ്ങളും കൂട്ടത്തോടെ വന്നു് അവളെ ശ്വാസംമുട്ടിച്ചു. തൻെറ മരിച്ചകുട്ടിയുടെ മുഖം അവളുടെ മുമ്പിൽ വന്നു. സ്വന്തം നിലയും ജീവി

തവും ആ ഭക്ഷണവുമെല്ലാമോത്തപ്പോൾ അവൾക്കോക്കാനിക്കാൻവന്നു. തന്റെ സംരക്ഷകനും യജമാനനുമായ അയാൾ കട്ടിലിൽ കിടക്കുകയാണ്. അവൾ അയാൾക്കരികിലിരുന്ന് അയാളെ വീശിക്കൊണ്ടിരുന്നു. ശാന്തമായ കാറേററുള്ള ലയംകൊണ്ടയാൾ ഉറങ്ങി. വികാരവിക്ഷോഭംകൊണ്ടു തളൎന്ന് അവൾ അയാളുടെ മാറു തലയിണയാക്കി കിടന്നുറക്കമായി.

ഞാൻ എവിടെയാണ്? എന്നുള്ള സംഭ്രാന്തചിന്തയോടുകൂടി അവൾ ഞെട്ടിയുണൎന്നു. "എന്റെ വയറെരിയുന്നേ, ദൈവത്തെ ഓൎത്ത് ഒരുപിടിച്ചോറു തരണേ!" എന്നുള്ള നിലവിളി മുഴങ്ങി. അതോരോ വീട്ടിന്നുമുകളിലും മറെറാലിക്കൊണ്ടു. ആ ശബ്ദം, ആ സ്വരം—ഹാ! ദൈവമേ! അങ്ങനെ വരാൻ തരമില്ല—അദ്ദേഹം മരിച്ചിരിക്കുന്നു എന്നാണവർ അവളോടു പറഞ്ഞത്. അവൾ നിശ്ശബ്ദയാതനയോടെ കരഞ്ഞു. രഞ്ജിത്ബാബു ഉറങ്ങുകയാണ്. അവാച്യമായ ഒരാശങ്കയോടെ അവൾ ചുവട്ടിലേയ്ക്കിറങ്ങിവന്ന് ഒരു റാന്തലുംകൊണ്ടു മുൻവശത്തുള്ള വാതിലിലൂടെ എത്തിനോക്കി. വെളിച്ചം കണ്ടപ്പോൾ യാചകൻ കൂടുതൽ അടുത്തുവന്നു. സ്വപ്നത്തിലെന്നപോലെ അവൾ വിളക്കുയൎത്തിപ്പിടിച്ചു. അയാളുടെ മുഖവും അവളുടെ കഴുത്തിലെ മാലയും ആ പ്രകാശത്തിൽ തെളിഞ്ഞുകണ്ടു.

"അമ്മാ, ഇത്തിരി ചോറു തരണമമ്മാ" ഗൌരി നിശ്ശബ്ദമായി നിന്നു—ഇത് അവളുടെ മേലുള്ള അവസാനത്തെ വിധിപാച്ചിലായിരുന്നു—അത്ര നാഗനാണ്. അനേകം രാത്രികളിൽ തന്റെ അരികിൽ കിടന്നുറങ്ങിയ ഒരുവന്റെ മുഖത്തെ പരിചിതങ്ങളായ ആ രേഖകൾ എങ്ങനെയാണ് വിസ്മരിക്കുക? ഒരു പ്രേതത്തെപ്പോലെ അയാൾ രാത്രി അവളുടെ അരികിൽ വന്നിരിക്കുന്നു! അവൾ ഒരു പ്രതിമപോലെ സ്തംഭിച്ചു

ശബ്ദം പുറപ്പെടാതെ അയാളെ തുറിച്ചുനോക്കിക്കൊണ്ടുനിന്നു. അവളുടെ മൌനത്തെ തെററിദ്ധരിച്ചുകൊണ്ട് അയാൾ പറഞ്ഞു: "നിങ്ങളെനിക്കു ചോറുതരില്ലേ? ഞാൻ വളരെ നേരമായി വിളിക്കാൻ തുടങ്ങിയിട്ട്, പക്ഷേ ആരും കേൾക്കുന്നില്ല. അവരെല്ലാം വിളക്കണച്ച് എന്നെ കേവലം അവഗണിച്ച് ഉറങ്ങാൻ പോകുന്നു. നിങ്ങളും എന്നെ വെറുതെ അയയ്ക്കുമോ?"

"അയ്യോ, എൻെറ പ്രാണനാഥാ, നിങ്ങൾ ഇതുവരെ എവിടെയായിരുന്നു? ഇപ്പോൾ വളരെ വൈകിപ്പോയി" എന്നു വിലപിക്കുവാൻ ഗൌരിക്കു തോന്നി. ആ റോട്ടിലേയ്ക്കിറങ്ങി അയാളുടെ പിന്നിൽ ചെന്നുനില്ക്കാൻ അവളാഗ്രഹിച്ചു. പക്ഷേ, അതിനു പകരം അവൾ ഭക്ഷിക്കാത്ത ആ ചോറും കറിയും എടുത്തുകൊണ്ടുവന്ന് അയാളുടെ ആ വൃത്തികെട്ട ചട്ടിയിലേയ്ക്കു കമഴ്ത്തി. ഇതിനിടയിൽ രഞ്ജിത്ബാബു കോവണിയിറങ്ങിവരുന്നതും കോപാകുലനായിരുന്ന അയാളുടെ സ്വരവും അവൾ കേട്ടു. "എന്താണ് നീ ഇവിടെ ചെയ്യുന്നത്? രാത്രി താഴത്തിറങ്ങിവരരുതെന്നു ഞാൻ നിന്നോടു പറഞ്ഞിട്ടില്ലേ?"

അയാളിൽനിന്നു ഗൌരിയുടെ ദൃഷ്ടികൾ, ചുററുപാടുകളെല്ലാം വിസ്മരിച്ചു തൻെറ ചട്ടി നക്കി വൃത്തിയാക്കുന്ന ആ യാചകനിൽ പതിച്ചു. അവൾ ഞെട്ടി വിറച്ചു. അയാൾക്കരികിൽ വീണ്ടും പെരുവഴിയുടെ ഭയാനകത, യാഥാൎത്ഥ്യത്തിൻെറ വൃത്തികേട്, ഭക്ഷണത്തിനുവേണ്ടിയുള്ള ഭ്രാന്തുപിടിച്ച മല്ലിടൽ. ഇല്ല, ഇല്ല. രഞ്ജിത്ബാബുവും സുരക്ഷിതാവസ്ഥയും തന്നെ കാത്തുനില്ക്കുന്ന ആ വീട്ടിൻെറ നിഴലിലേയ്ക്ക് അവൾ തിരിഞ്ഞുനോക്കി. ഒരിക്കൽക്കൂടി ആ റാന്തലിൻെറ ദീപ്തി അവളുടെ കണ്ഠാഭരണത്തിൽ തട്ടിത്തിളങ്ങി. ഗൌരി പുറത്തേയ്ക്കുള്ള വാതിൽ കൊട്ടിയടയ്ക്കുമ്പോൾ അതു ദൃഷ്ടതയോടെ കൺചിമ്മി.

# അവർ മടങ്ങിവന്നു

വൃദ്ധനായ നൊമ്പു പെരുവിരൽ നിലത്തൂറപ്പിച്ച് ഇളകാൻ കൂട്ടാക്കാതെ തന്റെ എല്ലുന്തിയ കൈകൾ ആകാശത്തേക്കുയർത്തി വിലപിച്ചു: "എന്റെ ഈ പൈതൃകമായ ഗൃഹം വിട്ടു ഞാനെവിടേയ്ക്കാണ് പോകേണ്ടത്? എന്റെ അച്ഛനും മുത്തച്ഛനും ഇവിടെക്കിടന്നാണ് മരിച്ചത്. ഞാനും ഇവിടെക്കിടന്നുതന്നെ മരിക്കും. ഇതൊരു വൈക്കോൽപ്പുരയാണെങ്കിലും എന്റെ സ്വന്തം വീടാണ്. ഞാനിതിൽത്തന്നെ താമസിക്കും. ഇല്ല, ഇല്ല. ഞാനൊരിക്കലും പോവില്ല." ഗ്രാമത്തിലുള്ള കാരണവന്മാർ അയാളോടു ഉദ്ഘോഷിച്ചു: "നൊമ്പു, നീ ഇവിടെക്കിടന്നു മരിച്ചുപോവും. ഈ ഗ്രാമത്തിൽ തീരെ ഭക്ഷണം കിട്ടാനില്ല. ഞങ്ങളെല്ലാം പട്ടണത്തിലേയ്ക്കു പോകയാണ്. അവിടെ നമുക്കു ഭക്ഷണം തരുന്ന ധനികന്മാരുണ്ട്."

"ഞാനിവിടെക്കിടന്നു മരിച്ചുകൊള്ളാം," അയാൾ മക്കടമുഷ്ടി പിടിച്ചു.

"പക്ഷേ, നിന്റെ പൌത്രിയായ ജൂതികയെ വിചാരിക്കു. നീ അവളെക്കൂടി മരണത്തിന്നിരയാക്കുകയല്ലേ?"

നൊമ്പു കുഴങ്ങി. അല്പനേരം ആലോചിച്ചിട്ട് അയാൾ പറഞ്ഞു: "അവൾ നിങ്ങളുടെകൂടെ വരട്ടെ!"

ഗ്രാമീണർ ഭീതിയോടെ കൈകളുയർത്തിപ്പറഞ്ഞു: "ഒരു ചെറുപ്പക്കാരിയായ വിധവ തന്റെ രക്ഷിതാവോടുകൂടാതെ പോവുകയോ! നൊമ്പു, നീ ബുദ്ധിയോടു യാത്ര പറഞ്ഞോ?"

അകത്തുനിന്നിതെല്ലാം കേട്ടുകൊണ്ടിരുന്ന ജൂതിക പുറത്തേയ്ക്കുവന്നു പറഞ്ഞു: "മുത്തച്ഛാ, എനിക്കു നിങ്ങളല്ലാതെ ആരുമില്ല. നിങ്ങൾ പറയുന്നതാണ് ശരി. നമുക്കിവിടെത്തന്നെ പാർക്കാം. ഞാൻ മുത്തച്ഛനെ വിട്ടുപോവില്ല. ദയവുചെയ്തു

എന്നെ പറഞ്ഞയയ്ക്കരുതു്." മനസ്സാക്ഷിക്കുണ്ടായ ശല്യത്തോടെ നൊബു പറഞ്ഞു: "നമ്മൾ മരിച്ചുപോവുമെന്നവർ തീർച്ചയാക്കിക്കഴിഞ്ഞു. കുട്ടി, നിനക്കു ചെറുപ്പമാണു്, നീ ജീവിക്കണം—"

"ജീവിതമോ മുത്തച്ഛാ!" ശ്രുതിക കാലുഷ്യത്തോടെ പറഞ്ഞു: "ഒരു വിധവയുടെ ജീവിതം എന്തു ജീവിതമാണു്! മറെറാരു ജന്മത്തിലേയ്ക്കു വേഗം എത്താൻ കഴിയുമെങ്കിൽ അതാണു് നല്ലതു്."

അങ്ങനെ നൂറിലധികം നിവാസികളുണ്ടായിരുന്ന ആ ഗ്രാമത്തിൽ അവർ രണ്ടുപേരും ഒററയ്ക്കു താമസിച്ചു. നിത്യവും ക്ഷീണിച്ചവലഞ്ഞ കൃഷിക്കാർ പട്ടണത്തിലേയ്ക്കു പോയ്ക്കൊണ്ടിരിക്കുന്നതവർ സൂക്ഷിച്ചു. ആശയും വാഗ്ദാനവും നിറഞ്ഞ ഗാനമൂതുന്ന ഏതോ ഒരു ഗായകൻ അവരെ അങ്ങോട്ടാകർഷിക്കുന്നതുപോലെ തോന്നി. ആ ചെറുപ്പക്കാരി തൻെറ കുടിലിൻെറ മൺചുമർ ചാരിയിരുന്നുകൊണ്ടു് ആ ഒഴിഞ്ഞുപോക്കു നോക്കുകയാണു്. നായ്ക്കൾപോലും അവരെ അനുഗമിച്ചു. അവർക്കു പശ്ചാത്താപമില്ല. അങ്ങനെ ഒരു യാത്രയ്ക്കുള്ള കെല്പു് അവളുടെ മുത്തച്ഛനില്ല. അദ്ദേഹത്തെ വഴിയരികിൽ കിടന്നു മരിക്കാനനുവദിക്കാനും അവൾക്കു വയ്യ. അവരുടെ കഥ കലാശിച്ചപോലെയാണു്. എങ്കിലും ആ പോകുന്നവരിലെത്ര പേർ തിരിച്ചുവരുമെന്നവൾ അത്ഭുതപ്പെട്ടു. മുത്തച്ഛൻെറ തീരുമാനം ശരിയാണെന്നവൾ വീണ്ടും വിചാരിച്ചു. അവർ പോകാതിരുന്നതാണു് നന്നായതു്.

വയസ്സനായ നൊബുവിൻെറ പൂർവ്വികന്മാർ ജാതിയിൽ ചെരുപ്പുകുത്തികളായിരുന്നു. എന്നാൽ ഇങ്ങനെ ഒരു വകതിരിക്കലുണ്ടെന്നല്ലാതെ ഇന്നാ പാരമ്പര്യത്തെ തെളിയിക്കാൻ അധികമൊന്നും അവശേഷിക്കുന്നില്ല. ഇന്നയാൾ മററുള്ളവ

രെപ്പോലെതന്നെ ഒരു കൃഷിക്കാരനാണ്. ആചാരസംബന്ധമായ ചില അവസരങ്ങളിലൊഴികെ ഈ വ്യത്യാസം അത്ര അനുഭവപ്പെടാറുമില്ല. ചിലപ്പോൾ ബ്രാഹ്മണപുരോഹിതൻ ആ വഴിക്കു വരും. അയാൾ അവരുടെ കുടിലിൽ കേറുകയില്ല. നൊബുവും ജൂതികയും ദൂരേനിന്ന് അയാളെ വന്ദിക്കും. ജൂതികയുടെ വിവാഹത്തിന്ന് അടുത്ത ഗ്രാമത്തിലുള്ള ജാതിയിലൊരു വരനെ അന്വേഷിക്കേണ്ടിവന്നു. പക്ഷേ, ഇതെല്ലാം അനിവാര്യമായംഗീകരിക്കപ്പെട്ടു. മററു സമയങ്ങളിലൊക്കെ ഗ്രാമീണർ നൊബുവിനു ചുററും കൂട്ടും. അവർ അയാളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു; അതുകൊണ്ടാണിപ്പോൾ അയാളെ വിട്ടുപോകാൻ അവക്കു മടി തോന്നിയതു്. അവരെല്ലാം പോയിക്കഴിഞ്ഞപ്പോൾ, നൊബു തൻെറ ഒഴിഞ്ഞിരുന്ന ഹുക്കക്കുഴൽ നിറഞ്ഞിരിക്കുന്നതായി ഭാവിച്ചു വലിക്കാൻ തുടങ്ങി. അതിൽ പുകയിലയുണ്ടായിരുന്നതു വളരെപ്പണ്ടാണെന്ന കഥ അയാൾ മറന്നു. അയാളുടെ കണ്ണെത്താത്തത്ര ദൂരത്തുനിന്നുപോലും ഒഴിച്ചുപോകുന്നവരുടെ നേരിയ സ്വരങ്ങൾ അയാളുടെ കൺണ്ണുങ്ങളിലെത്തി. ഒരു ജീവിതകാലം മുഴുവൻ അയാളൊന്നിച്ചുണ്ടായിരുന്നവർ പിരിഞ്ഞുപോയി. അവരുടെ ആ പഴയ ചെറുഗ്രാമത്തിൽ അയാൾ ഒററയ്ക്കായി.

“നെല്ലു വിളയുമ്പോഴേയ്ക്കും ഞങ്ങൾ മടങ്ങിവരും.” അവർ പറഞ്ഞു. അതുണ്ടാവുമോ? അപ്പോഴേയ്ക്കും അയാൾ എവിടെയായിരിക്കും? തൻെറ പ്രവൃത്തിയുടെ അനിവാര്യഫലമെന്തായിരിക്കുമെന്നതിൽ അയാൾക്കു യാതൊരു വ്യാമോഹവുമുണ്ടായിരുന്നില്ല. എങ്കിലും ഒരു പഴയ വൃക്ഷത്തെ വെട്ടി മറെറാരു ദിക്കിൽ കൊണ്ടുചെന്നു നട്ടാൽ അതുണങ്ങുകയല്ലാതെ പുഷ്ടിക്കയില്ലെന്നയാൾ വാദിച്ചു.

“ജൂതി!” അയാൾ പൌത്രിയോടു പറഞ്ഞു: “ഓമനേ, ഇവിടെ വരു; എൻെറ അടുത്തിരിക്കു. നമുക്കു വമ്പിച്ച ഒരു

സമരമാണ് നടത്തേണ്ടിവരിക—" അയാൾ അവളുടെ കൊഴുത്തുരുണ്ട തരുണഹസ്തങ്ങൾ തടവി. "നമുക്കെന്നെങ്കിലും ബുദ്ധിമുട്ടിനു കുറവുണ്ടായിട്ടുണ്ടോ മുത്തച്ഛാ! എന്നും നാം ജീവിക്കാൻവേണ്ടി മല്ലിടുകയല്ലേ? അവസാനമിതാ മരണത്തെ തുറിച്ചുനോക്കിക്കൊണ്ടിരിക്കാനുള്ള ദുർയ്യോഗവും നമുക്കു നേരിട്ടിരിക്കുന്നു. എന്തെങ്കിലും ചെയ്യാനുണ്ടോ എന്നാലോചിക്കയേ വേണ്ട. കാരണം, അങ്ങനെ യാതൊന്നുമില്ല. എല്ലാം നമ്മുടെ പിടി വിട്ടിരിക്കുന്നു." വൃദ്ധൻ അവളുടെ മിനുത്തു കറുത്ത തലമുടി തടവിക്കൊണ്ടു ചെറുപ്പക്കാരുടെ ബുദ്ധിയെക്കുറിച്ചത്ഭുതപ്പെട്ടു. കാരണം, അവൾ പറഞ്ഞതു തക്കമററ സംഗതിയാണ്. പക്ഷേ, അവൾക്കു വളരെ ചെറുപ്പമാണ്, അവൾ മരിക്കുമെന്നോർത്തപ്പോൾ അയാളുടെ ഹൃദയം പൊട്ടിക്കരഞ്ഞു. നിശ്ശബ്ദമായ ഒരു കലാപം അയാൾക്കുള്ളിലുണ്ടായി.

അന്നുമുതൽ അവരുടെ ജീവിതം വിചിത്രമായിരുന്നു. അവർ ഒരു പ്രേതഗ്രാമത്തിലാണ് പാക്കുന്നതെന്നു തോന്നി. വൃദ്ധൻ, ആ കുടിലുകളിലോരോന്നിലും, അവ ഓരോന്നും ഒഴിഞ്ഞതാണെന്നു വീണ്ടും വീണ്ടും സ്വയം ഉറപ്പിക്കാനെന്നപോലെ, ചുററിയടിക്കും. ചിലപ്പോൾ ആരെങ്കിലും പിന്നിലിട്ടുപോയ വല്ല മരപ്പാവയും പെറുക്കിയെടുത്തു വിനോദിക്കുന്നമട്ടിൽ അതുമിതും പറഞ്ഞുകൊണ്ടു മടങ്ങിവരും. അവർ അല്പം ശേഖരിച്ചുവെച്ചിരുന്ന അരി കഴിയാറായി. വൃദ്ധൻെറ ശരീരത്തിലെ തൊലി എല്ലുകളിൽ ഉണങ്ങാൻ തൂക്കിയിട്ടതുപോലെയായി. ജ്യൂതികയുടെ നേത്രങ്ങളിലെ ശാന്തതയെല്ലാം പോയി; ചിലപ്പോൾ അവയിൽ ഒരു ഭീതിഭാവം ഒളിക്കുന്നതു കാണാം. അവൾ പലപ്പോഴും കുളക്കരയിൽ ചുററിനടന്നുകൊണ്ടു രക്ഷാമാർഗ്ഗങ്ങളെപ്പററി ചുഴിഞ്ഞാലോചിക്കും. പക്ഷേ, മുത്തച്ഛൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം യാതൊരു പോംവ

ഴിയുമില്ല. അവർ സ്വാതന്ത്ര്യവും മിക്കവാറും അന്യോന്യം ബന്ധപ്പെടാതെയുമുള്ള ഒരു ജീവിതമാണ് നയിച്ചത്. ഇതിനു മുമ്പൊരിക്കലും അവൾക്കിപ്പോഴത്തെപ്പോലെ, താൻ തൻെറ സ്വന്തം നായികയാണെന്നു തോന്നിയിട്ടില്ല. ഇടയ്ക്കിടയ്ക്കൊക്കെ മുത്തച്ഛൻ തപ്പിത്തടഞ്ഞു കുടിലിൻെറ ഉയരം കുറഞ്ഞ ഇറയത്തേയ്ക്കു കയറിവരുന്നതു കാണുമ്പോൾ, അവൾ അയാളെ നോക്കി ആശങ്കപ്പെട്ടു—അയാളുടെ കാഴ്ച മിക്കവാറും നശിച്ചിരിക്കുന്നു; ഭക്ഷണത്തിൻെറ കുറവ് അയാളുടെ കണ്ണിൻെറ അമൂല്യമായ ദീപ്തിയെ കവർന്നെടുക്കുന്നു. ഒരു ദിവസം കഞ്ഞി, ഒരു ദിവസം ചോറ് എന്നായിത്തീൎന്നു—അതും എത്ര നാളേയ്ക്ക്? അവരുടെ മേൽ വാ പിളൎന്നിരിക്കുന്ന ആ കാർമേഘത്തെപ്പററി രണ്ടുപേരും മൌനമവലംബിച്ചു. അതിനെ എതിരിടണമെന്നതു് അവർ സ്വയം സ്വീകരിച്ച ഒരു മാൎഗ്ഗമാണ്. അവരുടെ വിരക്തിഭാണ്ഡംമാത്രമായി നിലനില്ക്കാനുള്ള അടിസ്ഥാനം.

വൃദ്ധൻ അധികമധികം ക്ഷീണിച്ചുവന്നതോടെ അയാളുടെ കുടിതെണ്ടലും അധികമായിത്തീൎന്നു. ജാതിക വ്യസനത്തോടുകൂടി അയാളോട്ട് അറിവുവെച്ചിട്ടില്ലാത്ത ഒരു കുട്ടിയോടെന്നപോലെ പെരുമാറി. അയാളെ ഇഷ്ടംപോലെ നടക്കാനനുവദിച്ചു. അയാളെ സന്തോഷിപ്പിച്ചിരുന്ന ഏകസംഗതി അതു മാത്രമായിരുന്നു. ആ ഗ്രാമത്തിൽ മുഴുവനും പണ്ടത്തെപ്പോലെതന്നെ ജീവിതം നിറഞ്ഞു വഴിയുന്നതായി അയാൾ സങ്കല്പിച്ചു. കുട്ടികളുടെ കളിയും ചിരിയും, സ്ത്രീകൾ കററമെതിക്കുന്നതുമെല്ലാം ഒരു മൃഗതൃഷ്ണപോലെ, ഒരു ചലച്ചിത്രത്തിലെന്നപോലെ അയാൾ മുന്നിൽ കണ്ടു.

ഒരു സായാഹ്നത്തിൽ, സൂൎയ്യൻ വിജനവും വിസ്തൃതവുമായ ഒരു ക്ഷേത്രത്തിൻെറ പിന്നിൽ താണു മറഞ്ഞുകൊണ്ടിരുന്ന

മ്പോൾ വൃദ്ധൻ വല്ലാതെ ആവേശംപൂണ്ടു പരിഭ്രമിച്ചു വരുന്ന തു കണ്ടു. ജ്യൂതിക അന്നും പതിവുപോലെ മുററത്തെ തുളസിയെ വന്ദിച്ചു വീട്ടിൽ അവശേഷിച്ചിരുന്ന ഏതാനും തുള്ളി വെളി ച്ചെണ്ണയൊഴിച്ചു വിറയ്ക്കുന്ന കൈകളോടെ വിളക്കു കൊളു ത്താൻ ഒരുങ്ങുകയായിരുന്നു. വൃദ്ധൻ അവളെ ആവത്തിച്ചാവ ത്തിച്ചു വിളിച്ചു. അയാൾക്കു കാത്തുനില്ക്കാനുള്ള ക്ഷമയില്ലാ യിരുന്നു. അവൾ ഉടൻ ചെല്ലണം. അയാളെ സന്തോഷിപ്പി ക്കാൻവേണ്ടി അവൾ ഒരു ക്ഷീണിച്ച നെടുവീർപ്പോടെ എഴുന്നേ ററുചെന്നു: "ജ്യൂതി, എനിക്കെന്തോ ഒന്നു കണ്ടുകിട്ടിയിട്ടുണ്ട്. കണ്ണറിയാൻ വയ്യ. അതു ജീവനുള്ള വസ്തുവാണോ എന്നൊ ന്നു വന്നുനോക്കു്."

അവൾ അനുതാപത്തോടെ അയാളെ നോക്കി. അവളുടെ കണ്ണിൽനിന്നു് ഒരു തുള്ളി കണ്ണീർ അയാളുടെ ചുളിഞ്ഞ കൈ കളിൽ അടന്നുവീണു: "കുട്ടി, നീ കരയുന്നുണ്ടോ?" അവളുടെ വ്യസനത്തിൻെറ ആഴമറിയാൻ സാധിക്കാതെ നിസ്സഹായ നായി, അയാൾ സാത്ഭുതം നോക്കി. "ഇല്ലാ, മുത്തച്ഛാ," അ തയാളുടെ വ്യാമോഹങ്ങളെ തകക്കുതെന്നു വിചാരിച്ചു കണ്ണു തുടച്ചുകൊണ്ടവൾ ചോദിച്ചു: "എന്താണു് വസ്തു?"

"വന്നു നോക്കു്" അവളെ പിടിച്ചുവലിച്ചുകൊണ്ടു വൃ ദ്ധൻ നടന്നു.

ആ കുടിലുകളിലൊന്നിൻെറ ഇരുളടഞ്ഞ വാതിൽപ്പഴു തിൽ അല്പം നിന്നു്, വൃദ്ധൻ തപ്പിത്തടഞ്ഞു് അകത്തേയ്ക്കു കട ന്നു. ജ്യൂതിക കൈമുട്ടിൽ പിടിച്ചു താങ്ങിക്കൊണ്ടു് അയാളെ സ ഹായിച്ചു. ഒരിക്കൽ ഒരു ധനികകൃഷിക്കാരനായിരുന്നവനും എല്ലാവക്കും പരിചിതനുമായ കാളിബാബുവിൻെറ ഗൃഹത്തി ലേയ്ക്കാണവർ പ്രവേശിച്ചതു്. ആ ഗൃഹത്തിലേയ്ക്കു് അന്യക്കു പ്രവേശനമുണ്ടായിരുന്നില്ല. പക്ഷേ എല്ലാവരേയും ഒരുപോ

ലെ ബാധിച്ച ക്ഷാമം ആ ഗൃഹത്തേയും ഒഴിച്ചുവിട്ടില്ല. അതിൻെറ ആഘാതത്തിൽ നിസ്സാരവും ഭൌതികവുമായിരുന്ന വ്യത്യാസങ്ങളെല്ലാം മാഞ്ഞുപോയി. കാളിബാബുവും കുടുംബവും മററുള്ളവരുടെ അതേ പടിയിലെത്തിയതു കണ്ടപ്പോൾ അവക്കെല്ലാം ഒരു ഞെട്ടലുണ്ടായി. കരഞ്ഞുകൊണ്ടു കാളിബാബുവിൻെറ കുടുംബവും ആ ഒഴിച്ചുപോകുന്നവരുടെ സംഘത്തിൽ ചേന്നു. ആ പുരയുടെ തറയിലും തട്ടിലുമെല്ലാം സമ്പന്നതയുടെ ചില ചിഹ്നങ്ങൾ അവിടവിടെയായി അവശേഷിക്കുന്നുണ്ടു്. പക്ഷേ, അതു വിജനമായിരുന്നു, നഗ്നമായിരുന്നു. തനിക്കു പ്രിയപ്പെട്ടതെല്ലാം നഷ്ടപ്പെട്ട ഒരു ദുഃഖിതയായ സ്ത്രീയെപ്പോലെ അതവരെ സ്വീകരിക്കാൻ കൈനീട്ടിനിന്നു. തൻെറ മുത്തച്ഛൻ ഇവിടെ എന്തു ചെയ്യുകയാണെന്നു ജൂതി അത്ഭുതപ്പെട്ടു. എങ്കിലും അവൾ അദ്ദേഹത്തെ ഇച്ഛാനുസാരം അനുഗമിച്ചു. ഒരു ചായ്പ്പിലേക്കു കടക്കാറായപ്പോൾ അയാളുടെ ഉത്സാഹം വദ്ധിച്ചു. തലക്കു ഭ്രാന്തു പിടിച്ചുപോയോ എന്നു ഭയപ്പെട്ടുകൊണ്ടു് അവൾ വാതില്ക്കൽ നിശ്ചേഷ്ടയായി നിന്നു. ആ നരച്ച വൃദ്ധനും ക്ഷീണിച്ച യുവതിയും നിലത്തു കിടക്കുന്ന ഒരു മനുഷ്യരൂപവും—മങ്ങിയ സാന്ധ്യപ്രകാശത്തിൽ അതൊരു ഭയങ്കരകാഴ്ചതന്നെയായിരുന്നു. രാത്രിയുടെ അന്ധകാരത്തോടുകൂടി ഏകാന്തത പരന്നു—നാശത്തിലേക്കടിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമിയിലെ അവസാനനിവാസികളാണവരെന്നു തോന്നി.

"ജൂതി, അയാൾക്കു ജീവനുണ്ടോ?" വൃദ്ധനായ നൊബു മന്ത്രിച്ചു.

പരിതഃസ്ഥിതിയുടെ യാഥാത്ഥ്യവുമായി സ്വയം ഇണങ്ങിക്കഴിഞ്ഞിട്ടില്ലായിരുന്ന ജൂതി ഒരു യന്ത്രപ്പാവയെപ്പോലെ കുനിഞ്ഞു. ആ ശരീരത്തിൻെറ നെഞ്ചിൽ ചെവിവെച്ചുകൊണ്ടു നൊബു ഉൽക്കണ്ഠാപൂവ്വം നോക്കിനിന്നു. തുലോം നേരിയ ഒരു പിടപ്പു്, ദീഘമായുള്ള ഒരു വലിവു്, അതിൽ ജീവൻ തി

കച്ചം അവസാനിച്ചിട്ടില്ല. "കഞ്ഞിവെള്ളം—മുത്തച്ഛാ, ഞാൻ പോയികൊണ്ടുവരട്ടേ?"

"വേണ്ട," നൊബു പറഞ്ഞു: "നമുക്കിയാളെ നമ്മുടെ പുരയിലേയ്ക്കു കൊണ്ടുപോകാം. അവിടെക്കിടത്തി ശുശ്രൂഷിക്കുന്നതായിരിക്കും കൂടുതൽ നല്ലതു്."

"ആരാണെടുത്തുകൊണ്ടുപോവാൻ?" ജൂതി ചോദിച്ചു. "മുത്തച്ഛനു് അതിനുള്ള ശക്തിയില്ല. എനിക്കും പണ്ടത്തെപ്പോലുള്ള കരുത്തില്ല. നാം രണ്ടുപേരുംകൂടി ഉന്തിത്തള്ളിയാൽ അയാൾ ഒരു പക്ഷേ വഴിക്കു മരിച്ചുപോയിയെന്നും വരും. നമുക്കു നമ്മുടെ അത്യാവശ്യസാധനങ്ങൾ ഇങ്ങോട്ടെടുത്തുകൊണ്ടു പോരാം—അവ വളരെയൊന്നുമില്ലല്ലോ. നമുക്കിവിടെത്താമസിച്ചു് ഇയ്യാളെ ശുശ്രൂഷിക്കാം." അയാളെ ജീവിപ്പിക്കണമെന്നതു വളരെ പ്രധാനകാര്യമായവൾക്കു തോന്നി—എങ്ങനെയെന്നും എത്രകാലംകൊണ്ടെന്നും അവൾക്കപ്പോൾ ആലോചിക്കാൻ കഴിഞ്ഞില്ല. തല്ക്കാലസ്ഥിതി മാത്രമേ അവളിലപ്പോൾ ഏശിയുള്ളു. ആ മെലിഞ്ഞുണങ്ങിയ ശരീരം ഒരു യുവാവിൻേറയോ വൃദ്ധൻേറയോ എന്നു നിർണ്ണയിക്കാൻ അവൾക്കു കഴിഞ്ഞില്ല. ആ അബോധാവസ്ഥയിൽ അയാളെ മരിക്കാനനുവദിക്കുന്നതായിരിക്കും കൂടുതൽ കനിവുള്ള പ്രവൃത്തിയെന്നവൾക്കൊരിക്കലും തോന്നിയില്ല. ജീവിക്കാനുള്ള ആഗ്രഹം അത്ര പ്രാകൃതികമാണു്.

പിന്നീടു ജൂതിയും മുത്തച്ഛനും ചില ചുട്ട കിഴങ്ങുകളും കുറച്ചുവറവും ഭക്ഷിച്ചുവന്നു. കഞ്ഞിവെള്ളം രോഗിക്കുകൊടുക്കും. ആദ്യം അയാളുടെ ജീവൻ കെട്ടാറിയെന്നും അതു വീണ്ടും ഉയർത്തിക്കത്തിക്കാനസാദ്ധ്യമാണെന്നും തോന്നി. കുറെ ദിവസം അയാൾ ബോധരഹിതനായിത്തന്നെ കിടന്നു. പക്ഷേ അവർ രണ്ടുപേരും രാപ്പകൽ ഭേദമില്ലാതെ അയാളുടെ അടു

ത്തിരുന്നു ശുശ്രൂഷിച്ചു. നൊമ്പു വീട്ടിനുള്ളിലിരിക്കും. ജൂതി യാകട്ടെ, കിഴങ്ങുകൾ തപ്പിപ്പറിക്കാനും വെള്ളം കൊണ്ടുവരാനും മററുമായി പുറത്തിറങ്ങി സഞ്ചരിക്കുകയും ചെയ്യും. ഇതൊരു പതിവായി. അപ്പൊഴൊരിക്കൽ മുത്തച്ഛൻ തൻെറ ഓഹരിച്ചോറു വേണ്ടെന്നുവെച്ചതിൽ അവൾ പ്രതിഷേധിച്ചു; പക്ഷേ അയാൾ അവളുടെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു: "കുട്ടി, ഞാൻ കുഴിയിലേക്കു കാലുനീട്ടിയിരിക്കയാണ്. ഞാനനുന്നായി മരണത്തിൻെറ വക്കത്തേക്കു നീങ്ങിക്കൊണ്ടിരിക്കയാണ്. അവനു ചെറുപ്പമാണ്. അവൻ ജീവിച്ചാൽ ഒരു കടമ ചെയ്യതീക്കേണ്ടതുണ്ടാവും. നമുക്കുള്ളതെന്തും അവനു കൊടുക്കുക. നമ്മുടെ മൂന്നുപേരുടേയും കഥ നോക്കുമ്പോൾ, ഞാൻ എൻെറ കാലം തികച്ചും ജീവിച്ചുകഴിഞ്ഞു. ജൂതി, കഴിയുന്നതും വേഗംതന്നെ മുത്തച്ഛൻ പോകട്ടെ. നീ ധൈര്യത്തോടുകൂടി അതിനെ നേരിടണം".

അയാൾ ഒന്നാമതായി സുബോധം വന്നു കണ്ണു തുറന്നപ്പോൾ വല്ലാതെ അമ്പരന്നുപോയി; ഉടനെത്തന്നെ വീണ്ടും ബോധരഹിതനായിത്തീന്നു. അടുത്ത തവണ ബോധമുള്ളമാത്ര കുറച്ചുകൂടി നീണ്ടുനിന്നു. ആദ്യം വൃദ്ധൻെറ നേരെയും പിന്നെ ജൂതിയുടെ വിളറിയ മനോഹരമുഖത്തേക്കും വളരെ നേരം തുറിച്ചുനോക്കിക്കൊണ്ടു് അയാൾ ക്ഷീണസ്വരത്തിൽ പതുക്കെ മന്ത്രിച്ചു: "എല്ലാവരും പോയെന്നാണ് ഞാൻ വിചാരിച്ചതു്." അനന്തരം എന്തോ ഒരു ക്ഷോഭമേററതുപോലെ അയാൾ പിടഞ്ഞെഴുന്നേററിരിക്കാൻ ശ്രമിച്ചു; പക്ഷേ ഉടനെ മറിഞ്ഞുവീണു. അയാൾ ഒരു വാടിയ മന്ദഹാസത്തോടെ പറഞ്ഞു: "ഞാൻമൂലമാണ് നിങ്ങൾ പോകാത്തതു്. അല്ലേ? എനിക്കിപ്പോൾ വളരെ ഭേദമാണ്. അതിനാൽ നിങ്ങൾ പൊയ്ക്കോളൂ. കാത്തുനില്ക്കേണ്ട. അവരോടൊപ്പമെത്തണ്ടേ?"

ജൂതി ഒന്നും മിണ്ടിയില്ല; മുത്തച്ഛൻ പറഞ്ഞു: "മകനേ, സമയം ധാരാളമുണ്ട്. ഞങ്ങൾ അവരുടെ ഒപ്പമെത്തിക്കൊള്ളാം. അതിനെപ്പററി വിചാരപ്പെടേണ്ട. വേഗം സുഖപ്പെടട്ടെ. എന്നാൽ ഞങ്ങൾക്കു പോവാറാവും. അതുകൊണ്ടു മനസ്സുവെച്ചു ശരീരബലം സമ്പാദിക്കു" പിന്നീടു തന്നോടുതന്നെയായി അയാൾ ഇങ്ങനെ പറഞ്ഞു: "എങ്ങനെയാണ് പോകുന്നതു്? എന്തിനുവേണ്ടി?"

ക്രമേണ അയാളുടെ അവയവങ്ങൾക്കു ബലംവെച്ചു. ഒരു ദിവസം അയാൾ, തൻെറ പേർ ശശിയെന്നാണെന്നവരോടു പറഞ്ഞു. അയാൾ കാളീകിങ്കരൻെറ മകനായിരുന്നു. അയാൾക്കു ജീവൻ വീണ്ടുകിട്ടിയതു മുത്തച്ഛൻെറ ജീവരക്തത്താലാണെന്നു തോന്നി. കാരണം അയാൾ എണീററിരുന്ന ദിവസം മുതൽ നൊമ്പു കിടപ്പിലായി. തൻെറ കാഴ്ചകൊണ്ടാണിതെല്ലാം സംഭവിച്ചതെന്നാദ്യം വൃദ്ധൻ ഭാവിച്ചു. പക്ഷേ, വാസ്തവം ഒളിച്ചുവെയ്ക്കാൻ നിവൃത്തിയില്ലാതായപ്പോൾ അയാൾ ജൂതിയെ വിളിച്ചുപറഞ്ഞു: "ഓമനേ, കരയരുതു്. നീ ഒരു നല്ല കുട്ടിയാണ്. എനിക്കുവയസ്സായി. നമ്മുടെയെല്ലാം അവസാനം ഒന്നുതന്നെയായിരിക്കും. അതുകൊണ്ടു ധൈര്യമവലംബിക്കു. എനിക്കു നിങ്ങളെ വിട്ടുപോവാനാഗ്രഹമില്ല."

അവൾ പൊട്ടിക്കരഞ്ഞു: "മുത്തച്ഛാ, മുത്തച്ഛാ, പോവരുതു്. എന്നെ വിട്ടുപോവരുതു്."

"ഞാൻ പോയിട്ടില്ലല്ലോ" വൃദ്ധൻ ക്ഷീണസ്വരത്തിൽ പറഞ്ഞു: "ഈ വയസ്സൻനായയിൽ ജീവൻ ഇപ്പോഴും ബാക്കി നിൽപ്പുണ്ട്" പക്ഷേ പിന്നീട് അയാൾ, അവൾ പാകം ചെയ്തു കൊണ്ടുവന്ന കിഴങ്ങുകളും പച്ചിലകളുമൊന്നും ഭക്ഷിച്ചില്ല. അല്പം വെള്ളം മാത്രം കുടിച്ചു കിടന്നതേയുള്ളു.

ഒരു ദിവസം ജൂതിക കുടത്തിൽ വെള്ളം കോരിനിറച്ചു വരുമ്പോൾ തെങ്ങിന്മേൽ ഒരു കഴുകൻ നിശ്ചലമയി നോക്കി

ക്കൊണ്ടിരിക്കുന്നതു കണ്ടു. അതെന്തു കാത്താണ് അങ്ങനെ നോക്കിക്കൊണ്ടിരിക്കുന്നത്? ഈ വിചാരം അവളിൽ ഒരു വല്ലാത്ത ഭയാകമ്പമുളവാക്കി. വെള്ളം നിറച്ച കുടം അവളുടെ ഒക്കത്തുനിന്നു താഴെവീണു തകന്നു. അവൾ കരഞ്ഞുകൊണ്ട കത്തേയ്ക്കോടി: "അല്ല, അല്ല, അതല്ല. എനിക്കതു വിചാരിക്കാനേവയ്യ—മുത്തച്ഛാ; മുത്തച്ഛാ!" വാതില്ക്കൽ ശശിയുണ്ടായിരുന്നു. അയാൾക്കു കഷ്ടിച്ച നിരങ്ങാം; അത്രയേ ആയിട്ടുള്ളു: "എന്താണത്? എന്തു പററി?"

ഭയാകമ്പത്തോടെ കരഞ്ഞുകൊണ്ടവൾ പറഞ്ഞു: "തെങ്ങിന്മേൽ ഒരു കഴുകനിരിക്കുന്നതു ഞാൻ കണ്ടു." ചുണ്ടുവരെ വിളത്തിരുന്ന അയാൾ പറഞ്ഞു: "കഴുകൻ: എന്താ അതുകൊണ്ട്?" അവൾ മന്ത്രിച്ചു: "മുത്തച്ഛൻ!"

"ദൈവമേ!" എന്നു പറഞ്ഞുയാൾ താഴെ വീണു. ജൂതി അകത്തേയ്ക്കോടിച്ചെന്നു മുത്തച്ഛൻെറ അരികിലിരുന്ന് അയാളെ കൈകൊണ്ടു തടവി. അയാളുടെ ക്ഷീണിച്ച സ്വരം അവൾ കേട്ടു: "എന്താണ് കുഞ്ഞേ? വിഡ്ഢി, നിൻെറ മുഖം കണ്ണീരിൽ കുളിച്ചിരിക്കുന്നു." അയാൾ ശകാരിച്ചു.

"പ്രിയപ്പെട്ട മുത്തച്ഛാ, വേഗം സുഖപ്പെട്ടെണീക്കൂ." അവൾ അപേക്ഷിച്ചു. അയാൾ സസ്മിതം പറഞ്ഞു: "ഓമനേ, ഭയപ്പെടരുത്. ശശി നിന്നെ രക്ഷിക്കും. അയാൾക്കു ചെറുപ്പമാണ്. അയാൾ സുഖപ്പെട്ടെണീക്കും. ഞാൻ പട്ടതിരികത്തുന്ന ഒരു വിളക്കാണ്."

പിറേറന്നു പ്രഭാതത്തിൽ, ഉഷസ്സിൻെറ തുടുപ്പ് ആകാശത്തിൽ പരന്നതോടുകൂടി, മുത്തച്ഛൻെറ ജീവിതനാളം പൊലിഞ്ഞു. അയാളുടെ ശരീരത്തിന്നരികിലിരുന്നു ജൂതികകരഞ്ഞു. ശശി എന്തുവേണ്ടുവെന്നറിയാതെ ലജ്ജയോടെ അവൾക്കരികിലിരുന്നു. അവസാനം, അടക്കമില്ലാതെ പുറപ്പെട്ടു, വാ

ക്കകളിൽ അയാൾ അവളോടു പറഞ്ഞു: "നീ എന്തിനാണെന്നെ രക്ഷിക്കാൻ നോക്കിയതു്? അദ്ദേഹത്തിനു കൊടുക്കേണ്ട ഭക്ഷണംകൊണ്ടാണു് നീ എന്നെപ്പോററിയതു്. അങ്ങനെ അദ്ദേഹം മരിച്ചു."

ജൂതി ദൃഷ്ടിയുയർത്തി; അവളുടെ ഇരുകപോലങ്ങളിലും തിളങ്ങിയ രണ്ടു കണ്ണീർക്കണങ്ങളുടെ നടുവിൽ, ഒരു വാടിയ മന്ദസ്മിതം കാണായി. "അദ്ദേഹമാണു് നിങ്ങളെ കണ്ടെത്തിയതു്. അദ്ദേഹത്തിൻെറ ആഗ്രഹമായിരുന്നു അതു്. ഇങ്ങനെ സംഭവിക്കുമെന്നെനിക്കറിയാമായിരുന്നു — അദ്ദേഹമായിരുന്നു എൻെറ സർവ്വസ്വവും — ഇപ്പോൾ അദ്ദേഹവും പോയി. എൻെറ സ്വാർത്ഥം മാത്രമാണെന്നെ കരയിക്കുന്നതു്."

ആ ഗ്രാമത്തിലെ അരുവിയുടെ തീരത്തു് അവർ അദ്ദേഹത്തെ മറചെയ്തു. വളരെ പ്രയാസപ്പെട്ടും പല ദിക്കിലും ഇറക്കിയും അവർ ആ മൃതശരീരം അവിടെയെത്തിച്ചു. നിശ്ശബ്ദമായി അതിലേക്കു ദൃഷ്ടിയിട്ടുകൊണ്ടു വൃക്ഷങ്ങളിൽ തത്തി തത്തി കഴുകന്മാർ അവരെ പിന്തുടൎന്നു. ആ ശരീരം അവററയ്ക്കു് ഇരയാവരുതെന്നു ജൂതി ദൃഢനിശ്ചയം ചെയ്തിരുന്നു. അതുകൊണ്ടവൾ തൻെറ സ്വന്തം കൈകൊണ്ടുതന്നെ ചിതകൂട്ടി മുത്തച്ഛൻെറ ശരീരം ദഹിച്ചു ചാമ്പലാകുന്നതുവരെ അവിടെ കാത്തുനിന്നു. അവർ മടങ്ങിവന്നപ്പോൾ ഒരു പുതിയ ജിജ്ഞാസയോടെ പരസ്പരം നോക്കി — ഇനി എന്താണു് വേണ്ടതു്? ആ സ്ഥിതിയുടെ അസാധാരണത്വം അവർ ചിന്തിച്ചില്ല. തടങ്ങൽമുറിയിലെ സഹജീവികളെപ്പോലായിരുന്നു അവരുടെ നില. മരണത്തെ അഭിമുഖീകരിച്ചിരിക്കുന്നവക്കു നിത്യജീവിതത്തിലെ നിസ്സാരസംഗതികൾ, ജീവിതം മുഴുവൻ ജീവിച്ചുതീക്കാനുള്ളവരെക്കാൾ വിലപ്പെട്ടതാണു്. അവക്കു് ഓരോ സൂര്യോദയവും തങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള ജീവിതത്തി

ലെ മറെറാരു ദിവസത്തിൻെറ തുടക്കമാണ്; ഓരോ രാത്രിയും തങ്ങൾ ജീവിച്ച ഒരു ദിവസത്തിൻെറ അവസാനമാണ്. ഈ രമണീയമായ അനുഭവം, അധികകാലം അങ്ങനെ തുടൎന്നു പോകാൻ കഴിയാത്തവൎക്കു മാത്രമേ ഉണ്ടാവുകയുള്ളു. അതുകൊണ്ടവർ ഓരോ മാത്രയും, ആവേശത്തോടും സന്തുഷ്ടിയോടും കൂടി ആസ്വാദിക്കുന്നു. ആലോചിച്ചുനോക്കാനോ - പശ്ചാത്തപിക്കാനോ സമയമില്ല. ഭൂതകാലം വലിച്ചെട്ടക്കുന്നതിനുമുമ്പു വൎത്തമാനത്തെ ആസ്വാദിക്കാനുള്ള ദാഹം മാത്രം.

അവർ രണ്ടുപേരും നയിച്ചുവന്ന ആ ജീവിതത്തിൽ പ്രാകൃതമായ എന്തോ ഒന്നുണ്ടായിരുന്നു. കഴിച്ചുകൂടാത്ത ഭക്ഷണം കൊണ്ട് അവരുടെ ശരീരം വല്ലാതെ മെലിഞ്ഞു. അവർ ജീവനോടുകൂടിയ അസ്ഥിപഞ്ജരങ്ങളേക്കാൾ ഒട്ടും മീതെയല്ലാതായി. എങ്കിലും ശശിയുടെ ആർദ്രത പലപ്പോഴും ജ്ഞതിയുടെ ചുണ്ടിൽ ഒരു സ്മിതവും നയനങ്ങളിൽ ഒരു പ്രകാശവുമണയ്ക്കും. അവർ പരസ്പരമുള്ള പ്രണയത്തെ ഒരിക്കലും പ്രഖ്യാപിച്ചില്ല, ഒരു നീണ്ട ഭാവിയെക്കുറിച്ചാലോചിക്കാനുള്ളവൎക്കുമാത്രമേ അതിനവസരമുള്ളു. പക്ഷേ, ജ്ഞതി രാത്രികാലങ്ങളിൽ പതുക്കെ അയാളുടെ അരികിൽ ചെന്നിരിക്കും. അവസാനം താൻ ഒരാൾക്കു പ്രിയപ്പെട്ടവളായതിൽ അവൾക്കൊരു ചാരിതാൎത്ഥ്യം തോന്നി. തങ്ങളുടെ ജീവിതകാലം എത്ര ചെറുതാണെന്നും ഭവിഷ്യത്തെന്തായിരിക്കുമെന്നുമുള്ള ചിന്തകൾ അവരെ അലട്ടിയില്ല. തലമുടി ചിടക്കെട്ടിയ അവളുടെ ശിരസ്സ് തൻെറ വക്ഷസ്സിലണച്ചുകൊണ്ടു ശശി അത്ഭുതപ്പെടാറുണ്ട്: തൻെറ വധു മരണത്തിൻെറ കവാടത്തിൽ വെച്ചു തന്നെ കണ്ടുമുട്ടുകയും ജീവിതത്തിലേയ്ക്കു തിരിച്ചുകൊണ്ടുവരികയും ചെയ്യുമെന്നു മാതാപിതാക്കൾ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരിക്കുമോ? അവൾ ആരാണെന്നോ അവളുടെ ചരിത്രമെന്തെന്നോ ചോദിച്ചറിയ

ണമെന്ന ചിന്ത അയാളിൽ ഒരിക്കലും ഉദിച്ചില്ല—മുത്തച്ഛൻ അവരെ രണ്ടുപേരെയും തമ്മിൽ കൂട്ടിയിണക്കി; അതിലപ്പുറമൊന്നുമറിയണമെന്നയാളാഗ്രഹിച്ചില്ല. പതുക്കെപ്പതുക്കെ മരിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ ജീവിക്കുന്ന അവക്ക് അത്തരം സംഗതികളൊക്കെ ഓർത്തിട്ടെന്തുകാര്യം? അധികം താമസിയാതെ, അവരും തങ്ങളുടെ വംശപാരമ്പര്യങ്ങളോടൊത്തു ഭൂതകാലത്തിൽ ലയിക്കും. എങ്കിലും അവർ ഒരിക്കലും മരണത്തെപ്പററി സംസാരിച്ചില്ല. വയററിൽ വിശപ്പു വല്ലാതെ കത്തുമ്പോൾ അവർ ഒരു ഗ്ലാസ് പച്ചവെള്ളം കുടിച്ച് അന്യോന്യം ഹസ്താലംബനം പൂണ്ട് അങ്ങനെയിരിക്കും. അല്ലെങ്കിൽ അവർ തൊട്ടുതൊട്ടു വിശപ്പുകൊണ്ടുറക്കം വരാതെ കണ്ണുംമിഴിച്ചു കിടക്കും. അവർ മരണത്തോടത്രമാത്രം അടുത്തായിരുന്നതുകൊണ്ടു ജീവിതചഷകം കുറേശ്ശ കുറേശ്ശയായി കുടിച്ചുവററിച്ചു. ഓരോ രാത്രിയും അവർ ആലോചിക്കും, അടുത്ത പ്രഭാതം കാണുമോ എന്ന്; ഓരോ പ്രഭാതത്തിലും അവർ ആനന്ദിക്കും, ഒരു ദിവസംകൂടി അവരുടെ ആ നശ്വരബന്ധം തുടന്നു നില്ക്കുമല്ലോ എന്ന്. ഇതിനിടയിൽ ശരീരസാദം ക്രമപ്രവൃദ്ധമായി അവരെ പിടികൂടിയിരുന്നു. ജീവിക്കുവാനുള്ള മനസ്സും അതിയായ ആഗ്രഹവും മാത്രമാണവരെ താങ്ങിനിർത്തിയിരുന്നത്.

അന്നൊരു പ്രഭാതത്തിൽ പൊടുന്നനെ ജ്യൂതി എണീററിരുന്നു മന്ത്രിച്ചു: "ശബ്ദങ്ങൾ!" അനന്തരം എന്തോ വിചാരിച്ച് അവൾ പിന്നോട്ടു മലച്ചു. "ഓ, എനിക്കുന്മാദം പിടിപെട്ടിരിക്കുന്നു." പക്ഷേ അവ അധികമധികം ഉച്ചത്തിൽ കേട്ടുതുടങ്ങി—ആളുകൾ ആർത്തു കേഴുന്നു, കുട്ടികൾ കരയുന്നു. മിഥ്യാഭ്രമങ്ങൾ വദ്ധിച്ചുവരുന്നു; അവസാനം സ്വയം അടക്കിനിത്താൻ വയ്യാതായപ്പോൾ അവൾ ശശിയെ വിളിച്ചുണത്തി: "നിങ്ങൾ എന്തെങ്കിലും കേൾക്കുന്നുണ്ടോ?" ക്ഷുത്തിനാൽ മി

കവാറും ചെവി കേൾക്കാതായിത്തീൎന്നിരുന്ന ശശി തല കുലു ക്കി. അനന്തരം സാനുകമ്പം പറഞ്ഞു: "ഉണ്ട്, ജ്യോതി, ഞാൻ കേൾക്കുന്നുണ്ട്. എന്താണതു്?" പുരസ്തകത്തുനിന്നു് അവൾ ഭീതിപൂൎവ്വം പുറത്തേയ്ക്കെത്തിനോക്കിയപ്പോൾ അസ്ഥിശേഷരാ യ വൃദ്ധന്മാരും സ്ത്രീകളും കുട്ടികളുമടങ്ങിയ ബീഭത്സമായ ഒരു ഘോഷയാത്ര ഗ്രാമത്തിലേയ്ക്കു വരുന്നതു കണ്ടു. അവരെല്ലാം ആരാണെന്നവൾ അത്ഭുതപ്പെട്ടു. ആരോ ഒരാൾ തപ്പിത്തടഞ്ഞു് ആ പുരയുടെ നടക്കല്ലു കയറിവരുന്നുണ്ട്. വേച്ചുവേച്ചുനടക്കു ന്ന ഒരു വയോധികൻ, അയാളുടെ വയർ പട്ടിണികൊണ്ടു് ഒട്ടി ഒരു ഗുഹപോലായിത്തീൎന്നിരിക്കുന്നു. പ്രേതങ്ങളായിരിക്കു മോ എന്നു ശങ്കിച്ചു. അയാൾ വീട്ടിലുള്ള ആ രണ്ടു പേരേയും തുറിച്ചുനോക്കി. "ശശി!" അയാൾ മന്ത്രിച്ചു, "അവന്റെ പ്രേ തം!" വരണ്ട ചുണ്ടുകളാൽ ആ യുവാവു വിളിച്ചു. "അച്ഛാ! ഞാനാണിതു്." അതോടെ അയാൾ നിലംപതിച്ചു. ജ്യോതിവി ഷാദപൂൎവ്വം മുന്നോട്ടു വന്നു് അയാളുടെ തലയുയൎത്തി തന്റെ കാൽമുട്ടിന്മേൽ വെച്ചു. വൃദ്ധൻ പുറത്തു വല്ലാത്ത വിളിയും ബഹളവും കൂട്ടി: "ഇതാ, നമ്മുടെ കൈവശമുള്ള അല്പം ഭക്ഷ ണം ഇങ്ങോട്ടു കൊണ്ടുവരിക. എന്റെ ശശി മരിച്ചിട്ടില്ല. വ ലിയ അത്ഭുതമാണു്! അവനെ ജീവിപ്പിക്കാൻ അല്പം ഭക്ഷണ മേ വേണ്ടു."

"ശശി!" അമ്മ വിളിച്ചു. ഇതു വാസ്തവമാണോ? ദൈവ കൃപ. പക്ഷേ എങ്ങനെയാണതു്?"

ഗ്രാമീണരെല്ലാം മടങ്ങിയെത്തി അവരവരുടെ ഗൃഹങ്ങ ളിലേയ്ക്കു പോയി. ജ്യോതി അവളുടെ സ്വന്തംഗൃഹത്തിലേയ്ക്കും മടങ്ങി. ശശിയുടെ അച്ഛനമ്മമാരുള്ളതുകൊണ്ടു് ഇനി അയാ ളുടെ അരികിൽ അവളെക്കൊണ്ടാവശ്യമില്ല. അവരെല്ലാം പാ പ്പരായി, അഗതികളായിട്ടാണു് മടങ്ങിവന്നതു്. പുരുഷന്മാ

തും കുട്ടികളും ഓരോ പുരസ്സുകത്തും കിടന്നു മരിക്കുകയാണ്. അശ്സ്സും പരന്നുപിടിച്ചു. കഴുകനിപ്പോൾ കരിണയെക്കൂടി കിട്ടിയിരിക്കുന്നു. തങ്ങൾ എന്തിനാണ് മടങ്ങിവന്നതെന്ന് അവർ ആശ്ചയ്യപ്പെട്ടു. നെൽക്കതിരുകൾ, യൌവനത്തിലേ ക്കു പ്രവേശിക്കുന്ന ഒരു പെൺകുട്ടിയെപ്പോലെ ഉയരംവെച്ച വളൎന്നു വിളഞ്ഞുതുടങ്ങുന്നതേയുള്ളു—പക്ഷേ, അതു കൊയ്യേണ്ട വർ വാദ്ധക്യംകൊണ്ടു വിറയ്ക്കുന്നു. എങ്കിലും, പച്ചനിറവും സപൎണ്ണവൎണ്ണവും പൂണ്ട വയലുകൾ ചക്രവാളാഭിമുഖമായി നി ന്നു തിരതല്ലുന്നതു നോക്കുമ്പോൾത്തന്നെ അവരുടെ കണ്ണുകളി ലെ തിളക്കം തിരിച്ചെത്തും. ജൂതി രോഗികളായ കുട്ടികളെ ശുശ്രൂഷിച്ചുവന്നു. അവരുടെ അമ്മമാർ അവൾക്കെന്തെങ്കിലും ഭക്ഷണം കൊടുക്കും—അരി ചന്തയിൽ വന്നു. അതു വാങ്ങാൻ വേണ്ടി കൃഷിക്കാരൻ അയാളുടെ പുരയും പാത്രങ്ങളുമെല്ലാം വിററു. വൃദ്ധനായ നൊബുവും അയാളുടെ സമകാലീനരും മ രിച്ചുകഴിഞ്ഞു. ചെറുപ്പക്കാർ പഴയ പടിയിലേക്കു മടങ്ങി വന്നു. അങ്ങനെയാണ് പാഷാണഹൃദയമായ പട്ടണം അവ രോടു പകരംവീട്ടിയതു്.

ഈ മടങ്ങിവരവിനുമുമ്പു താൻ മരിച്ചുപോയിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്നു ജൂതി ഇടയ്ക്കു വിചാരിക്കാറുണ്ട്. കാരണം, അവളുടെ മുത്തച്ഛൻ പോയിക്കഴിഞ്ഞു. ശശിയേയും അവർ അവളിൽനിന്നപഹരിച്ചു. അയാളുടെ മാതാപിതാക്ക ളോട് അവൾക്കു കഠിനദേഷ്യം തോന്നി. പക്ഷേ, ഒരു ദിവ സം രാത്രി അവളുടെ ജനലിൽ മന്ദമായി ആരോ മുട്ടുന്ന തു കേട്ടു. "ഞാനാണ്—ശശി—വാതിൽ തുറക്കൂ." അയാൾ ഇവിടെ വന്നല്ലോ എന്നോർത്തപ്പോൾ അവളുടെ ദേഷ്യമെല്ലാം അലിഞ്ഞുപോയി. അവൾ സോത്സാഹം വാതിൽ തുറന്നു.

"ഞാൻ ജൂതിയെ മറന്നുവെന്നു വിചാരിച്ചോ?" അവൾ മിണ്ടിയില്ല. അപ്പോൾ അയാൾ ആദ്യമായി അവളോടു പറ

ഞ്ഞു: "ശ്രുതി, ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ എനിക്കു ജീവിതം വീണ്ടെടുത്തുതന്നു. അതു നിന്റേതാണ്. ഇതൊരിക്കലും മറക്കരുത്." അവളിൽ ഒരു പുതിയ അത്ഭുതം നിറഞ്ഞു. അവൾ തന്നോടുതന്നെ ഇങ്ങനെ പറഞ്ഞു: "അയാൾ എന്നെ സ്നേഹിക്കുന്നു, അയാൾ എന്നെ സ്നേഹിക്കുന്നു" ഏററവുമധികം അസാധാരണമായ ഒരു സംഗതിയാണതെന്നു തോന്നും. അവർ ഒരിക്കലും വിവാഹത്തെപ്പററി സംസാരിച്ചില്ല. ഒരുപക്ഷേ, അവർ അതു വിസ്മരിച്ചിരുന്നിരിക്കാം. അത്രമാത്രം അടുപ്പമുള്ളതിനാൽ അവർ അന്യോന്യമുള്ള പ്രേമത്തെപ്പററി മാത്രമേ സംസാരിച്ചുള്ളു. ഒന്നാമതായിട്ടാണവരന്യോന്യം ശരിയായിക്കാണുന്നതെന്ന്, ഒരു പുരുഷനും സ്ത്രീയുമെന്ന പരസ്പരബോധം അവക്കാദ്യമായിട്ടാണുദിക്കുന്നതെന്നു തോന്നി—ആ പരമമായ ബോധത്തിൽ മററുള്ളതെല്ലാം വിസ്മരിക്കപ്പെട്ടു. എല്ലാം ഒരു മഹത്തായ ദീപ്തിപ്രവാഹത്തിൽ മുങ്ങി. ചന്ദ്രനും നക്ഷത്രങ്ങളും അവരുടെ മേൽ വെള്ളിപ്പൂക്കൾ പൊഴിച്ചു. അവരുടെ കണ്ണുകളിൽ ഗന്ധർവ്വന്മാർ ഗാനം പൊഴിച്ചു. അനാദികാലംമുതല്ക്കേ സ്ത്രീയേയും പുരുഷനേയും കൂട്ടിയിണക്കിവന്നിട്ടുള്ള ആ പ്രാകൃതികമായ അത്ഭുതത്താൽ ഈ ലോകം നിറഞ്ഞുവഴിഞ്ഞു. തങ്ങൾക്കായി ആശയും ജീവിതവും നിറഞ്ഞണയുന്ന മറെറാരു പ്രഭാതം രാത്രിക്കു വിരാമമിടുന്നതവർ സൂക്ഷിച്ചു. ശശി രഹസ്യമായ വാഗ്ദാനങ്ങളോടുകൂടി അവളുടെ ആലിംഗനത്തിൽനിന്നു സ്വയം വിമോചിപ്പിച്ചു.

പക്ഷേ ആ പ്രഭാതം ഒരു വമ്പിച്ച വിനാശപരമ്പരയെയാണെത്തിച്ചതു്. ശശിയുടെ അച്ഛൻ അയാളോടു പറഞ്ഞു: "ആ ചെരുപ്പുകുത്തിയുടെ പൌത്രി നിന്റെ ഭാര്യയാണെന്നു കേൾക്കുന്നതു വാസ്തവമാണോ?" അയാൾ മറുപടി പറഞ്ഞു:

"എന്റെ ഭാര്യയല്ല." വൃദ്ധൻ തുടൎന്നു: "അവൾ ഒരു വിധവയാണെന്നു നിനക്കറിയില്ലേ?"

"അതുകൊണ്ടെന്താണ്?" ശശി ചോദിച്ചു. "അവളാണ് എന്റെ ജീവൻ രക്ഷിച്ചതു്. അതുകൊണ്ടു് എന്റെ ജീവിതം അവളുടേതാണ്."

"ശശി, അതു ഞാനൊരിക്കലും അനുവദിക്കില്ല. ഒന്നാമതു ജാതിയിൽ താഴ്ന്ന ഒരുവൾ. രണ്ടാമതു് ഒരു വിധവ! എന്റെ കുടുംബത്തിന്റെ പേരു് അങ്ങനെ ചളിയിൽ പൂഴ്ത്താൻ ഒരിക്കലും വയ്യ." ശശി മന്ദഹസിച്ചുകൊണ്ടു് അച്ഛൻ വീട്ടിൽനിന്നു പുറത്തേയ്ക്കിറങ്ങുന്നതു നോക്കിക്കൊണ്ടുനിന്നു.

പുരോഹിതൻ ജ്യൂതികയോടു പറഞ്ഞതു് അവൾ തല താഴ്ത്തിനിന്നു കേട്ടു: "അയാൾ നിന്നോടുകൂടി ജീവിക്കുന്നതു പാപമാണ്. മറെറാരുവനാൽ സ്വയം ശാരീരികമായി ആകൎഷിക്കപ്പെടാൻ നീ അനുവദിച്ചു. നിനക്കിനി ഗതിയില്ല. എന്നാൽ, നീ അയാളെ രക്ഷിക്കാനാഗ്രഹിക്കുന്നു ഇല്ലേ? നീ ജാതിയിൽ ഒരു ചെരുപ്പുകുത്തിയുടെ മകളാണ്. അയാൾ ഒരുയൎന്ന ജാതിയിൽപ്പെട്ട ആളാണ്. ഇങ്ങനെയുള്ള മഹാപാതകം ചെയ്യരുതു്."

"പാതകമോ?" അവൾ ചോദിച്ചു. ഈ ചോദ്യം അവളുടെ ഹൃദയം വീണ്ടും വീണ്ടുമാവൎത്തിച്ചു. "ഞാൻ അയാളെ സ്നേഹിക്കുന്നു. അയാൾ എന്നേയും സ്നേഹിക്കുന്നുണ്ടു്. മരണത്തിന്റെ മദ്ധ്യത്തിൽവെച്ചു ഞങ്ങൾ കണ്ടുമുട്ടി, ഞങ്ങൾ ജീവിതം വീണ്ടെടുത്തു—ഞങ്ങൾക്കിടയിൽ എന്തിനാണ് മററുള്ളവർ കടന്നുവരുന്നതു്?"

"അതേ, അതു പാതകമാണ്." പുരോഹിതൻ ആവൎത്തിച്ചുപറഞ്ഞു: "മാത്രമല്ല, പാപവുമാണ്. നീ ഒരു ദിവസവും വൈകാതെ വല്ല പുണ്യക്ഷേത്രങ്ങളിലേയ്ക്കും തീൎത്ഥയാത്ര പോ

യ്യേൊള്ളുക. എന്നാൽ ഒരുപക്ഷേ, നിനക്ക് ഒരു നൂറു ജന്മങ്ങൾ തുടൎച്ചയായി വരുന്ന ശാപത്തിൽനിന്നു മോചനം നേടാം.”

ജ്യുതി നടുങ്ങി.

സ്ത്രീകൾക്ക് അവളോടു കരുണ തോന്നി. പക്ഷേ, കൃസ്തുവിൻെറ പാദത്തിൽ കുമ്പിട്ടുനില്ക്കുന്ന മറിയത്തെയെന്നപോലെ അവർ അവളെ ഭീതിപൂൎവ്വം വീക്ഷിച്ചു. ഇത്ര യുവതിയും സുശീലയുമായ ഒരുവളുടെ മേൽ ഇങ്ങനെ വിധി കല്പിക്കുന്നതിൽ അവർ വ്യാകുലപ്പെട്ടു. പക്ഷേ, എന്തൊക്കെയായാലും അവൾ ഒരു അയിത്തക്കാരിയും ചെരുപ്പുകുത്തിയുടെ കുലത്തിൽപ്പെട്ടവളുമല്ലേ? അവൾക്കു കാളിബാബുവിൻെറ പുത്രൻ ശശിയുമായി ബന്ധമുണ്ടാവാൻ പാടില്ല. മനുഷ്യൻെറ ഇത്തരം നിസ്സാരങ്ങളായ ബോധങ്ങൾക്കു ജീവന്മരണപ്രാധാന്യമൊന്നുമില്ലെന്നതുപോലും അവർ എളുപ്പത്തിൽ വിസ്മരിച്ചു. തങ്ങളുടെ ദുരിതംപിടിച്ച ആ ജീവിതത്തിൻെറ നടുക്കിൽ, അവർ വീണ്ടും നിസ്സാരസംഗതികളെക്കൊണ്ടും ക്രൌൎയ്യങ്ങളെക്കൊണ്ടും സ്വയം വലയംചെയ്തു.

തൻെറ മുത്തച്ഛനെ ആ നദീതീരത്തു് സംസ്കരിച്ച സ്ഥലം ജ്യുതിക തിരഞ്ഞുചെന്നു. താൻ എന്തെങ്കിലും തെററു ചെയ്തിട്ടുണ്ടെങ്കിൽ മാപ്പു നൽകണമെന്നപേക്ഷിച്ചുകൊണ്ടു് ആ മാർദ്ദവമുള്ള മണ്ണിൽ അവൾ കുമ്പിട്ടു. തൻെറ ആധി അദ്ദേഹം മനസ്സിലാക്കുമെന്നവൾക്കറിയാം. ഇനിമുതൽ ശശി നിൻെറ രക്ഷിതാവായിരിക്കുമെന്നദ്ദേഹം പറഞ്ഞിട്ടില്ലേ? തനിക്കു പോകുകയേ നിവൃത്തിയുള്ളു. ഗ്രാമീണരുടെ സദാചാരം, അവൾ ജനിച്ചുവളൎന്ന ആ പഴയ പുരയിൽ താമസിക്കുന്നതിന്നു സമ്മതിക്കുകയില്ല. ആത്മഹത്യയിൽനിന്നവളെ വിലക്കിയതെന്താണു്? താൻ മരണത്തോടെത്രമാത്രം അടുത്തിരുന്നുവെന്നവർ ആ

ലോചിച്ചു. അങ്ങേയറ്റത്തെ മരണാവസ്ഥയിൽനിന്ന് അവൾ ജീവിതത്തിലേയ്ക്കു വീണ്ടും കൊണ്ടുവരപ്പെട്ടു. അങ്ങനെ തിരിച്ചുകിട്ടിയ അമൂല്യമായ ജീവിതം നിസ്സാരമായ പ്രതികാരത്തിന്നുവേണ്ടി ചിലവഴിക്കാൻ അവൾക്കു കഴിഞ്ഞില്ല. അതാ റോഡ്. അതവളെ ക്ഷണിക്കുന്നു. അതു സൌഹാർദ്ദപൂർണ്ണമാണ്. അവൾക്കതിനെ ഭയമില്ല. അതു കേവലം ഒരു ചുവന്ന ചെറിയ പട്ടുനാടപോലെ വീതി കുറഞ്ഞ നിരത്താണ്. പക്ഷേ, അതു് ആശ്വാസകരമാണ്, മൈത്രിയെ പാലിക്കുന്നതാണ്. അതിന്റെ സൌഹാർദ്ദത്തിൽ വിശ്വസിച്ചുകൊണ്ട് അവളതിൽ കാൽ വെയ്ക്കും. അതവളെ മുന്നോട്ടു നയിക്കും. അവൾക്കപ്പോൾ ഒന്നും ഭയമുണ്ടായില്ല.

പിന്നിൽനിന്ന് ഒരു ശബ്ദം: "ജ്യോതി, നീ എവിടെയാണ് പോകുന്നതു്?" ഒരു തേങ്ങിക്കരച്ചിൽ അടക്കിക്കൊണ്ട് അവൾ മറുവടി പറഞ്ഞു:"ഈ വഴിക്കിങ്ങനെ പോകയാണ്." അതിന്നു മയക്കുന്ന ഒരു സ്വരമുണ്ട്. അതു പ്രതീക്ഷകൾ നിറഞ്ഞതാണ്. "എന്തിനാണതു്?" ശശി ഉറച്ച സ്വരത്തിൽ ചോദിച്ചു. അവൾക്കു മറുപടിയില്ലായിരുന്നു. അവൾ അയാളോടെന്തു പറയാനാണ്? "എനിക്കറിയാം" അയാൾ സാവധാനത്തിൽ പറഞ്ഞു. "അവർ എന്നോടു പറഞ്ഞു. ജ്യോതി, നീ എന്താണെന്നെ ഉപേക്ഷിച്ചുപോകുന്നതു്? നിന്റെ മുത്തച്ഛൻ നിന്നെ എന്നെ ഏല്പിച്ചിട്ടല്ലേ പോയതു്?"

"ഞാനിവിടെത്താമസിച്ചാൽ അവർ നമ്മുടെ ജീവിതം നരകതുല്യമാക്കിത്തീർക്കും. പ്രിയതമാ! ഞാൻ പോകട്ടെ. അതാണ് നല്ലതു്."

"പ്രിയേ!" അയാൾ ഹൃദയമലിഞ്ഞു പറഞ്ഞു: "അതെനിക്കറിയാം. എന്നാൽ ഞാൻ നിന്റെ സ്വന്തമല്ലേ—നിയ്യാണെന്നെ മരണത്തിൽനിന്നു രക്ഷിച്ചതെന്നു നീ മറന്നു

പോയോ? നമ്മുടെ ജീവിതസൌഖ്യത്തെ തടയാൻ ആക്കും അധികാരമില്ല" അയാൾ കശ്നമായും ദൃഢമായും പറഞ്ഞു: "അവർ എന്നെ മരണത്തിൽ ഉപേക്ഷിച്ചുപോയി."

ജൂതി മന്ദഹാസിച്ചു; പക്ഷേ, അവൾ അയാളുടെ കരം ഗ്രഹിച്ചപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ പറഞ്ഞു: "അതേ, ഈ റോഡ് പ്രതീക്ഷകളരുളുന്ന ഒരു മിത്രമാണ്. അതു നമ്മെ സഹായിക്കും. മുത്തച്ഛാ, ഞാൻ പോകട്ടെ. അങ്ങേക്കു ശാന്തിയും സൌഖ്യവും കൈവന്നിരിക്കുന്നുവെന്ന് എനിക്കറിയാം."

അവരുടെ ഉയർത്തിയ മുഖങ്ങളിൽ ഉച്ചതിരിഞ്ഞ സൂര്യൻ കനകം വർഷിച്ചു.

# രണ്ടു സഹോദരിമാർ

രണ്ടു സഹോദരന്മാരും പിരിഞ്ഞു പോയിട്ടു മാസം നാലു കഴിഞ്ഞു. പതിവുപോലെ മുക്കുവന്മാർ മീൻ പിടിച്ചു മടങ്ങി വരുന്നതു കണ്ടപ്പോൾ, ആ കുഴപ്പങ്ങളുടേയും കഷ്ടതകളുടേയും നടുക്കും ജീവിതം എത്ര സാധാരണത്വത്തോടുകൂടിയിരിക്കുന്നു വെന്നോർത്ത് അമീന അത്ഭുതപ്പെട്ടു. ആ ചെറിയ മുക്കുവഗ്രാമം, കടൽത്തിരത്തു പാറക്കെട്ടുകളോടുകൂടി മുന്നോട്ടു തള്ളി നില്ക്കുന്ന ഒരു പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. അവിടെ വരുമ്പോൾ ഒരു നദി പെട്ടെന്നു വിശാലമായിത്തീർന്ന് സമുദ്രത്തിൽ വീഴുന്നു. രാത്രികാലങ്ങളിൽ പുരുഷന്മാർ പുറത്തു പോയിരിക്കും—അതു 'ഹിൽസ്'ക്കാലമാണ്. ആ നദിയിൽ തിളങ്ങിക്കാണാറുള്ള വിളക്കുകളുടെ എണ്ണം ഇയ്യിടെയായി വളരെക്കുറഞ്ഞിട്ടുണ്ടെങ്കിലും, ആളുകൾ പഴയപടിതന്നെ അവരുടെ ഗതാഗതം തുടരുന്നു. അവളുടെ ഭർത്താവുമാത്രം അവിടം വിട്ടുപോയി. അങ്ങനെ സ്വന്തം പൈതൃകമായ വീടുവിട്ടുപോയ അനേകം പേരിലൊരുവൻ മാത്രമായിരുന്നു അയാളെന്നതുകൊണ്ടു വിശേഷമൊന്നുമില്ല. അവളെസ്സംബന്ധിച്ചിടത്തോളം അയാൾ നഷ്ടപ്പെട്ടു. അവളെ വ്യക്തിപരമായി ബാധിക്കുന്ന ആ ദുരന്തത്തിൽ അവൾ അത്യന്തം ദുഃഖിച്ചു. തങ്ങളുടെ ഭർത്താക്കന്മാർ അരികിലുള്ള സ്ത്രീകളെപ്പററി അവൾ ഈർഷ്യയോടെ ആലോചിച്ചു; ഏകാകിനിയും അതൃപ്തയുമായിക്കഴിയാൻ വിധി അവളെ തിരഞ്ഞെടുത്തതെന്തിനാണ്? അയാളുടെ സഹവാസം അവൾക്കെല്ലാവിധത്തിലും ആവശ്യമായിരുന്നു. പക്ഷേ, അയാളെ പിടിച്ചുനിർത്താനവൾക്കു കഴിയില്ല.

വലകൾ ഉണക്കാനിട്ടിരിക്കുന്നതും, മീൻനാററം വമിക്കുന്നതുമായ വൃത്തികെട്ട ചെററപ്പുരകളോടുകൂടിയ ആ ഗ്രാമം

മുഴുക്കെ അവൾക്കു സുപരിചിതമാണ്. അവളുടെ പിതാവും ഭർത്താവിൻെറ പിതാവും ആ നദിയിൽ മീൻ പിടിച്ചാണ് ഉപജീവനം കഴിച്ചുവന്നത്. ആ നദി ഗ്രാമത്തെ തൻെറ വിപുലമായ ആശ്ലേഷണത്തിലിട്ടു തൊട്ടിലാട്ടിവന്നു. അവൎക്കെല്ലാം അതൊരു മാതാവിനു തുല്യമാണ്. അവർ അതിലെ ജലത്തെ ആരാധിച്ചു. ഇടയ്ക്കു ക്രൂരഭാവം കൈക്കൊള്ളും. മഴകൊണ്ടു വെള്ളം പെരുകുമ്പോൾ, അവരുടെ സൎവ്വസ്വവും മുക്കിക്കളയുമെന്നു ഭീഷണിപ്പെടുത്തി, ഭീതിയോടും ജാഗ്രതയോടുംകൂടി നോക്കിക്കൊണ്ടിരിക്കുമ്പോഴും ആ നദി അവരുടേതും അവർ നദിയുടേതുമാണെന്ന ബോധം അവൎക്കുള്ളിൽ ഒരു ഞെട്ടിത്തെറിക്കലുണ്ടാക്കും. അമിനയുടെ സഹോദരൻ ഒരു കൊടുങ്കാററിൽപ്പെട്ട്, അയാളുടെ തോണി മുങ്ങിപ്പോയപ്പോഴും അവർ ആ നദിയെ വഞ്ചനയ്ക്കു കുററപ്പെടുത്തിയില്ല. ചിലപ്പോൾ അതു സ്നേഹമസൃണമായി അവരെ മാറോടണയ്ക്കും, മററു ചിലപ്പോൾ ചില പിശാചുക്കൾ പൊന്തിവന്ന് അവരെ അതിൽനിന്നെടുത്തെറിയും. അവളുടെ അമ്മ നദിയുടെ നേൎക്കു മുഷ്ടിചുരുട്ടി നീട്ടിക്കൊണ്ട് ഒട്ടേറെ വിലപിച്ചു. "രക്തദാഹി! പിശാചേ! നീ എൻെറ മൂത്തമകനെക്കൊണ്ടുപോയി." പക്ഷേ അവരുടെ അച്ഛൻ നിശിതമായി ഉണ്ണദോഷിച്ചു: "മിണ്ടാതിരിക്ക്, പെണ്ണേ. നമുക്കു ഭക്ഷണം നല്കുന്ന അമ്മയെ നീ എന്തിനാണിങ്ങനെ ദൂഷിക്കുന്നത്. അതു വിധിയാണ്; നിൻെറ വിധിയെ പഴിക്ക്." ഈ വിശ്വാസത്തോടും സ്നേഹത്തോടുംകൂടിയാണ് മുക്കുവക്കുട്ടികളെ വളൎത്തിയിരുന്നത്. അവരുടെ ലോകം ആ നദിക്കക്കരെയ്ക്കോ, ആ ഗ്രാമപരിധിക്കപ്പുറത്തേയ്ക്കോ വ്യാപിച്ചിരുന്നില്ല. അമിന പിച്ചവെച്ചു തുടങ്ങിയതു മുതല്ക്ക് അച്ഛൻെറ വലയുടെ കേടുതീൎക്കാൻ പഠിച്ചു. നല്ല ബലമുള്ള ട്വൈൻപോലുള്ള ചരടുകൊണ്ട് അയാൾ പുത്തൻ വലകൾ നെയ്യുന്നതവൾ മനോജ്ഞത്തിലാണ്ടു

സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കും. അങ്ങനെ അവൾ ഒരു ബലിഷ്ഠകായനായ മുക്കുവന്റെ ഭാൎയ്യയായിത്തീരുമ്പോൾ, അത്തരത്തിലൊരുവന്റെ ഭാൎയ്യക്കു വേണ്ടതായ പഠിപ്പു മുഴുവൻ അവൾക്കുണ്ടായിരുന്നു. ഗുലാമിന്റെ ചടച്ചതും, തവിട്ടുനിറമാണ്ടതും, അരമുതൽ മേല്പോട്ടു നഗ്നമായതും നദിയിലെ പതകൊണ്ടു മിന്നുന്നതുമായ ശരീരവും ആ തുറന്ന ചിരിയും, തന്റെ കൂട്ടുകാരോടുകൂടി പിടിച്ചെടുത്ത മത്സ്യവുമേന്തി വന്നെത്തുമ്പോൾ, അവളെത്തേടുന്ന അയാളുടെ കണ്ണുകളിൽ കുടികൊള്ളുന്ന ആശയും എല്ലാമോൎത്തു് അവൾ നെടുവീൎപ്പിട്ടു.

അതാ അവർ വരുന്നു. ഉദയസൂൎയ്യന്റെ ആദ്യകിരണങ്ങൾ അവരുടെ തോണിപ്പായകളുടെ അററത്തു സ്വൎണ്ണം പൂശുന്നു. പുതുതായിപ്പിറന്ന ദിനത്തെ തന്റെ അലകളാൽ പുണരുന്ന ആ നദി ശാന്തവും സമാധാനപൂൎണ്ണവുമായിരുന്നു. അവളുടെ ജ്യേഷ്ഠത്തിയായ റസിയ അവൾക്കരികിൽ വന്നുനിന്നു. ആ തോണികളിൽ കുന്നായി കൂട്ടിയിരിക്കുന്ന വെള്ളിമത്സ്യങ്ങൾ, അവിടെ കാത്തുനിന്നിരുന്ന ഒരു ലോറിയിലേക്കു നീച്ചാട്ടം പോലെ ചൊരിയുന്നതവർ കണ്ടു. പട്ടാളകാന്റീനിലേക്കു മത്സ്യം കൊണ്ടുപോകാനുള്ള ലോറിയായിരുന്നു അതു്. ബഹളം നിറഞ്ഞ ബാഹ്യലോകവുമായുള്ള അവരുടെ പ്രഥമപരിചയമായിരുന്നു അതു്. തങ്ങളെ ഭരിക്കുന്ന ഇംഗ്ലീഷുകാർ എവിടെ താമസിക്കുന്നു എന്നുപോലും അതിനു മുമ്പവർ അറിഞ്ഞിരുന്നില്ല—ആ കറുത്ത ജലപ്പരപ്പിനപ്പുറത്തു്, ഏഴുകടലിനക്കരെയെവിടെയോ ആണെന്നായിരുന്നു അവരുടെ വിചാരം. അതിനുശേഷം അവൾ യുദ്ധത്തെപ്പററി അവ്യക്തമായി ചിലതു മനസ്സിലാക്കി; എന്നാൽ ആ ശാന്തമായ ജലപ്പരപ്പിന്റെ ഇങ്ങേപ്പുറത്തുള്ള അവൾക്കു് അതു വിദൂരവൎത്തിയായ എന്തോ ഒരു മറിമായമായിരുന്നു. അതു് അവരുടെ നിത്യജീവിതത്തിന്റെ വീക്ഷണപരിധിക്കപ്പുറമുള്ള ഒന്നായിരുന്നു. അതുകൊണ്ടവർ തങ്ങളുടെ കു

ടുംബങ്ങൾക്കു ഭക്ഷണം വാങ്ങാനുള്ള ഏതാനും ചെമ്പുതുട്ടുകൾ സമ്പാദിക്കാൻവേണ്ടി മറെറാന്നിലും ശ്രദ്ധിക്കാതെ അത്യദ്ധ്വാനംചെയ്തുവന്നു. പെട്ടെന്ന് ഈ അസാധാരണസംഭവം—യുദ്ധം—ഒരു ഗുഹയിൽനിന്നെന്നപോലെ പുറത്തേക്കു ചാടി. അതുവരെ നിർജ്ജനമായിരുന്ന കടൽതീരത്തു, മൂടിയ ശവങ്ങളെപ്പോലെ, ദുർഗ്രാഹ്യമായ ലോറികൾ അണിനിരന്നു. പട്ടാളക്കാർ—അപരിചിതരും വിദേശികളും, വെള്ളക്കാരും അല്ലാത്തവരുമായ പട്ടാളക്കാർ—വളരെ അകലത്തല്ലാതെ വന്നു കൂടാരമടിച്ചു. അവരുടെ 'പട പട' എന്ന കാലൊച്ച ഗ്രാമീണരുടെ ഭയചകിതമായ കാതുകളിൽ പതിച്ചു. എല്ലാം കുഴഞ്ഞുമറിഞ്ഞു. അപ്പോഴാണ് യഥാർത്ഥമായ ഒരു ഭയം അവരെ പിടികൂടിയതു്. പുരുഷന്മാർ തങ്ങളുടെ ഭാര്യമാരോടു പട്ടാളക്യാമ്പിൻെറ അടുത്തേക്കധികം പോകരുതെന്നു രഹസ്യമായുപദേശിച്ചു—എന്താണുണ്ടാവുകയെന്നാർക്കും ഉറപ്പിച്ചുകൂടാ. അവരെല്ലാം ഒററക്കു താമസിക്കുന്നവരാണ്; പിതാക്കന്മാർ കുട്ടികൾക്കു പുറത്തിറങ്ങിനടക്കരുതെന്നു നിശിതമായ നിരോധനാജ്ഞകൊടുത്തു. എല്ലാ ഭാഗത്തുനിന്നും തങ്ങളെ വളഞ്ഞിരിക്കുന്ന അപരിചിതരെപ്പററി സ്ത്രീകൾ കുശുകുശുക്കനെ സംസാരിച്ചു.

പിന്നീടു മത്സ്യമെല്ലാം ഒരിക്കലും നഗരങ്ങളിലേക്കെത്താറില്ല. എല്ലാം ആ ലോറികളും അവയിലെ മിനുസപ്പെട്ടവരും വേഷമോടിയുള്ളവരുമായ കൺട്രാക്ടർമാരുംകൂടി പട്ടാളക്കാരെ തീററാൻ വാങ്ങിക്കൊണ്ടുപോവും. മുക്കുവന്മാക്കതിൽ യാതൊരു വിരോധവുമുണ്ടായില്ല. കാരണം, പണം പണ്ടത്തെപ്പോലെതന്നെ കിട്ടും. ദുരമൂലം കൺട്രാക്ടർമാരിൽനിന്നു കൂടുതൽ വില വാങ്ങാൻവേണ്ടി അവർ പിശകിനോക്കി. പക്ഷേ, ഉരുട്ടു പറയുന്നതിൽ ഈ കൺട്രാക്ടർമാരോടെതിർനില്ക്കാൻ അവർ ആളായില്ല. പിന്നെ ഒരു മീശക്കാരൻ വന്നു

തോണികളെല്ലാം പട്ടാളാവശ്യത്തിന്നു് ഏററുവാങ്ങിയപ്പോൾ അവർ ഒരു വലിയ മുറവിളിയുണ്ടാക്കി. അവരുടെ തോണികളില്ലെങ്കിൽ അവർ പട്ടിണി കിടക്കും; മറെറാരുപജീവനമാർഗ്ഗവും അവക്കില്ല! പക്ഷേ സക്കാർകല്പന തടുക്കാനാവാത്തതും നിർദ്ദയവുമാണ്. ആകെയുണ്ടായിരുന്നതിന്റെ പകുതിയോളം അതുപ്രകാരം ജപ്തി ചെയ്തു. അങ്ങനെ ആ രണ്ടു സഹോദരന്മാക്കു—ഗുലാമും കാദരും—തങ്ങളുടെ മീൻ പിടിക്കുന്ന തോണി നഷ്ടപ്പെട്ടു. അവർ നിസ്സഹായരായി. ആലസ്യവും തൊഴിലില്ലായ്മയും അവരുടെ മുഖത്തു തുറിച്ചുനോക്കി. അപ്പോൾ യുദ്ധം അതിന്റെ മറെറാരു ദിശക്കൊമ്പു് ഈ കുഗ്രാമത്തിന്റെ നേക്കു നീട്ടി. അപ്പോഴാണ് അവരുടെ ഭാര്യമാർ ഉറക്കെ പൊട്ടിക്കരഞ്ഞതു്. പക്ഷേ ചെറുപ്പക്കാക്കു മറെറാരു വഴിയും മുമ്പിലില്ലെന്നു ബോധപ്പെട്ടു്, അവർ ലേബർകോറിൽ ചേന്നു. തങ്ങളുടെ ദാരിദ്ര്യംപിടിച്ച ജീവിതങ്ങളിൽനിന്നു്, മനുഷ്യന്റെ പിടിച്ചുപറികൊണ്ടും സഹോദരന്റെ മേലുള്ള ചൂരൽപ്രയോഗംകൊണ്ടും കീറിമുറിഞ്ഞ ഈ ലോകത്തിന്റെ രാജപാതകളിലേക്കു് അവർ പ്രവേശിച്ചു. ഇതിനെപ്പററി അവക്കു യാതൊന്നുമറിഞ്ഞുകൂടാ. ഇതിന്റെ ഉദ്ദേശവും അവക്കു മനസ്സിലായില്ല; ഒന്നുമാത്രം. അത്ര്യദ്ധ്വാനത്തിനു പ്രതിഫലമായി അവക്കു ഭക്ഷണവും കൂലിയും താമസസ്ഥലവും കിട്ടും. തങ്ങളുടെ അദ്ധ്വാനശക്തി വില്ക്കുവാനവർ തയ്യാറായിരുന്നു. അങ്ങനെ ആ ഗ്രാമത്തിലെ ചെറുപ്പക്കാർ, വീടും ഭാര്യമാരേയും സ്വന്തം ജനങ്ങളേയും വിട്ടുപോയി. അവരെ സംബന്ധിച്ചിടത്തോളം തീർച്ചയായും അതിലൊരു പുതുമയുണ്ടായിരുന്നു; പക്ഷേ, അവരുടെ ഭാര്യമാക്കതു് ഏകാന്തതയും ഉൽക്കണ്ഠയും സങ്കടവുമാണ് നല്കിയതു്. ഏന്തോ ഒരസാധാരണസംഭവം അവക്കിടയിൽ കടന്നുവന്നു ഭത്താക്കന്മാരെ അവരിൽനിന്നു തട്ടിക്കൊണ്ടുപോയതായവക്കു തോന്നി. ഉറക്കത്തിലും ഉണച്ചയിലും അവരുടെ ശരീ

രസാമീപ്യത്തിന്നും ദാമ്പത്യജീവിതത്തിന്റെ എല്ലാ നുള്ളുനുറുങ്ങുകാൎയ്യങ്ങൾക്കുംവേണ്ടി അവർ വെമ്പൽകൊണ്ടു.

ഈ ചെറുപ്പക്കാരികളുടെ സംഘത്തെ ഉടൻ ഒരു പ്രശ്നം അഭിമുഖീകരിച്ചു. അതോടുകൂടി തങ്ങളുടെ ഭൎത്താക്കന്മാരെ തിരിച്ചുകിട്ടാനുള്ള ആഗ്രഹവും വൎദ്ധിച്ചുവന്നു. ഭയം അവരുടെ ജീവിതത്തിൽ കടന്നുകൂടി. അരിയുടെ വില കുതിച്ചുചാടിക്കൊണ്ടിരുന്നു. ചങ്ങലയ്ക്കിട്ട ഒരു കാട്ടുമൃഗത്തെപ്പോലെയായിരുന്നു അതിന്റെ സ്ഥിതി. അതു കൂടുതൽ കൂടുതൽ ഉയരത്തിൽ ചാടി. അവസാനം വിയോഗത്തിന്റെ നാശങ്ങളിൽനിന്നും രക്ഷപ്പെട്ടുനിന്ന കുടുംബങ്ങൾപോലും ഭയംകൊണ്ടു പതറിനോക്കാൻ തുടങ്ങി. പുരുഷന്മാരുടെ വദനങ്ങളിൽ ഒരു കാൎക്കശ്യം ബാധിച്ചു. സ്ത്രീകൾ ആസന്നമായ ദുരന്തത്തെപ്പററിയോൎത്ത് അസ്വസ്ഥരായി. ഭൎത്താക്കന്മാരയച്ചുകൊടുത്തിരുന്ന തുച്ഛസംഖ്യയെ ആശ്രയിച്ചുജീവിച്ചിരുന്ന, ഒററയ്ക്കുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം വൃത്തികെട്ട സംഭാവ്യതകൾ നിറഞ്ഞിരുന്ന ഒരു കൊട്ടമ്പിരിക്കൊണ്ട സ്ഥിതിയായിരുന്നു അതു്. റസിയ, ഒരു കൈകൊണ്ടു തന്റെ സഹോദരിയെ വട്ടംപിടിച്ച് അവളെ വീട്ടിലേയ്ക്കു കൊണ്ടുവരുമ്പോൾ അമീനയെക്കുറിച്ച് അവൾക്കു പെട്ടെന്നൊരു ഭയമുദിച്ചു. അവൾ ആ പുഴക്കരയിൽ അങ്ങനെ തോന്നിയമാതിരി ചുററിനടക്കുന്നതു റസിയ ഇഷ്ടപ്പെട്ടില്ല; അവരെല്ലാം സ്വന്തം ആൾക്കാരാണെന്നതു ശരിതന്നെ. എങ്കിലും എന്തും സംഭവിക്കാമല്ലോ. ആ കൺട്രാക്ടർ എപ്പോഴും അവരുടെ നേരെ വൃത്തികെട്ട ഒരു നോട്ടം നോക്കുന്നു. റസിയ അവരിൽ മൂത്തവളും അല്പം കറുത്ത ശരീരത്തോടുകൂടിയവളുമാണ്. അവരുടെ മാതാപിതാക്കൾ മരിച്ചശേഷം, അവൾക്ക് അമീനയേക്കാൾ വളരെ പ്രായം കൂടിയതായി തോന്നി. യഥാൎത്ഥത്തിൽ അവൾക്കമീനയേക്കാൾ കഷ്ടിച്ചു 18 മാ

നമേ മൂപ്പുള്ളൂ. ചില്ലറ കാര്യങ്ങളിൽപ്പോലും അവൾക്കൊരു സൂക്ഷിക്കണമെന്ന വിചാരം തുടങ്ങി. "ദിദി, എന്താണിന്നു വെയ്ക്കേണ്ടതു്?" എന്നു് അമീന നിരാശാജനകമായമട്ടിൽ ചോദിച്ചപ്പോൾ റസിയയുടെ ഹൃദയം പിളർന്നു വ്യസനത്തിലാമഗ്നമായി.

"അരി നാളെയ്ക്കു സൂക്ഷിക്കുന്നതാണു് നല്ലതെന്നെനിക്കു തോന്നുന്നു. രണ്ടു കഷണം നല്ല ഉരുളക്കിഴങ്ങു വേവിക്കു്. ഇന്നു കാലത്തു് ഇത്രനേരത്തെ എണീററു് എന്താണു് ചെയ്തിരുന്നതു്?"

"ഒന്നുമില്ല. ഞാൻ പുഴക്കരയിൽ ചുററിനടന്നു് ആലോചിക്കുകയായിരുന്നു: ആ വേലിയേററത്തോടുകൂടി ഭർത്താവു മടങ്ങിവന്നെങ്കിൽ നമ്മുടെ സ്ഥിതി എത്ര നന്നാവുമായിരുന്നു."

റസിയ അവളുടെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു: "കൊച്ചുസഹോദരി, ക്ഷമിക്കു. ഒരിക്കൽ ഈ കഷ്ടതയെല്ലാം അവസാനിക്കും." അമീന തീക്കൂട്ടാനായി അടുക്കളയിലേയ്ക്കു പോയപ്പോൾ നിന്ദാപൂർണ്ണമായ ഒരു ചിരി ചിരിച്ചു. റസിയ ഞെട്ടിവിറച്ചു. താൻ ഇളയ സഹോദരിയെ നോക്കിക്കൊള്ളുമെന്നു വിചാരിച്ചാണവരുടെ മാതാപിതാക്കൾ അവരെ ജ്യേഷ്ഠാനുജന്മാക്കു വിവാഹം ചെയ്തുകൊടുത്തതു്—പക്ഷേ ഇന്നവൾ നിസ്സഹായയായിത്തീർന്നിരിക്കുന്നു. പല സംഗതികളും അവരെ അമ്പരപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. പരിതഃസ്ഥിതികളുടെ ഈ കോളിളക്കത്തിൽ അവരുടെ അമ്പരപ്പു വർദ്ധിച്ചു വർദ്ധിച്ചു വരുന്നു. അവർ എങ്ങോട്ടെന്നില്ലാതെ ഒഴുകുകയാണു്. നിലകിട്ടാതെ മണലിൽ പൂണ്ടുപോകുമെന്നവൾ വല്ലാതെ ഭയപ്പെട്ടു. എന്തുവന്നാലും താൻ പതറിപ്പോകരുതു്. അമീനയെ രക്ഷിക്കാൻവേണ്ടി അവൾ തലയുയർത്തിപ്പിടിക്കണം. ഭർത്താവിൻെറ ശാരീരികമായ സംയോഗത്തിന്നെന്നപോലെ,

അയാളുടെ ശാന്തമായ വിവേകത്തിന്റെ സഹായത്തിന്നും ഇപ്പോൾ അത്യന്തം വേദനയോടുകൂടി അവൾ ആഗ്രഹിച്ചു. ഈ ആഗ്രഹം അവളെ കരണ്ടുതിന്നുകൊണ്ടിരുന്നു. അവൾ അതിനെ ഭയപ്പെട്ടു. എങ്കിലും അതൊരിക്കലും വിട്ടുമാറുന്നില്ല. അമീനയെക്കുറിച്ചു, പൊതുവില്ലുള്ള അവരുടെ സ്ഥിതിയെക്കുറിച്ച്, അയാളുടെ ഉപദേശം വാങ്ങുവാനും അയാളുടെ ശക്തിദുർഗ്ഗം തനിക്കരികിലുണ്ടായിരിക്കാനും അവളാഗ്രഹിച്ചു. പക്ഷേ അയാൾ പോയിക്കഴിഞ്ഞു, ധാരാളമായി ചിരിക്കുന്നവനും ഉല്ലാസവാനുമായ തന്റെ ഇളയസഹോദരനോടുകൂടി, വീട്ടിൽനിന്നെത്രയോ ദൂരത്തേക്കു ജീവിതമാർഗ്ഗമാരാഞ്ഞ് അയാൾ പോയിക്കഴിഞ്ഞു. അവൾ തനിച്ചായി. തനിച്ചുതന്നെ, ആപൽസൂചകമായി അടുത്തു വന്നുകൊണ്ടിരിക്കുന്ന ആ കൊടുങ്കാററിനെ അവൾ നേരിടണം.

കഴിഞ്ഞുപോയതും നിലവില്ലുള്ളതും തമ്മിലുള്ള വിടവ് ഒരു രാത്രികൊണ്ടെന്നപോലെ അത്യഗാധമായിത്തീരുന്നതുവരെ, സ്ഥിതിഗതികൾ ദിവസേന പരോക്ഷമായി വളന്നുകൊണ്ടിരുന്നു. മുക്കുവന്മാർ പിശുക്കന്മാരാണ്. തങ്ങളുടെ ചില്ലറസമ്പാദ്യങ്ങൾക്കുവേണ്ടി അവർ അത്യദ്ധ്വാനം ചെയ്യും. പക്ഷേ പെട്ടെന്ന് ഈ സ്വഭാവം അപ്രത്യക്ഷമായി; സ്ഥിതിഗതികൾ മോശമായി വന്നു. അവർ തങ്ങളുടെ നിസ്സാരസ്വത്തിന്മേൽ പിടിച്ചു തൂങ്ങിനില്ക്കാൻ ശ്രമിച്ചു; പക്ഷേ, അവയും ചുററും തകൎന്നുവീണുതുടങ്ങി. അവർ ഒരു സംഘമായി വന്നു കൺട്രാക്ടരോട് അപേക്ഷിച്ചു: "ഞങ്ങൾക്കു പണമല്ലാ വേണ്ടതു്; അരിയും മററു ഭക്ഷണധാന്യങ്ങളുമാണ്." കൺട്രാക്ടർ ചിരിച്ചുകൊണ്ട് അസാദ്ധ്യമെന്ന ഭാവത്തിൽ കൈകൾ മേല്പോട്ടുയത്തിപ്പറഞ്ഞു: "അരിയോ! അതെവിടെക്കിട്ടാനാണ്?" അവർ നിരാശതയോടെ മടങ്ങി. അതേ ചോദ്യംതന്നെയാണവരും ചോദിച്ചിരുന്നതു്. മറെറാരു ദിവസം അയാൾ അവരോടു മ

ന്ത്രിച്ചു: "അരി കരിഞ്ചന്തയിലുണ്ടു്. നിങ്ങൾ പണം തരുന്ന പക്ഷം ഞാനതു വാങ്ങിത്തരാം—മന്നിനു് 40 ക. വീതം തരണം." അവർ തങ്ങളുടെ സർവ്വസ്വവും തിട്ടക്കത്തിൽ വില്ക്കാൻ തുടങ്ങി—കിണ്ണങ്ങൾ, തോണികൾ, മീൻ പിടിക്കുന്ന വലകൾപോലും! തൊഴിലിനുവേണ്ട ഉപകരണങ്ങളില്ലാതെ അടുത്ത നാൾ എങ്ങനെ കഴിഞ്ഞുകൂടുമെന്നുപോലും അവർ ആലോചിച്ചില്ല. ലക്കില്ലാതെ അവർ ഭാവിയെ വിഗണിച്ചു; തല്ക്കാലത്തെ നിലമാത്രം നോക്കി—അവരുടെ വയററിലെ വിശപ്പു് എത്രയാണെന്നു തിട്ടപ്പെടുത്താൻ വയ്യ. വീണ്ടും വീണ്ടും ബലി ആവശ്യപ്പെടുന്ന ഒരു സംഹാരദേവതയെപ്പോലെ അതു് എത്രയായാലും അടങ്ങുന്നില്ല. ഒരു ദുസ്സ്വപ്നത്തിലെന്നപോലെ അവർ ഉണ്ടായിരുന്നതെല്ലാം ഓരോന്നോരോന്നായി വിററു. അവസാനം, തങ്ങൾ നിരാധാരരും, പട്ടിണിക്കും മരണത്തിനും നടുക്കു നില്ക്കുന്നവരുമാണെന്നു പെട്ടെന്നൊരു ദിവസം കണ്ടെത്തി. അവർ പിന്നീടൊരിക്കലും തോണിയും തുഴഞ്ഞു മീൻപിടിക്കാൻ പുറപ്പെട്ടില്ല—ഭക്ഷണസാധനം കിട്ടില്ലെങ്കിൽ പിന്നെ അതുകൊണ്ടെന്തു പ്രയോജനം? ഇനി എന്താണു് വില്ക്കാനുള്ളതെന്നു വിചാരിച്ചു നിരുത്സാഹരായി അവർ വീട്ടിൽ പാർത്തു. മാനമുള്ള മുക്കുവർ പട്ടാളഭക്ഷണശാലയുടെ അരികിൽ ചുററിപ്പററി പൊട്ടും പൊടിയും പെറുക്കിയെടുക്കാൻ തുടങ്ങി. നദി അവരെ മാടിവിളിച്ചു; പക്ഷേ അതു നിഷ്പ്രയോജനമായിരുന്നു.

മുകളിൽ നോക്കിയാൽ ആകാശം കാണാമായിരുന്ന ചെറിയ അടുക്കളക്കുള്ളിലിരിക്കുകയാണു് റസിയ. മേൽപ്പുര പൊളിച്ചു വിററിട്ടാണവർ ഒരാഴ്ചയായി ഭക്ഷണം കഴിക്കുന്നതു്—ഭക്ഷണമെന്നു പറഞ്ഞാൽ നാം സാധാരണ മനസ്സിലാക്കിയിട്ടുള്ള തരത്തിലല്ല—നേരെമറിച്ചു്, വയററിന്റെ എരിച്ചിൽതീക്കാൻ ഓരോ ഇറക്കുമാത്രം. എങ്കിലും അതുകൊണ്ടവർക്കു ശരീര

വും ആത്മാവും തമ്മിലുള്ള ബന്ധം മുറിയാതെ നിത്താൻ സാധിച്ചു. അമീന അകത്തേയ്ക്കു വന്നപ്പോൾ റസിയ സന്തോഷത്തോടെ ചിരിക്കാൻ ശ്രമിച്ചു. പക്ഷേ, അവളുടെ സഹോദരി അതു തീരെ ശ്രദ്ധിച്ചില്ല. അവളുടെ വിചാരം വേറെയായിരുന്നു: "ദിദി, ഇപ്പോളിനി നാമെന്താണ് ചെയ്യേണ്ടതു്?"

"അമീന, എനിക്കു കുറച്ചു ചിര കിട്ടിയിട്ടുണ്ടു്. ഞാനതു വേവിക്കാൻ പോകയാണ്."

"എനിക്കറിയാം" അവൾ പറഞ്ഞു: "അതുകഴിഞ്ഞാൽ പിന്നെയോ?"

'പിന്നെയോ?' റസിയ വിചാരിച്ചു. അതുതന്നെയാണവൾക്കു വാദപ്രതിവാദം ചെയ്യാനിഷ്ടമില്ലാത്ത സംഗതി. ആ 'പിന്നെ'യെപ്പററി അവൾക്കു ഭയമായിരുന്നു.

"മാലിക്ക്സാഹിബ്ബ് മാത്രമേ ശരണമുള്ളു!" അമീന അല്പം കഴിഞ്ഞു പറഞ്ഞു.

"ആരു്?" റസിയ നിശിതമായി ചോദിച്ചു. സഹോദരിയുടെ സ്വരം അവൾക്കത്ര പിടിച്ചില്ല.

"കൺട്രാക്റ്റർ", അവൾ ജ്യേഷ്ഠത്തിയോടു നിർവ്വികാരമായി പറഞ്ഞു: "എപ്പോഴും അയാൾ എനിക്കെന്തെങ്കിലും തരും. അയാൾ എൻെറ നേരെ കണ്ണിടുന്നതു കണ്ടിട്ടില്ലേ?"

"മിണ്ടരുതു്!" റസിയ ശുണ്ഠിയെടുത്തു. "ഈ വിധം സംസാരിക്കാൻ ധൈര്യമുണ്ടല്ലോ. നിൻെറ ഭർത്താവിനെ ഒന്നോക്കു്. അയാൾ ഇതു കേട്ടാൽ എന്തു വിചാരിക്കും? അവൻ നിന്നെ ഇടിച്ചു കൊല്ലും."

"ഞാനെന്തിനാണെൻെറ ഭർത്താവിനെപ്പററി വിചാരിക്കുന്നതു്—എന്നെ പിന്നിലുപേക്ഷിച്ചിട്ടു് അങ്ങനെ പോകാൻ അയാൾക്കെന്തധികാരമാണുള്ളതു്? നമ്മളെ നമ്മ

ടെ പാട്ടിനു വിട്ടവർ പോയി. അതുകൊണ്ടു നമുക്കെന്തെങ്കിലും കിട്ടുന്നതിനുള്ള എളുപ്പവഴി നോക്കുമ്പോൾ അവക്കു പിറുപിറുക്കാൻ അവകാശമില്ല. നമ്മുടെ സ്ഥിതിയെന്തെന്നവരറിയുന്നുണ്ടോ, അതിനെപ്പററി അവക്കു വല്ല അല്ലലുമുണ്ടോ?''—ഇളയ സഹോദരി ക്ഷോഭത്തോടെ പറഞ്ഞു.

''കൊച്ചനുജത്തി'', റസിയ അപേക്ഷിച്ചു: ''ഇങ്ങനെ തലയില്ലാതെ സംസാരിക്കരുത്. ഗുലാം മടങ്ങിവരുമ്പോൾ നിവല്ലാതെ പശ്ചാത്തപിക്കേണ്ടിവരും. അവരെ ഓത്തു നാം വിശുദ്ധിയോടെ ജിവിക്കാൻ ശ്രമിക്കണം.''

''ഓമനജ്യേഷ്ഠത്തി, അതിനെപ്പററി വിഷാദിക്കേണ്ട'', അമീന ചിരിച്ചുകൊണ്ടു പറഞ്ഞു: ''ഞാൻ എല്ലാം ഓക്കാൻ ശ്രമിക്കാം. പക്ഷേ, വിശക്കുമ്പോൾ അതു കുറച്ചു വിഷമമാണ്, അല്ലേ?''

പക്ഷേ, റസിയക്കു യാതൊരാശ്വാസവുമുണ്ടായില്ല. അവളുടെ മനസ്സിനൊരു സ്വാസ്ഥ്യവും കിട്ടിയില്ല. താൻ ചെന്നായ്ക്കളാൽ—ചുററും വിഷപ്പല്ലിളിച്ചുകാട്ടിക്കൊണ്ടു കാത്തിരിക്കുന്ന ചെന്നായ്ക്കളാൽ—വളയപ്പെട്ടിരിക്കുന്നതായി അവൾക്കു തോന്നി. അവളും വിശപ്പടക്കാനെന്തെങ്കിലുമാരാഞ്ഞുകൊണ്ടു നാടു ചുററിത്തുടങ്ങാൻ അധികം താമസം വേണ്ടിവന്നില്ല. അടുത്ത കാലത്തായി അമീനക്കൊരു സൌമ്യത; അവൾ അധികമൊന്നും സംസാരിക്കുന്നില്ല. പക്ഷേ, അസാധാരണമായ ഒരു വ്യസനം അവളിൽ കാണാം; എപ്പോഴും കണ്ണു നിറഞ്ഞിരിക്കും. ഒരിക്കലെങ്കിലും തനിക്കു വിശക്കുന്നുവെന്നവൾ പറഞ്ഞില്ല. പക്ഷേ, ഒരു കാലത്തു വട്ടമൊത്തതായിരുന്ന അവളുടെ മുഖം നീണ്ടു പുള്ളിക്കുത്തുകളോടുകൂടിയതായിത്തീന്നു. അസ്വാസ്ഥതയോടും അസംതൃപ്തിയോടുംകൂടി അങ്ങനെ വിശന്നലയുന്നതിനിടയിൽ റസിയ ഒരു ശബ്ദം കേട്ടു:

"ആ, റസിയാബീബി, നിങ്ങൾ ഒരു പ്രേതത്തെപ്പോലെ വിളറിയും മെലിഞ്ഞുമിരിക്കുന്നു" ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ കണ്ടതു മാലിക്ക് സാഹിബ്ബിന്റെ ചോദ്യം നടിക്കുന്ന വദനമാണ്. ഒരൊററ വാക്കും മിണ്ടാതെ അവൾ അയാളുടെ മുമ്പിൽനിന്നു തിരിഞ്ഞുനടന്നു. പക്ഷെ, അയാൾ അവളുടെ പിന്നാലെ വളരെ മര്യാദ നടിച്ച് ഒഴിക്കാതെ കൂടി: "നിങ്ങൾക്കു വളരെ വിശപ്പുണ്ടാവും. നിങ്ങൾ എന്നോടു ദയ വിചാരിക്കുമെങ്കിൽ ഞാൻ സഹായിക്കാം."

അവൾ അയാളുടെ നേരെ തിരിഞ്ഞു പറഞ്ഞു: "കടന്നുപോ! എനിക്കു നിങ്ങളുമായി യാതൊരിടപാടുമില്ല."

"നിങ്ങളുടെ ആ മൂധേവിയായ സഹോദരിയുടേതിൽനിന്നെത്ര വ്യത്യസ്തമാണീ പെരുമാററം!" അയാൾ ചിറി.

"എടാ, നിനക്കിതിനെങ്ങനെ ധൈര്യമുണ്ടായെടാ?" റസിയ ഭയങ്കരഭാവത്തിൽ ഉച്ചരിച്ചു.

"എനിക്കെങ്ങനെ ധൈര്യമുണ്ടായെന്നോ?" അയാൾ പുരികം ചുളിച്ചു ചോദിച്ചു. "നീ ഒരു മന്ദിയാണ്. പക്ഷേ, നീയും അവളുടെ വഴിയേ പോകും. ആ കാൻടിനു ചുററും എന്താണ് നടക്കുന്നതെന്നു പോയി നോക്ക്."

കരഞ്ഞുകൊണ്ട് അവൾ തന്നോടായിത്തന്നെ പറഞ്ഞു: "ഞാനതു വിശ്വസിക്കില്ല! ഞാനതു വിശ്വസിക്കില്ല!" റസിയ തപ്പിത്തടഞ്ഞ് അവരുടെ കുടിലിലെത്തി. അതിന്റെ നാലു ചുമരുകൾക്കുള്ളിൽ നില്ക്കുമ്പോൾ ആടിക്കൊണ്ടിരുന്ന ഒരു ലോകം വീണ്ടും സ്ഥിരതയിൽ വന്നപോലെ തോന്നി. അവൾ ആ മൺചുമരുകൾ കൈകൊണ്ടു തടവി. കണ്ണീരണിഞ്ഞ തന്റെ കപോലം അതിനോടു ചേർത്തു. തനിക്കു ഭ്രാന്തു പിടിപെട്ടിട്ടില്ലെന്നവൾ ഉറപ്പിച്ചു. അതെല്ലാം അവിടെത്തന്നെയുണ്ട്. വിശപ്പിന്റെ നടുക്കംപോലും അതൊരു രക്ഷാബോധം

നല്ലന്നു. കാദർ അവളെ ഇവിടെ വിട്ടുപോയി. ഇവിടെത്ത ന്നെ അവൾ അയാൾക്കുവേണ്ടി കാത്തിരിക്കും. ആ പിശാച് അസത്യങ്ങളാൽ അവളെ ക്ഷോഭിപ്പിക്കാൻവേണ്ടി വന്നു തോ ണ്ടുകയാണ്.

അമീന മടങ്ങിവന്നപ്പോൾ, ജ്യേഷ്ഠത്തി പച്ചയും ചുവന്ന തുമായ പുള്ളികളുള്ള ഒരു തുണിക്കഷണം—അതു കാദറിൻെറ ലുങ്കിയാണെന്നവൾക്കു മനസ്സിലായി—നെഞ്ഞത്തമത്തിപ്പിടി ച്ചിരിക്കുന്നതു് അവൾ കണ്ടു. അവൾ പെട്ടെന്നു സ്തംഭിച്ചുനി ന്നുപോയി. അവൾ നില്പുറയ്ക്കാതെ വീണുപോകുമെന്നു തോ ന്നി. പക്ഷേ, അവൾ മുന്നോട്ടു ചെന്നു പറഞ്ഞു: "ദിദി, നാലു ദിവസമായിട്ടു നിങ്ങൾ യാതൊന്നും ഭക്ഷിച്ചിട്ടില്ല. ഇതാ നോ ക്കു, ഞാൻ കുറച്ചു ചോറും പരിപ്പും കൊണ്ടുവന്നിട്ടുണ്ട്."

ചോറോ? അതെ, അതാ, വെളുത്തു പളുങ്കുപോലുള്ള ചോ റ്. അവൾ ആ പാത്രം തൻെറ നാസാദ്വാരങ്ങളോടടുപ്പിച്ചു. ചോറിൻെറ സ്വർഗ്ഗീയമായ ഗന്ധം. യാതൊരക്ഷരവും മിണ്ടാ തെ അവൾ ഭക്ഷിക്കാൻ തുടങ്ങി. കണ്ണീരോടുകൂടി അമീന അതു നോക്കിനിന്നു—തൻെറ ജ്യേഷ്ഠത്തിയുടെ അരികിൽ നില്ക്കുന്ന തനിക്കു് അവരേക്കാൾ വളരെ പ്രായവും ബുദ്ധിയും കൂടിയിരു ന്നതായി അവൾക്കപ്പോൾ തോന്നി. അനുഭവങ്ങളുടെ തളച്ച് അവളെ ബാധിച്ചു. ഭക്ഷിച്ചുകഴിഞ്ഞപ്പോൾ റസിയ ഓർത്തു— അമീന എന്തെങ്കിലും കഴിച്ചോ?

"അമീനാ, നിൻെറ കഥയെന്താണ്?" അവൾ ചോദിച്ചു.

"ഞാൻ ഭക്ഷണം കഴിച്ചിരിക്കുന്നു, ദിദി." നിശ്ശബ്ദത. റസിയ പാത്രം ചുരണ്ടി. അമീന ചിന്തിക്കുകയാണ്. അവൾ ക്കിയ്യിടെയായി എപ്പോഴും ചിന്തതന്നെ. അവളുടെ തല എ പ്പോഴും വട്ടംകറങ്ങുന്നു. പെട്ടെന്നു റസിയ അവളോടു കശ് നമായി ചോദിച്ചു: "എവിടുന്നാണീച്ചോറു കിട്ടിയതു്? ഇതു ധ

നികന്മാർ ഉണ്ണുന്ന ചോറാണല്ലോ. ഇതെവിടെനിന്നു കിട്ടി? അമീന പതുക്കെ തലയുയർത്തി. കളവു പറഞ്ഞ് അവൾക്കു മടുത്തു: "ഞാൻ ഇരന്നു നടന്നു. ഒരു പാത്രം ചോറ് എനിക്കും ഒന്നു നിങ്ങൾക്കും ഞാനിരന്നു സമ്പാദിച്ചു." ഇതുകൊണ്ടു ബോദ്ധ്യം വരാതെ റസിയ ചോദിച്ചു: "എവിടുന്നു കിട്ടി?" "കാൻടീനിൽനിന്ന്" അതാ കള്ളി പുറത്തായി. റസിയ വിറക്കൊണ്ടു. "കാൻടീനിൽനിന്നോ? മാലിക്ക് സാഹിബ് പറഞ്ഞു—" ഈ കുറ്റാരോപണത്തിന്നു മുമ്പിൽ അമീന മൌനം ഭജിച്ചു. റസിയ കരഞ്ഞുകൊണ്ട് അവളെ വീണ്ടും വീണ്ടും പിടിച്ചു കുലുക്കി: "അമീനാ, അതു വാസ്തവമല്ലെന്നു പറയൂ. കൊച്ചനുജത്തി, അതു സത്യമല്ലെന്നെന്നോടു പറയൂ." അമീന ഒരു പ്രതിമപോലെ നിശ്ചലയായിരുന്നു. "നീ എന്തിനാണതു ചെയ്തത്?" റസിയ കരഞ്ഞു. "എനിക്കു വിശന്നു, അതുകൊണ്ട്." ഇളയവൾ നിർവ്വികാരമായി പറഞ്ഞു: "എനിക്കു ജീവിക്കണം, എനിക്ക് എൻെറ യുവത്വവും ശരീരവുമല്ലാതെ വില്ക്കാൻ യാതൊന്നുമില്ല. അതുകൊണ്ട്."

"അമീനാ, നീ സമ്പാദിച്ചതു ജീവിതമല്ലാ, ജീവിച്ചിരിക്കുന്ന ഒരു ശവക്കുഴിയാണ്. ഈ നിലയ്ക്കുള്ള ജീവിതം സ്വീകരിക്കാതെ നീ മരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!"

അമീനയ്ക്കു മറുപടിയുണ്ടായിരുന്നില്ല. അവൾ നിസ്സഹായയായിരുന്നു. അവളുടെ ജ്യേഷ്ഠത്തി പറയുന്നതു സത്യമാണെന്നവൾക്കറിയാം. നൈരാശ്യവും ഏകാന്തതയും വിശപ്പുമാണവളെ അതിന്നു പ്രേരിപ്പിച്ചതു്. ഒരിക്കൽ തുടങ്ങിക്കഴിഞ്ഞപ്പോൾ വിട്ടുപോരാൻ നിവൃത്തിയില്ലാത്ത ദുർവൃത്തികളുടെ ചുഴലിൽ അവൾ കുടുങ്ങിപ്പോയി. വിശപ്പിനെക്കുറിച്ചുള്ള ഭയം അവളെ അതിലേയ്ക്കുന്തിത്തള്ളുകയും ചെയ്തു. തനിക്കു സർവ്വസ്വവും നഷ്ടപ്പെട്ടുവെന്നവൾക്കറിയാം. എങ്കിലും റസിയ മരിക്കുന്നപോലെ മരിക്കാനും അവൾക്കു നിവൃത്തിയില്ല. അവളു

ടെ യുവത്വം ജീവിക്കണമെന്നാവശ്യപ്പെട്ടു; അതിനൊരൊററ മാർഗ്ഗമേയുള്ളുതാനും. അതവൾ സ്വീകരിക്കയും ചെയ്തു. അമീനയ്ക്കു പശ്ചാത്താപമില്ല. അവൾക്കു വ്യസനമുണ്ട്. പക്ഷേ അതനിവാര്യമാണെന്നതു നിഷേധിക്കാനവൾക്കു നിവൃത്തിയില്ല. "നാം പണ്ടേ മരിച്ചുപോയിരുന്നെങ്കിൽ!" എന്നു പറഞ്ഞു കരയുമ്പോൾ ജ്യേഷ്ഠത്തിയുടെ നൈരാശ്യം അവളെ വിദ്ധ്വംസകാത്മികയാക്കി. മരിക്കാനാഗ്രഹമില്ലാത്തതുകൊണ്ടാണ് അവൾക്കാവിധം പ്രവർത്തിക്കേണ്ടിവന്നതു്. പെട്ടെന്നു തനിക്കിനി ഒട്ടുംതന്നെ സഹിക്കവയ്യാതായി. ആ പരിചിതങ്ങളായ ചുമരുകൾ അവളെ വീർപ്പുമുട്ടിച്ചു. അവൾ എഴുന്നേററ് ഒന്നും മിണ്ടാതെ പുറത്തേയ്ക്കു നടന്നു. തന്റെ സഹോദരി ആ തടിച്ചുകൂടുന്ന ഇരുട്ടിൽ മറയുന്നതു് ഒരു സ്വപ്നത്തിലെന്നപോലെ കണ്ടു റസിയ വിലപിച്ചു: "അമീന!" ആ കുട്ടിയാവട്ടെ, തനിക്കു നഷ്ടപ്പെട്ട ഒരു ലോകത്തിൽ നിന്നു് ആമന്ത്രിക്കപ്പെടുന്ന തന്റെ പേർ ആ നദീതീരങ്ങളിലെ തെന്നലിൽ ലയിക്കുന്നതു കേട്ടു.

ഓരോ രാത്രിയും റസിയ ആ കുടിലിനുള്ളിൽ തനിച്ചു കിടന്നു ഹൃദയം പൊട്ടിക്കരഞ്ഞു. വിശപ്പുകൊണ്ടവൾക്കുറക്കം വരില്ല. സ്മരണകൾ അവളെ കുത്തിക്കീറിക്കൊണ്ടിരുന്നു. അവൾ പരാജയപ്പെട്ടു, ദയനീയമാംവണ്ണം പരാജയപ്പെട്ടു. അമീനയെ, ആദ്യം മാതാപിതാക്കളും പിന്നീടു ഗുലാമും അവളെ ഏല്പിച്ചിട്ടാണ് പോയതു്. പിരിയുമ്പോൾ അയാൾ അവളുടെ കൈകൾ പിടിച്ചുകൊണ്ടിങ്ങനെ പറഞ്ഞു: "പ്രിയപ്പെട്ട ജ്യേഷ്ഠത്തി, അമീനയെ നോക്കിക്കൊള്ളണം. അവൾക്കു വളരെ ചെറുപ്പമാണ്. അവൾ ഒരു പുഷ്പംപോലെ നിഷ്കളങ്കയുമാണ്. ഞങ്ങൾ പോകുന്നതെന്തിനാണെന്നു് അവൾക്കു മനസ്സിലാവില്ല. ഞങ്ങൾ പോകുന്നതുകൊണ്ടു് അവൾക്കു ദേഷ്യമുണ്ട്. നിങ്ങളവളെ സഹായിക്കണം......." സ്വന്തം ക

ഷ്ടപ്പാടിൽ മുഴുകിയിരുന്നതുകൊണ്ടു്, അമീന അവരുടെ ജീവിതത്തിൽനിന്നു് എന്നെന്നേയ്ക്കുമായി ബഹിഷ്കൃതയാവാനവൾ അനുവദിച്ചു. അവർ മടങ്ങിവരുമ്പോൾ ഇനി അവൾ എന്തു പറയും? ഒരിക്കൽ കാൻടീൻവരെ പോകാൻ അവൾ ധൈര്യപ്പെട്ടു. മററുള്ളവരുടെ ഭാര്യമാരും അവിടെ അല്പം ഭക്ഷണത്തിനുവേണ്ടി സ്വയം വില്ക്കുവാൻ തയ്യാറായി കാത്തുനില്ക്കുന്നതവൾ കണ്ടു. അമീനയെക്കണ്ടപ്പോൾ അവൾ ഓടിച്ചെന്നു.

"കൊച്ചനുജത്തി, നീ വീട്ടിലേയ്ക്കു വരുന്നില്ലേ?" അവൾ ജ്യേഷ്ഠത്തിയുടെ നേരെ തിരിഞ്ഞു പറഞ്ഞു: "എന്തിനാണ് ഞാൻ വരുന്നതു്? എനിക്കു ഭക്ഷണം തരാൻ നിങ്ങൾക്കു കഴിയുമോ?" ഹൃദയത്തിൽ തറച്ച വിഷാദത്തോടെ റസിയ അവിടെനിന്നു പോന്നു. അവൾ മടങ്ങിപ്പോകുമെന്നു് അമീനയ്ക്കറിയാമായിരുന്നു. കരകാണാത്ത കദനത്താൽ ജ്യേഷ്ഠത്തിയുടെ കണ്ണുകൾ നിറഞ്ഞതവൾ കണ്ടില്ല. "അവൾക്കു ഭ്രാന്താണ്. അവൾ അന്യയായിക്കഴിഞ്ഞു. റസിയ തന്നോടുതന്നെ മന്ത്രിച്ചു. അതിനുശേഷം അവൾ സഹോദരിയെ കാണാറില്ല. തന്റെ ജീവൻ നിലനിർത്താനുള്ള ശ്രമത്തിൽ അവൾ മുഴുകി. പലപ്പോഴും ഭക്ഷണം യാചിക്കാൻവേണ്ടി അവൾ പുറപ്പെട്ടു. പക്ഷേ, എന്നെങ്കിലും കാദർ തന്റെ അടുത്തു വരുമെന്നാശിച്ചുകൊണ്ടവൾ അതിൽനിന്നു പിന്തിരിയും. എപ്പോഴും നിരാശതന്നെ! എപ്പോഴും ഏകാന്തത. ഒരു വായ എന്തെങ്കിലും കഴിച്ചുകൊണ്ടടങ്ങിനില്ക്കാത്ത ഭയങ്കരമായ വിശപ്പിൽനിന്നു് ഒരുസമയത്തും മോചനമില്ലാതിരിക്കുക! നിരാശത നിറഞ്ഞ ദിവസങ്ങൾ ഇഴഞ്ഞു മാസങ്ങളായിത്തീർന്നു. വീണ്ടും നിസ്സഹായതതന്നെ. എങ്കിലും റസിയ മരിച്ചില്ല. സൌജന്യഭക്ഷണശാലകളുടേയും ധനികകുടുംബങ്ങളുടേയും വാതില്ക്കൽ ഒരു പ്രേതംപോലെ അലഞ്ഞുതിരിയുന്ന ഒരു നിഴലായിത്തീർന്നു അ

വൾ. പക്ഷേ, അവളുടെ ശരീരം ജീവനുമായുള്ള അതിൻെറ ബന്ധം ശാഠ്യത്തോടെ നിലനിൎത്തിപ്പോന്നു.

വേനൽക്കാലം കഴിഞ്ഞു മഴക്കാലമായി. മഴ തോരാതെ പെയ്തുതുടങ്ങി. അവളുടെ കുടിൽ ചോൎന്നൊലിച്ചു. നദി രോഷാകുലയായിത്തീൎന്നു. റസിയ തൻെറ കുടിലിൽ തിരിച്ചെത്തിയപ്പോൾ അതിൻെറ ഉമ്മറവാതിൽ പോയ്പ്പോയിരുന്നു. അതവൾ പണ്ടേ പൊളിച്ചുവിററതായിരുന്നു. മഴ പുരയ്ക്കകത്തേയ്ക്കു ചീററിക്കടന്നു. റസിയ മഴ നനയാത്ത ഒരു മൂക്കിൽ ഇഴഞ്ഞു പററി. ഇയ്യിടെ അവൾക്കുറക്കം വരാറില്ല. ചിലപ്പോൾ അവൾ ഒന്നു മയങ്ങും. അപ്പോൾ പോയ്പ്പോയ ആ സുവൎണ്ണകാലത്തെപ്പററി സ്വപ്നം കാണും. പക്ഷേ, അതൊരു പുരാണകഥപോലായിത്തീൎന്നു. താൻ ഒരുകാലത്തു പ്രേമവും പുഞ്ചിരികളുമായി ജീവിതാനന്ദം നുകൎന്നിരുന്നവളാണെന്നവൾക്കു ബോധം വന്നില്ല. അങ്ങനെയിരിക്കുമ്പോഴാണവൾ ഒരു ചെറിയ സ്വരത്തിലുള്ള ഈ വിളി കേട്ടതു് "ദിദി!" ആ വിളി അവളുടെ കാതിൽ പൂൎണ്ണമായും വന്നു പതിക്കുന്നതിനുമുമ്പു നെട്ടവീപ്പോടെ നിലച്ചു. അവൾ തന്നോടുതന്നെ പറഞ്ഞു: "കൊച്ചുമീന! എനിക്കവളെ എൻെറ മനസ്സിൽനിന്നും മാററിനിൎത്താൻ കഴിയുന്നില്ല!" അവൾ ദുസ്സഹമായ കദനഭാരത്തോടെ കരഞ്ഞു. വീണ്ടും ആ വിളി: "ദിദി!" റസിയ ഉറക്കെ നിലവിളിച്ചു: "അമീന മരിച്ചുപോയി. അവളുടെ പ്രേതമാണെന്നെ അന്വേഷിച്ചുവരുന്നതു്." പക്ഷേ വിളി അധികമധികം ഉച്ചത്തിലായി. അതു പുറത്തു ഓരിയിട്ടിരുന്ന കാററിനോടു മത്സരിക്കുന്നതായി തോന്നി. റസിയ ആ മൂക്കിൽനിന്നെണീററു വാതില്ക്കൽ വന്നുനിന്നു്, കണ്ണു തിരുമ്മി ആ അന്ധകാരത്തിലേയ്ക്കു നോക്കി. അതേ, അവൾ വിമ്പുമുട്ടിക്കൊണ്ടു പറഞ്ഞു: "ആരോ വഴി തപ്പിവരുന്നുണ്ടു്." ആ മഴയും തൻെറ ശരീരത്തിൻെറ അവശതയും തീരെ കണക്കാക്കാതെ അവൾ ചള്ളിക്കെട്ടിയ മു

ററത്തേയ്ക്കിറങ്ങി വേച്ചുവേച്ചു വഴി തപ്പിവരുന്ന ആ സത്വത്തിന്റെ മേൽ ചെന്നുവീണു, വീണില്ല എന്ന മട്ടിൽനിന്നു.

“അമീനാ, ഓമനേ” റസിയ അവളെ മാറോടണച്ച്, അവളെ താങ്ങി നടക്കല്ലു കയററി കുടിലിനകത്തേയ്ക്കു കൊണ്ടുവന്നു. സഹോദരിയെ വീണ്ടും കാണാൻ കഴിഞ്ഞതിലുള്ള സന്തോഷത്താൽ അവളുടെ മററു ചിന്തകളും ഭയങ്ങളുമെല്ലാം പറപറന്നു. ജ്യേഷ്ഠത്തി മാറോടടക്കിപ്പിടിച്ചപ്പോൾ ആ കുട്ടി വ്യസനം സഹിക്കാതെ കണ്ണീർ വാർത്തു: “അമീനാ, താഴെ കിടക്കൂ; ഞാൻ നിന്നെ വല്ലതുമൊന്നു പുതപ്പിക്കട്ടെ. വിശ്രമിക്കൂ, ഓമനേ, നാളെ സംസാരിക്കാം.”

അമീന മന്ദഹസിച്ചു—ഒരു പറവയെപ്പോലെ പാറുന്ന ആ ദ്രുതമായ മന്ദഹാസം. ജ്യേഷ്ഠത്തിയുടെ ആശ്ലേഷത്തിൽ തൊട്ടിലാടിക്കൊണ്ട് അവൾ ആ സൌഹൃദമായ അന്ധകാരത്തിൽ നിദ്രയടഞ്ഞു. വെളിയിൽ ചൊരിയുന്ന മഴ ഒരുറക്കുപാട്ടു പാടിക്കൊണ്ടിരുന്നു. നനഞ്ഞൊലിച്ച നാട്ടിൻപുറത്തേയ്ക്കു വിറയലോടെ എത്തിനോക്കിയ പ്രഭാതം, ചാരനിറം പൂണ്ട ആകാശത്തേയ്ക്കു നിരുത്സാഹമായി ഉയർന്നപ്പോൾ, റസിയയുടെ പുരയിലുമെത്തിയ വെളിച്ചം അവളുടെ കണ്ണുകളെ മന്ദമായി സ്പർശിച്ചു. തളർച്ചയോടും ക്ഷീണത്തോടുംകൂടിയാണവൾ ഉണർന്നത്. എങ്കിലും തന്റെ സഹോദരി അരികിലുണ്ടെന്നോർത്തപ്പോൾ അവൾ സന്തോഷിച്ചു. പക്ഷേ, ഉറങ്ങിക്കിടക്കുന്ന അവളുടെ മുഖത്തേയ്ക്കു നോക്കിയപ്പോൾ അവൾ ഞെട്ടിപ്പോയി. ദൈവമേ! എന്തു പററി? ധാരാളം ചിരിക്കുന്ന, ശാന്തലോചനയായ അവളുടെ സഹോദരി മരിച്ചുപോയി. താൻ കൈകളാൽ താങ്ങിപ്പിടിച്ചിരിക്കുന്നവളോ, കുണ്ടിൽപോയ കണ്ണും, ഒട്ടിച്ചുളിഞ്ഞ കവിളും ചിടക്കെട്ടിയ കേശവുമുള്ള ഒരു കിഴവിയെയാണ്. റസിയ ഒന്നിളകിയിരുന്നപ്പോൾ അമീന

ഉണന്നു. അവൾ പറഞ്ഞു: "ദിദി, വളരെ മാസമായി ഞാനിത്ര സമാധാനമായി ഉറങ്ങിയിട്ട്." ഛോന്നോലിച്ച് ഇടിഞ്ഞുവീണ ആ പുരയെ സിംഹാവലോകനം ചെയ്തുകൊണ്ട് അവൾ തുടന്നു പറഞ്ഞു: "വീടിൻെറ മാധുര്യം എനിക്കൊരിക്കലും ബോധപ്പെട്ടിരുന്നില്ല." റസിയക്കു സംസാരിക്കാൻ കഴിഞ്ഞില്ല. അവൾക്കുറക്കെക്കരയണമെന്നു തോന്നി. എഴുന്നേല്ക്കാൻ പണിപ്പെട്ടുകൊണ്ടവൾ പറഞ്ഞു: "ജ്യേഷ്ഠത്തി, ഞാൻ മരിക്കുകയാണ്. ജീവിക്കാൻ അത്ര്യധികം, ആഗ്രഹിച്ച ഞാൻ മൂന്നുമാസംകൊണ്ട് അമ്പേ തകന്നു ജീവിതത്തോടു യാത്ര പറയുന്നു."

"ഇല്ലില്ല, കൊച്ചനുജത്തി, നീ മരിക്കേണ്ട. ഞാൻ നിന്നെ ശുശ്രൂഷിച്ചു ജീവിപ്പിക്കാം. ഞാൻ പോയിരന്നു നമുക്കു വല്ലതും ഭക്ഷണം സമ്പാദിക്കാം." റസിയ പറഞ്ഞു.

അമീനക്കു തളച്ചയും വാദ്ധക്യവും തോന്നി. എങ്ങനെതെങ്കിലും ജ്യേഷ്ഠത്തിയെ വാസ്തവം മനസ്സിലാക്കാൻ വേണ്ടി അവൾ പറഞ്ഞു: "എന്നെ കൊല്ലുന്നതു പട്ടിണിയല്ല, ദുർമ്മാൎഗ്ഗത്തിലേക്കും വൃത്തികെട്ട ജീവിതത്തിലേക്കും പ്രവേശിക്കുന്ന ഏവരേയും ബാധിക്കുന്ന രോഗമാണ്." റസിയ അറിയാതെ ഒന്നു ഞെട്ടി ഭയപ്പെട്ടു പിൻവാങ്ങി. അമീന സന്തോഷലേശമില്ലാതെ ചിരിച്ചു: "നിങ്ങൾക്കും അതു ഭയാനകമായിത്തോന്നുന്നു! അതിൽ അത്ഭുതമില്ല. പക്ഷേ, നമ്മളെ ഈ മാൎഗ്ഗത്തിലേക്കു വശീകരിക്കുന്നവർ, ഈ രോഗം പിടിപെട്ടുവെന്നറിയുന്ന മാത്രയിൽ, നമ്മെ കുപ്പക്കുണ്ടിലേക്കു തള്ളുന്നുവെന്നതാണെത്രയും രസാവഹമായിട്ടുള്ളത്. അവർ പിന്നെ നിങ്ങളെ വിട്ടുമാറുന്നു, വെറുക്കുന്നു, ആട്ടിയോടിക്കുന്നു. വിചിത്രം! വിചിത്രം!" അവൾ ഭയങ്കരമായി ചിരിച്ചു.

"നിശ്ശബ്ദമായിരി!" റസിയ പറഞ്ഞു. "നിന്നെ ഞാൻ നോക്കിക്കൊള്ളാം. നിനക്കു മനസ്സമാധാനം വീണ്ടെടുത്തുത

രാം. കൊച്ചനുജത്തി, ഗുലാം മടങ്ങി വരുമ്പോഴേയ്ക്കും നിനക്കു സുഖമാവും."

കൊട്ടമ്പിരിക്കൊണ്ടിരുന്ന നൈരാശ്യം തീൎന്നപ്പോൾ അമീന പറഞ്ഞു: "ഞാൻ മരിക്കും, മരിക്കുന്നതാണ് നല്ലതു്. എന്നെ സ്നേഹിച്ചതും എനിക്കിടം തരുന്നതുമായ ഈ പുരയിൽ കിടന്നുതന്നെ ഞാൻ മരിക്കട്ടെ. തച്ചോടിക്കപ്പെടുന്ന ഒരു പറയനെപ്പോലെ തെരുവിൽ കിടന്നു മരിക്കാനെനിക്കാഗ്രഹമില്ല."

അങ്ങനെ അവൾ അവിടെ പാൎത്തു. അവരുടെ രണ്ടുപേരുടേയും ജീവൻ നിലനിൎത്താൻ വേണ്ടി റസിയ എല്ലാം തപ്പിക്കൂട്ടി. നഗരങ്ങളിലേയ്ക്കു പോയിരുന്ന ഗ്രാമീണർ കൂറേശ്ശെയായി മടങ്ങി വരാൻ തുടങ്ങി—എന്തിനു്? സൎവ്വസ്വവും നശിച്ച്, വീണ്ടും തൊഴിൽ തുടരുന്നതിനു തോണിയോ വലയോ ഇല്ലാതിരുന്ന അക്കൂട്ടരെ കാണുന്നതു ദയനീയമായ ഒരു കാഴ്ചയായിരുന്നു. പുരുഷന്മാർ തങ്ങളുടെ ദുൎവ്വിധിയെ കഠിനമായി പഴിച്ചു; എന്തുചെയ്യണമെന്നറിയാതെ അവർ തലതല്ലാൻ തുടങ്ങി. നല്ല ഒരു വിളവാണുണ്ടായതെന്നു കേട്ടാണ് അവർ മടങ്ങിയതു്. ചന്തയിൽ അരി കിട്ടുമെന്നവർ കേട്ടു. പക്ഷേ, എന്തുകൊടുത്തു വാങ്ങും? അവൎക്കു് ഇനി വില്ക്കാനെന്താണു് ബാക്കിയുള്ളതു്? അങ്ങനെ വൃദ്ധന്മാരും ചെറുപ്പക്കാരും തങ്ങളുടെ പൂൎവ്വികമായ തൊഴിലുപേക്ഷിച്ചു മററു തൊഴിലുകൾ തേടി—കൂലികളായി റോട്ടിൽ നടക്കാൻപോലും അവരൊരുമ്പെട്ടു. ഈ 'മാൎഗ്ഗംകൂട'ലിനോടുള്ള പകയും ദേഷ്യവും ഉള്ളിൽവെച്ചുകൊണ്ടു് ആ നദി നിശ്ശബ്ദമായി അങ്ങനെ ഒഴുകുന്നു. അവർ അവളേയും അവരുടെ പൂൎവ്വപിതാക്കന്മാരെയും വഞ്ചിച്ചു.

ഒരു ദിവസം പുലൎന്നു് ഏതാണ്ടുച്ചയായപ്പോൾ, റസിയ ഓടിവന്നു ചിരിയും കരച്ചിലുമിടകലൎന്നു പറഞ്ഞു: "അമീനാ,

അമീനാ, അവർ മടങ്ങിവന്നിരിക്കുന്നു? ഞാൻ പറഞ്ഞില്ലേ, അവർ തീർച്ചയായും തിരിച്ചുവരുമെന്നു്."

അമീനയുടെ ഹൃദയം തുടിക്കുകയാണു്. അവൾ പണിപ്പെട്ടെണീററുകൊണ്ടു ചോദിച്ചു: "ദിദി, ആരാണു്?"

"ഗുലാമും കാദരും. അവർ വരുമ്പോഴേയ്ക്കു നിന്നെ ഒരുക്കി നിർത്താൻ വേണ്ടി ഞാനിങ്ങോട്ടു പോന്നതാണു്." റസിയ പറഞ്ഞു.

അമീനയ്ക്കു സംസാരിക്കാൻ കഴിഞ്ഞില്ല. എന്താണു് പറയേണ്ടതു്? അപ്പോൾ, അവൾക്കാ അവസാനശിക്ഷയിൽനിന്നൊഴിയാൻ സാദ്ധ്യമല്ല. ഗുലാമിൻെറ തുറന്നതും ഒരു ചെറുക്കൻെറ മുഖത്തോടു സമാനവുമായ മുഖത്തു നിന്ദയും വെറുപ്പും പരക്കുന്നതവൾക്കു കാണേണ്ടി വരും. അതാ കാലൊച്ച കേൾക്കുന്നു. അവർ എത്തിക്കഴിഞ്ഞു. അതേ, അവസാനം, അനേകമാസങ്ങൾക്കുശേഷം, അവളുടെ കണ്ണുകൾ ആ പ്രിയപ്പെട്ട വദനത്തിൽ പതിഞ്ഞു. കരയുകയോ? ഇപ്പോൾ അതെന്തിനാണു്? കരയാനിനിയും ധാരാളം സമയമുണ്ടല്ലോ. അയാളുടെ മുഖം ലോഹപ്രായമായിരിക്കുന്നു, അയാൾക്കു കുറച്ചു പൊക്കംവെച്ചിട്ടു്, പോയപ്പോഴത്തേക്കാൾ മെലിഞ്ഞിട്ടുമുണ്ടു്. അയാൾ അവളുടെ മേൽ കുനിഞ്ഞുകൊണ്ടടുത്തിരിക്കയാണു്:

"അമീനാ" അയാൾ വിളിച്ചു. "കിളി!" അതാണയാൾ അവളെ വിളിക്കാറുള്ള ഓമനപ്പേരു്. അവൾ മന്ദഹസിക്കാൻ ശ്രമിച്ചു. അവൾ അയാളുടെ അടുത്തേയ്ക്കാഞ്ഞു. അയാൾ അവളിൽനിന്നു പിൻവലിയുകയാണു്. അയാളുടെ കപോലങ്ങളെ തഴുകാനായി അവൾ ഒരു മെലിഞ്ഞ കൈ നീട്ടി. അയാൾ അവളെ വാരിയെടുക്കാൻ ശ്രമിച്ചു. അവൾ, വിശാലവും സൌഖ്യദവുമായ ആ വിരിമാറിൽ ശിരസ്സണച്ചു്, യാതൊന്നും മിണ്ടാതെ ജീവിതത്തോടു യാത്രപറഞ്ഞു.

# മിടിപ്പ്

കുട്ടി നിറുത്താതെ അനദ്ധ്യായമില്ലാതെ കരയുകയാണ്. കടലാസുകൊണ്ടു മറവെച്ചിരിക്കുന്ന ശക്തികുറഞ്ഞ ഒരു ബൾബ് ആ മുറിയിൽ ഉദാസീനമായി പ്രകാശിക്കുന്നു. ഒരു മൂക്കിൽ പുസ്തകങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നു; മറെറാരു മൂലയിൽ ഒരു മഷിക്കുപ്പി. ചെറിയ ഒരു ബാലൻ നിലത്തു പുസ്തകങ്ങൾക്കരികിൽ കിടന്നുറങ്ങുന്നു. രാത്രിക്കു വല്ലാത്ത ചൂടുണ്ട്. അവൻ വിയപ്പിൽ കുളിച്ചിരിക്കുന്നു. മുഷിഞ്ഞ വിരിയുള്ള കട്ടിലിൽ വിശറിയുമായൊരാൾ ചെരിഞ്ഞു കിടക്കുന്നു. മറെറാന്നിൽ കിടന്നപ്പോഴും കുട്ടി കരയുന്നുണ്ട്. ആക്കും പരസ്പരം വലിയ ശ്രദ്ധയില്ല. അടുക്കളയിൽനിന്നു ചില തട്ടും മുട്ടും കേൾക്കാം. വെളിയിലുള്ള നിരത്തു വിളക്കണെഞ്ഞതുമൂലം നിബിഡാന്ധകാരത്തിലാണ്. അടുത്തെവിടെയോ ഉള്ള ഒരു വീട്ടിൽ നിന്നു നാഴികമണി പത്തടിച്ചു.

ഭാര്യ മുറിയിലേക്കു വന്നു ധൃതിയിൽ കുട്ടിയെ എടുത്തു മുല കൊടുക്കാൻ തുടങ്ങി: "കുട്ടിക്കെന്തോ സുഖമില്ല—അവനെപ്പോഴും വിശപ്പുമാറുന്നില്ല," അവൾ ആവലാതിപൂർവ്വം പറഞ്ഞു. ആ കുഞ്ഞിവായ മുലയിലുള്ള അവസാനത്തുള്ളിപ്പാലും ആർത്തിയോടെ വലിച്ചു കുടിക്കയായിരുന്നു. അതിനു സംസാരിക്കാൻ കഴിവില്ല; ഉണ്ടായിരുന്നെങ്കിൽ, അതു പറയുമായിരുന്നു, അമ്മയുടെ മുലകൾ വററിവരണ്ടുവെന്നും അവ തൻെറ വിശപ്പോ ദാഹമോ ശമിപ്പിക്കുന്നില്ലെന്നും.

ഹരൻ ഭാര്യയുടെ നേരെ നോക്കി പറഞ്ഞു: "അവനു കുറച്ചു പശുവിൻപാൽ കൊടുത്താലെന്താ?"

"നല്ല കഥ! പാല് സേറിനു് എട്ടണയാണ് — അതിനുള്ള പണം എവിടെയാണ്? കുട്ടികൾക്കൊരിക്കലും വിശപ്പുമാറുന്നില്ല. അവരുടെ ആവലാതികൊണ്ടു സൈ്വരംകെട്ടു.

എന്നിട്ടാണ് ഞാൻ മറ്റൊരു കുഞ്ഞിനെക്കൂടി പ്രസവിക്കണമെന്നു നിങ്ങൾ പറയുന്നത്."

ഹരൻ നെടുവീർപ്പോടെ പറഞ്ഞു: "ഇന്നെന്തെങ്കിലും അത്താഴമുണ്ടോ? ബെച്ചു അതാ കിടന്നുറങ്ങി."

"അത്താഴം വാസന്തി കൊണ്ടുവരും. അതാ അവൾ വരുന്നു." വാസന്തി അവരുടെ പന്ത്രണ്ടുവയസ്സായ മകളാണ്. അവൾ നിലത്തിരുന്നുണ്ണാനുള്ള തടുക്കുപായകളിട്ട്, കിണ്ണം നിരത്തി, ക്ലാസുകളിൽ വെള്ളം പകർന്നുവെച്ചു. അവൾ കുനിഞ്ഞ് ആ കൊച്ചനെ കുലുക്കി വിളിച്ചു: "ബെച്ചു, എണീക്ക്. ഊണു കാലായി." വിശപ്പും ഉറക്കവും കാരണം അവൻ കരയാൻ തുടങ്ങി. അവൻെറ അച്ഛൻ ഒന്നട്ടഹസിച്ചപ്പോൾ അവൻ പാതി ഉറക്കത്തിൽ കിണ്ണത്തിനുമുമ്പിൽ ചെന്നിരുന്നു. ആ കുടുംബത്തിൽ ഒരു കിണ്ണം മാത്രമേ അവശേഷിച്ചിരുന്നുള്ളു. ഹരൻ അതിൻെറ മുമ്പിലിരുന്ന് അതിൽ വിളമ്പിയ ആ കററരിച്ചോറിലേയ്ക്കു തുറിച്ചുനോക്കി. മററുള്ളവർക്കെല്ലാം കവിടിക്കിണ്ണങ്ങളാണ്. അവ പലതും കവിടി അടർന്നവയായിരുന്നു. കുട്ടിയുടെ കരച്ചിൽ ശാന്തമായി. ബെച്ചു അപ്പോഴും കരയാൻ ശ്രമിക്കുന്നുണ്ട്. അവനുറക്കം വരുന്നു, ഉണ്ണണ്ടാ എന്നെല്ലാം വാശിപിടിക്കുന്നുണ്ട്. എങ്കിലും തൻെറ പങ്കു ചോറും പരിപ്പും അവൻ മുറയ്ക്കു ശാപ്പിടുന്നുണ്ട്. ഹരനു മാത്രം, ഒരു ചെറിയ കഷണം മത്സ്യം ഒരു കൊച്ചുപിഞ്ഞാണത്തിൽ വെച്ചിട്ടുണ്ട്.

"ഈ ചോറിലെത്ര കല്ലും മണ്ണുമാണ്. അരി നല്ലവണ്ണമൊന്നരിച്ചുകൂടേ?" അയാൾ പിറുപിറുത്തു.

വാസന്തി പേടിച്ചു മേല്പോട്ടു നോക്കി. അരി കഴുകേണ്ടതവളുടെ പണിയായിരുന്നു. പക്ഷേ അവളുടെ അമ്മ പറഞ്ഞു: "ഞങ്ങളതു വല്ലവണ്ണം അരിച്ചു കഴുകാറുണ്ട്. എന്തായിട്ടും

UNIVERSITY LIBRA...

അതിലെ കല്ലും മണ്ണും പോകുന്നില്ല. കഴുകുന്നതിനിടയ്ക്കു സേറിനൊരു ചടക്ക് വീതം പോകുന്നുണ്ട്.

ഇതു വാസ്തവമാണെന്നു ഘരനറിയാം. അയാളുടെ ആപ്പീസ്സിൽനിന്നു കിട്ടുന്നതാണ്. അതു തൻെറ കുടുംബാവശ്യങ്ങൾക്കു മതിയായിരുന്നില്ല. ഒരാൾക്കു ജീവിക്കാൻ കണക്കാക്കപ്പെട്ടിട്ടുള്ളതു കുറഞ്ഞ വിലയ്ക്കു് അയാൾക്കു കിട്ടും. അതുകൊണ്ടാണവരെല്ലാം പങ്കിടുന്നത്.

“നാളെ എങ്ങനെ കഴിക്കണമെന്നറിയില്ല. പരിപ്പ് തീൻ്നു. നാളെ ഒരു നേരത്തേയ്ക്കുള്ള അരിമാത്രമേ ബാക്കിയുള്ളു. ശമ്പളം കിട്ടാൻ ഇനിയും വളരെ ദിവസം കഴിയണം” ദുർഗ്ഗ ആവലാതിപ്പെട്ടു.

“സാരമില്ല, ഞാൻ ബുറാബാബുവിനോട് അഡ്വാൻസു വാങ്ങാൻ നോക്കാം.”

വാസന്തി എച്ചിൽക്കിണ്ണങ്ങൾ തേച്ചു മുററത്തുള്ള പൈപ്പിനരികിൽ കൊണ്ടുചെന്നടുക്കുകയായിരുന്നു. അവൾക്കു വല്ലാത്ത ക്ഷീണമുണ്ട്. കാരണം, അവൾക്കിപ്പോൾ ഒരു വീട്ടുവേലക്കാരിയേക്കാളധികം പണിയുണ്ട്. അവൾ സ്കൂളിൽ പോയിരുന്നു. പക്ഷേ, ഫീസിനുള്ള പണം കൊടുക്കാൻ അച്ഛനു കഴിവില്ലായ്കയാൽ പഠിപ്പു വേണ്ടെന്നുവെച്ചു. വീട്ടിൽ ഒരു വേലക്കാരിയെ താമസിപ്പിക്കാനും അച്ഛനു വകയില്ല. വാസന്തിക്കു സ്കൂളും അവിടത്തെച്ചങ്ങാതികളേയും വളരെ ഇഷ്ടമായിരുന്നു. പക്ഷേ, അവൾ വീട്ടുജോലി എടുക്കണമെന്നച്ഛനമ്മമാർ വിധിച്ചു. അതിനും പുറമേ കുട്ടിയേയും നോക്കണം. ഇതുംകൂടിയായപ്പോൾ അവൾ വല്ലാതെ കുഴങ്ങി. കിണ്ണങ്ങൾ നാളെ കഴുകാമെന്നുവെച്ച് അവൾ നിലത്തു തനിക്കും ബച്ചുവിനുംകൂടി ഒരു പായ വിരിച്ചു. അവളുടെ അച്ഛനും അമ്മയും കിടന്നുകഴിഞ്ഞു. കുട്ടി വീണ്ടും കരയാൻ

തുടങ്ങി. ഒരു കച്ചപ്പാവാട മാത്രം ധരിച്ചിരുന്ന അവൾ ബച്ചുവിന്റെ അരികിൽ ചെന്നുകിടന്നു്, ഒരു മുഷിഞ്ഞു കീറിയ പുതപ്പു വലിച്ചെടുത്തു് അതുകൊണ്ടു തന്റെ ശരീരം മൂടി.

ബച്ചുവിന്റെ പെരുക്കപ്പട്ടിക ഉരുവിടുന്ന ശബ്ദംകേട്ടുകൊണ്ടാണു് ഹരൻ ഉണൎന്നതു്: "ഈരാറു പന്ത്രണ്ടു്, ഈരാറു പന്ത്രണ്ടു്; മൂവ്വാറു പതിനെട്ടു്—" സമയമെന്തായെന്നറിയാതെ അയാൾ പരിഭ്രമിച്ചു. ആ വീട്ടിലുണ്ടായിരുന്ന ഒരേ ഒരു ക്ലോക്കു് പണ്ടേ പണയം വെച്ചിരുന്നതുകൊണ്ടു സമയമറിയാൻ നിവൃത്തിയില്ല. പുറത്തു്, മുററത്തിരുന്നു വാസന്തി കിണ്ണങ്ങളും മററു പാത്രങ്ങളും തേച്ചു കഴുകുകയാണു്. അയാളുടെ ഭാൎയ്യ കുളിക്കുകയായിരുന്നു, കുട്ടി ഉറങ്ങുന്നു. ഹരൻ അടുക്കളയിലേക്കെത്തിനോക്കി. ഒരടുപ്പിൽ തീ മങ്ങിക്കത്തുന്നുണ്ടു്. കുറച്ചരി അടുപ്പത്തുകിടന്നു തിളക്കുന്നു. ഭൎഗ്ഗ് കുളിമുറിയിൽനിന്നു പുറത്തുവന്നപ്പോൾ ഭൎത്താവിനെക്കണ്ടു. അവളുടനെ വീട്ടിലെ പ്രാരബ്ധങ്ങളെപ്പററി ആവലാതി തുടങ്ങി: "കൽക്കരി മന്നിനു 3—4ക. യിൽ കുറഞ്ഞു കൊടുക്കില്ലെന്നു കൽക്കരിവില്പനക്കാരൻ പറയുന്നു. കടം കിട്ടുകയുമില്ല. വിറകു കത്തിക്കാൻ ചാണകവരടിപോലും കിട്ടാനില്ല. ഞാൻ ശേഖരിച്ചുവെച്ചിരുന്ന കുറച്ചു ഗുളും (കൽക്കരിച്ചാരം) തീരാറായി........" ഹരൻ കക്കൂസിലേക്കു പോയി.

ആപ്പീസിലേക്കു പോകുമ്പോൾ അരി വില്ക്കുന്ന കൺട്രോൾഷാപ്പിന്റെ മുമ്പിൽ, വളരെ നീളത്തിൽ സൎപ്പാകൃതിയിലുള്ള ഒരു ക്യൂ ഹരൻ കണ്ടു. അതിൽ സ്ത്രീകളും പുരുഷന്മാരും തിക്കിക്കൂടിനിന്നു വിളിച്ചു നിലവിളിക്കുന്നു. ഹരൻ വിചാരിച്ചു: 'ഒന്നുമില്ലെങ്കിൽ, ഇവൎക്കു കൃത്രിമമായ ലജ്ജയില്ലല്ലോ. അവർ മാന്യതയുടെ കോട്ടവാലിൽ തൂങ്ങിനില്ക്കുന്നില്ല. അയാളെപ്പോലുള്ളവൎക്കാണെന്തിൽ അങ്ങനെ ഒരു ക്യൂവിൽ ചെന്നു

നില്ക്കാൻ അഭിമാനം സമ്മതിക്കയില്ല. ഭാൎയ്യയേയോ മകളേയോ പറഞ്ഞയയ്ക്കാനും നിവൃത്തിയില്ല. തെണ്ടികൾ എച്ചിൽ കുമ്പാരത്തിന്മേൽനിന്നു പൊട്ടും പൊടികളുംവേണ്ടി പോരടിക്കുന്നതു കണ്ടപ്പോൾ അയാൾക്കോക്കാനിക്കാൻ വന്നു. അവർ അതിൽ വീണിരിക്കുന്ന തൊണ്ടും തൊലിയും ചീഞ്ഞ മത്സ്യങ്ങളും പെറുക്കിയെടുത്തു കടിച്ചീമ്പുന്നു. അയാൾ ക്ലൈവ് സ്ട്രിറ്റിലേക്കു ധൃതിയിൽ നടന്നു്, കുടകളാകുന്ന ആയുധങ്ങളോടുകൂടിയ ക്ലാക്കുമാരുടെ സൈന്യത്തിന്റെ ഘോഷയാത്രയിൽ ചേന്നു. പക്ഷേ വിശപ്പുകൊണ്ടാസന്നമരണനായിക്കിടന്ന ഒരാളെക്കണ്ടപ്പോൾ അയാൾ പെട്ടെന്നു സ്തംഭിച്ചുനിന്നുപോയി. ആ സത്വത്തിന്റെ ശരീരം മുഴുവൻ കോച്ചിവലിക്കുന്നു; അയാളുടെ നയനങ്ങൾ മഞ്ഞളിച്ചിരിക്കുന്നു. മനുഷ്യന്റെ അനീതിയോടുള്ള അവസാനപ്രതിഷേധംകൊണ്ടെന്നപോലെ അയാൾ നിശ്ചേഷ്ടനായി. വിളറിയും വിറച്ചും ഹരൻ ആപ്പീസ്സിന്റെ വലിയ കല്പടകളിലെത്തി. ആ വ്യവസായചക്രത്തിൽ അയാൾ ഒരു ചില്ലറപ്പല്ലുമാത്രമാണു്. വിപുലമായ പ്രവത്തനങ്ങൾ നടക്കുന്ന ആ എറുമ്പിൻകൂട്ടിൽ അയാൾ മററുള്ളവരെപ്പോലെതന്നെ കേവലം ഒരെറുമ്പു മാത്രമാണു്. അന്നു മുഴുവൻ ആ മരണക്കാഴ്ച അയാളുടെ കൺമുന്നിൽനിന്നു. ഭക്ഷണത്തിനുവേണ്ടി കശപിശ കൂടുന്നതും, മല്ലിടുന്നതും, സ്വന്തം കുട്ടികളുടെ കയ്യിൽനിന്നുപോലും അതു തട്ടിപ്പറിക്കുന്നതും അയാൾ കണ്ടിട്ടുണ്ടു്. എന്നാൽ വിശപ്പുകൊണ്ടുള്ള മരണം അയാൾ കാണുന്നതു നടാടെയാണു്. അജ്ഞാതനായ ഒരുവന്റെ ആ അവസാനം, തന്റെ സഹജീവികളുടെ മേൽ വാക്കുകൊണ്ടു പറയാത്ത ഒരധിക്ഷേപവും വിധിപറയലുമാണെന്നയാൾക്കു തോന്നി. അതു് ആരും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഒരു പൂണ്ണചിത്രത്തിന്റെ ഭാഗമായിരുന്നു. അതിൽ ഏവരും സമീപവത്തികളാണെന്നയാൾക്കു തോന്നി.

മരണത്തോടുള്ള അടുപ്പത്തെപ്പററിയുള്ള വിചാരംകൊണ്ടു പ്രക്ഷീണമായ ആ പകലിൻെറ അവസാനത്തിൽ ഒരസാധാരണമായ തളച്ച് ഹരനെ പിടികൂടി. എങ്കിലും ബിസിനസ്സ് കേന്ദ്രത്തിന്നും ധനികന്മാർ താമസിക്കുന്ന പ്രദേശത്തിന്നുമിടയിലുള്ള ദൂരം നടക്കുവാൻ അയാൾ ദൃഢനിശ്ചയം ചെയ്തു. അയാൾ തൻെറ അമ്മാമനെ ഒന്നു കാണാൻ പോകയാണ്. കുറച്ചുരി കടം ചോദിക്കയാണുദ്ദേശം. 2ക. അയാൾക്കഡ്വാൻസു കൊടുക്കാൻ ഹെഡ്ക്ലാർക്കിന്നു ദയവുണ്ടായി—പക്ഷേ, എവിടുന്നാണരി കിട്ടുക? ക്യൂവിൽ ചെന്നുനിന്നു മല്ലിടാത്തപക്ഷം—അയൽപക്കത്തുള്ളവർ എന്തു പറയും? ഏതായാലും അയാൾക്കതിന്നു സമയമില്ല; ഭാര്യയെ അയയ്ക്കാൻ നിവൃത്തിയുമില്ല.

അയാൾ അമ്മാമൻെറ വസതിയിലെത്തിയപ്പോൾ ആരോ ഹാർമോണിയംവെച്ചു പാടുന്നുണ്ടു്. എല്ലാ മുറിയിലും വിളക്കണെയ്ക്കൽ; മറകൾ വെച്ച വിദ്യുദ്ദീപങ്ങൾ മങ്ങി പ്രകാശിക്കുന്നു. മധുരമായ ശബ്ദങ്ങൾ അയാളുടെ കാതിലെത്തി. അയാളുടെ മാതുലനായ നാരെൻബാബു നഗരത്തിൽ ധാരാളം വരവുള്ള ഒരു വക്കീലാണ്; അദ്ദേഹം അയാളെ ഔദാര്യത്തോടെ സ്വീകരിച്ചു. "ഹല്ലോ, ഹരൻ, എത്ര കാലമായി കണ്ടിട്ട്. ഭാര്യക്കും കുട്ടികൾക്കുമൊക്കെ സുഖംതന്നെയല്ലേ?" ഈ കുശലപ്രശ്നങ്ങൾക്കെല്ലാം മറുപടി പറഞ്ഞുകൊണ്ടയാൾ അദ്ദേഹത്തോടുപചാരം പറഞ്ഞു.

"ഹരിചരാ," ഗൃഹനായകൻ ഭൃത്യനെ വിളിച്ചു പറഞ്ഞു. "ഹരൻബാബുവിനെ അകത്തേക്കു കൊണ്ടുപോയി കുടുംബിനിയോടു വിവരം പറ."

ഹരൻ ഭൃത്യൻെറ പിന്നാലെ, വെണ്ണക്കൽ വിരിച്ച വൃത്തിയുള്ളതും വിശാലവുമായ ഇടനാഴികളിലൂടെ അന്തഃപുരത്തിലെത്തി. അവിടെ ഉജ്ജ്വലവർണ്ണംപൂണ്ട സാരികളണിഞ്ഞ

ചെറുപ്പക്കാരികളായ പെൺകിടാങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു; വേലക്കാരികൾ കുട്ടികളെ കൈകളിൽ കിടത്തി ഉറക്കുന്നു. അടുക്കളയിൽനിന്നു നല്ല ഭക്ഷ്യപദാൎത്ഥങ്ങളുടെ വാസന പുറപ്പെടുന്നു. അയാളുടെ അമ്മാമി തടിച്ച ഒരു തറവാട്ടമ്മയാണ്. അവർ പറഞ്ഞു: "ഹരൻ വല്ലാതിരിക്കുന്നല്ലോ. എന്തെങ്കിലും സുഖക്കേടു പിടിച്ചോ?"

"ഇല്ല, അമ്മാമി," അയാൾ പറഞ്ഞു: "എനിക്കു സുഖക്കേടൊന്നുമില്ല. ഞാൻ നേരെ ആപ്പീസ്സിൽനിന്നു വരുന്നതുകൊണ്ടാണിത്ര ക്ഷീണിച്ചിരിക്കുന്നതു്."

"എൻെറ കുട്ടി, നിനക്കു നല്ല വിശപ്പുണ്ടാവും. മാധുരി!" അവർ മകളെ വിളിച്ചു. പൂൎണ്ണതാരുണ്യവും മാതൃത്വത്തിൻെറ പ്രഥമവികാസത്തോടുകൂടിയവളുമായ ഒരു യുവതി അവിടെ വന്നു: "എന്താ അമ്മേ, എന്നെ വിളിച്ചോ?"

"ഇതാ ഹരൻ വന്നിട്ടുണ്ടു്." പ്രായം കൂടിയ സ്ത്രീ പറഞ്ഞു. മാധുരി അയാളെ ആദരവോടെ വണങ്ങി. "ഹരൻ കാലും മുഖവും കഴുകിവരുമ്പോഴേയ്ക്കും ഊണു തയ്യാറാക്കു്. ഇവിടെ അകത്തൊക്കെ പരിചയമല്ലേ, ഹരനു്........"

ഊണിനു വട്ടങ്ങൾ പലതുമുണ്ടായിരുന്നു. അമ്മാമിയുടെ ദയാപുരസ്സരമായ നിർബ്ബന്ധത്താലും രുചിയാലും അയാൾ ആൎത്തിയോടെ അതെല്ലാം ഭക്ഷിച്ചു. ഐശ്വൎയ്യത്തിൻെറ ശാന്തമായ തുറമുഖത്തു ജീവിക്കുന്ന അവർ പുറമെന്താണു് സംഭവിക്കുന്നതെന്നറിയുന്നുണ്ടോ എന്നയാൾ അത്ഭുതപ്പെട്ടു. ദാരിദ്ര്യത്തിൽനിന്നും വ്യത്തികേടുകളിൽനിന്നും സുരക്ഷിതമായിരുന്ന ഒരു സമൃദ്ധിനിറഞ്ഞ ജീവിതത്തിൻെറ സൌഖ്യപൂൎണ്ണമായ അന്തരീക്ഷമാണാ ഗൃഹത്തിലുണ്ടായിരുന്നതു്. എന്തിലും ഒരു തരം ശുഭ്രമായ സൌകുമാൎയ്യം! അതയാളെ ശുണ്ഠിപിടിപ്പിച്ചു. ഒരു വെള്ളക്കടലാസ്സിൽ മഷികൊണ്ടു വലിയ അടയാളങ്ങളിടാൻ ആഗ്രഹിക്കുന്ന ഒരു കുട്ടിയെപ്പോലായിരുന്നു അയാളുടെ

നില. അമ്മാമി വാസന്തിയെക്കുറിച്ചന്വേഷിച്ചു: "അവൾക്കെത്ര വയസ്സായി? അവളുടെ വിവാഹത്തെപ്പററി വല്ല ആലോചനയുമുണ്ടോ?"

"അവൾക്കു പന്ത്രണ്ടു വയസ്സേ ആയിട്ടുള്ളു. അവൾ നന്നേ കുട്ടിയാണ്." അയാൾ മറുപടി പറഞ്ഞു.

"അവൾ സ്കൂളിൽ പോവുന്നുണ്ടോ? നമ്മുടെ ചെറുപ്പക്കാലത്തെപ്പോലൊന്നുമല്ല ഇപ്പോൾ. ഇക്കാലത്തു ചെറുപ്പക്കാർക്കു വിദ്യാഭ്യാസമുള്ള ഭാര്യമാരെയാണ് വേണ്ടതു്."

വാസന്തിയെ സ്കൂളിൽ അയയ്ക്കാറില്ലെന്നും അവളിപ്പോൾ പാത്രം തേയ്ക്കുക മുതലായ വീട്ടുജോലികളാണ് ചെയ്യുന്നതെന്നും പറയാൻ ഹരനു നിവൃത്തിയില്ല. അതുകൊണ്ടു് അയാൾ ധൃതിയിൽ ഭക്ഷണം കഴിച്ച് അവിടെനിന്നു യാത്രപറയാൻ അക്ഷമനായി. അയാൾ വന്നതിൻെറ ഉദ്ദേശം നിറവേറിയിട്ടില്ല. മാതുലനുമായി അതിനെപ്പററി സംസാരിച്ചുകഴിഞ്ഞിട്ടില്ല. അയാൾ മുമ്പിൽ ചെന്നപ്പോൾ നാരെൻബാബു ശാന്തമായി ചോദിച്ചു: "ഹരൻ യാത്രയായോ? അമ്മാമി എന്തു പറഞ്ഞു? മാധുരി കുറച്ചു നന്നായിട്ടുണ്ടു്—ഇല്ലേ?"

"അമ്മാമാ," വലിയ മുഖവുര കൂടാതെ ഹരൻ ജല്പിച്ചു: "എനിക്കു കുറച്ചരി കടം തരാമോ?" വൃദ്ധനിൽ ഒരു ദാർഢ്യം കലർന്നു. ദരിദ്രന്മാരുമായുള്ള ബന്ധം അയാൾ ഇഷ്ടപ്പെട്ടിരുന്നില്ല: "അരിയോ? എൻെറ കുട്ടാ, അരിയേക്കാൾ സ്വർണ്ണം തരാൻ എളുപ്പമാണ്."

"പക്ഷേ, കുറച്ചുമതി. ഞങ്ങൾ വല്ലാത്ത ബുദ്ധിമുട്ടിലാണ്. കൊച്ചുകുട്ടികളാണ്, അറിയാമല്ലോ....." ഹരൻ പുലമ്പി. വൃദ്ധൻ തലകുലുക്കി.

"എനിക്കു വളരെ വ്യസനമുണ്ടു്. പക്ഷേ, ഈ വീട്ടിൽ ഒട്ടുംതന്നെ അരി എടുക്കാനില്ല. ഞാൻ വളരെ പിടിച്ചാണ് ചിലവു ചെയ്യുന്നതു്—പൂർവ്വികന്മാർക്കിതു സ്വപ്നംകാണാൻകൂടി

കഴിഞ്ഞിട്ടുണ്ടാവില്ല!" താൻ കുറച്ചു മുമ്പേ ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന അടുക്കളയിലെ ലോഭമില്ലായ്മ ഹരൻെറ മനസ്സിൽ വന്നു. നാളെ തൻെറ കുട്ടികൾ പട്ടിണിയാണെന്നു പറയാൻ അയാൾ ആഗ്രഹിച്ചു. അയാൾ കഴിച്ച ആ ഭക്ഷണം അയാളുടെ തൊണ്ടയിൽ തങ്ങുന്നതായിത്തോന്നി. "ഹോ!" എന്നു മാത്രം പറഞ്ഞുകൊണ്ടയാൾ അവിടെനിന്നിറങ്ങി. പോരുമ്പോൾ തൻെറ സന്ദർശകന്മാരോടു മാതുലൻെറ പ്രസംഗം കേട്ടു: "ദരിദ്രരായ ബന്ധുക്കൾ പിശാചുക്കൾക്കു തുല്യമാണ്! അല്പം ഭേദപ്പെട്ടവരോടെപ്പോഴും പെന്നിരക്കാമെന്നാണവരുടെ വിചാരം. ഇക്കാലത്തെ സ്ഥിതി നിങ്ങൾക്കറിയാമല്ലോ. ഒന്നാംതരം അരിയുടെ ചോറു മാത്രം ഉണ്ടിരുന്ന ഞങ്ങൾക്കിപ്പോൾ അല്പം താണ ഒരുതരം അരികൊണ്ടു തൃപ്തിപ്പെടേണ്ടി വന്നിരിക്കുന്നു."

ഹരൻെറ മുഖം ചുട്ടു പുകയുകയായിരുന്നു. അയാൾക്കു സുഖമില്ലെന്നു തോന്നി. അയാൾ എന്തിനാണവിടെപ്പോയതു്? എന്തെങ്കിലും കിട്ടുമെന്നയാൾ യഥാർത്ഥത്തിൽ പ്രതീക്ഷിരുന്നുവോ? ഉവ്വ്, അയാൾ പ്രതീക്ഷിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ഇക്കൂട്ടർ യാഥാർത്ഥ്യങ്ങളിൽനിന്നത്രമാത്രം അകന്നാണ് ജീവിച്ചിരുന്നതെന്നയാൾ മനസ്സിലാക്കിയിരുന്നില്ല. അതവരെ വലയം ചെയ്തിരുന്നു എങ്കിലും സ്പർശിച്ചിരുന്നില്ല. എല്ലാ കവാടങ്ങളും തുറക്കാനുള്ള മന്ത്രദണ്ഡം അവരുടെ കൈവശമുണ്ട്. അതുകൊണ്ടവർ ചുററും അട്ടിക്കൂടിയിട്ടുള്ള ശവങ്ങളുടെ മീതെ തങ്ങളുടെ കാൽ അവയെ സ്പർശിക്കാതിരിക്കാൻവേണ്ടി ഒരു പാലംകെട്ടി. അയാൾ താമസിക്കുന്ന ആ ഇടുങ്ങിയ ലെയിൻ ഒന്നു പിൻവലിഞ്ഞതുപോലെ തോന്നി. അയാൾ തന്നെ മനസ്സിരുത്തി ചണ്ടിപണ്ടാരങ്ങളുടെ മീതെ വഴിതപ്പിച്ചെന്നു തൻെറ വീടിൻെറ വാതിലിൽ മുട്ടി. ഉള്ളിൽ കാൽപ്പെരുമാററം കേട്ടു. "അച്ഛാ, ഒരു നിമിഷം" വാസന്തി വാതിലിൻെറ സാ

ക്ഷ നീക്കി. നേരം എത്രയായെന്നയാൾക്കൊരു പിടിയുമില്ല. "അച്ഛനെവിടെപ്പോയിരുന്നു? ഞങ്ങളൊക്കെ എത്ര പേടിച്ചു" എന്ന വാസന്തിയുടെ ചോദ്യത്തിനയാൾ ഉത്തരം പറഞ്ഞു: "ഞാൻ തെക്കെത്തെരുവിൽ അമ്മാമൻെറ വീടുവരെ ഒന്നുപോയി. അമ്മയെവിടെ?"

"അമ്മ കിടന്നു" വാസന്തി പറഞ്ഞു. അയാൾ അടുക്കളയുടെ മുമ്പിൽക്കൂടി പോയപ്പോൾ അവിടെ തീ പൂട്ടിയതായി കണ്ടില്ല. അടുപ്പിൽ യാതൊന്നും വെച്ചിട്ടില്ലെന്നയാൾ അറിഞ്ഞു. എല്ലാം ശാന്തമാണ്. കുട്ടിമാത്രം അപ്പോഴും കരയുന്നുണ്ട്. അന്നു മുഴുവനും അതങ്ങനെ കിടന്നു കരയുകയായിരുന്നോ എന്നയാൾ ആലോചിച്ചു. എന്തൊരു പരീക്ഷ! ആപ്പീസ്സുവേഷം മാററുന്നതിനിടയിൽ അയാൾ ഭാര്യയോടു ചോദിച്ചു: "എന്താണ് കിടക്കുന്നത്?"

"വിശക്കുമ്പോൾ മറെറന്തൊന്നാണ് ചെയ്യുക? നിങ്ങളെവിടെപ്പോയിരുന്നു?" ദുർഗ്ഗ എഴുന്നേററിരുന്നു. അവളുടെ നയനങ്ങൾക്കു ചുററും ഒരു കറുത്ത പാടു വീണിരുന്നു. ആരോ മനഃപ്പൂർവ്വം കരിതേച്ചതാണെന്നു തോന്നി. അവളുടെ കണ്ഠാസ്ഥി ഉന്തിനില്ക്കുന്നു. അതും മാധുരിയുടെ തടിച്ചുകൊഴുത്തതും സ്വർണ്ണമാല മിന്നുന്നതുമായ കണ്ഠവുമായി ഹരൻ മനസ്സിൽ താരതമ്യം ചെയ്തു. എങ്കിലും ദുർഗ്ഗ മിക്കവാറും ഭംഗിയുള്ളവളെന്നു പറയാവുന്ന ഒരു നല്ല ഭാര്യയായിരുന്നു. അവളുടെ ദളങ്ങൾപോലുള്ള മൃദുലനയനങ്ങൾ, ഇപ്പോൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്ന മുഖത്തു വലിപ്പംവെച്ചുകാണുന്നു. ഒരു കാലത്തു കൊഴുത്തുരുണ്ടു സ്വർണ്ണവളകൾ അണിഞ്ഞിരുന്ന അവളുടെ കൈത്തണ്ടകളിൽ ഇപ്പോൾ അററത്തു കഴുകൻെറ നഖങ്ങൾപോലെ തൂങ്ങുന്ന വിരലുകളും, ഏതാനും കുപ്പിവളകളും—അതു മംഗല്യത്തിൻെറ അടയാളമാണ്—മാത്രം കാണുന്നു. മാധുരിയുടെ കയ്യിന്മേലുള്ള സ്വർണ്ണവളകൾ അവളുടെ

തൊലിയോടു ചേരുമ്പോൾ വളരെ ഭംഗി തോന്നും. അയാളുടെ ശ്രദ്ധ ദുർഗ്ഗ പറയുന്നതിലേയ്ക്കു തിരിഞ്ഞു: "......അരി ഒട്ടുമില്ല. ഇനി എന്താണ് നാം ചെയ്യുക? കുട്ടികൾക്ക് ഇന്ന് ഒന്നും കൊടുത്തിട്ടില്ല."

"ഞാൻ തോററു, ദുർഗ്ഗേ! കുറച്ചരി ചോദിക്കാൻവേണ്ടി ഞാനിന്ന് അമ്മാമൻെറ വീട്ടിൽ പോയിരുന്നു. അവർ തന്നില്ല. അമ്മാമി എനിക്കുണ്ണതന്നു........" അയാൾ ധൃതിയിൽ ഇത്രയും പറഞ്ഞു. പിന്നീടിതും: "........പക്ഷേ, ബുറാബാബു രണ്ടുറുപ്പിക അഡ്വാൻസു തന്നിട്ടുണ്ട്."

ദുർഗ്ഗ മുഖം ചുളിച്ചു പറഞ്ഞു: "പണംകൊണ്ടെന്തു കാര്യം? എവിടുന്നാണ് അരിയോ പരിപ്പോ 'അററ'യോ കിട്ടുക? ബസ്തിയിലുള്ള സ്ത്രീകളോടൊപ്പം കൺട്രോൾ ഷാപ്പിൻെറ മുമ്പിലുള്ള ക്യൂവിൽ ചെന്നു നില്ക്കാൻ എനിക്കു വയ്യ......" അല്പം ആലോചിച്ചശേഷം അവൾ പറഞ്ഞു: "എനിക്കതു സാധിക്കില്ലേ?"

അനേകദിവസങ്ങൾക്കുശേഷം അന്നു മൃഷ്ടാന്നമായ ഭക്ഷണം കഴിച്ചതുകൊണ്ടായിരിക്കാം ഹരൻെറ ശ്രദ്ധ, മച്ചിൻെറ ഒരുവശത്തുള്ള ചിലന്തിവല, ബച്ചുവിൻെറ കണ്ണീരും മഷിയടയാളങ്ങളും പൂണ്ട മുഖം, ഒന്നും പറയാതെ വെറും വയറോടെ പായയിൽചെന്നുകിടന്ന വാസന്തിയുടെ പ്രായപൂർത്തിയാവാത്ത സ്വരൂപം, എന്നീ നിസ്സാരസംഗതികളിലേയ്ക്കു തിരിഞ്ഞതു്. കൊച്ചുകുഞ്ഞു മാത്രമേ പ്രതിഷേധസ്വരമുയർത്തിക്കൊണ്ടു് അമ്മയോടു തൻെറ ആവശ്യങ്ങൾ പ്രഖ്യാപിച്ചിരുന്നുള്ളു. ഹരൻ ദുർഗ്ഗയുടെ അരികിൽ കിടന്നു. അയാൾ അവളുടെ കൈ പിടിക്കാൻ ശ്രമിച്ചു. അവൾ ഒന്നു കുതറി—അവൾക്കു വിശന്നിരുന്നതുകൊണ്ടു് അത്തരം മൃദുലവികാരങ്ങൾക്കു സ്ഥാനമില്ലായിരുന്നു. അവൾ മറെറാരു കുട്ടിയെ പ്രസ

വിക്കാനാഗ്രഹിച്ചിരുന്നുമില്ല. അയാൾ എന്തുചെയ്യും? ഇതിൽനിന്നു യാതൊരു രക്ഷയുമില്ലേ? അയാൾ ആലോചിച്ചു. അയാളെക്കൊണ്ടു കുടുംബത്തിനെന്താണുപകാരം? താൻ ആത്മഹത്യചെയ്യുന്നതായാൽ സ്ഥിതികൾ ഭേദപ്പെടുമോ? ഈ വിചാരംകൊണ്ട് അയാൾ കുറെനേരം തിരുപ്പിടിച്ചു. മരിച്ചാൽ ഒന്നും അറിയേണ്ടല്ലോ. മരിച്ചവക്കു യാതൊരു വികാരവുമില്ല. അതൊരു തുറന്നുകിടക്കുന്ന രക്ഷാമാർഗ്ഗമാണ്—ആ മാർഗ്ഗം സ്വീകരിച്ചാലോ? തന്റെ കുടുംബത്തോടുള്ള കടമ, സ്നേഹം എന്നീ ചിന്തകളെല്ലാം അയാൾ നിഷ്കാസനം ചെയ്തു. അവക്ക് അയാളെക്കൊണ്ടുള്ള ഭാരം തീരും, എങ്കിലും........അയാൾ ഉറങ്ങി.

അയാൾ ഉണന്നപ്പോൾ വെയിൽവന്നു മുഖത്തടിച്ചുകൊണ്ടിരുന്നു. കുട്ടി കമഴ്ന്നു കിടന്നുറങ്ങുകയാണ്. അയാൾ അവഗണിക്കപ്പെടുന്നപോലെ തോന്നിയതുകൊണ്ടു ഹരനു ശുണ്ഠിവന്നു. വാസന്തിയും ഉണരാൻ വൈകി; അമ്മ തന്നെ വിളിക്കാതിരുന്നതെന്താണെന്നു വിചാരിച്ചുകൊണ്ടവൾ എഴുന്നേററിരുന്നു കണ്ണുതിരുമ്മി. ഏതായാലും പാത്രങ്ങളൊന്നും തേയ്ക്കേണ്ട ഭാരമില്ലല്ലോ. അവൾ ബച്ചുവിനെ വിളിച്ചുണത്തി. അവൻ കരയാൻ തുടങ്ങി: "എനിക്കു വിശക്കുന്നു. എന്തെങ്കിലും തിന്നാൻ തരൂ." ഹരൻ പ്രാന്തയുടെ അററത്തു ചെന്നു ദുർഗ്ഗയെ വിളിച്ചു. കക്കൂസിൽ ആരുമില്ല. അതുപോലെതന്നെ കുളിമുറിയിലും. അവൾ എവിടെപ്പോയിരിക്കും? ഒരു ഭയങ്കരമായ ചിന്ത അയാളുടെ മനസ്സിലുത്ഭവിച്ചു:—ഒരു പക്ഷേ, അവളും ഒരു രക്ഷാമാർഗ്ഗം കണ്ടുപിടിച്ചുവെന്നുണ്ടോ? വാസന്തി പായ തെറുത്തു വെയ്ക്കുകയായിരുന്നു. അയാൾ ധൃതിയിൽ അങ്ങോട്ടുചെന്നു: "നിന്റെ അമ്മയെവിടെ?" അയാൾ ചോദിച്ചു. "അമ്മയോ?" ചോദ്യം കേട്ട് അവൾ അമ്പരന്നു. വീട്ടിലെവിടെയെങ്കിലുമുണ്ടാവും; അല്ലാതെ അമ്മ എവിടെപ്പോകും?

"അമ്മ ഇവിടെ എവിടെയെങ്കിലുമുണ്ടാവും." "ഇവിടെയെങ്ങും കാണുന്നില്ല." അയാൾ അവളോട് അട്ടഹസിച്ചു: "പോയി നോക്ക് എവിടെയെങ്കിലുമുണ്ടോ എന്ന്." ഈ അച്ഛനമ്മാർക്കൊക്കെ ഭ്രാന്തുപിടിച്ചോ എന്നാലോചിച്ചുകൊണ്ട് അവൾ അനുസരണത്തോടെ പുറപ്പെട്ടു. അമ്മ അവിടെ എവിടെയെങ്കിലുമുണ്ടാവും. എന്തിനാണിത്രയെല്ലാം ബഹളം കൂട്ടുന്നത്? അവൾ ടെറസ്സിലേയ്ക്കുള്ള രണ്ടു കോണിയും കയറി. അവിടെ ആരുമില്ല. അടുക്കളയിലും, കക്കൂസിലും കുളിമുറിയിലുമെല്ലാം തിരഞ്ഞു. അവൾക്കു പേടി തുടങ്ങി. വാസന്തിയുടെ കണ്ണു നിറഞ്ഞു. അവൾക്കു ദേഷ്യംവന്നു. അവരെല്ലാം വിശന്നു കഷ്ടപ്പെട്ടപ്പോൾ അമ്മ ഇത്തരത്തിൽ പെരുമാറുന്നതെത്ര അന്യായമാണ്. അവരുടെ വസ്ത്രങ്ങളെല്ലാം അവിടെയുണ്ട്. അവസാനം, വാസന്തി കണ്ണീരോടെ അച്ഛനോടു പറഞ്ഞു: "വാസ്തവത്തിൽ അമ്മ എവിടെയോ പോയ്ക്കളഞ്ഞു." "പോയ്ക്കളഞ്ഞോ!" അയാൾ വിലപിച്ചു. "അതുണ്ടാവില്ല." ബച്ചു കരയാൻ തുടങ്ങി: "അമ്മേ, അമ്മേ, അമ്മ പോയി!" "എങ്ങനെയാണമ്മ പോയത്?" വാസന്തി പൊട്ടിക്കരഞ്ഞു. "എനിക്കതു വിശ്വസിക്കാൻ കഴിയുന്നില്ല." ഹരൻ പുലമ്പി: "ദൈവമേ, അവൾ യഥാർത്ഥത്തിൽ പൊയ്യോയെന്നുണ്ടോ?".

അന്നയാൾ ആപ്പീസ്സിൽ പകൽ കഴിച്ചുകൂട്ടിയതു് ഒരു ദുതസംഭവംപോലെ അയാൾക്കു തോന്നി. അയാളുടെ തല പുകയുകയായിരുന്നു; വയറാണെങ്കിൽ വിശന്നു ഭക്ഷണത്തിന്നുവേണ്ടിക്കരയുന്നു. ചുററുമുള്ളവർ അയാളെപ്പററി കുശുകുശുത്തിരുന്നതിലൊന്നും അയാളുടെ ശ്രദ്ധ പതിഞ്ഞില്ല. അവസാനം, ഹെഡ്ക്ലാക്കിൻെറ ശകാരം അയാളെ പിടിച്ചുണത്തി: "ഹരൻ, നിങ്ങൾക്കെന്താണു് തകരാറ്? നിങ്ങളുടെ ലെഡ്ജറിൽ മുഴുവൻ പിശകാണല്ലോ. ശരിക്കു പണിയെടുക്കാൻ വേണ്ടിയ

ല്ലേ നിങ്ങൾക്കു ശമ്പളം തരുന്നതു്? നിങ്ങൾ ജോലികളയാൻ ഇഷ്ടപ്പെടുന്നില്ലല്ലോ, ഉണ്ടോ? ഈ പോക്കതിലേക്കാണെന്നു ഞാൻ താക്കീതു തരുന്നു.” തനിക്കു തീരെ സുഖമില്ലെന്നുള്ള ഒഴികഴിവു പറഞ്ഞു് അയാൾ തൻെറ മനസ്സിനെ പ്രവൃത്തിയിൽ പിടിച്ചുനിർത്താൻ പരിശ്രമിച്ചു. പക്ഷേ, അയാൾ ഹൃദയം തകന്നു നിശ്ശബ്ദമായി കരഞ്ഞുകൊണ്ടിരുന്നു: “ദുർഗ്ഗേ, ദുർഗ്ഗേ!” അവൾ എന്തിനാണീ കൃത്യം ചെയ്തതു്? വീണ്ടും അയാൾ ആ മരണത്തിൽ കിടന്നു പിടഞ്ഞിരുന്ന മനുഷ്യനെപ്പററി ഓർത്തു. തനിക്കു് അയാളോടു് അസാധാരണമായ ഒരടുപ്പം തോന്നി. അയാളുടെ ദുർഗ്ഗയും അതേ വഴിക്കു തന്നെ പോയി. ഒരൊററ നിമിഷംകൊണ്ടു പതിമൂന്നുകൊല്ലത്തെ ഒരുമിച്ചുള്ള ജീവിതത്തിൻെറ കെട്ടു് എന്നെന്നേയ്ക്കുമായി പൊട്ടിപ്പോയി. ഇന്നു് അവരുടെ വൈവാഹികജീവിതത്തിലെ ഓരോ ചില്ലറ സംഭവങ്ങളും ഓരോ നിസ്സാരപ്പിണക്കങ്ങളും അയാളുടെ സ്മരണയിൽ വരുന്നു; അവയുടെ മൂടലിൽ അയാളുടെ ദൃഷ്ടി മങ്ങി.

വാസന്തി വാതിൽതുറക്കുന്നതും കാത്തു നില്ക്കുമ്പോൾ അയാളുടെ ഹൃദയം അതിവേഗത്തിൽ മിടിച്ചിരുന്നു. ഒരു പക്ഷേ ........അയാൾ ശ്വാസമടക്കി ചോദിച്ചു: “എന്തെങ്കിലും വിവരം കിട്ടിയോ?” അവൾ നിരാശതയോടെ തല കുലുക്കി. കുട്ടി ഉച്ചപോലെ അവളോടു പററിപ്പിടിച്ചിരിക്കുന്നതയാൾ കണ്ടു. അതിനു കരയാനുള്ള ശക്തിപോലുമില്ല. കണ്ണീരില്ലാത്ത കരച്ചിൽ അവൻെറ പിഞ്ചുശരീരത്തെ പിച്ചിച്ചീന്തുന്നു. ബച്ചു ഒരു മൂക്കിലിരുന്നു തേങ്ങുകയാണു്: “അമ്മേ, എനിക്കു വിശക്കുന്നു.” ആ ചെറിയ മുറിയുടെ വാതിൽ ഹരൻെറ പിന്നിൽ അടഞ്ഞു. തൻെറ കുട്ടികളുടെ തുറിച്ച നോട്ടങ്ങൾ അയാളെ കുററപ്പെടുത്തുന്നതുപോലെ തോന്നി. അതു് അയാൾക്കസഹ്യമായി. അയാൾ പുറത്തുള്ള ഇടവഴിയിലിറങ്ങി അങ്ങോട്ടു മിങ്ങോട്ടും ലാ

ത്തി—അയാൾക്ക് എന്തോ ആശയുണ്ടായിരുന്നു. ആളുകൾ ധൃതിയിൽ ഗൃഹങ്ങളിലേയ്ക്കു മടങ്ങുന്നു. സ്ത്രീകൾ ക്യൂവിൽനിന്നു മടങ്ങി വരുന്നു. രാത്രി ത്വരിതമായി സമീപിച്ചുകൊണ്ടിരുന്നു. അതു് ആ ഇടവഴിയുടെ അററം ഹരൻെറ ദൃഷ്ടികളിൽനിന്നു മറച്ചു. വീടുകൾ ക്രമേണ അന്ധകാരത്തിൽ മറഞ്ഞു. പരിഭ്രാന്തമായ ആ നഗരം മുഴുവനും എന്തോ ഭയപ്പാടിൽനിന്നു രാത്രിയുടെ നിഴലിൽ രക്ഷ പ്രാപിക്കുന്നതായിത്തോന്നി. മറവെച്ചിരുന്ന ദിപങ്ങൾ പാതിക്കാഴ്ചയുള്ള കണ്ണുകളെന്നപോലെ മങ്ങിയ പ്രകാശം ചുററും പരത്തി. സർവ്വവും യുദ്ധംമൂലമുള്ള സംഭ്രാന്തിയിലും ഭയത്തിലും വിശപ്പിലുമാണ്ടിരിക്കുന്നു. ബച്ചുവിൻെറ തേങ്ങൽ അപ്പോഴും ഹരൻെറ കണ്ണുകളിൽ വന്നലച്ചു. ഈ കുടുംബത്തെയുംകൊണ്ടു താനെങ്ങനെ കഴിച്ചുകൂട്ടുമെന്നു ഹരൻ ഒരു യന്ത്രപ്പാവയെപ്പോലെനിന്നാലോചിച്ചു. അവൾ എന്നെങ്കിലും മടങ്ങിവരുമോ? അയാൾ നിസ്സഹായനായി പ്രശ്നം വെച്ചു. വീണ്ടും വീണ്ടും അയാൾ തന്നോടുതന്നെ ചോദിച്ചു: "എന്തിനാണവൾ അങ്ങനെ ചാടിപ്പോയതു്?"

രാത്രിയുടെ അന്ധകാരം വർദ്ധിച്ചു വന്നു. തെരുവിൽ വിളക്കുകളൊന്നുമില്ല. ഹരനു വല്ലാത്ത ഏകാന്തത തോന്നി. താൻ എല്ലാവരിൽനിന്നും ഒററപ്പെട്ടതായി തോന്നി. അച്ഛനും ഉപേക്ഷിച്ചുപോയെന്നുള്ള ഭയത്തോടെ വാസന്തി വിളിച്ചു: "അച്ഛാ!" ഉത്തരമില്ല. അവർ തൻെറ കുട്ടികളല്ലെന്നു കണക്കാക്കി, തൻെറ വ്യസനങ്ങളിൽ ആരേയും പങ്കാളികളാക്കാതിരിക്കാൻ അയാൾ ആഗ്രഹിച്ചു. അപ്പോഴും അയാൾ ശരീരായാസം കൊണ്ടു മനസ്സിൻെറ വ്യഥയെ അല്പം ലഘൂകരിക്കാൻവേണ്ടി ഇടവഴിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണു്. ആരോ അയാളുടെമേൽ തട്ടിത്തടഞ്ഞു കർക്കശസ്വരത്തിൽചോദിച്ചു: "ആരാണതു്?" ഹരൻെറ തൊണ്ടയിൽ എന്തോ തടഞ്ഞു. ആ സ്ത്രീ വീണ്ടും പറഞ്ഞു: "ആരാണതു്. വഴിയിൽനിന്നു മാറിനില്ക്കു."

അവസാനം അയാളുടെ തലച്ചോറിലുണ്ടായിരുന്ന മൂടൽ നീങ്ങി. അയാൾ പരുഷമായി മന്ത്രിച്ചു: "ദുർഗ്ഗ! നിയ്യാണോ ഇത്? നീ എവിടെപ്പോയിരുന്നു?"

"അതേ, ഇതു ഞാൻ തന്നെ." അവൾ കരുത്തോടെ പറഞ്ഞു. "അകത്തേക്കു വരൂ. വർത്തമാനമെല്ലാം പറയാം."

അവളുടെ കയ്യിൽ എന്തോ ഉണ്ടായിരുന്നതയാൾ മങ്ങിയ വെളിച്ചത്തിൽ കണ്ടു. "എന്താണതു്?" അയാൾ സവിനയം ചോദിച്ചു. അവളുടെ മുമ്പിൽ അയാൾക്കെന്തോ ഒരപരാധിയുടെ ഭാവമാണപ്പോൾ ഉണ്ടായതു്. "അരി" ദുർഗ്ഗവിജയഭാവത്തിൽ പറഞ്ഞു.

വാസന്തി അമ്മയെ തുറിച്ചുനോക്കി—അതെ, അതവളുടെ അമ്മതന്നെ. പക്ഷേ, അവർ ഒരു ഭിക്ഷക്കാരിയെപ്പോലായിരിക്കുന്നു; ഒരു മുഷിഞ്ഞു കീറിയ സാരി ഉടുത്തിരിക്കുന്നു. മുഖത്തു ചോരയൊലിക്കുന്ന പോറലുകൾ, പക്ഷേ, അവരുടെ കണ്ണുകളിൽ സന്തോഷവും വിജയഭാവവും കളിയാടി. അവളോടൊന്നുംതന്നെ ചോദിക്കാൻ ഹരനു ധൈര്യമില്ലാതായി. കുട്ടി, അവശേഷിച്ചിരുന്ന ശക്തിയെടുത്തു കൈകാൽ കുടഞ്ഞു കരയാൻ തുടങ്ങി. ബച്ചുദുർഗ്ഗയുടെ അരയിൽ കെട്ടിപ്പിടിച്ചു കരഞ്ഞു: "അമ്മേ, അമ്മേ, എന്റെതാരമ്മയാണു്. എനിക്കു വിശക്കുന്നു."

ദുർഗ്ഗ അവനെ ഓമനിച്ചുകൊണ്ടു പറഞ്ഞു: "ഒരു നിമിഷം ക്ഷമിക്കു, മകനേ. ഞാൻ കുഞ്ഞിനു മുല കൊടുക്കട്ടെ. അപ്പോഴേക്കും നിനക്കു ചൂടുള്ള ചോറുണ്ണാം. വാസന്തി, ആ അടുപ്പിൽ തിപ്പൂട്ടു്. നീ നല്ല കുട്ടിയല്ലേ." ഭർത്താവിനോടായി അവൾ പറഞ്ഞു: "നിങ്ങൾ വിഷമിക്കുമെന്നെനിക്കറിയാഞ്ഞിട്ടല്ലാ, പക്ഷേ, വേറെ ഒരു വഴിയുമുണ്ടായിരുന്നില്ല."

"ദുർഗ്ഗേ, നീ എന്താണ് പറയുന്നത്? നീ എവിടെപ്പോയിരുന്നു, ഈ വേഷത്തിൽ. കണ്ടാൽ ഒരു പിച്ചക്കാരിയാണെന്നു തോന്നുമല്ലോ."

"ഞാൻ കൺട്രോൾഷാപ്പിൽ പോയി." "കൺട്രോൾ ഷാപ്പിലോ!" ഹരൻ ആ വാക്കാവർത്തിച്ചു.

"അതെ," അവൾ തല കുലുക്കി. "എനിക്കവിടെ നില്ക്കുന്നവരിലൊരുവളാവേണ്ടിവന്നു. അതുകൊണ്ടു ഞാനീ മുഷിഞ്ഞ വേഷമണിഞ്ഞു നേരം പുലരുന്നതിനുമുമ്പു ക്യൂവിൽ ചെന്നിരുന്നു. എന്നിട്ടും ഞാൻ വളരെ പിന്നിലായിരുന്നു. ധാന്യഷാപ്പിൻെറ മുമ്പിൽ നൂറുകണക്കിനു സ്ത്രീകൾ കിടന്നുറങ്ങുന്നുണ്ടായിരുന്നു. അവരെല്ലാം ആദ്യത്തെ പന്തിയിൽത്തന്നെ റേഷൻ വാങ്ങാൻ വന്നിരുന്നവരാണ്. നിർഭാഗ്യവശാൽ എൻെറ അടുത്തെത്തുന്നതിനുമുമ്പ് അരി തീർന്നുപോയി. അതുകൊണ്ട് ഉച്ചതിരിഞ്ഞു വീണ്ടും ഷാപ്പു തുറക്കുന്നതുവരെ എനിക്കു കാത്തിരിക്കേണ്ടിവന്നു. എൻെറ സ്ഥലം നഷ്ടപ്പെട്ടു. ആ മല്ലിടലിലാണ് ഈ പരിക്കുകളേററതു്. പക്ഷേ, ആ പോക്കിരി സ്ത്രീയുടെ തലമുടി കുറെ ഞാൻ പിഴുതെടുത്തു! എതിർവശത്തുള്ള ക്യൂവിൽ നിന്നിരുന്ന ഒരു ദയാലുവായ മനുഷ്യൻ എനിക്ക് എൻെറ പൂർവ്വസ്ഥലം സമ്പാദിച്ചു തന്നു. എനിക്കെന്തുപററിയെന്നറിയാതെ നിങ്ങളെല്ലാം പരിഭ്രമിക്കുമെന്നോർത്തു ഞാൻ ധൃതിപ്പെട്ടു മടങ്ങിവരികയായിരുന്നു."

ഹരൻ അവളെ ഉററുനോക്കിക്കൊണ്ടു പറഞ്ഞു: "ദുർഗ്ഗേ, നിനക്കതിനെങ്ങനെ മനസ്സുറച്ചു? മാന്യനായ ഒരുവൻെറ ഭാര്യയായ നീ, തെരുവിലെ സ്ത്രീകളോടൊപ്പം ചെന്നുനിന്നു മല്ലിട്ടതെങ്ങനെയാണ്? നീ അത്രമാത്രം അധഃപതിച്ചുപോയോ?"

ർഗ്ഗ് തൻെറ ഭത്താവിനെക്കുറിച്ചു പരിതപിച്ചു. അയാളുടെ മാന്യതയ്ക്കു പോറൽ തട്ടി. പക്ഷേ, തൻെറ കുട്ടികളുടെ വിശന്ന നോട്ടത്തിൻെറ മുമ്പിൽ, മറെറല്ലാച്ചിന്തകളും തിരോധാനം ചെയ്തു.

"എൻെറ പ്രിയനാഥാ," അവൾ ശാന്തമായിപ്പറഞ്ഞു: "വിശക്കുന്നവക്കു ജാതിയോ വർഗ്ഗമോ ഇല്ല." ഈ ചെറുതായ ശകാരത്തോടുകൂടി അവൾ അടുക്കളയിലേയ്ക്കു പോയി.

ഹരൻെറ ആത്മാഭിമാനം വല്ലാതെ ക്ഷതമായി. ഇതയാളുടെ അവമാനത്തിൻെറ അങ്ങേ അററമല്ലേ കാണിക്കുന്നതു്. സുരക്ഷിതമായ അന്തഃപുരത്തിൽ ഭായ്യാധമ്മത്തിൻെറ പാരമ്പയ്യങ്ങളനുസരിച്ചു വളന്നവളും ജീവിക്കുന്നവളുമായ തൻെറ ഭായ്യ, സ്വാഭാവികമായ ലജ്ജയെല്ലാം മാററിവെച്ച്, തെരുവിലെ സ്ത്രീകളോടൊപ്പം ചെന്നു നില്ക്കുക, ഒരു പിടി അരിക്കുവേണ്ടി അവരുമായി മല്ലിടുക! അവൾക്കതെങ്ങനെ സാധിച്ചു? ഇടത്തരക്കാരായ സ്ത്രീകളനുഷ്ഠിച്ചുവരുന്ന ആചാരോപചാരങ്ങളെല്ലാം ഒരു പഴകിയ ഉടുപ്പുപോലെ വലിച്ചെറിഞ്ഞു് അവൾ പൊടുന്നനെ പുതിയ ലൌകികമുറകൾ സ്വീകരിച്ചതെങ്ങനെയാണ്? മാന്യത എന്നതു് അവൾക്കിത്ര നിസ്സാരമാണോ?

ചോറിൻെറ ആകഷകമായ ഗന്ധം അയാളനുഭവിച്ചു. അതയാളുടെ നാസാരന്ധ്രങ്ങളിൽ നിറഞ്ഞു. അയാളുടെ ശരീരം മുഴുവനും സുഭിക്ഷതയെപ്പററിയുള്ള ബോധം വ്യാപിച്ചു. ബച്ചു അടുക്കളയിലേയ്ക്കോടിച്ചെല്ലുമ്പോൾ അവൻെറ കണ്ണുകളിൽ ഉത്സാഹം തുള്ളിച്ചാടുന്നതയാൾ കണ്ടു. വാതിലിൽ ഒരു ചെറിയ മുട്ടു കേട്ടു. ഹരൻ ചെന്നു വാതിൽ തുറന്നപ്പോൾ അവിടെ ഒരു മദ്ധ്യവയസ്കനായ മനുഷ്യൻ സംശയഗ്രസ്തനായി നില്ക്കുന്നതു കണ്ടു.

"നിങ്ങളാരാണ്? നിങ്ങൾക്കെന്തു വേണം?" ഹരൻ ചോദിച്ചു.

"ഞാൻ—ഞാൻ—എന്നെ നിങ്ങളറിയില്ലെന്നു തോന്നുന്നു. നിങ്ങളുടെ ഭാൎയ്യ—ഇപ്പോൾത്തന്നെ ഇവിടെ വന്നു കയറിയ സ്ത്രീ......."

ദഗ്ഗ് കററസ്സായിരിക്കും താമസിക്കുന്നതെന്നു വിചാരിച്ച് അവളെ അനുഗമിച്ച ഒരു പോക്കിരിയായിരിക്കും ഇയ്യാളെന്നു ഹരനുടനെ ഉറപ്പിച്ചു. അയാൾ കോപാവിഷ്ടനായി.

"എടാ, നിനക്കെങ്ങനെ ഇതിനു ധൈൎയ്യമുണ്ടായി?" അയാൾ അട്ടഹസിച്ചു: "ഇതിനു നീയെങ്ങനെ ധൈൎയ്യപ്പെട്ടു?"

"പക്ഷേ—അവൾ—എന്നോടു പറഞ്ഞു—" ആ മനുഷ്യൻ വിക്കി.

"എടാ കള്ളാ, കടന്നുപോ. അവൾ എൻെറ ഭാൎയ്യയാണെന്നറിയില്ലേ?"

"ഞാൻ—ഞാൻ—" പക്ഷേ, അയാൾക്കു പറയാനുണ്ടായിരുന്നതു മുഴുവൻ പറയുന്നതിനുമുമ്പു ഹരൻ അയാളെ തെരുവിലാക്കി, അയാളുടെ മുഖത്തു വാതിൽ കൊട്ടിയടച്ചു. രക്തം ഹരൻെറ തലച്ചോറിലേക്കു കുതിച്ചു കയറിക്കൊണ്ടിരുന്നു.

"എന്താണ് ശബ്ദം കേട്ടതു്?" ദഗ്ഗ് ആരാഞ്ഞു.

ക്ലൂവിൽനിന്ന് ഒരാൾ നിന്നെ പിന്തുടരുന്നുണ്ടായിരുന്നു. നിൻെറ നാണംകെട്ട പ്രവൃത്തിയുടെ ഫലമാണിതു്." ഹരൻ ശുണ്ഠിയടങ്ങാതെ പറഞ്ഞു.

"വിഡ്ഢിത്തം പറയരുതു്." ദഗ്ഗ് പറഞ്ഞു: "എവിടെയാണയാൾ? അയാളോടിവിടെ വരാൻ ഞാൻ പറഞ്ഞിരുന്നു"

"നീ അയാളോടു വരാൻ പറഞ്ഞു? എനിക്കു ഭ്രാന്തുപിടിച്ചോ?"

"എന്നാണ് തോന്നുന്നതു്," അയാളുടെ ഭാൎയ്യ ഉത്തരംപറഞ്ഞു. "എനിക്കു ക്ലൂവിൽ എൻെറ സ്ഥലം വീണ്ടെടുത്തുതന്ന

ആളാണയാൾ. അതുകൊണ്ടയാൾക്കയാളുടെ സ്ഥലം നഷ്ടപ്പെട്ടു. രണ്ടു തവണ അയാളുടെ അവസരം പോയി. രണ്ടു ദിവസമായി അയാളെന്തെങ്കിലും കഴിച്ചിട്ട്. അതുകൊണ്ടു നമ്മുടെ ചോറിൽനിന്നു കുറച്ചുകൊടുക്കാമെന്നുപറഞ്ഞു ഞാനയാളോടു വരാൻപറഞ്ഞതാണ്."

"അങ്ങനെയോ!" ഹരൻ ഒഴുക്കൻമട്ടിൽ പറഞ്ഞു.

"അയാളെവിടെ?" ദുർഗ്ഗ ചോദിച്ചു.

"ഞാനയാളെ തെരുവിലാക്കി വാതിലടച്ചു."

# റോഡ്

ഒരു മുഹമ്മദിയപ്പള്ളിയുടെ ശുഭ്രവൎണ്ണവും വിജൃംഭിതവുമായ സ്തൂപങ്ങൾ പരിസരങ്ങളിലുള്ള ചെറെറപ്പുരകൾക്കു മീതെ ഉയൎന്നുകാണുന്നു. ശരൽക്കാലത്തെ സായാഹ്നത്തിൻെറ ക്ഷീയമാണമായ പ്രകാശം വൎണ്ണപ്പകിട്ടുകളുടെ ഒരു മേളനമുളവാക്കുന്നു. തൊഴിലാളികൾ തങ്ങളുടെ ബസ്തികളിലേയ്ക്കു മടങ്ങുകയാണു്. തെരുവിലെ വേശ്യകൾ രാത്രിക്കുള്ള ഒരുക്കുകൂട്ടുന്നു. 'ചൂല'കളിലെ തീയ്യിൻെറ ലുപ്തമായ വെളിച്ചത്തിൽ, വൃത്തികെട്ട കുഞ്ഞുങ്ങൾ മൺതറയിലേയ്ക്കിഴഞ്ഞുവരുന്നു. റോഡിനരികിലുള്ള ഗട്ടറിലിറങ്ങിക്കളിക്കുന്ന പിള്ളേരുടെ കലകലശബ്ദവും കേൾക്കാം. നിരുത്സാഹമായ അദ്ധ്വാനവും കഷ്ടാരിഷ്ടവും കൂടിക്കലൎന്ന ഈ അന്തരിക്ഷത്തെ ഭേദിച്ചുകൊണ്ടു്, പുണ്യവാനായ മൊല്ല പടിഞ്ഞാട്ടു തിരിഞ്ഞിരുന്നു വിശ്വാസികളെ പ്രാൎത്ഥനയ്ക്കു് ആഹ്വാനംചെയ്യുന്ന അസാൻവിളി ഉയൎന്നു കേൾക്കുമാറായി. ആ വിളി ചാരനിറമായ മേൽപ്പുരകളിൽ മാറെറാലിക്കൊണ്ടപ്പോൾ ഒരു നിമിഷനേരത്തേയ്ക്കു ദുൎഗ്രാഹ്യമായ ഒരഭ്യുന്നതി ഉളവായി; മനശ്ശാന്തിയുടെ ഒരു വ്യാമോഹത്തിൽ ലോകം മുഴുകി. വേശ്യകൾ ചമഞ്ഞൊരുങ്ങുന്നതിനിടയിൽ അല്പം വിരമിച്ചു്, അളവില്ലാത്തതും കാരണം പറയാൻ കഴിയാത്തതുമായ ഒരു നിർവൃതി പൂണ്ടു. പ്രാൎത്ഥനയ്ക്കുള്ള ആഹ്വാനം അന്തരിക്ഷത്തിൽ അലച്ചു; അതോരോരുത്തരേയും അവകാശപ്പെട്ടു. ആ പഴയ സ്വരം, ഒരു ചെറുതെന്നൽ വൃക്ഷാഗ്രങ്ങളിൽ ലയിക്കുന്നതുപോലെ, നിശ്ശബ്ദതയിൽ വിലയിച്ചു.

നഗരപ്രാന്തത്തിലുള്ള ഒരരുവിയുടെ മീതെ വളഞ്ഞുനില്ക്കുന്ന ആ പാലം അപൂൎവ്വമായേ ഉപയോഗിക്കാറുള്ളു. ആ അരുവി അതിവേഗം മണൽ വന്നടിഞ്ഞു തൂൎന്നുവരികയാണു്. അ

തിന്റെ കിഴിലാണ് ഗ്രാമങ്ങളിൽനിന്നു വന്ന അഗതികളെ ല്ലാം താവളമടിച്ചിരിക്കുന്നത്. അവരും ഒരു ദിവ്യാനുഗ്രഹം പോലെ തങ്ങൾക്കുപരി വന്നു വായുവിൽ തങ്ങിയ ആ അ സാൻവിളി കേട്ടു. മാത്രനേരം അതവരെ തങ്ങളുടെ ദുരിതങ്ങ ളെപ്പററിയുള്ള ചിന്തയിൽനിന്നു നിവൃത്തരാക്കി. തന്റെ ഭ ത്താവിന്റെ ശവശരീരത്തിനരികിൽ വരണ്ട കണ്ണുകളോടെ നോക്കിയിരുന്ന കാളിക്കുപോലും അതൊരാത്മനിർവൃതി അ ണച്ചു. അവർ വളരെ നേരമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കു ന്ന രാത്രി, അവക്കും ലോകത്തിന്നുമിടയിൽ അഗതികളുടെ നിബ്ബന്ധിച്ചുകൂടലിനെ ഇളവില്ലാതെ സൂക്ഷിച്ചുകൊണ്ടിരിക്കു ന്ന ദൃഷ്ടികൾക്കും അവക്കുമിടയിൽ ഒരു തിരസ്കരിണി വീഴ്ത്തി. വളരെ നാളായിട്ടു നിശ അവക്കൊരാശ്വാസദായിനിയായി തീന്നിരിക്കയാണ്. അതിന്റെ നിഴലിൽ അവർ ഭക്ഷണം നേടി ധൈയ്യത്തോടെ മുന്നോട്ടു നീങ്ങും. നേരം പുലന്നാൽ, വന്യമൃഗങ്ങളെപ്പോലെ അവർ തങ്ങളുടെ മടകളിൽ ചെ ന്നൊളിക്കും. ഒരു ശബ്ദം കേട്ടാൽ തിരഞ്ഞുപിടിക്കപ്പെട്ടാലോ എന്നു ഭയപ്പെട്ട് അവർ നിശ്ശബ്ദമായവിടെ പതുങ്ങും. കാട്ടുമൃഗ ങ്ങളുടെ കള്ളത്തരവും സൂക്ഷ്മതയും അവർ പരിശീലിച്ചുകഴി ഞ്ഞു. സന്ധ്യയുടെ പാണ്ഡുരദീപ്തി പോയി രാത്രിയുടെ കൂരിരു ട്ടു പരന്നു. നക്ഷത്രപ്രഭ മങ്ങിയ നിഴൽപ്പാടുകൾ വീശി. അ വരുടെ അഭയസ്ഥലത്തേയ്ക്കു മററൊരു പ്രകാശവും കടന്നുചെ ന്നില്ല.

പാലത്തിന്റെ ചുവട്ടിൽനിന്നു ശ്രദ്ധാപൂവ്വം പുറപ്പെട്ട് അവർ അരുവിയുടെ തീരങ്ങളിൽക്കൂടി മേല്പോട്ടു കയറി റോഡി ലേയ്ക്കണയുമ്പോൾ, അവിടം പൊരുപൊരപ്പറഞ്ഞുകൊണ്ടുള്ള വാദപ്രതിവാദങ്ങളാലും മററു പ്രവത്തനങ്ങളാലും മുഖരിതമാ യി. ആരോ വിളിക്കുകയാണ്: "അല്ലാ, കാളി, വാ. സമയ മൊട്ടും കളഞ്ഞുകൂടാ." അവൾ പിന്തിരിഞ്ഞുനോക്കി—നി

ലത്തു നീണ്ടുനിവൎന്നുകിടക്കുന്ന ആ ശരീരം അകാരണമായി അവളിൽനിന്നു വളരെ അകന്നുപോയതായിത്തോന്നി. ഒരു മാത്ര അവൾ അതിനെ നിൎവ്വികാരമായി സൂക്ഷിച്ചുനോക്കി. അനന്തരം അവൾ തിരിഞ്ഞുനടന്നു. ആ നിശ്ശബ്ദമായ ഘോഷയാത്രയിൽ ചെന്നുചേൎന്നു. ജനവാസം നിറഞ്ഞതും ധനികന്മാർ താമസിക്കുന്നതുമായ ഭാഗങ്ങളെ ലക്ഷ്യമാക്കി, സാവധാനത്തിൽ, വേദനയോടും ദൃഢനിശ്ചയത്തോടുംകൂടി, അവൾ മുന്നോട്ടു നീങ്ങി. മാൎച്ച് ചെയ്തുവരുന്ന ആ പ്രേതതുല്യരായ മനുഷ്യസമൂഹത്തെപ്പററി യാതൊന്നുമറിയാതെ ആളുകൾ വിളക്കണച്ച് ഉറങ്ങാൻ പോകയാണ്. അതു നിശ്ശബ്ദമായും ഉദ്ദേശദാൎഢ്യത്തോടുകൂടിയും ചുററിവളഞ്ഞുവരുന്നു. ഒരു കുട്ടി ഉറക്കെക്കരഞ്ഞു. അതിൻെറ അമ്മ കൈകൊണ്ടു കുട്ടിയുടെ വാ പൊത്തി ധൃതിപ്പെട്ടുനടന്നു. ഒരു വയസ്സൻ തളൎന്നുവീഴാൻ പോയി. രണ്ടുപേർ അയാളെ ഇരുവശത്തും താങ്ങിനടത്തുകയാണ്. വിശപ്പിനെക്കൂടി അതിക്രമിച്ചിരുന്ന ഭയം അവരെ നഗരത്തിൽകൊണ്ടെത്തിച്ച ആ റോഡിലേക്കു തള്ളിവിടുകയാണ്. മുന്നോട്ട് ആട്ടിത്തെളിക്കപ്പെടുന്ന ആട്ടിൻപററത്തെപ്പോലെ, അവർ നഗരത്തിലേക്കു വന്ന അതേ റോഡു നോക്കിത്തിരിക്കുകയാണ്.

നഗരാതിൎത്തിക്കു വെളിയിലായപ്പോൾ അവർ ഭയത്തോടെ പിന്തിരിഞ്ഞുനോക്കി. ആ റോഡ് അവൎക്കു കീഴിൽ ത്രസിച്ചുകൊണ്ടും വിലക്കിക്കൊണ്ടും കിടക്കുന്നു. അവർ നല്ല സ്വാഗതവും വിശ്രമവും പ്രതീക്ഷിച്ചാണ് നഗരത്തിലേക്കു വന്നത്. പക്ഷേ, അതിൻെറ കല്ലു വിരിച്ച വീഥികളിൽ തല്ലി അവരുടെ തലകളും ഹൃദയങ്ങളും ചതഞ്ഞുപോയി. രാത്രി നഗരത്തിൻെറ കണ്ണുകൾ ഒരു കറുത്ത തൊപ്പികൊണ്ടു മൂടിയിരുന്നു. പക്ഷേ അതിൻെറ തീക്ഷ്ണവികാരങ്ങളും തിമൃദ്ദരന്തങ്ങളും

ആ മറസ്സുകളിൽ ഒളിഞ്ഞിരിപ്പുണ്ട്. വലിയ പ്രതീക്ഷകളോടു കൂടി വന്നെത്തിയ അവർക്കെല്ലാം ഘോരാരണ്യത്തിൻെറ നടുക്കു പെട്ട കുട്ടികളുടെ അനുഭവമാണുണ്ടായതു്. ആ വലിയ വീടുകൾ റോഡിൽ അസാമാന്യമായ നിഴലുകൾ പരത്തി ഒഴിഞ്ഞുമാറി, നിശ്ചലമായും അർത്ഥഗർഭമായും നിന്നു. നഗരം ഒഴിഞ്ഞുമാറിനിന്നു്, ഈ ഒഴിച്ചുപോകലിനെ നിർദ്ദാക്ഷിണ്യം നോക്കിക്കൊണ്ടിരിക്കുന്നതുപോലെ തോന്നി. അവരെ തടഞ്ഞുനിർത്താനോ സഹായിക്കാനോവേണ്ടി അതൊരു കൈനീട്ടുകപോലും ചെയ്തില്ല. അവസാനം ഇവരെല്ലാം ആട്ടിയോടിക്കപ്പെട്ടുവല്ലോ എന്നോർത്തു് അസാമാന്യമായി സന്തോഷിക്കുന്ന ഒരു മട്ടുണ്ടായിരുന്നു അതിനു് അവരുടെ ഭക്ഷണത്തിനുവേണ്ടിയുള്ള നിലവിളികളെ അതൊരിക്കലും കരുണയോടുകൂടി ചെവിക്കൊണ്ടില്ല. ഈ ആക്രമണത്തിൽ, തൻെറ സ്വസ്ഥതയെ ഇതുവിധം ഭഞ്ജിച്ചതിൽ അതിനു വിദ്വേഷമുണ്ടായിരുന്നു. ഇന്നു് അതവരെ നിശ്ശബ്ദമായി നോക്കിനിന്നു്, അവരെല്ലാം എവിടെനിന്നു വന്നോ, അങ്ങോട്ടുതന്നെ തിരിച്ചുപോകുന്നല്ലോ എന്നോർത്തു് ആനന്ദിക്കുകപോലും ചെയ്തു. നഗരത്തിലെ ജനങ്ങളെ പിടികൂടിയിരുന്ന ഒരു പേടിസ്വപ്നത്തിലെ പിശാചസമൂഹമായിരുന്നു അവരെല്ലാം. ഇപ്പോൾ അവരെല്ലാം തങ്ങളുടെ ഉത്ഭവസ്ഥാനത്തേയ്ക്കു മടക്കിവിളിക്കപ്പെട്ടു. നാളെ നഗരം വീണ്ടും വിമുക്തമാവും.

തെണ്ടികളുടെ ആ സംഘം മുന്നോട്ടു നീങ്ങി മറെറാരു സമൂഹത്തോടു ചേർന്നു. തങ്ങളുടെ കീറഭാണ്ഡങ്ങളുമേന്തി, നഗരത്തിൽനിന്നു ഗണ്യമായ ദൂരം പോവാൻ ദൃഢനിശ്ചയംചെയ്തിരുന്നവരെപ്പോലെ, അവർ ഗതി തുടർന്നു. പ്രഭാതത്തിൻെറ പാണ്ഡുരച്ഛവി രക്തവർണ്ണമായിത്തുടങ്ങി. ലോലനീലമായ ആകാശത്തിൽ അതിൻെറ തരളമായ പ്രകാശരേഖകൾ നെടുനീ

ളം പ്രത്യക്ഷപ്പെട്ടു. അന്തരിക്ഷത്തിൽ അല്പം ശൈത്യം കല ന്നിരുന്നു. അതു് ആ അർദ്ധനഗ്നരുടെ സംഘത്തിന്നു് ഒരു വിറയലേകി. അവർ അന്യോന്യം ഒട്ടിച്ചേൎന്നു. വഴിയരികിൽ വിശ്രമത്തിന്നായി ഇരുന്നപ്പോൾ അവരുടെ പാദങ്ങളിൽ തൊലി പൊട്ടി രക്തമൊലിച്ചുകൊണ്ടിരുന്നു.

എന്തിനാണു് മടങ്ങിപ്പോരുന്നതെന്നു കാളി ആലോചിച്ചു. അവളുടെ സൎവ്വസ്വവും നഗരം അപഹരിച്ചുകഴിഞ്ഞു. സ്വന്തം ഭൎത്താവിന്റെ ശരീരംപോലും കുറുക്കന്മാൎക്കു തിന്നായി അവൾ അവിടെ ഉപേക്ഷിച്ചുപോന്നു. അവളുടെ അടുത്തിരിക്കുന്ന സ്ത്രീ പതുക്കെക്കരയുകയാണു്. കാളി ഉദ്വേഗത്തോടെ ഒരു കൈകൊണ്ടവളെ വലയംചെയ്തു. അവൾ ഉറക്കെ പൊട്ടിക്കരയാൻ തുടങ്ങി: "എന്റെ അരുമക്കുഞ്ഞ്! അവനു കൊടുക്കാൻ അല്പം ഭക്ഷണത്തിനുവേണ്ടി ഞാൻ കാൻടീനിൽ പോയി—അവനു പനിക്കുന്നുണ്ടായിരുന്നു. ഞാനവനെ ഒരു മരച്ചുവട്ടിൽ നിലത്തു കിടത്തിയിരുന്നു. ഞാൻ മടങ്ങിവന്നപ്പോൾ അവനെക്കാണാനില്ല. അവൻ പോയി......." അവൾ കരഞ്ഞു. അടുത്തുണ്ടായിരുന്നവർ പറഞ്ഞു: "ഒരു പോലീസ്‌ലോറി ആ വഴി വന്നു് അവനെ എടുത്തുകൊണ്ടുപോയെന്നു്. അവൻ എന്നെ വിളിച്ചു് ഉറക്കെ നിലവിളിച്ചു. അവർ കുറെ സ്ത്രീകളേയും കുട്ടികളേയും പിടിച്ചുകൊണ്ടുപോയി. അവരെല്ലാം തല്ലിത്തൊഴിച്ചുകരഞ്ഞു. എനിക്കെന്റെ കുഞ്ഞിനെക്കാണാഞ്ഞിട്ടു നെഞ്ചു പൊട്ടുന്നു. അവൻ എന്റെ ഏകസന്താനമാണു്. അവനെ അവർ പുഴയിലെറിഞ്ഞിട്ടുണ്ടാവും. ദിദി, ഈ കേൾക്കുന്നതു വാസ്തവമാണോ? അവർ യഥാൎത്ഥത്തിൽ ആളുകളെ പുഴയിൽ മുക്കിക്കൊല്ലുന്നുണ്ടോ?"

ഇതു കേട്ടുനിന്നിരുന്ന ഒരുവൻ പറഞ്ഞു: "ദൈവത്തിനറിയാം. എന്നാൽ, അവർ പിടിച്ചുകൊണ്ടുപോകുന്നവരെപ്പ

ററി പേടിയാവുന്ന പല കഥകളും കേൾക്കുന്നുണ്ട്. അവരെ കാട്ടിൽ കൊണ്ടുപോയി കാട്ടുമൃഗങ്ങൾക്കു തീനായി എറിഞ്ഞു കൊടുക്കുകയാണെന്നു ചിലർ പറയുന്നുണ്ട്.''

ആ സ്ത്രീ ഇതു കേട്ടു ഞെട്ടിവിറച്ചു. ഇതുപോലുള്ള കഥകളാണവരെ നഗരത്തിൽനിന്നു പിന്തിരിഞ്ഞോടിക്കുന്നതു്. ആളുകളെ പിടിച്ചുവലിച്ച് ലോറികളിലിട്ടു കൊണ്ടുപോകുന്നതവൾതന്നെ കണ്ടിട്ടുമുണ്ട്. യാതൊരു വിവരവുമില്ലാത്ത അക്രമികൾ അഗതികളോടു പെരുമാറുന്ന രീതി തീരെ നിഷ്ഠുരമായിരുന്നു. ആക്കം വേണ്ടാത്ത പായപ്പട്ടികളെപ്പോലാണ് അവരോടു പെരുമാറിയിരുന്നതു്.

അവർ വീണ്ടും യാത്ര തുടന്നു. വയസ്സനായ യൂസഫ്മിയ, തന്റെ പൌത്രനായ യൂനസ്സിന്റെ കയ്യും പിടിച്ച് വഴി താണ്ടുകയാണ്. അയാൾ തന്നോടായിത്തന്നെ പിറുപിറുക്കുന്നുണ്ട്: ''ഒന്നുമില്ലെങ്കിൽ, നമുക്കൊരു പുരയുണ്ടല്ലോ. അതിൽനിന്നു നമ്മെ ആരും അടിച്ചോടിക്കില്ല.''

''എനിക്കെന്റെ അമ്മയെക്കാണണം'' കൊച്ചൻ കരയുകയായിരുന്നു. വയസ്സനായ യൂസഫിന് ഒന്നും മറുപടി പറയാനില്ല. കാരണം, ഒരു ദിവസം ഉച്ചതിരിഞ്ഞ് അയാളും യൂനസും ഭക്ഷണംതേടിപ്പോയിട്ടു മടങ്ങിവരുമ്പോൾ അവളെ കണ്ടില്ല. അവൾ കാൻടീനിൽനിന്നു കാലേ മടങ്ങിവന്നു വിശ്രമിക്കാൻ കിടന്നപ്പോൾ, അടുത്തു കാത്തുനിന്നിരുന്ന ഒരു ലോറിയിലേയ്ക്കു കുറെ ആളുകളെ ബലമായി തള്ളിക്കേററി കൊണ്ടുപോകയുണ്ടായി. അതിൽ അവളും പെട്ടു. അവൾ നിലവിളിച്ചുകൊണ്ടു ലോറിയിൽനിന്നും എടുത്തു ചാടാൻ ഒരുമ്പെട്ടു. അവർ അവളുടെ നീളമുള്ള തലമുടികൊണ്ട് അവളെ ഒരു ബെഞ്ചിന്റെ കാലിന്മേൽ കെട്ടിയിട്ടു. ''ഒരുപക്ഷേ, അവൾ വീട്ടിലെത്തിയിട്ടുണ്ടാവും'' അയാൾ നുണപറഞ്ഞു കൊച്ചനെ സാന്ത്വനപ്പെടുത്തി. ''ഉവ്വോ? മുത്തച്ഛാ, അതു വാ

സ്തവമാണോ?" കുട്ടിയുടെ കണ്ണിലെ തിളക്കം വൃദ്ധൻെറ മന സ്സാക്ഷിയെ ഭേദിച്ചു. ആ നുണ ആവത്തിക്കാൻ അയാൾക്കു കഴിഞ്ഞില്ല.

ചെറുപ്പക്കാരും വൃദ്ധന്മാരും, നടന്നുനടന്നു ക്ഷീണിച്ചു, കാലടികൾ പൊട്ടി വരിവരിയായി റോഡിൽക്കൂടി സദാ നീങ്ങിക്കൊണ്ടിരുന്നു. മുന്നോട്ട്, മുന്നോട്ട്. ആരോ ഒരുവൻ കുഴഞ്ഞുവീണു. ആ ഘോഷയാത്ര നിന്നു. അവർ വീണവനു ചുററും തിക്കിക്കൂടി: "ആരാണത്?" "എന്തുപററി?" ആ മനുഷ്യൻ ഭയങ്കരമായി ഓക്കാനിച്ചിരുന്നു. അയാൾ റോട്ടിലെ പൊടിയിൽക്കിടന്ന് അസഹ്യമായ വേദനകൊണ്ടുരുളുകയാണ്. ആരോ മന്ത്രിച്ചു: "കോളറ!" വേറൊരുവൻ പറഞ്ഞു: "ലക്ഷ്മികന്തപുരത്തിൽനിന്നുവന്ന സുരുപാലാണത്." അവർ എന്തു വേണ്ടു എന്നറിയാതെ പരസ്പരം നോക്കി. അനന്തരം അവർ പതുക്കെ മാച്ച് തുടന്നു. അവക്കു യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. സുരുപാലിൻെറ ഭായ്യ ഒരു കുഞ്ഞിനെ കയ്യിലേന്തിയും മറെറാരു കൊച്ചൻ ആടയിൽ പിടിച്ചു തൂങ്ങിയും അവിടെ അല്പം സംശയിച്ചു നിന്നു—അവൾക്കെന്തു ചെയ്യാൻ കഴിയും? അയാൾ മരിക്കുകയാണ്, അവളുടെ കുഞ്ഞുങ്ങൾക്കും അവൾക്കും ജിവിക്കണം. അവൾ ഏതാനും ചുവടു മുന്നോട്ടു വെച്ചു, വീണ്ടും മടങ്ങിവന്നു. അയാളുടെ വരണ്ട ചുണ്ടുകൾ മന്ത്രിക്കുകയാണ്: "അംബേ; അംബാലികേ, വെള്ളം!" ഒരു ജീവിതകാലം മുഴുവനുമുള്ള സ്മരണകൾ അവളെ പിടിച്ചുവലിച്ചു. പക്ഷേ, അവൾ അവിടെ നില്ക്കാൻ ആഗ്രഹിച്ചില്ല. അവിടെനിന്നാൽ മരണം തീച്ചയാണ്. എങ്കിലും എങ്ങനെയാണയാളെ വിട്ടുപോവുക? അയാൾ കണ്ണുതുറന്നു, അവയിലെ കാഴ്ച മങ്ങിക്കഴിഞ്ഞിരുന്നു. അയാൾ പിറുപിറുത്തു: "അവളും എന്നെ ഉപേക്ഷിച്ചു. അവളും പോയ്ക്കഴിഞ്ഞു." അംബാലിക കുഞ്ഞിനെ റോഡിൽക്കിടത്തി; മൂത്തകുട്ടി നിലത്തുകിടന്നുരുള

ന്ന അച്ഛന്നരികിലിരുന്നു. അവൾ അടുത്തുള്ള ഒരു കുളത്തിൽ നിന്നു വെള്ളം കൊണ്ടുവരുന്നതു സഗൌരവം നോക്കിക്കൊണ്ടിരുന്നു. അവൾ അയാൾക്കരികിൽ കുമ്പിട്ട്, അയാളുടെ വരണ്ട നാവിന്മേൽ വെള്ളം ഇററിററു വീഴ്ത്തി. അയാൾ കൃതജ്ഞതയോടെ കണ്ണു തുറന്നു നോക്കി, മന്ദഹസിച്ച്, താഴ്ന്ന സ്വരത്തിൽ കുറേക്കൂടി ആവശ്യപ്പെട്ടു. ആൾക്കൂട്ടം ഒരു മൃഗതൃഷ്ണ പോലെ വിദൂരതയിൽ ലയിച്ചു, അവരുടെ ശബ്ദം അവ്യക്തമായിത്തീർന്നു.

സ്വന്തം ദുരിതങ്ങളിൽ മുഴുകിയിരുന്നതുകൊണ്ട് ആരും അംബാലികയെ തിരിഞ്ഞു നോക്കിയില്ല, അവൾക്കെന്തു സംഭവിച്ചുവെന്നോർത്തുപോലുമില്ല. സ്വന്തം ആശകളിലും വിചാരങ്ങളിലും അവർ മുഴുകിയിരുന്നു. അവരെ തിരിച്ചുകൊണ്ടുവരുന്ന ആ റോഡ് അററമില്ലാതെ നീണ്ടുകിടക്കുന്നു—പക്ഷേ, എന്തിനാണവർ മടങ്ങിവരുന്നത്? ഈ സ്ഥിതിയെപ്പററി നമുക്കാലോചിക്കാൻപോലും സാദ്ധ്യമാണോ? തനിക്കും തൻെറ പൌത്രനും വേണ്ട ഭക്ഷണം എങ്ങനെ കിട്ടുമെന്നു വൃദ്ധനായ യൂസഫ് ആലോചിക്കുകയാണ്. അയാൾ സ്നേഹിതനായ ഇബ്രാഹിമിൻെറ നേക്കു കണ്ണോടിച്ചു. അമ്പതു കൊല്ലത്തെ പരിചയമാണവർ തമ്മിലുള്ളത്. എങ്കിലും ഇന്നു്, അവർ ഇരുവരും അവരവരുടെ സ്വന്തം വിചാരങ്ങളിലാണ്ടു് ഒററ തിരിഞ്ഞാണ് നടക്കുന്നത്. അയാൾ ഇബ്രാഹിമിനെ വിളിച്ചു പറഞ്ഞു: "നമ്മുടെ ചെറുപ്പകാലത്തെപ്പററി ഓക്കുന്നുണ്ടോ? ഗ്രാമത്തിൻെറ അതിത്തികൾക്കപ്പുറം ദുരിതവും നാശവുമാണുള്ളതെന്നു നമ്മുടെ പിതാക്കൾ പറഞ്ഞതോക്കുന്നുണ്ടോ?"

"ഉണ്ടു്", ഇബ്രാഹിം നെടുവീർപ്പിട്ടു. "യൂസഫ്മിയാ, ഞാനാലോചിക്കുകയാണ് മേൽക്കൂരയില്ലാത്ത ഒരു പുരയിൽ എങ്ങനെയാണ് താമസിക്കേണ്ടതെന്നു്; ഞാനതിൻെറ മേൽ

ക്കൂട്ട പൊളിച്ചു വിററപ്പോൾ അടുത്ത നാളിനെപ്പററി ചിന്തിച്ചില്ല; നാം മടങ്ങി വരുമെന്നോർത്തില്ല. അപ്പോൾ ഭക്ഷണമായിരുന്നു എന്തിലും പ്രധാനം. അതിൽപ്പിന്നെ കാലവർഷം കഴിഞ്ഞു. എൻെറ പുരയുടെ വല്ലതും ബാക്കി കാണുമോ?"

"ഇപ്പോൾ നാം നാട്ടിലേയ്ക്കു മടങ്ങിപ്പോകുന്ന സമയത്തു്, എന്തിനാണീ യാത്ര ചെയ്തതെന്നോർത്തു് അമ്പരക്കുന്നു. കൃഷിക്കാരൻ, തൻെറ പൈതൃകസ്വത്തിൻെറ ഒരു ഭാഗമെങ്കിലും വില്ക്കുന്നതു നാശത്തിനാണ്. നാമിപ്പോൾ അതനുഭവിച്ചില്ലേ? എൻെറ സഹോദരിയെ കല്യാണം കഴിച്ചു കൊടുത്തതു ഞാനോർക്കുന്നു." യൂസഫ് സ്മരണകൾ പുറത്തിടാൻ തുടങ്ങി: "അതു നാല്പതുകൊല്ലം മുമ്പാണ്. എൻെറ അച്ഛൻ കടത്തിൽ മുങ്ങിയിരുന്നു. അദ്ദേഹം ഞങ്ങടെ പശുവിനെ വിററു. എൻെറ അമ്മ ഉറക്കെക്കരഞ്ഞുകൊണ്ടു്, അതുകൊണ്ടു നാശമേ ഉണ്ടാവൂ എന്നു പറഞ്ഞു. ഞാനായിട്ടു്, തെല്ലരിവാങ്ങാൻവേണ്ടി കിണ്ണങ്ങളുംകൂടി വിററതറിഞ്ഞാൽ അവരെന്തു വിചാരിക്കും?"

"യൂസഫ്മിയാ, നാമെല്ലാം വൃദ്ധരും അശക്തരുമായി. നമ്മുടെ തടിമിടുക്കുള്ള ചെറുപ്പക്കാരെല്ലാം പോയി; ഇനി നാം മടങ്ങിച്ചെന്നാൽപ്പോലും എങ്ങനെ ജീവിക്കാനാണ്? നഗരത്തിൽ ഒളിച്ചിരിക്കുകയായിരുന്നില്ലേ ഇതിൽ ഭേദമെന്നുക്കൂടി ഞാൻ ചിലപ്പോൾ ഓർക്കാറുണ്ടു്."

"സ്നേഹിതാ അല്ലാ", യൂസഫ് ഉറപ്പിച്ചു പറഞ്ഞു. "ഈ തൊണ്ണൂറാംകാലത്തുപോലും ചെന്നായ്ക്കൾക്കു തിന്നാവാൻ എനിക്കിഷ്ടമില്ല."

നരൻ ഒരു നെയ്ത്തുകാരനായിരുന്നു. ഈ വൃദ്ധന്മാരുടെ സംഭാഷണം കേട്ടുകൊണ്ടിരുന്നപ്പോൾ, എന്തൊരു ദുര്യോഗത്തിലേയ്ക്കാണ് തങ്ങളെല്ലാം ഒഴുകിക്കൊണ്ടിരിക്കുന്നതെന്നയാളും അത്ഭുതപ്പെട്ടു. നഗരത്തിൽ ഭക്ഷണവും വസ്ത്ര

വും വേണ്ട ശുശ്രൂഷയും ലഭിക്കുമെന്നൊരു ശ്രുതിയാലാകൃഷ്ട രായി, അവർ വലിയ ഒരുക്കങ്ങളൊന്നുംകൂടാതെ തിടുക്കപ്പെട്ട് അങ്ങോട്ടു പോവാൻ തീച്ചപ്പെടുത്തി. ഇപ്പോളിതാ, യാതൊരു പ്ലാനുമില്ലാതെ സ്വന്തം ഗ്രാമത്തിലേയ്ക്കുതന്നെ മടങ്ങി വരുന്നു. കൊടുങ്കാററിൽപ്പെട്ട പുല്ലുകളെപ്പോലെ അവർ അങ്ങോട്ടുമിങ്ങോട്ടും ആടിക്കളിക്കുന്നു. "നാമെന്തുചെയ്യണം?" എന്ന ഈ പ്രശ്നം അവക്കു മുമ്പിൽ വിലങ്ങനെക്കിടക്കുന്നു. ഒരു കാലത്ത് ഒരു മഹത്തായ സമുദായമായിരുന്ന നെയ്ത്തുകാരിലൊരുവനാണ് നരൻ. സാരികളും ഗഞ്ചെ (ഒരു മാതിരി നാടൻ ടവലുകൾ)കളും അയാൾ വിശേഷതരത്തിൽ നെയ്യാറുണ്ട്. പരമ്പരയായ പല തലമുറകളായി അവക്കു കൈവന്നിട്ടുള്ള ഒരു തൊഴിലാണത്. കൊല്ലത്തിലൊരിക്കൽ അവർ തങ്ങളുടെ തറികളും ഷട്ടിലുകളും നെയ്ത്തിനുള്ള മററുപകരണങ്ങളുംവെച്ചു പൂജിച്ചുവന്നു. നന്ന കുട്ടിയായിരിക്കുമ്പോഴേ മഗ്ഗം തുടങ്ങിയ ഓരോ നെയ്ത്തുസാമഗ്രികളും അയാൾക്കു വേർതിരിച്ചറിയാം. അയാൾ വിഷാദപൂർവ്വം നെടുവീർപ്പിട്ടു: ആ നെയ്ത്തുകാരുടെ കുടുംബങ്ങൾ ഒന്നൊന്നായി തങ്ങളുടെ തറികൾ നിർത്തുകയും വില്ക്കുകയോ പണയം വെയ്ക്കുകയോ ചെയ്തു. അവക്കെല്ലാം തറികളോട് എന്തോ ഒരു മമത തോന്നിയിരുന്നു, അവയുമായി വിട്ടുപിരിയുന്നത് ഒരു വിശ്വസ്തസുഹൃത്തിനെ വിട്ടുപിരിയുന്നതിനു തുല്യമായിരുന്നു. വഞ്ചിക്കപ്പെട്ടതുപോലുള്ള ഒരു ബോധം അവരിലെല്ലാം പരന്നു. എങ്കിലും വിശന്നു കുഴഞ്ഞ കൊച്ചുവയറുകളുടെ ആവലാതി തീക്കാൻ മററു വഴികളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇപ്പോൾ അയാൾക്കവരും നഷ്ടപ്പെട്ടു. ജീവിതകാലം മുഴുവൻ അയാളുടെ യജമാനത്തിയായിരുന്ന ഭായ്യ, ഒന്നാമതായി പോയി. അവളുടെ ശുശ്രൂഷയില്ലാതെ കുഞ്ഞുങ്ങളും അവളെ അനുഗമിച്ചു. ദിക്കറിയാനുള്ള കുററികൾപോലെ, അവരെല്ലാം

കൽക്കത്തയിലെ തെരുവുകളിൽ ഓരോ സ്ഥലത്തുവെച്ചു മൃതിയടഞ്ഞു. ഭാൎയ്യയുടെ മരണത്തിനുശേഷം അയാൾ നിസ്സഹായനായിത്തീൎന്നു. പക്ഷേ, അപമൃത്യുമൂലമുള്ള വ്യഥ അയാളിൽ ഒന്നിനുമേൽ മറെറാന്നായി വൎദ്ധിച്ചപ്പോൾ അയാളുടെ കണ്ണീരും വററിവരണ്ടു. വിശപ്പ് എല്ലാ മൃദുലവികാരങ്ങളേയും നിഷ്കാസനംചെയ്തു. ആരോ അയാളുടെ ചുമലിൽതട്ടിപ്പറഞ്ഞു: "നരൻ, നിങ്ങളെന്താണിത്ര ഇരുന്നാലോചിക്കുന്നത്?" കണ്ടാൽ തിരിച്ചറിയാത്തവിധം സ്വരൂപഭേദം വന്നിരുന്ന ധിരുവിൻെറ—അയാൾ ഒരിക്കൽ നരൻെറ അടുത്ത വീട്ടുകാരനായിരുന്നു—മുഖത്തേയ്ക്കു നോക്കി നരൻ പറഞ്ഞു: "ഇരുന്നു മനോരാജ്യം വിചാരിക്കയല്ലാതെ നമുക്കെന്തു ചെയ്യാനുണ്ട്?"

"വീടിനെപ്പററിയുള്ള വിചാരം സന്തോഷം നൽകുന്നില്ലേ?" ധിരു ചോദിച്ചു.

"അതു സന്തോഷം തരുന്നുണ്ടോ?" നരൻ ആ ചോദ്യം തന്നെ അങ്ങോട്ടു തിരിച്ചു കൊടുത്തു. മറെറയാൾ കുറെ നേരം മൌനമവലംബിച്ചശേഷം പറഞ്ഞു:

"വാസ്തവം പറഞ്ഞാൽ എനിക്കു ഭയമാണ്. നാമെന്തു ചെയ്യാനാണ് പോകുന്നത്? നമ്മുടെ തൊഴിൽ നെയ്ത്താണ്. പക്ഷേ നമുക്കു തറിയോ പാവോ ഇല്ല. അവ വാങ്ങാനുള്ള പണവുമില്ല. നാം പട്ടിണിയിലേയ്ക്കാണ് മടങ്ങുന്നത്." നരൻ ഇതിനെപ്പററി കുറേനേരം ചിന്തിച്ചശേഷം പതുക്കെപ്പറഞ്ഞു:—"വിടായത്തുകൊണ്ടും നാമിതുവരെ അനുഭവിച്ചു വന്ന അഭയം അവിടെയുള്ളതുകൊണ്ടും, നമ്മുടെ അയൽപക്കക്കാർ വയലുകളിൽ കൃഷിചെയ്യുന്നതുകൊണ്ടും അവർ ഒരു പക്ഷേ നമ്മെ സഹായിക്കുമെന്നു ഞാനാശിക്കുന്നു." ധിരുവിന്ന് അല്പം ആശ്വാസം തോന്നി. ഈ ബുദ്ധിശൂന്യമായ ഒഴിഞ്ഞുപോകലിനു നരൻ ഒരു വ്യാഖ്യാനം നൽകി. വിണ്ടും ആശ തല

പൊന്തിക്കുന്നു; പക്ഷേ, അവക്കു വിശ്വസിക്കാനും ഭാവിയിലേയ്ക്കു നോക്കാനും ഭയമാണെന്നു മാത്രം.

കീറി നാറിയ വേഷത്തോടുകൂടിയ ആ സംഘം പകുതി വഴി പോയപ്പോഴേയ്ക്കും രാത്രിയായി. സന്ധ്യയ്ക്കു പക്ഷികളെപ്പോലെ അവർ വഴിയരികിൽ കൂടുപററി. സ്ത്രീകൾ കരിയിലയും ചുള്ളിക്കൊമ്പുകളും പെറുക്കിക്കൊണ്ടു വന്നു തീക്കൂട്ടി കുട്ടികളൊന്നിച്ച് അതിന്നു ചുററും വട്ടമിട്ടു കൂടി. ഒക്ടോബർ മാസം അവസാനിക്കുകയായി. നിശാകാലങ്ങളിൽ നാട്ടിൻ പുറത്തു നല്ല ശൈത്യം തുടങ്ങി. ശക്തിയുള്ള മഞ്ഞ്, കുട്ടികൾ തണുത്തു വിറച്ച് അമ്മമാരുടെ മേൽ പററിപ്പിടിച്ചു. പുരുഷന്മാർ യാതൊന്നും പറയാതെ, റോഡരികിൽ നീണ്ടു നിവന്നു കിടന്ന് എന്താണ് തങ്ങൾക്കു സംഭവിക്കാൻ പോകുന്നതെന്നു നിരുന്മേഷമായി ചിന്തിച്ചു. ഇത്ര കാലവും വീടുവിട്ടലഞ്ഞ സ്ത്രീകൾ സ്വന്തം അടുക്കളയെപ്പററിയാലോചിച്ചപ്പോൾ സന്തോഷമുൾക്കൊണ്ടു. അവിടെ എന്താണ് പാകം ചെയ്യാനുള്ളതെന്നവർ ആലോചിച്ചതേയില്ല. ഒരു കാലത്ത് ഈ സ്ത്രീകളുടെ ലോകം, അവരുടെ വീടും, അവർ കൂട്ടംകൂടി നേരംപോക്കു പറഞ്ഞു ചിരിച്ചു രസിക്കാറുള്ള കുളക്കരയും, ദൂരെക്കാണുന്ന വാഴത്തോട്ടങ്ങളും മാത്രമായിരുന്നു. പിന്നെ അകലത്തുനിന്നു കേൾക്കുന്ന തീവണ്ടിയുടെ ശബ്ദമായിരുന്നു അവരുടെ ജീവിതത്തിൻെറ അതിത്തിവരമ്പ്. അവരുടെ ജീവിതം വളരെയൊന്നും ആഹ്ലാദം നിറഞ്ഞതായിരുന്നില്ല. അവർ ജീവിച്ചിരുന്നതു ചുററും തിരക്കിട്ടുപായുന്ന ലോകവുമായി വലിയ ബന്ധമില്ലാത്ത പുറകോട്ടു തള്ളിക്കിടക്കുന്ന ഒരു പ്രദേശത്താണ്. അവിടെനിന്ന് പെട്ടെന്ന്, ഏററവുമധികം ദുഷിച്ച ഒരു മനുഷ്യസമൂഹത്തിൻെറ നടുവിലേയ്ക്കവർ എടുത്തെറിയപ്പെട്ടു. ഈ സമരത്തിന്നിടയിൽ അവരിലുണ്ടായിരുന്ന സൽഭാവങ്ങളെല്ലാം പോയി, പ്രാകൃതവികാരങ്ങൾ മാത്രം അവശേഷിച്ചു. അവർ

വല്ലാതെ ചതഞ്ഞരഞ്ഞിരുന്നു. ദ്രോഹമേററിരുന്നു. അതുകൊണ്ട് ആ യാതനകളുടെ നടുക്കപോലും അവർ മടങ്ങിപ്പോരലിനെപ്പററി ആലോചിച്ചു മുന്നോട്ടുനോക്കും. അവക്കു സംഭവിച്ച ആ പരിവത്തനം, പുറമേനിന്നു നോക്കുന്ന ഒരാൾക്ക്, അവരുടെ അധഃപതനത്തെ ബാഹ്യമായി അളന്നു നോക്കുന്ന ഒരുവന്നു്, പ്രത്യക്ഷമാണ്. എന്നാൽ അവക്കുള്ളിലാകട്ടെ, ഒരു കാലത്തു് അവർ എന്തായിരുന്നുവോ, അതിനെപ്പററിയോത്തുള്ള ഒരു മങ്ങിയ ഉത്സാഹമാണുണ്ടായിരുന്നതു്. അതിൻെറ ജ്വാലയാൽ അവർ സ്വയം ഉന്മിഷിതരായി. തങ്ങളുടെ ആത്മാഭിമാനത്തിൻെറ അവശിഷ്ടങ്ങളെ അവർ അതുകൊണ്ടു വീണ്ടെടുത്തു. അങ്ങനെ അവർ തിരിച്ചു കിട്ടിയ ജീവിതത്തെപ്പററി ആശയോടെ മന്ത്രിക്കാൻ തുടങ്ങി. പുരുഷന്മാർ തങ്ങളുടെ മനോഗതിയെ ഓത്തു വിസ്മയിച്ചു. അവർ അത്രമാത്രം നിരാശരായിത്തീന്നിരുന്നു. എന്തെങ്കിലുമൊന്നു്, അഥവാ ആരെങ്കിലും, തങ്ങളുടെ മനസ്സിലും ഒരു സ്ഫുലിംഗം കൊളുത്തുമെന്നു് അവർ ദയനീയമായി ആശിച്ചു. അവർ മലന്നു കിടന്നു്, രാത്രിയുടെ കറുത്ത വില്ലീസുപട്ടിൽ സുവണ്ണമുദ്രകൾ ചേക്കുന്ന താരാനിബിഡമായ ആകാശത്തെ തുറിച്ചുനോക്കി. വൈരക്കല്ലുകൾ മിന്നിത്തിളങ്ങുന്നു, അസംഖ്യേയങ്ങളായ വഷങ്ങളായി അവ അങ്ങനെ മിന്നാൻ തുടങ്ങിയിട്ടു്. അവക്കു യാതൊരു മാററവുമില്ല. അവയുടെ മേലാപ്പിന്നടിയിൽ കിടക്കുന്ന ഈ നശ്വരജീവികളായ മനുഷ്യർ മാത്രമാണ്, പഴയതിൻെറ പിഴിഞ്ഞെറിഞ്ഞ പിണ്ടിയായിത്തീന്നിട്ടുള്ളതു്. നക്ഷത്രങ്ങൾ തരളമായും ഉജ്ജ്വലമായും പ്രകാശിച്ചു. പക്ഷേ, മനുഷ്യരുടെ മനസ്സിൻെറ ഭാരം ലഘൂകരിക്കത്തക്ക ഒരു മറുപടിയും അവ നൽകിയില്ല.

യൂനസ്സ് യൂസഫ്മിയയുടെ കൈ പിടിച്ചുവലിച്ചു: "കുട്ടി, എന്നെ വിടൂ," വയസ്സൻ പറഞ്ഞു. "എനിക്കീ പഴകിയ

എല്ലിൻഭാണ്ഡം ഇനി ഒട്ടുംതന്നെ ചുമന്നുകൊണ്ടുനടക്കാൻ വയ്യ. ഞാനീ വഴിയരികിലിരുന്നു വിശ്രമിക്കട്ടെ.” അയാൾ എന്തെന്നില്ലാതെ ക്ഷീണിച്ചിരുന്നു. ഒരിക്കൽ വിശ്രമത്തിന്റെ സ്വാദറിഞ്ഞപ്പോൾ പിന്നെ വീണ്ടും ഭയങ്കരമായ ആ സമരത്തിന്നിറങ്ങാൻ അയാൾക്കു മടിയായിരുന്നു. രാത്രി അവസാനിക്കുകയാണു്. ഓരോ വീപ്പിലും ഇരുട്ടു നീങ്ങി പ്രകാശം വന്നുകൊണ്ടിരുന്നു. അടുത്തുള്ള ഒരു വൃക്ഷത്തിന്റെ മുകളിൽ ഒരു കാക്ക സസന്തോഷം ചിറകടിച്ചു; ഇബ്രാഹിം ചുമയ്ക്കാൻ തുടങ്ങി. മഞ്ഞുകൊണ്ടു് അയാളുടെ മാറിൽ കഫം കെട്ടി. വിളറിയ മുഖത്തോടെ ഉഷസ്സ് ചക്രവാളത്തിൽ സലജ്ജം പ്രത്യക്ഷപ്പെട്ടപ്പോൾ ചരാചരങ്ങൾ പൊതുവേ കർമ്മപ്രവണമായിത്തുടങ്ങി.

യൂനസ്സ് അപ്പോഴും വൃദ്ധനെ പിടിച്ചെണീപ്പിക്കാൻ ശ്രമിക്കുകയാണു്. “മുത്തച്ഛാ എണീക്കു. നമുക്കു പോവുക. അമ്മ വീട്ടിൽ നമ്മളെ കാത്തിരിക്കുന്നുണ്ടാവും.” ഇബ്രാഹിം അപ്പോഴും ചുമച്ചുകൊണ്ടിരുന്നു. യൂസഫ് പതുക്കെ എണീററ് തന്റെ ചങ്ങാതിയുടെ അടുത്തേയ്ക്കു നീങ്ങി: “ഇബ്രാഹിം, എന്താണിതു്?” അയാളുടെ പുറത്തു തടവിക്കൊണ്ടു വൃദ്ധൻ ചോദിച്ചു. “ചേട്ടാ; എന്റെ കഥ ഇവിടെ ഇനി അവസാനിക്കുകയില്ല.” കിതയ്ക്കുന്നതിനിടയിൽ ഇബ്രാഹിം പറഞ്ഞു: “എന്റെ വാരിയെല്ലുകൾ തണ്ടെല്ലിൽ ചെന്നു മുട്ടുന്നപോലെ തോന്നുന്നു. ‘കൊഹ്—കൊഹ്—കൊഹ്’ നമ്മുടെ ഈ പഴയ എല്ലുകൾ ഇനി കൊണ്ടുനടന്നിട്ടു പ്രയോജനമൊന്നുമില്ല. പക്ഷേ, ജീവൻ നിലനില്ക്കുന്നേടത്തോളം കാലം കഴിക്കേണ്ടേ? വരു, സ്നേഹിതാ, നമുക്കു വഴിയിൽ കൂടുക.” ചിലർ മാറാപ്പുകളുമായി പുറപ്പെട്ടുകഴിഞ്ഞു. അവരുടെ ചോടുകളിൽ ആശയുണ്ടായിരുന്നു. പ്രഭാതത്തിൽ നല്ല തണുപ്പുണ്ടായിരുന്നു. ഒരു

നേരിയ കാററ് ഇലകളെ ചലിപ്പിച്ചു. അരികിലുള്ള ജലാശയങ്ങളിൽ തിരകളുണർന്നു. ആ ദേശസഞ്ചാരികൾ വീണ്ടും യാത്ര പുറപ്പെടുന്നതിനുമുമ്പ് വായ ശുദ്ധി വരുത്തി, മുഖം കഴുകി. യൂനസ് യൂസഫ് മിയയുടെ കൈ പിടിച്ചു വൃദ്ധനെ യാത്രയിൽ സഹായിച്ചുകൊണ്ടിരുന്നു. മുത്തച്ഛൻ കുറച്ചുകൂടി വേഗം നടന്നിരുന്നെങ്കിൽ എന്നവൻ അക്ഷമയോടെ വിചാരിച്ചു. ഗ്രാമത്തിൻെറ പരിചിതമൊയ അതിർത്തികളിലെത്തുന്നതുവരെ അവനെ ഓടാൻ അനുവദിച്ചാലും മതിയായിരുന്നു. അവൻ സന്തോഷാധിക്യത്താൽ കണ്ണടച്ചു, തൻെറ വീട്ടുവളപ്പിനു ചുററുമുള്ള കുമ്മട്ടിവേലിയും വീടിൻെറ വാതില്ക്കൽവരെയെത്തുന്ന നടവഴിയും വീണ്ടും മനസ്സിൽ കണ്ടു. വീടിനെപ്പററിയുള്ള അവൻെറ ഓർമ്മ മുടലിലായിരുന്നു. പക്ഷേ അവൻെറ അമ്മ അവിടെ അവനെ എടുക്കാൻ കൈനീട്ടിക്കൊണ്ട് ഒരു കിണ്ണം ആവി പറക്കുന്ന ചോറുമായി കാത്തുനില്ക്കുന്നുണ്ടാവും. ഈ മനോഹരമായ ഭാവന, അവൻെറ ചുണ്ടുകളിൽ ഒരു മന്ദസ്മിതവും അവൻെറ ഒട്ടിയ കവിളുകളിൽ ഒരു തുടുപ്പും ഉളവാക്കി. യൂസഫിനു ക്ഷീണംകൊണ്ടു മറെറാന്നിലും ശ്രദ്ധ പോയില്ല. പക്ഷേ, കൊച്ചൻ തന്നെ വലിച്ചുകൊണ്ടോടുന്നതിൽ അയാൾക്കൊരസുഖം തോന്നി. വാസ്തവത്തിൽ അയാൾക്കു സത്വരം നടക്കാൻ കഴിഞ്ഞില്ല. ലക്ഷ്യത്തിലെത്തിച്ചേരുമോ എന്നുതന്നെ അയാൾ സംശയിച്ചു.

"ഇതാ അവസാനിച്ചു" ക്ഷീണിച്ചുകുഴഞ്ഞ ശങ്കർ പണ്ഡിററ് പറഞ്ഞു: "എനിക്ക് ഇനി ഒട്ടും മുന്നോട്ടു പോകാൻ വയ്യ." അയാൾ വിറയ്ക്കുന്നുണ്ടായിരുന്നു. ഒരുകാലത്തയാൾ ഗ്രാമക്ഷേത്രത്തിലെ പ്രധാനപുരോഹിതനായിരുന്നു. ദിവസേന കയ്യിൽ പുഷ്പങ്ങളോടുകൂടി, സ്തോത്രങ്ങൾ ജപിച്ചുകൊണ്ട് അയാൾ അമ്പലത്തിലേയ്ക്കു പോകുന്നതവർ കാണാറുണ്ട്. ഒരുമാത്രനേരം ആ ജനസംഘം സ്തംഭിച്ചുനിന്നു. ആ വൃദ്ധൻ കണ്ണട

ച്ച് ഊർദ്ധ്വൻ വലിക്കുകയായിരുന്നു. അവർ മാർച്ച തുടന്നു. അവക്ക് ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞില്ല. നരനും ധീരുവും പിന്തിരിഞ്ഞുനോക്കി ഓർത്തു. ജീവിതകാലം മുഴുവൻ ഇയ്യാൾ സന്തോഷത്തിലും സന്താപത്തിലും അവരോടുകൂടി നിന്നവനാണ്. നരൻെറ അച്ഛൻ മരിച്ചപ്പോൾ, ശേഷക്രിയകൾ നടത്താൻ സഹായിച്ചതു ശങ്കർ പണ്ഡിററാണ്. ധീരുവിൻെറ മകളുടെ വിവാഹത്തിനു ചടങ്ങു കാട്ടിയതു ശങ്കർ പണ്ഡിററാണ്. ഇപ്പോൾ അയാൾ വഴിയരികിൽ വീണു മരിക്കുന്നു. അവർ അയാളെ തനിയെ വിട്ടുപോകുന്നു. മനസ്സാക്ഷിക്കു വിഷമം തോന്നിയ മറെറാരുവൻ ചെറുമനായ കിശൻ ആണ്. കുറച്ചിട അയാൾ മററുള്ളവരോടൊപ്പം യാത്ര തുടന്നു. പക്ഷേ ശങ്കർ പണ്ഡിററ് വീണുകിടക്കുന്നിടത്തേയ്ക്കു് അയാൾ മടങ്ങിവന്നു. "വെള്ളം, വെള്ളം!" വൃദ്ധൻെറ ചുണ്ടനങ്ങുന്നുണ്ടായിരുന്നു. കിശൻ നിസ്സഹായതയോടെ ചുററും നോക്കി. ഉത്തരക്ഷണത്തിൽ അയാൾ കുറെ പച്ചില കൂട്ടിക്കുത്തി ഒരു കുമ്പിളുണ്ടാക്കി ജലാശയത്തിൽനിന്നു വെള്ളം മുക്കിക്കൊണ്ടുവന്നു. ആസന്നമരണനായ ആ മനുഷ്യൻെറ അരികിൽ കുനിഞ്ഞു. അയാൾ പറഞ്ഞു: "തമ്പ്രാനേ, ഇതാ വെള്ളം. ഇതു വാങ്ങി തന്നത്താൻ കുടിച്ചുകൊള്ളു."

"ഇങ്ങു തരു. ഇങ്ങു തരു," മണ്ണിൽ കിടന്നുരുളുന്ന വൃദ്ധൻ പറഞ്ഞു. കിശനു കുറച്ചു വിഷമമുണ്ടായി—ഐത്തജാതിക്കാരനായ താൻ വെള്ളമൊഴിച്ചുകൊടുത്തു് ഒരു ബ്രാഹ്മണൻെറ വായ അശുദ്ധപ്പെടുത്തുകയോ? അതിൻെറ പാപം കിശൻ എത്ര ജന്മങ്ങളിൽ അനുഭവിക്കേണ്ടിവരും! "തമ്പ്രാനേ, ക്ഷമിക്കണം", അയാൾ പുരോഹിതൻെറ തല പിടിച്ചു പൊന്തിച്ച് വായിൽ പതുക്കെ വെള്ളമൊഴിച്ചുകൊടുത്തു.

"ഹാ! മരിക്കുമ്പോൾ എനിക്കല്പം ആശ്വാസമണച്ചു നിങ്ങളാരാണ്. സ്നേഹിതാ, നിങ്ങളെ ദൈവം അനുഗ്രഹിക്കും."

കിശൻ ധമ്മസങ്കടത്തിലായി—താനാരെന്നു പുരോഹിതനോടെന്തിനു പറയണം? താൻ ചെയ്തതു പാപമല്ലേ? വൃദ്ധനായ ശങ്കർ പണ്ഡിററിന് അതിൻെറ ഭാരമൊഴിയട്ടെ. അറിയാതെ അയാൾ ഒരൈത്തജാതിക്കാരൻെറ കയ്യിൽനിന്നു വെള്ളം കുടിച്ചിരിക്കുന്നു. ശങ്കർ പണ്ഡിററിൻെറ ഇരുൾ മൂടുന്ന ദൃഷ്ടികൾ തൻെറ അന്ത്യോപകത്താവിനെ ആരായുമ്പോൾ, ചെറുമനായ കിശൻ അവിടെനിന്നു പതുക്കെ ഒഴിഞ്ഞുപോന്നു. തനിക്കാവുന്നതു താൻ ചെയ്തു. വൃദ്ധൻെറ ആത്മാവ് ഇനി ശാന്തിയടയാൻ വലിയ താമസമില്ല. കിശൻ അതു വിളംബിപ്പിച്ചിട്ടാവശ്യമില്ല.

ഗ്രാമീണരുടെ ജീവിതത്തിൽ ഒരുകാലത്തു മാന്യമായ ഒരു സ്ഥാനം വഹിച്ചിരുന്ന ആളാണ് ശങ്കർപണ്ഡിററ്. അയാൾ വഴിയരികിൽ വീഴുന്നതു കണ്ടപ്പോൾ, യഥാത്ഥമായ ഒരു സന്താപശരമേററ് അവരുടെ ഹൃദയങ്ങൾ മരവിച്ചുപോയി. അവർ നിഷ്ഠുരന്മാരായിരുന്നില്ല. അയാളുടെ ആ മരണം അവരുടെ ജീവിതഗ്രന്ഥത്തിൻെറ ഒരു പ്രധാനഏടു ചീന്തിക്കളഞ്ഞു—ഇനി അതു പരസ്പരബന്ധത്തോടെ വായിക്കുന്നതെങ്ങനെയെന്നവരന്ന് അവർ മന്ദോത്സാഹരായി. കഴിഞ്ഞ ഏതാനും മാസങ്ങളിൽ മരണം അവരുടെ ശയ്യാമിത്രമായിരുന്നു. അതവക്കിടയിലുണ്ടായിരുന്ന ഏററവും നല്ലവരെ തട്ടിക്കൊണ്ടുപോയി. അവരെല്ലാം മനുഷ്യത്വത്തിൽനിന്നു കീഴ്പ്പോട്ടടിഞ്ഞു യന്ത്രപ്രായമായി. ജീവിക്കാനുള്ള മനസ്സോ മരിക്കാനുള്ള ധൈയ്യമോ ഇല്ലാതെ അവശേഷിക്കുന്നു. അതുകൊണ്ടു മരണം അവരെ ഒട്ടുംതന്നെ ക്ഷോഭിപ്പിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്തില്ല. തങ്ങളുടെ ജീവിതത്തിലെ അനിവാര്യവും സുനിശ്ചിതവുമായ ഒരേ ഒരു കായ്യമാണതു്. എങ്കിലും ശങ്കർ പണ്ഡിററിൻെറ നഷ്ടം ഒരു യഥാത്ഥവിടവുണ്ടാക്കി. പക്ഷേ, അവക്കയാളെ രക്ഷിക്കാൻ കഴിഞ്ഞില്ല. പശ്ചാത്താപവും ഭാ

വിയെക്കുറിച്ചുള്ള ഭീതിയും നിജ്ജീവമായ ഒരു മൌനം അവരി ലുളവാക്കി. പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ യാതൊരു മി ണ്ടാട്ടവുമില്ല. അവക്കെന്തോ പോരായ്മയുള്ളതായി അനുഭവ പ്പെട്ടു. പക്ഷേ, വല്ലാത്ത ക്ഷീണം അവരെ പിടികൂടിയിരുന്നു. അവർ ആ യാത്രയുടെ അവസാനം കാണാൻ അക്ഷമരായി.

ആ റോഡ് അവരെ ഇച്ഛാനുസാരം മുന്നോട്ടു നയിച്ചു. അ തു സഹാനുഭൂതിയോടുകൂടി അവരുടെ പാദപാതമേററു. അവ രുടെ ക്ഷീണം അതു മനസ്സിലാക്കിയതുപോലെ തോന്നി. ആ കാൽവെപ്പുകൾ, അവരുടെ അമ്പരപ്പും പ്രതീക്ഷയും ഭീതിയും അതിനോടു രഹസ്യമായി ആമന്ത്രിച്ചു. അവരുടെ ഓരോ ചുവ ടിലും അതെല്ലാം അന്തർഭവിച്ചിരുന്നു. അവരുടെ ജീവിതം എ ത്രതന്നെ ശൂന്യമായിരുന്നെങ്കിലും അവക്കു പ്രതീക്ഷകളുണ്ടായി രുന്നു. അവക്ക് ഒരിക്കൽ നഗരത്തിലേയ്ക്കു വഴികാണിച്ച ആ സൌമ്യപ്രകൃതിയായ റോഡ് അവരുടെ ഭാവിയെ ഓത്തു വി ഷാദിച്ചു. ഈ നിസ്സഹായരായ ജനസമൂഹത്തെ അതു യാഥാ ത്ഥ്യബോധത്തിലേയ്ക്കു മുന്നോട്ടു നീക്കുകയാണ്; അവരെ തട ഞ്ഞുനിത്താൻ അതിനു കഴിവില്ല. ഒരുകാലത്തു് ഉത്സാഹം കൊണ്ടു തുള്ളിച്ചാടിയിരുന്ന അവർ ഉശിരുകെട്ട് കാലു കുഴ ഞ്ഞു് ആത്മശക്തി നശിച്ചവരും ശരീരം തളന്നവരുമായിത്തീ ന്നിരിക്കുന്നു. കുട്ടികൾക്കു് ഒട്ടുംതന്നെ നടക്കാൻ വയ്യ. അമ്മ മാർ കഴിവിൻെറ അങ്ങേ അററംവരെ അവരെ എടുത്തുതളന്നു. വിശ്രമം കൂടെക്കൂടെയായി. വിശ്രമാവസരം ആശങ്കകളാൽ അസ്വസ്ഥമായിരുന്നു. സ്ത്രീകളുടെ ആവലാതി വദ്ധിച്ചു; അ വർ കുട്ടികളെ കൂടെക്കൂടെ ശകാരിച്ചു. നിസ്സഹായത പുരുഷ ന്മാരെ പൂവ്വാധികം മുറുകെ ആശ്ലേഷിച്ചു. വൃദ്ധന്മാർ തക്കം കിട്ടുമ്പോഴൊക്കെ, കണ്ണടച്ചു മരണംപോലെ നിശ്ചേഷ്ടമായി താഴെക്കിടന്നു് വളരെദിവസക്കാലം വീണ്ടും യാത്ര തുടരാൻവേ ണ്ടി വിളിച്ചുണത്തപ്പെടാതിരിക്കാൻ ആഗ്രഹിക്കും. യൂനസ്

ക്ഷീണിച്ചും കരഞ്ഞും മുത്തച്ഛനോടപേക്ഷിക്കുകയാണ്: "കുറച്ചു വഴികൂടിപ്പോയാൽ മതി മുത്തച്ഛാ."

ആ തെണ്ടിപ്പരിഷയുടെ മേൽ, സൂര്യൻ നിർദ്ദയം തൻെറ കിരണങ്ങൾ ചൊരിഞ്ഞു. അവരുടെ ശരീരം വിയൎത്തൊലിച്ചു. അമ്മമാർ തുണിത്തുണ്ടങ്ങൾ വെള്ളത്തിൽ മുക്കി, കുട്ടികളുടെ തലയിലിട്ടു. പക്ഷേ അവരുടെ സ്വന്തം ശിരസ്സിൽ വെയിൽ തീ വർഷിച്ചു. യാത്ര അത്യന്തം ദ്രോഹകരമായി. റോഡിൽ ചവിട്ടുമ്പോൾ കാൽ പൊള്ളി. അവർ ചെറുക്കുംതോറും അതു കൂടുതൽ കക്കശമായിത്തീൎന്നു. അതിൻെറ സൌമ്യതയുടെ സ്ഥാനത്തു ദാർഢ്യം സ്ഥലം പിടിച്ചു. അതവരുടെ കാൽകളും മനസ്സും ഒരുപോലെ തളൎത്തി. അതവരെ വിടാതെ പിടികൂടി, അവരുടെ ഗതി മന്ദമായി. ചിരപ്രതിക്ഷിതമായ ഗ്രാമത്തിലേക്കു് ഇനി ഏതാനും നാഴിക മാത്രമേ പോകേണ്ടതുള്ളു.

'വിവാഹമുഹൂൎത്തം' ആസന്നമായി—അസ്തമനത്തിന്നും നിശാരംഭത്തിന്നുമിടയ്ക്കുള്ള ആ സമയം. വൃക്ഷാഗ്രങ്ങളിലും ചാരവൎണ്ണമായ ഗൃഹോപരിഭാഗങ്ങളിലും തങ്കപ്പൊടി പൂശുന്ന സുവൎണ്ണപ്രഭയിൽ ഭൂമി ആറാടി. ആ കനകരശ്മികൾ സരസ്സുകളേയും വൃക്ഷലതാദികളേയും അങ്ങിങ്ങ് ഉത്തേജിപ്പിച്ചു. ആരേയും വശീകരിക്കുന്ന ഒരു സമയമാണതു്. ഏതാനും മാത്രകൾ, ദാരിദ്ര്യവും വ്യത്തികേടും ജീവിതത്തിൻെറ ചില്ലറ കാൎയ്യങ്ങളും ഈ അഭൌമമായ പ്രകാശവൎഷത്തിൽ ആമഗ്നമായി. അസ്തമനത്തിൻെറ അഭ്രകിരീടം മിന്നിമിന്നി തനിത്തങ്കമായിത്തീൎന്നതോടുകൂടി ആ തെണ്ടിപ്പരിഷ സ്വന്തം ഗ്രാമത്തിൻെറ പരിസരങ്ങളിലെത്തി. പരിചിതമായ ആ കുമ്മട്ടിവേലിയുള്ള അതിരു കണ്ടപ്പോൾ അവരുടെ ഹൃദയങ്ങൾ സത്വരം മിടിക്കാൻ തുടങ്ങി. അവിടെ എന്തെങ്കിലുമൊന്നു പൂൎവ്വസ്ഥിതിയിൽ അവശേഷിക്കുന്നുണ്ടായിരിക്കുമോ എന്നുപോലും അവർ

ശങ്കിച്ചിരുന്നു. തെങ്ങുകളുടെ വിശ്രമമായ ശീർഷം കാററിലുലഞ്ഞു് അവക്കു സലാം പറഞ്ഞു. ആ നിശ്ശബ്ദരായ കാവൽക്കാർ ഈ കുഴപ്പമേറിയ കാലത്തെല്ലാം നിലയിളകാതെ നിന്നിരുന്നു.

വൃദ്ധനായ യൂസഫ്മിയ കണ്ണീരുകൊണ്ടു മറഞ്ഞ കാഴ്ചയോടെ, ആ കേരവൃക്ഷങ്ങളെ, അവ അയാളുടെ ഏററവും പ്രിയപ്പെട്ട ചങ്ങാതികളാണെന്നു തോന്നുമാറു്, തൊട്ടുതടവി. അവ അയാൾക്കൊരു സ്ഥിരതാബോധം നല്കി. അയാളുടെ കണ്ണീർകൊണ്ടവയുടെ പുറം നനഞ്ഞു. അയാൾ കണ്ണു തുടച്ചു. മററുള്ളവരുടെ പിന്നാലെ തപ്പിത്തടഞ്ഞു യാത്രയായി.

അതാ ആ ഗ്രാമം, ഏകാന്തമായി, നിശ്ശബ്ദമായി, ശകാരിക്കുന്നമട്ടിൽ സ്ഥിതിചെയ്യുന്നു. ഒരു മാത്രനേരം, അവർ അപരാധികളെപ്പോലെ കത്തവ്യമൂഢരായി നിന്നു. വീണ്ടും അവർ പരിശോധിച്ചു. ഒരൊററ മേൽപ്പുരപോലുമില്ല. ചുമരുകളിടിഞ്ഞു ചില പുരകളുടെ ഇരുഭാഗവും തുറന്നു കിടക്കുന്നു. അവയെല്ലാം കാലവർഷം ചെയ്ത നാശത്തെ തുറന്നുകാട്ടി. എങ്കിലും ആ ഗ്രാമം, എവിടെയോ പോയലയുന്ന തൻെറ കുട്ടികൾക്കുവേണ്ടി സദാ അമ്മ കാത്തുനില്ക്കുന്നതുപോലെ അവരെ പ്രതീക്ഷിച്ചു നിലക്കൊള്ളുന്നു. ആ ഇടുങ്ങിയ നടവഴികളിലൂടെ അവർ അവരവരുടെ വീടുകളെ നോക്കിച്ചെല്ലുമ്പോൾ വളരെ നാളായി തെണ്ടിനടന്ന അവരുടെ പാദങ്ങൾക്കു് ഒരു കുളിർമയും മാദ്ദവവും അനുഭവപ്പെട്ടു.

കാളി അവളുടെ പുരയുടെ വാതില്ക്കൽ നില്ക്കുകയാണു്. അതിൽ പരിചിതരായ ആളുകൾ താമസിക്കുന്നതായി തോന്നി. അവളുടെ ഉററവരെല്ലാം പോയി, അവൾ ഒററയ്ക്കവിടെ നില്ക്കുമ്പോൾ, ഭയങ്കരങ്ങളായ ചിരികളും ശബ്ദങ്ങളും അവൾക്കു ചുററും കേൾക്കുന്നതായി തോന്നി. അതു വിശ്വസി

ക്കാൻ കഴിഞ്ഞില്ല — അവൾ കൈകൊണ്ടു നെററി തടവി ആ വാതില്ക്കൽ തളൎന്നുവീണു. യൂനസ് മുമ്പിട്ടോടുകയാണ്. അവന്റെ മുത്തച്ഛൻ വളരെ പിന്നിലായിരിക്കുന്നു. ഏതാണ് തന്റെ പുരയെന്നറിയാതെ അവൻ തെല്ലിട നിന്നു. അവയെല്ലാം ഒരുപോലിരിക്കുന്നു. ഒന്നിനും മേല്പ്പുരയില്ല; എല്ലാം ഇടിഞ്ഞുവീണിരിക്കുന്നു. അവസാനം, താൻ അകത്തെച്ചുമരിൽ ചോക്കുകൊണ്ടു വരച്ചിരുന്ന ഒരു ചിത്രം അവൻ കണ്ടറിഞ്ഞു. എത്ര മഴയേററിട്ടും അതു തികച്ചും മാഞ്ഞുപോയിരുന്നില്ല. ചുമരിൽ വരച്ചതിന്ന് അവന്റെ അമ്മ അവനെ അടിച്ചു. അവൻ കരഞ്ഞുകൊണ്ടു മുത്തച്ഛന്റെ അടുത്തു ചെന്നു രക്ഷ പ്രാപിച്ചു. തുടിക്കുന്ന കൊച്ചു ഹൃദയത്തോടുകൂടി അവൻ അകത്തേക്കോടി: "അമ്മേ! അമ്മേ! അമ്മയുണ്ടോ അവിടെ?" നിശ്ശബ്ദതമാത്രം. "അമ്മേ!" അവൻ ഉച്ചത്തിൽ വിളിച്ചു. ഒരു കാററതിനെ വിദൂരതയിലേക്കു പകൎത്തി.

B-55

കുട്ടി കരയുന്നതു യൂസഫ്മിയ അവ്യക്തമായി കേട്ടു. അയാൾ മന്ത്രശക്തിയാൽ വശീകരിക്കപ്പെട്ടവനെപ്പോലെ നോക്കിനില്ക്കുയാണ് ഒരു കൈ ഇബ്രാഹിമിന്റെ തോളിൽവെച്ച് അയാൾ പറഞ്ഞു: "അള്ളാ, ഇതൊരു ഗംഭീരകാഴ്ചതന്നെ." ക്ഷുധാൎത്തരായ കൃഷിക്കാർ ചുററും നിന്ന് അവരെ ഭയത്താൽ സ്തബ്ധരായി നോക്കുകയായിരുന്ന … ലിൽ, കാറേററുലഞ്ഞിരുന്ന കൃശ … നെൽക്കൊടികൾ അവരെ സസന്തോ … രുടെ നാലുപുറവും പച്ചനെൽപ്പാടങ്ങ … വിളഞ്ഞ വയലുകളും പരന്നു കിടക്കുന്നു. അവൎക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. തന്റെ ഗൎഭത്തിൽനിന്നു തങ്ങൾക്കിയനുഗ്രഹമരുളിയ ഭൂമിയെ അവർ മുട്ടുകുത്തി ചുംബിച്ചു.

MUL
135825
135825
032:3 x M9
H7
UNIVERSITY LIBRARY
13 DEC 1947

16 SEP 1948

Satyendranath Sen and Das